Draft

# ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (D.Ed)

എലിമെന്ററി അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതി 2014

## അധ്യാപക സഹായി

## സെമസ്റ്റർ - III

$S_3.P_{13}$ പഠിതാവും ജ്ഞാനാർജനവും

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2014

## സെമസ്റ്റർ 3

| പേപ്പറിന്റെ നമ്പർ | പേപ്പറിന്റെ പേര് |
|---|---|
| $S_3P_{13}$ | പഠിതാവും ജ്ഞാനാർജനവും |

| | | |
|---|---|---|
| സ്കോർ | : | നിരന്തര വിലയിരുത്തൽ (CE) - 20 |
| | | പൊതുപരീക്ഷ (TE) - 60 |
| ആകെ സമയം | : | 100 മണിക്കൂർ |
| ഒരു ആഴ്ചയിലെ സമയം | : | 5 മണിക്കൂർ |

## ഉള്ളടക്കം


യൂണിറ്റ് 1 : വ്യക്തിവ്യത്യാസങ്ങൾ (സമയം : 25 മണിക്കൂർ)

യൂണിറ്റ് 2 : വ്യക്തിത്വവും മാനസികാരോഗ്യവും (സമയം : 20 മണിക്കൂർ)

യൂണിറ്റ് 3 : സാമൂഹീകരണ സന്ദർഭങ്ങൾ (സമയം : 15 മണിക്കൂർ)

യൂണിറ്റ് 4 : ഗൈഡൻസ് & കൗൺസലിംഗ് (സമയം : 15 മണിക്കൂർ)

യൂണിറ്റ് 5 : ജ്ഞാനാർജനപ്രക്രിയകളും ഭാഷാവികസനവും (സമയം :25 മണിക്കൂർ)

# യൂണിറ്റ് - 1
# വ്യക്തിവ്യത്യാസങ്ങൾ

**സമയം : 25 മണിക്കൂർ**

പ്രപഞ്ചത്തിലെവിടെയും വ്യത്യസ്തത കാണാൻ കഴിയും. സർവചരാചരങ്ങളിലും ഇതു പ്രകടമാണ്. ഒരു വ്യക്തി മറ്റൊരു വ്യക്തിയിൽനിന്ന് പലവിധത്തിൽ/രീതിയിൽ വ്യത്യസ്തനാണ്. ഉയരം, വണ്ണം, രൂപം, നിറം, ആരോഗ്യം, താല്പര്യം, ബുദ്ധി, മനോഭാവം, പ്രതികരണവേഗത എന്നിവ അവയിൽ ചിലതുമാത്രമാണ്. ചിലർ പെട്ടെന്ന് പ്രതികരിക്കുമ്പോൾ മറ്റു ചിലർ കൂടുതൽ സമയമെടുക്കുന്നു. വ്യക്തികളെ പരസ്പരം വേർതിരിക്കുന്നതും അനന്യമാക്കുന്നതുമായ (unique) വ്യത്യാസങ്ങളെയാണ് വ്യക്തിവ്യത്യാസങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ചുരുക്കത്തിൽ സമഗ്രതയോടെ വീക്ഷിക്കുമ്പോൾ ഒരു വ്യക്തിയെ മറ്റൊരു വ്യക്തിയിൽ നിന്നും വേർതിരിക്കുന്നത് എന്താണോ അതിനെ വ്യക്തിവ്യത്യാസമായി കണക്കാക്കാം. അതായത് വ്യക്തികൾ തമ്മിൽ ഒന്നോ ഒന്നിലധികമോ സവിശേഷതകളിൽ (characteristics) കാണുന്ന വ്യത്യാസമാണ് വ്യക്തിവ്യത്യാസം.

## വ്യക്തിവ്യത്യാസങ്ങൾ – വിവിധതരങ്ങൾ

വ്യക്തികളിൽ കാണുന്ന വ്യത്യാസങ്ങളെ പല വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

### 1. ശാരീരിക വ്യത്യാസങ്ങൾ

ഉയരം, ഭാരം, ശരീരഘടന, ത്വക്ക്, കണ്ണ്, തലമുടി എന്നിവയുടെ നിറം, കൈ, കാൽ, തല, മൂക്ക് എന്നിവയുടെ ആകൃതി, വലിപ്പം തുടങ്ങിയവയിലുള്ള വ്യത്യാസങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു.

### 2. മാനസികവ്യത്യാസങ്ങൾ

ചിന്ത (thought), ഭാവന (imagination), ശ്രദ്ധ (attention), യുക്തിചിന്ത (reasoning), ബുദ്ധി (intelligence) തുടങ്ങിയവയിലുള്ള വ്യത്യാസങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു.

### 3. പഠനശൈലിയിലുള്ള വ്യത്യാസങ്ങൾ

എല്ലാവരുടെയും പഠനശൈലി ഒരുപോലെയല്ല. ചിലർ കണ്ടുപഠിക്കാൻ താല്പര്യപ്പെടുമ്പോൾ മറ്റു ചിലർ കേട്ടുപഠിക്കാൻ താല്പര്യപ്പെടുന്നു. എന്നാൽ മറ്റുചിലരാകട്ടെ പ്രവർത്തിച്ചുപഠിക്കാൻ താല്പര്യം കാണിക്കുന്നു. ഇക്കൂട്ടരെ യഥാക്രമം visual learner, auditory learners, kinesthetic learners എന്നുവിളിക്കാറുണ്ട്.

### 4. പഠനനേട്ടത്തിലുള്ള വ്യത്യാസങ്ങൾ

എല്ലാ പഠിതാക്കളും ഒരേ നിലവാരം പുലർത്തുന്നവരല്ല. ചിലർ ഉയർന്ന പഠനനേട്ടം (high achievers) കൈവരിക്കുമ്പോൾ മറ്റു ചിലർ താഴ്ന്ന പഠനനേട്ടം (low achievers) മാത്രമേ കൈവരിക്കുന്നുള്ളൂ.

### 5. വൈകാരിക വ്യത്യാസങ്ങൾ

ചിലർ വൈകാരികപക്വതയും സ്ഥിരതയും (emotional maturity & stability) പ്രകടിപ്പിക്കുമ്പോൾ മറ്റു ചിലർ അപക്വവും അസ്ഥിരവുമായ (immature & unstable) വൈകാരിക പ്രകടനങ്ങൾ നട

ത്താറുണ്ട്. ചിലർ സ്നേഹം, വാത്സല്യം തുടങ്ങിയ ഗുണപരമായ വികാരങ്ങൾ വേണ്ടവിധം പ്രകടിപ്പിക്കുമ്പോൾ മറ്റു ചിലർ അസൂയ, ശുണ്ഠി, ദേഷ്യം തുടങ്ങിയ പ്രതിലോമപരമായ വികാരങ്ങൾക്ക് അടിമപ്പെടുന്നു.

**6. താല്പര്യങ്ങളിലും അഭിരുചികളിലുമുള്ള വ്യത്യാസങ്ങൾ**

ചില വ്യക്തികൾ ഏകനായി ഇരിക്കാനിഷ്ടപ്പെടുമ്പോൾ മറ്റു ചിലർ സാമൂഹ്യപ്രവർത്തനങ്ങളിലേർപ്പെടാൻ താല്പര്യം കാണിക്കുന്നു. ഒരു കൂട്ടരിൽ സംഗീതാഭിരുചി കാണുമ്പോൾ മറ്റൊരു കൂട്ടരിൽ പഠനാഭിരുചി (scholastic aptitude) കൂടുതലായിരിക്കും.

**7. മനോഭാവം, അഭിപ്രായം തുടങ്ങിയവയിലെ വ്യത്യാസങ്ങൾ**

ചില ആശയങ്ങൾ, വസ്തുക്കൾ, വ്യക്തികൾ എന്നിവയോടുള്ള മനോഭാവത്തിൽ ഓരോരുത്തരും വ്യത്യസ്തത പുലർത്താറുണ്ട്. ചിലർ അനുകൂല മനോഭാവം (positive attitude) പ്രകടിപ്പിക്കുമ്പോൾ മറ്റു ചിലർ പ്രതികൂല മനോഭാവം (negative attitude) പ്രകടിപ്പിക്കുന്നു. നിസംഗത പുലർത്തുന്നവരെയും കാണാം. അഭിപ്രായങ്ങളിലും വിശ്വാസങ്ങളിലും വ്യക്തികൾക്കിടയിൽ വൈജാത്യങ്ങൾ കാണാൻ കഴിയും.

**8. സാമൂഹ്യധാർമ്മികവികാസങ്ങളിലെ വ്യത്യാസങ്ങൾ**

ചില വ്യക്തികൾ സാമൂഹ്യസാഹചര്യങ്ങളുമായി ഒത്തുചേർന്നുപോവുകയും സന്തോഷകരമായ സാമൂഹ്യജീവിതം നയിക്കുകയും ചെയ്യുന്നു. എന്നാൽ മറ്റു ചിലർ തന്റെ സാമൂഹ്യ സാഹചര്യങ്ങളുമായി എപ്പോഴും വിയോജിച്ചുനിൽക്കുകയും സാമൂഹ്യവിരുദ്ധരായി (antisocial) ത്തീരുകയും ചെയ്യുന്നു.

## വ്യക്തിവ്യത്യാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

വ്യക്തിവ്യത്യാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങളെ ആന്തരിക ഘടകങ്ങളെന്നും ബാഹ്യഘടകങ്ങളെന്നും രണ്ടായി തിരിക്കാറുണ്ട്. പാരമ്പര്യമായി ലഭിക്കുന്ന വിവിധ കഴിവുകളും ബുദ്ധി, സർഗാത്മകത, അഭിക്ഷമത തുടങ്ങിയവയും ആന്തരികഘടകങ്ങളാണ്. ബാഹ്യഘടകങ്ങൾ സാമ്പത്തിക, സാമൂഹ്യ സാംസ്കാരിക ഘടകങ്ങളാണ്. ഈ ഘടകങ്ങളിലെല്ലാം പാരമ്പര്യത്തിന്റെയും പരിസ്ഥിതിയുടെയും സ്വാധീനങ്ങൾ കാണാൻ കഴിയും.

കുടുംബം, അയൽക്കാർ, വിദ്യാലയം, സാമൂഹികസംഘടനകൾ എന്നിവയാണ് വ്യക്തിയെ സ്വാധീനിക്കുന്ന പ്രധാന സാമൂഹിക സാംസ്കാരികഘടകങ്ങൾ. വ്യക്തികളിൽ മൂല്യങ്ങൾ, മനോഭാവം, ഭാഷ എന്നിവ പ്രേഷണം ചെയ്യുന്നതിൽ ഈ ഘടകങ്ങൾക്കുള്ള സ്ഥാനം നിർണ്ണായകമാണ്. വീട്ടിലെ അംഗങ്ങളുമായും അയൽവാസികളുമായും പരസ്പരബന്ധത്തിൽ ഏർപ്പെടൽ വഴിയാണ് ഇഷ്ടങ്ങൾ, അനിഷ്ടങ്ങൾ, അഭിലാഷം, സ്ഥിരമാതൃകകൾ അനുകരിക്കൽ, വൈകാരിക പ്രതികരണങ്ങൾ, ധാർമികനിലവാരം, മൂല്യബോധം എന്നിവ കുട്ടികളിൽ രൂപീകൃതമാകുന്നത്. വ്യത്യസ്ത മാതൃകയിലുള്ള കുടുംബ ചുറ്റുപാടുകൾ വ്യക്തിയുടെ വ്യക്തിത്വരൂപീകരണത്തെ വ്യത്യസ്തരീതിയിലായിരിക്കും സ്വാധീനിക്കുക. ഒരു കുട്ടിയുടെ വ്യക്തിത്വം അനുഗുണമായി രൂപപ്പെടുന്നതിൽ വിദ്യാലയത്തിനുള്ള പങ്കും നിർണ്ണായകമാണ്. അധ്യാപകരും സഹപഠിതാക്കളും കുട്ടിയുടെ മാനസികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.

ഒരു വ്യക്തിയുടെ സാമ്പത്തിക അവസ്ഥ അയാളുടെ ശാരീരികവും മാനസികവുമായ വികാസത്തിൽ നിർണായക സ്വാധീനം ചെലുത്തും. ശാരീരികവളർച്ച, വൈകാരികഭാവം, സാമൂഹിക ബന്ധം, ഭാഷാപരമായ കഴിവിന്റെ വികാസം എന്നിവയൊക്കെ സാമ്പത്തിക അവസ്ഥയുമായി

ബന്ധപ്പെട്ടാണ് നിൽക്കുന്നത്. ദാരിദ്ര്യവും പോഷകാഹാരക്കുറവും ബുദ്ധിവികാസത്തെ പ്രതികൂലലമായി ബാധിക്കും. സാമ്പത്തിക അവസ്ഥ വ്യക്തിവ്യത്യാസത്തിന്റെ ആക്കം വർധിപ്പിക്കും.

## വ്യക്തിവ്യത്യാസങ്ങൾ – വിദ്യാഭ്യാസപ്രസക്തി

കുട്ടികൾ - കഴിവ്, ക്ഷമത, വ്യക്തിത്വ സ്വഭാവവിശേഷങ്ങൾ, ബുദ്ധി തുടങ്ങിയവയിൽ വ്യത്യസ്തരാണ്. ഇവ പരിഗണിച്ചായിരിക്കണം പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടത്. കുട്ടികളുടെ ശരിയായ കഴിവിനെ (potentialities) ക്കുറിച്ച് കൃത്യമായ ധാരണ ടീച്ചർക്ക് വേണം. കുട്ടിയുടെ കഴിവും താല്പര്യവും പരിഗണിച്ച് ഗ്രൂപ്പുകൾ രൂപീകരിക്കാൻ ശ്രദ്ധിക്കണം. ഓരോ ഗ്രൂപ്പിനും അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകണം. നിരന്തര വിലയിരുത്തലിലൂടെ ഓരോരുത്തർക്കും ആവശ്യമായ പിന്തുണയും നൽകണം. കുട്ടികളിൽ കാണാൻ കഴിയുന്ന വ്യത്യാസങ്ങളെ ഗുണപരമായി കാണുകയും അവയെ പരിപോഷിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും വേണം. ഉദാഹരണമായി ചിത്രരചന, സംഗീതം, അഭിനയം തുടങ്ങിയ മേഖലകളിൽ അഭിരുചി പ്രകടിപ്പിക്കുന്നവർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നത് കൂടുതൽ മികവിലേക്ക് നയിക്കും. വിവിധതരം ഗ്രൂപ്പിങ്ങ് തന്ത്രങ്ങൾ അവലംബിച്ചും വ്യക്തിവ്യത്യാസം പരിഗണിച്ചും ഭിന്നതല പ്രവർത്തനങ്ങൾ ഒരുക്കുന്നത് ക്ലാസ്സ്റൂം പ്രവർത്തനത്തെ സുഗമമാക്കും.

### ബുദ്ധി

ബുദ്ധിയെക്കുറിച്ചുള്ള ചില കാഴ്ചപ്പാടുകളും നിർവചനങ്ങളും ശ്രദ്ധിക്കൂ.

- അനുഭവങ്ങളിൽ നിന്ന് അനായാസം പഠിക്കുന്നതിനും അമൂർത്തമായി ചിന്തിക്കുന്നതിനുമുള്ള കഴിവാണ് ബുദ്ധി. - Flymn
- ബുദ്ധി എന്നത് യുക്തിപൂർവ്വം ചിന്തിക്കുന്നതിനും സോദ്ദേശപൂർവ്വം പ്രവർത്തിക്കുന്നതിനും പരിസ്ഥിതിയുമായി ഫലപ്രദമായി പൊരുത്തപ്പെടുന്നതിനുമുള്ള ഒരു വ്യക്തിയുടെ ക്ഷമത (കഴിവ്) യാണ്. - ഡേവിഡ് വെഷ്ലർ
- അവധാരണത്തിനുള്ള (comprehension) കഴിവാണ് ബുദ്ധി. - സ്റ്റൗട്ട്
- അമൂർത്ത ചിന്തനത്തിനുള്ള കഴിവാണ് ബുദ്ധി. - ലൂയി ടെർമാൻ
- പുതിയ സാഹചര്യങ്ങളിൽ ബോധപൂർവ്വം സമായോജനം നടത്താനുള്ള വ്യക്തിയുടെ പൊതുവായ കഴിവാണ് ബുദ്ധി. - വില്യം സ്റ്റേൺ
- പൂർവ്വകാലാനുഭവങ്ങളെ ലക്ഷ്യപൂർവം പ്രയോഗിക്കാനുള്ള കഴിവാണ് ബുദ്ധി. - തോൺഡൈക്ക്
- വസ്തുതകളെയും ആശയങ്ങളെയും ഉദ്ഗ്രഥിക്കാനുള്ള കഴിവാണ് ബുദ്ധി. - എബ്ബിംഗ് ഹോസ്
- പുതിയതും മാറുന്നതുമായ പരിസ്ഥിതിയോട് പൊരുത്തപ്പെടാൻ പഠിക്കുന്നതിനുള്ള കഴിവാണ് ബുദ്ധി. - വെഗ്നൻ
- തിരിച്ചറിവിനുള്ള കഴിവാണ് ബുദ്ധി. - ഗേറ്റൻ
- ശ്രമകരവും സങ്കീർണ്ണവും അമൂർത്തവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും ലക്ഷ്യബോധത്തോടെ ചുരുങ്ങിയ സമയത്തിനുള്ളിലും സാമൂഹികമൂല്യങ്ങൾക്കനുസൃതമായും പ്രശ്നങ്ങളെ അതിജീവിക്കാനും സൃഷ്ട്യുൻമുഖചിന്തയിൽ വ്യാപരിക്കാനും ശ്രദ്ധയെ കേന്ദ്രീ

കരിച്ചുനിർത്താനും വൈകാരികമായ ചാഞ്ചല്യങ്ങൾക്കടിമപ്പെടാതെ പ്രവർത്തിക്കാനുമുള്ള കഴിവാണ് ബുദ്ധി. – Stoddard

- പഠിക്കാനും അനുഭവങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട് സാഹചര്യങ്ങളുടെ വെല്ലുവിളികളെ അതിജീവിക്കാനുമുള്ള കഴിവാണ് ബുദ്ധി. – സിറിൽബർട്ട്

ചുരുക്കത്തിൽ പഠിക്കാനും (learning), ഗ്രഹിക്കാനും (comprehension), ഗണിക്കാനും (mathematical) അപഗ്രഥിക്കാനും (analytical) യുക്തിസഹമായി ചിന്തിക്കാനും (reasoning) സാദൃശ്യങ്ങൾ മനസ്സിലാക്കാനും (analogical thinking), ഭാഷ പ്രയോഗിക്കാനും സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനും (adaptation) ഉള്ള കഴിവിനെയാണ് പൊതുവെ ബുദ്ധി എന്നതുകൊണ്ടുദ്ദേശിക്കുന്നത്. മൂർത്തവും അമൂർത്തവുമായ വസ്തുക്കളെ മനസ്സിലാക്കുക, പ്രശ്നങ്ങൾക്കു പരിഹാരം കാണുക, പ്രതീകാത്മകമായും ഭാവനാത്മകമായും (imaginative) സർഗാത്മകമായും (creative) ചിന്തിക്കുക എന്നിവയും ബുദ്ധിവ്യാപാരങ്ങളായി കണക്കാക്കുന്നു.

## ബുദ്ധിയെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ

### ഏകഘടകസിദ്ധാന്തം (Monarchic Theory)

ബുദ്ധി എന്നത് ഒരൊറ്റ ഘടകമാണ്. അതായത് ഏകമുഖവും സാമാന്യവും മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളിലും പ്രകടമാവുന്നതുമായ ഒരു കഴിവാണ് ബുദ്ധി. ഒരു രംഗത്ത് ബുദ്ധിമാനായ വ്യക്തി എല്ലാ രംഗത്തും ബുദ്ധിമാനായിരിക്കും എന്നതാണ് ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനാശയം. ബുദ്ധിമാന്മാർ എല്ലാ മേഖലയിലും മുന്നിട്ടുനിൽക്കും എന്ന ചിന്താഗതി തന്നെ ബാലിശമാണെന്ന് പറയേണ്ടതില്ലല്ലോ.

### മനോഘടകസിദ്ധാന്തം (Mental faculty Theory)

ബുദ്ധി എന്നത് ഓർമ്മ, ശ്രദ്ധ, യുക്തിചിന്ത, ഭാവന തുടങ്ങിയ വിവിധ മാനസിക ഫാക്കൽറ്റികൾ (മനോഘടകങ്ങൾ) ചേർന്നതാണ് എന്നാണ് ഈ സിദ്ധാന്തം മുന്നോട്ടുവെക്കുന്നത്. ശരീരപേശികളെ പരിശീലനത്തിലൂടെ ബലപ്പെടുത്തുന്നതുപോലെ അനുയോജ്യമായ പരിശീലനത്തിലൂടെ ഓരോ മനോഘടകത്തെയും പുഷ്ടിപ്പെടുത്താം എന്ന ചിന്താഗതിയും മുന്നോട്ടുവെയ്ക്കുന്നുണ്ട്. ഇതും കാലഹരണപ്പെട്ട ആശയം.

### ദ്വിഘടകസിദ്ധാന്തം (Two factor Theory)

1904 ൽ ചാൾസ് സ്പിയർമാനാണ് ബുദ്ധിയെക്കുറിച്ചുള്ള ദ്വിഘടകസിദ്ധാന്തം അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു സാമാന്യഘടകം (General factor - g-factor) അനേകം വിശിഷ്ടഘടകങ്ങൾ (specific factors - s factors) എന്നിങ്ങനെ 2 തരം ഘടകങ്ങൾ ബുദ്ധിക്കുണ്ട്. ബുദ്ധിശോധകങ്ങൾ നൽകി ഒരു സംഘം ആളുകളുടെ പ്രകടനത്തെ (performance) അപഗ്രഥിച്ചാണ് ബുദ്ധിയെക്കുറിച്ചുള്ള ഈ സിദ്ധാന്തം മുന്നോട്ടുവെച്ചത്. ബുദ്ധിശോധകത്തിലെ വിവിധ ഉപപരീക്ഷകളിലെ പ്രകടനങ്ങൾ പരിശോധിച്ചപ്പോൾ അവയിലെല്ലാം ഒരു പൊതുഘടകവും ഓരോ പരീക്ഷയിലും ഓരോ വിശിഷ്ടഘടകവും ഉള്ളതായി കണ്ടു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ g ഘടകം മിക്കവാറും ജന്മസിദ്ധവും s ഘടകങ്ങൾ കർമ്മസിദ്ധവുമാണ്. എല്ലാ പ്രവർത്തനങ്ങളുടെയും വിജയത്തിന് g ഘടകം ആവശ്യമാണ്. സവിശേഷരംഗങ്ങളിലെ (ഉദാ: ചിത്രരചന, സംഗീതം, ഗണിതം) വിജയം s ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ഒരു വ്യക്തി ഗണിതശാസ്ത്രത്തിൽ പ്രകടിപ്പിക്കുന്ന സിദ്ധി പൊതുവായ ബുദ്ധിയുടെയും ഗണിതശാസ്ത്രത്തിലെ പ്രത്യേക ബുദ്ധിയുടെയും സങ്കലിത ഫലമായിരിക്കും.

ഈ സിദ്ധാന്തത്തിന്റെ ആശയത്തെ താഴെകൊടുത്ത ഏതെങ്കിലും രീതിയിൽ ലളിതമായി ചിത്രീകരിക്കാം.







g ഘടകം, s ഘടകം എന്നീ 2 ഘടകങ്ങളെക്കുറിച്ച് പരാമർശിക്കുമ്പോൾ തന്നെ അനേകം സവിശേഷഘടകങ്ങൾ (specific factors) ഉണ്ടെന്ന വൈരുദ്ധ്യം ഈ സിദ്ധാന്തത്തിൽ തന്നെ നിഴലിക്കുന്നു.

**g ഘടകത്തിന്റെ സവിശേഷതകൾ**

- ജന്മസിദ്ധമാണ്.
- പൊതുവായ മാനസികശക്തിവിശേഷമാണ്.
- സ്ഥിരമാണ്
- എല്ലാ പ്രവർത്തനങ്ങളിലും കാണപ്പെടുന്നു.
- g യുടെ അളവ് കൂടുന്നതിനനുസരിച്ച് ജീവിതവിജയവും കൂടും.
- g യുടെ അളവിൽ വ്യക്തിവ്യത്യാസം ഉണ്ടായിരിക്കും.

**s ഘടകത്തിന്റെ പ്രത്യേകതകൾ**

- പരിസ്ഥിതിയിൽ നിന്ന് ആർജിക്കപ്പെടുന്നവയാണ്.
- ഒരു വ്യക്തിയിൽ ഓരോ പ്രവർത്തനങ്ങളിലും s ഘടകം ഒരുപോലെയായിരിക്കില്ല പ്രവർത്തിക്കുക.
- s ഘടകത്തിന്റെ അളവിലും വ്യക്തിവ്യത്യാസം ഉണ്ടായിരിക്കും.

**ബഹുഘടകസിദ്ധാന്തം**

തോൺഡൈക്കിന്റെ ബഹുഘടകസിദ്ധാന്തം 'പൊതുവായ കഴിവ്' (general ability) എന്നൊന്നില്ല എന്ന വാദഗതിയാണ് മുന്നോട്ടുവെക്കുന്നത്. എല്ലാം വിശിഷ്ട യോഗ്യതകളായി കണക്കാക്കുന്നു. ബുദ്ധിശക്തി നിരവധി വ്യത്യസ്തഘടകങ്ങൾ ചേർന്നതാണ്. ഈ ഘടകങ്ങൾ ഓരോന്നും ഓരോ പ്രത്യേക തരത്തിലുള്ള പ്രവർത്തനത്തിന് സഹായകമാകുന്നു. നാം ചെയ്യുന്ന പ്രവൃത്തിയുടെ രൂപമനുസരിച്ച് അവയുമായി ബന്ധപ്പെട്ട ചില കഴിവുകൾ മാത്രം രംഗത്തുവരുന്നു. ഏതെങ്കിലും 2 പ്രവൃത്തികൾ തമ്മിൽ സാമ്യമുണ്ടെങ്കിൽ അവ വിജയകരമായി ചെയ്തുതീർക്കാനാവശ്യമായ കഴിവുകളിലും സാമ്യതയുണ്ടായിരിക്കുമെന്ന് ഈ സിദ്ധാന്തം വ്യക്തമാക്കുന്നു.

വിവിധ ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് CAVD ടെസ്റ്റ് എന്നൊരു ബുദ്ധിശോധകം തോൺഡൈക്ക് വികസിപ്പിച്ചെടുത്തത് പ്രസിദ്ധമാണ്. ഈ ബുദ്ധിശോധകത്തിലെ നാലുഭാഗങ്ങൾ – completion of sentences (C), Arithmetical reasoning (A), Vocabulary (V), Director - following Directions (D) എന്നിവയാണ്.

**സംഘ ഘടകസിദ്ധാന്തം (Group factor theory)**

അമേരിക്കൻ മനഃശാസ്ത്രജ്ഞനായ എൽ.എൽ. തഴ്സ്റ്റൺ ആണ് ബുദ്ധിയെക്കുറിച്ചുള്ള സംഘ ഘടകസിദ്ധാന്തം മുന്നോട്ടുവെച്ചത്. ബുദ്ധിശക്തി ഏകാത്മകമല്ല; മറിച്ച് വിവിധ പ്രാഥമികഘടകങ്ങളുടെ അഥവാ മൗലിക മാനസികയോഗ്യതകളുടെ സമാഹാരമാണ്. പ്രസ്തുത ഘടകങ്ങൾ സാംഖ്യികഘടകം (Number factor - N factor), വാചിക ഘടകം (Verbal factor - V factor), സ്മൃതിഘടകം (Memory factor - M factor), യുക്തിചിന്താഘടകം (Reasoning factor - R factor), പദബന്ധഘടകം (Word Association factor - W factor), പ്രത്യക്ഷണവേഗതാഘടകം (perceptual speed factor - P factor), വസ്തുക്കളുടെ ത്രിമാനസ്ഥിതി മനസ്സിൽ കണ്ടുകൊണ്ട് കൈകാര്യം ചെയ്യാനുള്ള കഴിവ് (Spatial factor - S factor) എന്നിവയാണ്.

സ്പിയർമാൻ വിശിഷ്ടഘടകങ്ങൾക്ക് (g factor) നൽകിയ പ്രാധാന്യം തഴ്സ്റ്റൺ പരിഗണിച്ചില്ല. ബുദ്ധി എന്നത് മാനസിക കഴിവുകളുടെ നിരവധി ഗ്രൂപ്പുകളായാണ് നിലനിൽക്കുന്നത്. ഓരോ ഗ്രൂപ്പിനും പൊതുവായ ഒരു പ്രാഥമികഘടകം (primary mental ability) ഉണ്ട്. പൊതുവായ ഘടകങ്ങൾ ഉള്ള എത്ര ഘടകങ്ങൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടില്ല. അവ നിരവധിയാണെങ്കിലും ബുദ്ധിപരീക്ഷയിൽ തഴ്സ്റ്റൺ പരിഗണിച്ച വിവിധ ഘടകങ്ങളാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. വിവിധ ബുദ്ധിപരീക്ഷാഫലങ്ങളെ ഘടകവിശ്ലേഷണം (factor analysis) ചെയ്തുകൊണ്ടാണ് ഈ ഘടകങ്ങളുടെ സാധ്യത അദ്ദേഹം മുന്നോട്ടുവെച്ചത്.

**ഗിൽഫോർഡിന്റെ ത്രിമുഖസിദ്ധാന്തം (ഗിൽഫോർഡിന്റെ ബുദ്ധിഘടനാമാതൃക Guilford's Structure of intellect Model)**

1959 ൽ ആണ് ബുദ്ധിയുടെ ഘടനയെക്കുറിച്ച് ജെ.പി. ഗിൽഫോർഡ് ചില വാദഗതികൾ മുന്നോട്ടുവെച്ചത്. ബുദ്ധിപരമായ ഏതൊരു വ്യവഹാരത്തിനും 3 മുഖങ്ങൾ (മാനങ്ങൾ) ഉണ്ടെന്നും അവയെ ത്രിമാനരൂപത്തിൽ ചിത്രീകരിക്കാമെന്നും പറയുന്നു. **മാനസികപ്രക്രിയകൾ** (operations), ഉള്ളടക്കം (contents), **ഉല്പന്നം** (products) എന്നിവയാണ് ആ മാനങ്ങൾ. ഇതിൽ ഓരോ മാനത്തെയും വ്യത്യസ്ത ഘടകങ്ങളായി വേർതിരിച്ച് മനുഷ്യന്റെ ബുദ്ധിഘടനയിൽ 180 മാനസിക ശേഷികൾ ഉൾച്ചേർന്നിരിക്കുന്നതായി കരുതപ്പെടുന്നു. (1959 ൽ ഈ സിദ്ധാന്തം ഗിൽഫോർഡ് അവതരിപ്പിക്കുമ്പോൾ 120 ത്രിമാനഘടകങ്ങളാണ് പരാമർശിച്ചിരുന്നത്. പിന്നീട് മാനസിക പ്രക്രിയകൾ പരിഷ്ക്കരിച്ചിരുന്നു. **മാനസികപ്രക്രിയ**യിലെ ഉപവിഭാഗങ്ങൾ താഴെപ്പറയുന്നവയാണ്.

(i) വൈജ്ഞാനികം (cognition)

(ii) ഓർമ (Memory)

(iii) വിവ്രജനചിന്ത (Divergent thinking)

(iv) സംവ്രജനചിന്ത (ഏകമുഖചിന്ത – Convergent thinking)

(v) മൂല്യനിർണയം (Evaluation)

ഓർമയെ പിന്നീട് രണ്ടായി വിപുലീകരിച്ചിട്ടുണ്ട്.

(i) Retentive memory

(ii) Associative memory

ഇത്തരത്തിൽ ഓർമയുടെ രണ്ട് ഉപഘടകങ്ങളെ പ്രത്യേകമായി പരിഗണിക്കുമ്പോൾ മാനസിക പ്രക്രിയയിലെ 6 ഉപഘടകങ്ങൾ ലഭിക്കുന്നു.

ഉള്ളടക്കവുമായി ബന്ധപ്പെട്ട 5 ഘടകങ്ങൾ താഴെ കൊടുക്കുന്നു.

(i) രൂപം (visual or figural)

(ii) ശ്രവ്യം (auditory)

(iii) പ്രതീകം (Symbolic)

(iv) അർഥം (Semantic)

(v) വ്യവഹാരം (Behavioural)

ഉല്പന്നത്തിലെ 6 ഘടകങ്ങൾ താഴെ കൊടുക്കുന്നു.

(i) ഏകകങ്ങൾ (Units)

(ii) വിഭാഗങ്ങൾ (വർഗ്ഗങ്ങൾ - Classes)

(iii) ബന്ധങ്ങൾ (Relations)

(iv) സംഹിതകൾ (വ്യവസ്ഥകൾ/വ്യൂഹങ്ങൾ Systems)

(v) പരിണതരൂപങ്ങൾ (രൂപാന്തരങ്ങൾ - Transformations)

(vi) സൂചനകൾ (Implications)




ഇത്തരത്തിൽ 3 മാനങ്ങളിലെയും വ്യത്യസ്തശേഷികൾ ചേർന്ന് 6 x 5 x 6 = 180 മാനസികശേഷികൾ ഉണ്ടെന്ന് നിഗമനത്തിൽ ഗിൽഫോർഡും അദ്ദേഹത്തിന്റെ ശിഷ്യരും എത്തിച്ചേർന്നു ഓരോ ഘടകത്തിനും ത്രിമുഖ സ്വഭാവമുള്ളതായി കണക്കാക്കാം. ഓരോന്നും trigram symbol കൊണ്ട് അദ്ദേഹം രേഖപ്പെടുത്തുന്നു. ഉദാഹരണമായി CVU ഘടകം എന്നത് cognition - visual - units എന്നർത്ഥമാക്കുന്നു. അതുപോലെ MST എന്നത് - Memory - Symbolic - Transformations നെ സൂചിപ്പിക്കുന്നു. ഗിൽഫോർഡിന്റെ ഈ സിദ്ധാന്തം (Structure of intellect model - SI model) എന്ന പേരിൽ പ്രസിദ്ധമാണ്.

ഗിൽഫോർഡിന്റെ സിദ്ധാന്തത്തിന്റെ സവിശേഷത ബുദ്ധിപരമായ പ്രക്രിയകളെയും അതുവഴി ഉല്പാദിക്കപ്പെടുന്ന ഉല്പന്നങ്ങളെയും കണക്കിലെടുക്കുന്നു എന്നതാണ്. സർഗാത്മകശേഷിയുടെ അടിസ്ഥാനഘടകമായ വിവ്രജനചിന്തയെ ചിന്താപ്രക്രിയയുടെ ഒരു സവിശേഷതയായി കണക്കിലെടുത്തിട്ടുണ്ട്. പരസ്പരബന്ധിതങ്ങളായ ഈ ഘടകങ്ങൾ ഓരോന്നും അളക്കാനും ബുദ്ധിമാനം കണ്ടുപിടിക്കാനും ഉതകുന്ന ബുദ്ധിപരീക്ഷാ ഇനങ്ങളും അദ്ദേഹം വികസിപ്പിക്കുകയുണ്ടായി.

ഉദാഹരണമായി പദസംബന്ധമായ ഒരു ബുദ്ധിപരീക്ഷാചോദ്യം ശ്രദ്ധിക്കൂ. HRS എന്നതിനെ ഒരർത്ഥപൂർണ്ണമായ പദമാക്കാനാവശ്യപ്പെടുമ്പോൾ അതിലെ ത്രിമാനഘടകങ്ങൾ ഏതൊക്കെ

യെന്ന് പരിശോധിക്കാം. ഉത്തരമായി ലഭിക്കേണ്ടത് അർത്ഥപൂർണ്ണമായ പദമായതിനാൽ ഉള്ളടക്കത്തിലെ അർത്ഥപരം (semantic) എന്ന ഘടകവും പദം എന്നത് ഒരു ഏകകമായി പരിഗണിക്കുന്നതിനാൽ ഉല്പന്നത്തിലെ ഏകകങ്ങൾ എന്ന ഘടകവും ഇത് കണ്ടെത്തുന്നതിനായി അന്തർഭവിച്ച പ്രക്രിയ വൈജ്ഞാനികമായതിനാൽ ബൗദ്ധികപ്രക്രിയയിലെ ഉപഘടകമായി വൈജ്ഞാനികം (cognition) എന്ന ഘടകവും വരുന്നു.

**റെയ്മണ്ട് കാറ്റലിന്റെ ബുദ്ധിവിഭജനം (Cattell's two Clusters Theory)**

1963 ൽ റെയ്മണ്ട് കാറ്റൽ (Raymond Cattel) ബുദ്ധിക്ക് ഫ്ളൂയിഡ് ഇന്റലിജൻസ് (ദ്രവബുദ്ധി - fluid intelligency) ക്രിസ്റ്റലൈസ്ഡ് ഇന്റലിജൻസ് (ഖരബുദ്ധി-crystalized intelligence) എന്നിങ്ങനെ 2 സുപ്രധാന ഘടകങ്ങൾ ഉണ്ടെന്ന വാദം മുന്നോട്ടുവെച്ചു. ക്രിസ്റ്റലൈസ്ഡ് ഇന്റലിജൻസിനെ '$g_c$' എന്നും ഫ്ളൂയിഡ് ഇന്റലിജൻസിനെ '$g_f$' എന്നും സൂചിപ്പിക്കുന്നു. ജോൺ ഹോണും (John Horn) ഇതിനെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

ഫ്ളൂയിഡ് ഇന്റലിജൻസ് വ്യക്തിയിൽ ആന്തരികമായി നിലനിൽക്കുന്നതും (innaite) സാമാന്യമായതുമായ കഴിവാണ്. സ്പിയർമാന്റെ g factor മായി ബന്ധമുണ്ടെന്ന് പറയാം. $g_f$ ജീവിതത്തിലുടനീളം ഒരേ നിലയിൽ തുടരുന്നു. ഇത് ചുറ്റുപാടുമുള്ള വസ്തുക്കളെ സ്വീകരിക്കാനും മനസ്സിലാക്കാനുമുള്ള കഴിവാണ്. യുക്തിചിന്തനത്തിനുള്ള കഴിവ്, പ്രശ്നപരിഹരണം, ഓർമ, പഠനം, പാറ്റേണുകൾ, തിരിച്ചറിയൽ തുടങ്ങിയവ $g_f$ ൽ പെടുന്നു. അടിസ്ഥാനപരമായി ഇത് അമൂർത്തചിന്തനത്തിന് ആവശ്യമാണ്. മസ്തിഷ്കത്തിലുണ്ടാകുന്ന ക്ഷതങ്ങൾ $g_f$ നെ സാരമായി ബാധിക്കുന്നില്ലയെന്നും ഈ ഘടകം സ്ഥിരമാണെന്നും കാറ്റൽ വ്യാഖ്യാനിക്കുന്നു. ഏതാണ്ട് 20 വയസ്സിനുശേഷം $g_f$ ന്റെ വളർച്ചാതോത് കുറയുന്നു.

ക്രിസ്റ്റലൈസ്ഡ് ഇന്റലിജൻസ് ($g_c$) വിശിഷ്ടവും ആർജിതവുമായ കഴിവുകളെയാണ് പ്രതിനിധീകരിക്കുന്നത്. നാം ആർജിച്ച അറിവിനെ പ്രശ്നപരിഹരണസന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നൈപുണിയാണിത്. അറിവിനെയും മുന്നനുഭവങ്ങളെയും ആശ്രയിച്ചുള്ള കഴിവുകളാണ് $g_c$.

## ബുദ്ധിമാപനം

ബുദ്ധിയെക്കുറിച്ച് ശാസ്ത്രീയമായ അന്വേഷണങ്ങൾ ആരംഭിച്ചത് ഫ്രാൻസിസ് ഗാൾട്ടനാണ് (1822 – 1911). ബുദ്ധിശക്തിയെ വസ്തുനിഷ്ഠമായി നിർണയിക്കാനുള്ള ശ്രമത്തിൽ ആദ്യം വിജയിച്ചത് ഫ്രഞ്ചുകാരനായ ആൽഫ്രഡ് ബിനേ (Alfred Binet) ആണ്. 1904 ൽ ഫ്രാൻസിലെ പൊതുവിദ്യാഭ്യാസമന്ത്രിയുടെ നിർദ്ദേശമാണ് ഇതിനു തുടക്കം കുറിക്കാൻ കാരണമായത്. പഠനകാര്യങ്ങളിൽ കഴിവില്ലാത്തവരെയും മടിയൻമാരെയും മറ്റും കണ്ടെത്തുക, പ്രത്യേക പരിഗണന ലഭിക്കേണ്ടവരെ കണ്ടെത്തുക തുടങ്ങിയ കാര്യങ്ങൾ ലക്ഷ്യമിട്ട് ഒരു കമ്മീഷൻ സ്ഥാപിക്കപ്പെട്ടിരുന്നു. ഇതിന്റെ ഭാഗമായി ആൽഫ്രഡ് ബിനേ തന്റെ സുഹൃത്തും ശിശുരോഗവിദഗ്ധനുമായിരുന്ന തിയോഡർ സൈമണുമായി (Theodore Simon) ചേർന്ന് വിവിധ സ്ഥലങ്ങളിലെ കുട്ടികളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചാണ് ബുദ്ധിശോധകം (Intelligence test) തയ്യാറാക്കിയത്. 1905 ൽ തയ്യാറാക്കിയ 30 ചോദ്യങ്ങൾ ഉൾപ്പെട്ട ഈ ബുദ്ധിശോധകം **Binet Simon Scale** എന്നാണറിയപ്പെട്ടത്. ഇതിൽ അമൂർത്തമായി യുക്തിവിചാരം നടത്തുക എന്ന ഘടകത്തിനാണ് പ്രാമുഖ്യം കൊടുത്തിരുന്നത്. വാക്യങ്ങൾ പൂരിപ്പിക്കുക, അമൂർത്തപദങ്ങൾ നിർവ്വചിക്കുക, പ്രാസമുള്ള പദങ്ങൾ പറയുക, രേഖകളുടെ നീളം താരതമ്യപ്പെടുത്തുക, വാക്യങ്ങൾ കേട്ട് ആവർത്തിക്കുക, ചിത്രത്തിലെ വസ്തുതകൾ തിരിച്ചറിയുക തുടങ്ങിയ ഇനങ്ങളാണ് ഈ മാപിനിയിലുണ്ടായിരുന്നത്.

കാലികവയസ്സ് (Chronological Age - CA), മാനസ്സികവയസ്സ് (Mental Age - MA) എന്നീ സങ്കല്പങ്ങൾ ആദ്യമായി അവതരിപ്പിക്കപ്പെട്ടത് ഈ ബുദ്ധിമാപനിയിലാണ്. കാലികവയസ്സ് ഒരു വ്യക്തിയുടെ യഥാർത്ഥ വയസ്സാണ് ഓരോ പ്രായത്തിലും ഉള്ള കുട്ടികൾ നിശ്ചിതമാനസിക ശേഷികൾ കൈവരിക്കണമെന്ന് മുൻകൂട്ടി തീരുമാനിക്കപ്പെട്ടിരുന്നു. മാനസികവയസ്സ് ബുദ്ധിശോധകത്തിൽ ഒരു വ്യക്തിനേടുന്ന സ്കോറിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുകയാണ് ചെയ്യുന്നത്. 11 വയസ്സുപ്രായമുള്ള ഒരു കുട്ടി ബുദ്ധിശോധകത്തിലെ 13 വയസ്സുകാരൻ ചെയ്യുന്ന ഇനങ്ങൾ വിജയകരമായി പൂർത്തീകരിക്കുന്നുവെങ്കിൽ മാനസികവയസ്സ് 13 ആയി കണക്കാക്കുന്നു. ഇത്തരത്തിൽ ബുദ്ധിശോധകങ്ങൾ ഉപയോഗിച്ചു കണ്ടെത്തുന്ന മാനസ്സികവയസ്സും അയാളുടെ കാലികവയസ്സും തുല്യമാണെങ്കിൽ ശരാശരി ബുദ്ധിയുള്ളതായി കണക്കാക്കുന്നു. മാനസികവയസ്സ് കാലികവയസ്സിനേക്കാൾ കൂടുതലാണെങ്കിൽ ഉയർന്ന ബുദ്ധിശക്തി ഉള്ളതായും കുറവാണെങ്കിൽ താഴ്ന്ന ബുദ്ധിശക്തിയുള്ളതായും കണക്കാക്കുന്നു.

ബുദ്ധി എന്തെന്ന് കൃത്യമായി നിർവ്വചിക്കാതെയാണ് ആൽഫ്രഡ് ബിനേ ബുദ്ധിമാപനം നടത്തിയത് എന്ന വിമർശനം നേരിട്ടിരുന്നു. അദ്ദേഹം 1908 ലും 1911 ലും തന്റെ ബുദ്ധിശോധകം പരിഷ്ക്കരിച്ചിരുന്നു 1911 ലെ പതിപ്പിൽ 54 ഇനങ്ങൾ ഉൾക്കൊള്ളിച്ച് മുതിർന്നവരുടെ ബുദ്ധി അളക്കുന്നതിനും ഉപയോഗിക്കുന്ന വിധത്തിൽ വിപുലപ്പെടുത്തി. 1916 ൽ സ്റ്റാൻഫോർഡ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ വീണ്ടും പരിഷ്ക്കരിച്ച ബുദ്ധിശോധകം **Stanford Binet Test** എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

മാനസികവയസ്സ്, കാലികവയസ്സ് എന്നീ ആശയങ്ങളെ ഒരു സംഖ്യയിലേക്ക് ചുരുക്കാനുള്ള ശ്രമങ്ങൾക്ക് വില്യം സ്റ്റേൺ (William Stern) തുടക്കം കുറിച്ചു (1914). ഇതിനായി MA യും

CA യും തമ്മിലുള്ള അനുപാതം കാണുന്നരീതി അവലംബിച്ചു. ഇതിന്റെ ശതമാനമായ $\frac{MA}{CA} \times 100$ സൂത്രവാക്യമായി എടുത്തു. വില്യം സ്റ്റേണിന്റെ ആശയത്തെ ബുദ്ധിമാനം (Intelligence Quotient - IQ) എന്ന സംജ്ഞയുമായി ബന്ധപ്പെടുത്തിയത് സ്റ്റാൻഫോർഡ് സർവ്വകലാശാലയിലെ ലൂയി ടെർമാൻ (Louis Terman) ആയിരുന്നു (1916). ആൽഫ്രഡ് ബിനേയുടെ ടെസ്റ്റിനെ ടെർമാൻ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്.

$$\text{ബുദ്ധിമാനം } IQ = \frac{MA}{CA} \times 100$$

12 വയസ്സുള്ള ഒരു കുട്ടിയുടെ മാനസിക വയസ്സ് 15 ആണെങ്കിൽ ബുദ്ധിമാനം = $\frac{15}{12} \times 100 = 125$ ആയിരിക്കും.

100 നു മുകളിൽ IQ നേടുന്നവരെ മികച്ചവരായും 100 ൽ താഴെയുള്ളവർ പ്രത്യേക സഹായം ആവശ്യമുള്ളവരായും 100 നേടിയവരെ ശരാശരിക്കാരായും കണക്കാക്കുന്നു.

**ബുദ്ധിമാനത്തിന്റെ അടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം**

ആദ്യകാലത്ത് ബുദ്ധിമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന രീതിയിൽ തരംതിരിച്ചിരുന്നു.

| | | |
|---|---|---|
| IQ 30 ൽ താഴെ | - | ജഡബുദ്ധി (Idiot) |
| 30 - 50 | - | ക്ഷീണബുദ്ധി (Imbecile) |
| 50 - 70 | - | മൂഢബുദ്ധി (Moron) |
| 70 - 85 | - | മന്ദബുദ്ധി (Dull) |
| 85 - 115 | - | ശരാശരി (Average) |
| 115 - 130 | - | ശ്രേഷ്ഠബുദ്ധി (Superior) |
| 130 ൽ കൂടുതൽ | - | പ്രതിഭാശാലി (Genius) |

പൊതുവായി IQ 70 ൽ താഴെയുള്ള വരെ ദുർബലബുദ്ധിയുള്ളവർ (Feeble minded) 130 ൽ കൂടുതലുള്ള വരെ പ്രതിഭാസമ്പന്നർ (Gifted) എന്നിങ്ങനെ വിളിക്കാറുണ്ട്.

**ബുദ്ധിശോധകത്തിന്റെയും ബുദ്ധിമാനത്തിന്റെയും പരിമിതികൾ**

ബുദ്ധിപരീക്ഷാസ്കോറിനെ എളുപ്പത്തിൽ വ്യാഖ്യാനിക്കാൻ കഴിയില്ല. പരീക്ഷ്യന്റെ (പരീക്ഷാർത്ഥി) വിദ്യാഭ്യാസ നില, സാമൂഹിക സാമ്പത്തികനില മുതലായ കാര്യങ്ങൾ പരിഗണിക്കേണ്ടിവരും. പരീക്ഷ്യന്റെ വൈകാരികനില ലഭിക്കുന്ന സ്കോറിനെ ബാധിക്കും. ഒരൊറ്റപരീക്ഷയുടെ ഫലത്തെ അടിസ്ഥാനപ്പെടുത്തി IQ നിർണയിക്കുന്നത് ശരിയാകണമെന്നില്ല. ഒരു സ്ഥലത്ത് തയ്യാറാക്കിയ മാപനി മറ്റിടങ്ങളിൽ യോജിച്ചതാകണമെന്നില്ല. കുട്ടിയുടെ മാനസിക ശേഷികൾ ഏകദേശം 20 വയസ്സുവരെ അനുസ്യൂതം വളർന്നുകൊണ്ടിരിക്കും. അതിനുശേഷം വളർച്ചയുടെ തോത് കുറയുന്നു. അതായത് CA വർദ്ധിക്കുന്തോറും MA അതനുസരിച്ച് വർദ്ധിക്കുകയില്ല. കൗമാരകാലഘട്ടത്തിന്റെ അന്ത്യത്തിനുശേഷം ലഭിക്കുന്ന IQ സ്കോർ യഥാർത്ഥ സൂചകമായി മാറുകയില്ല.

ഉയരം, തൂക്കം എന്നിവ അളക്കുന്നതുപോലെ ബുദ്ധി അളക്കുന്നത് അശാസ്ത്രീയം തന്നെയാണ്. ഇതുവരെ കൃത്യമായി നിർവ്വചിക്കാൻ പോലും കഴിയാത്ത ഒന്നിനെ അളക്കുന്നതിന്റെ പ്രസക്തി എന്തായാലും ചോദ്യം ചെയ്യപ്പെടും. ബുദ്ധിശോധകത്തിലെ ചില പ്രായോഗികചോ

ദൃങ്ങളോട് എങ്ങനെയാണ് ഒരാൾ പ്രതികരിച്ചത് എന്നതിന്റെയടിസ്ഥാനത്തിൽ നൽകുന്ന സ്കോറുകൾക്ക് വിശ്വാസ്യത കുറവായിരിക്കും.

കാലികവയസ്സ് 8 ഉം മാനസികവയസ്സ് 5 ഉം ഉള്ള കുട്ടിയുടെയും കാലിക വയസ്സ് 7 ഉം മാനസികവയസ്സ് 4 ഉം ഉള്ള മറ്റൊരു കുട്ടിയുടെയും IQ കണ്ടെത്തി താരതമ്യം ചെയ്തുനോക്കൂ. കാലികവയസ്സും മാനസിക വയസ്സും തമ്മിലുള്ള അന്തരം ഒരുപോലെയാണെങ്കിലും വ്യത്യസ്ത IQ വാണ് ലഭിക്കുന്നത്.

## ബഹുമുഖബുദ്ധി

വ്യക്തിവ്യത്യാസത്തിന് ആധാരമായ ജ്ഞാതൃശേഷിയെ(cognitive ability)യാണ് ബുദ്ധി എന്ന പദം കൊണ്ടർത്ഥമാക്കുന്നത്. അനുഭവങ്ങളിൽ നിന്ന് അനായാസം പഠിക്കുന്നതിനും അമൂർത്തമായി ചിന്തിക്കുന്നതിനുമുള്ള കഴിവാണ് ബുദ്ധി എന്ന് സാമാന്യമായി പറയാം. നിത്യജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യക്തിയുടെ കഴിവ് ബുദ്ധിയായികണക്കാക്കാം. ബുദ്ധി വ്യത്യസ്ത സംസ്കാരങ്ങളിൽ മൂല്യവത്തായ ഉല്പന്നങ്ങളും സേവനങ്ങളും സൃഷ്ടിക്കാനും പ്രദാനം ചെയ്യാനുമുള്ള ശേഷിയും പ്രശ്നസന്ദർഭങ്ങളിൽ പുതിയ വഴികൾ കണ്ടെത്തുന്നതിലൂടെ അറിവ് സ്വരൂപിച്ചെടുക്കാനുള്ള കഴിവുമാണ് ബുദ്ധിക്ക് ബഹുമുഖങ്ങൾ ഉണ്ടെന്ന് 1983 ഹവാർഡ് ഗാർഡ്നർ സ്ഥാപിച്ചു.

**HOWARD GARDNER**

അമേരിക്കൻ ജ്ഞാനനിർമിതിവാദി. ബുദ്ധിയുടെ പ്രവർത്തനം വിശകലനം ചെയ്ത അദ്ദേഹം ഒമ്പതു തരം ബുദ്ധി സവിശേഷതകൾ കണ്ടെത്തുകയുണ്ടായി. ആദ്യത്തെ ഏഴെണ്ണത്തെക്കുറിച്ച് 1983 - ൽ പ്രസിദ്ധീകരിച്ച Frames of Mind എന്ന കൃതിയിൽ വിശദീകരിച്ചു. 1999 ൽ "Intelligence Reframed: Multiple Intelligence for the 21st Centry" എന്ന കൃതിയിലൂടെ രണ്ടെണ്ണം കൂടി സൂചിപ്പിച്ചു. ഒമ്പതാമത്തെ ഘടകമായ അസ്തിത്വപരമായ ബുദ്ധിയെക്കുറിച്ച് ഗവേഷണങ്ങൾ തുടരുന്നു.

ഇരട്ടക്കുട്ടികളായ മാളുവിന്റെയും വിഷ്ണുവിന്റെയും അമ്മയുടെ പരാതി ശ്രദ്ധിക്കൂ:

“മാളു ഗണിതത്തിലും ചിത്രങ്ങൾ വരയ്ക്കുന്നതിലും ക്ലാസിൽ ഒന്നാമതാണ്. ഏതു സമയവും വായനയാണ്. മറ്റു കുട്ടികളുമായി കൂട്ടു കൂടി നടന്ന് സമയം വെറുതെ കളയാറില്ല. വിഷ്ണുവോ?

കൂട്ടുകാരോടൊപ്പം കളിച്ചു നടന്നും ചെടികളും പൂക്കളും ശേഖരിച്ചും നാടകം കളിച്ചും സമയം വെറുതെ പാഴാക്കിക്കളയുകയാണ്. മിക്ക വിഷയങ്ങൾക്കും മാർക്കു വളരെ കുറവാണ്.”

ഇവരിൽ ആരാണ് ബുദ്ധിപരമായ മുന്നിൽ? മാളുവോ? വിഷ്ണുവോ?

ആരാണ് കൂടുതൽ പരിഗണന അർഹിക്കുന്നത്?

ഇരുവരിലും ബുദ്ധിയുടെ ഘടകങ്ങൾ പ്രകടമാണ്?

ബുദ്ധിക്ക് ബഹുമുഖങ്ങൾ ഉണ്ടെന്ന് ഹവാർഡ്ഗാർഡ്നർ കണ്ടെത്തിയിട്ടുണ്ട്. അധ്യാപക വിദ്യാർത്ഥികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ഗാർഡനറുടെ കണ്ടെത്തലുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കട്ടെ. വിവരശേഖരണത്തെത്തുടർന്ന് ചർച്ചയും ക്രോഡീകരണവും. വിദ്യാഭ്യാസപരിവർത്തനത്തിന് ഒരാമുഖം എന്ന പുസ്തകം പ്രയോജനപ്പെടുത്താവുന്നതാണ്. ഹവാർഡ് ഗാർഡനറുടെ പഠനരീതിയും ചർച്ച ചെയ്യണം. ഹവാർഡ് ഗാർഡനർ കണ്ടെത്തിയ ബുദ്ധിയുടെ മുഖങ്ങൾ എന്തെല്ലാമാണ്?

1. ഭാഷാപരമായ ബുദ്ധി (Linguistic Intelligence)
2. യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി (Logical and Mathematical Intelligence)

3. ദൃശ്യ-സ്ഥലപരമായ ബുദ്ധി (Spatial Intelligence)

4. സംഗീതപരായ ബുദ്ധി (Musical Intelligence)

5. ശാരീരിക ചലനപരമായ ബുദ്ധി (Bodily Kinesthetic Intelligence)

6. വ്യക്ത്യാന്തര ബുദ്ധി (Interpersonal Intelligence)

7. ആന്തരിക വൈയക്തിക ബുദ്ധി (Intra Personal Intelligence)

8. പ്രകൃതിപരമായ ബുദ്ധി (Naturalistic Intelligence)

9. അസ്തിത്വപരമായ ബുദ്ധി (Existential Intelligence)

ഒരാളിൽ ഭാഷാപരമായ ബുദ്ധി ഉണ്ടെന്ന് എങ്ങനെ മനസിലാക്കാം? എന്തെല്ലാമാണ് അതിന്റെ സവിശേഷതകൾ? ഏതെല്ലാം പ്രവർത്തനങ്ങലാണ് ഈ ബുദ്ധി വികാസനത്തിന് സഹായകം?

ബുദ്ധിയുടെ ഒരു ഘടകം വിശദമായി ക്ലാസിൽ അപഗ്രഥിച്ചശേഷം മറ്റുള്ളവ ഗ്രൂപ്പുകളുടെ അന്വേഷണത്തിനും അവതരണത്തിനുമായി നൽകുക.

## 1. ഭാഷാപരമായ ബുദ്ധി

പദങ്ങളുടെ അർഥം മനസിലാക്കുന്നതിനും പുതിയ ആശയങ്ങൾ സ്വീകരിക്കുന്നതിനും ആശയവിനിമയത്തിനു ഫലപ്രദമായി ഭാഷ ഉപോഗിക്കുന്നതിനുള്ള ബുദ്ധി.

- ഉയർന്ന ശ്രവണശേഷി
- വായന-ലേഖന പ്രവർത്തനങ്ങളുടെ ആസ്വാദനം
- അനായാസവും കൃത്യവുമായ പദപ്രയോഗം
- ഒഴുക്കോടെ ഭാഷ പ്രയോഗിക്കാനുള്ള കഴിവ്

ഇവയെല്ലാം ഭാഷാപരമായ ബുദ്ധിയുടെ സവിശേഷതകളാണ്.

### പ്രവർത്തനങ്ങൾ

- ➢ പ്രഭാഷണം
- ➢ പദകേളികൾ
- ➢ കഥാകഥനം
- ➢ സംവാദം
- ➢ പ്രസംഗം
- ➢ ശ്രാവ്യവായന
- ➢ ശ്രവണ, ഭാഷണ, വായന, ലേഖന പ്രവർത്തനങ്ങൾ

അധ്യാപക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇതുവരെ ഏർപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങൾ ഭാഷാപരമായ ബുദ്ധിവികസനത്തിന് പ്രയോജനപ്പെടുന്നവയാണ്? അനുഭവങ്ങൾ അപഗ്രഥിച്ചു കണ്ടെത്തട്ടെ.

- സെമിനാർ
- ചർച്ച

കുട്ടികളുടെ ഭാഷാപരമായ ബുദ്ധിവികസനത്തിന് എന്തെല്ലാം പ്രവർത്തനങ്ങളാണു നൽകാൻ കഴിയുക?

- സ്വതന്ത്രഭാഷണം
- കഥകൾ കേൾക്കൽ, പറയൽ
- ചോദ്യങ്ങൾക്ക് ഉത്തരം
- പാട്ട്
-
-

(കൂടുതൽ പ്രവർത്തനങ്ങൾ, ചർച്ചയിലൂടെ കണ്ടെത്തുക)

### വെർണിക്കായും ബ്രോക്കയും

മസ്തിഷ്ക്ക ഭാഗങ്ങളാണിവ. മനുഷ്യമസ്തിഷ്ക്കത്തിൽ ഭാഷപരമായ കാര്യങ്ങൾ ഈ ഭാഗങ്ങളുടെ പ്രവർത്തനംമൂലം. വെർണിക്ക ആശയസ്വീകരണത്തിനും ബ്രോക്ക ഏരിയ ആശയപ്രകടനത്തിനും ഉപയുക്തം. ഇവയിലൊന്നിന് ക്ഷതം സംഭവിച്ചാൽ ഭാഷാപരമായ നിശ്ചിത കഴിവുകൾ ഇല്ലാതെയാകും.

## 2. യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി

വസ്തുതകൾ, സംഭവങ്ങൾ എന്നിവയിൽ നിലനിൽക്കുന്ന ബന്ധങ്ങൾ കണ്ടെത്തുന്നതിനും കാര്യങ്ങളെ ഗണിത/യുക്തിചിന്താപരമായി സമീപിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള ബുദ്ധി.

- ബന്ധങ്ങൾ കണ്ടെത്തൽ
- പ്രശ്നപരിഹരണശേഷിയും യുക്തിചിന്തനവും
- ക്രമവും ചിട്ടയും പാലിക്കൽ
- ഗണിതാസ്വാദനം
- പരീക്ഷണങ്ങളിൽ ഏർപ്പെടൽ

### പ്രവർത്തനങ്ങൾ

- ➢ ചാർട്ടുകൾ, ഗ്രാഫുകൾ, പട്ടികകൾ തയാറാക്കൽ
- ➢ പാറ്റേൺ ക്രമപ്പെടുത്തൽ
- ➢ പരസ്പരബന്ധം കണ്ടെത്തൽ, പാറ്റേണുകൾ പൂർത്തിയാക്കൽ
- ➢ ചോദ്യം ചോദിക്കൽ
- ➢ പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടൽ
- ➢ അളക്കൽ
- ➢ തരംതിരിക്കൽ
- ➢ പ്രശ്നപരിഹരണം
- ➢ പ്രവചനം

കൂടുതൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആവാം?

- ക്രമപ്പെടുത്തൽ

  (പല വലിപ്പത്തിലുള്ള കല്ലുകൾ, പല നീളത്തിലുള്ള കമ്പുകൾ തുടങ്ങിയവ)

- തരം തിരിക്കൽ

  (പല ഷെയ്ഡുകളിലും ആകൃതിയിലുമുള്ള വസ്തുക്കൾ)

- മുത്തുകൾ, ബ്ലോക്കുകൾ തുടങ്ങിയവ നിറത്തിനും വലുപ്പത്തിനുമനുസരിച്ചു തരം തിരിക്കൽ

- പാറ്റേൺ നിർമിക്കൽ

  (കട്ടിയുള്ള കടലാസുകൾ ഉപയോഗിച്ച് വ്യത്യസ്ത ആകൃതിയിൽ വെട്ടിയെടുത്തത്)

-
-

## 3. ദൃശ്യ–സ്ഥലപരബുദ്ധി

വസ്തുക്കളെ സ്ഥാനനിർണയം നടത്തുന്നതിനും ഭാവനയിൽ കാണുന്നതിനും മനോചിത്രണം നടത്തുന്നതിനും ഒന്നിന്റെ സാന്നിധ്യത്തിലും അസാന്നിധ്യത്തിലും അതിന്റെ സവിശേഷതകൾ, രൂപാന്തരം, ഉണ്ടായിരുന്നപ്പോഴുള്ള അവസ്ഥ ഇവ മനസിലാക്കി പ്രവർത്തിക്കുന്നതിനുള്ള ബുദ്ധി.

- ചിത്രീകരിക്കുന്നതിനുള്ള കഴിവ്
- കലാപ്രവർത്തനങ്ങളുടെ ആസ്വാദനം
- ഭൂപടം, ചാർട്ട്, ഡയഗ്രം എന്നിവയുടെ വായന
- ചിത്രങ്ങളുടെയും പ്രതീകങ്ങളുടെയും (കാമഴലെ) അടിസ്ഥാനത്തിലുള്ള ചിന്തനം

### പ്രവർത്തനങ്ങൾ

- ➢ ചിത്രങ്ങൾ
  - ➢ സ്ലൈഡുകൾ
  - ➢ ഡയഗ്രാം
  - ➢ പോസ്റ്റർ
  - ➢ നിറങ്ങളെ സംയജോപ്പിക്കൽ

- ചിത്രങ്ങൾക്ക് നിറം കൊടുക്കൽ
- ജിഗ്സോ പസിലുകൾ
- ചിത്രരചന
- കീറൽ, മടക്കൽ, ഒട്ടിക്കൽ, ഒറിഗാമി

## 4. സംഗീതപരമായ ബുദ്ധി

വിവിധ സ്ഥായിയിലും വ്യത്യസ്തമായ താളത്തിലും ഭാവത്തിലും സംഗീതാത്മകമായി കാര്യങ്ങൾ ആവിഷ്ക്കരിക്കുന്നതിനും ആസ്വാദിക്കുന്നതിനുമുള്ള ബുദ്ധി.

- ചുറ്റുപാടുമുള്ള ശബ്ദങ്ങൾ തിരിച്ചറിയൽ

- സംഗീതാസ്വാദനം
- ഗാനാലാപനം
- താളം നൽകുക

## പ്രവർത്തനങ്ങൾ

- ➢ കവിതകളുടെ താളം കണ്ടെത്തൽ
- ➢ താളം പിടിക്കൽ
- ➢ ഈണവും താളവും നൽകൽ
- ➢ താളാത്മകചലനം
- ➢ സംഗീതോപകരണങ്ങളുടെ ഉപയോഗം

- പാട്ടുകൾ ഈണത്തിൽ പാടുക.
- കിലുക്കുകൾ, പീപ്പികൾ, മണികൾ എന്നിവ താളാത്മകമായി ഉപയോഗിക്കൽ
- ലളിതമായ വായ്ത്താരികൾ ചൊല്ലുക
- അഭിനയഗാനം
-
-

## 5. ശരീരിക – ചലനപര ബുദ്ധി

ഒരാളുടെ ശരീരത്തെ അതിന്റെ ഉയർന്ന സാധ്യതകളിൽ/സാധ്യമായ ഉയർന്ന തലങ്ങളിൽ, കായികതാരങ്ങൾ, നൃത്തനാട്യ കലാകാരന്മാർ പ്രയോജനപ്പെടുത്തുന്നതുപോലെ ഉപയുക്തമാകുന്നതിനുള്ള ബുദ്ധി.

- ശാരീരിക സംവേദനത്തിലൂടെ ജ്ഞാനസമ്പാദനം
- പ്രവർത്തിച്ചു പഠിക്കൽ
- ശാരീരിക ചലനങ്ങളിലൂടെ ആശയപ്രകടനം
- ശാരീരിക ചലങ്ങളുടെ ഏകോപനം

## പ്രവർത്തനങ്ങൾ

- ➢ വിവിധ വസ്തുക്കളെ കൈകാര്യം ചെയ്യൽ
- ➢ ഗെയിമുകൾ
- ➢ അനുകരണം
- ➢ പരീക്ഷണോപകരണങ്ങളുടെ കൈകാര്യം
- ➢ ശാരീരിക ചലനങ്ങൾ
- ➢ അഭിനയം
- ➢ മൈമിംഗ്

- താളത്തിനൊപ്പം ചലിക്കൽ
- പക്ഷി - മൃഗാദികളുടെ സഞ്ചാരം, ശബ്ദം, അനുകരിക്കൽ
- ക്രിയാത്മക നാടകങ്ങൾ (ഉദാ: കഥകൾ ശ്രവിക്കുന്നതിനിടയിൽ അഭിനയത്തിനവസരം നൽകൽ...)
- കടലാസുകൊണ്ടുള്ള നിർമാണപ്രവർത്തനങ്ങൾ.
- 
- 

## 6. വ്യക്ത്യാന്തരബുദ്ധി

മറ്റുള്ളവരുടെ വികാരങ്ങൾ, മനോസ്ഥിതികൾ, പ്രചോദന ഘടകങ്ങൾ, താല്പര്യങ്ങൾ ഇവ മനസിലാക്കുന്നതിനും അത് ഉൾക്കൊണ്ടു പ്രവർത്തിക്കുന്നതിനുള്ള ബുദ്ധി.

- സഹകരണാത്മാക - സഹപ്രവർത്തിത പ്രവർത്തനങ്ങളിൽ (Co-operative - Collaborative Activities) ഏർപ്പെടൽ.
- സംഘപ്രവർത്തന സന്നദ്ധത
- അനുഭവം പങ്കുവയ്ക്കൽ
- അനുതാപം (Empathy)
- മറ്റുള്ളവരുടെ കാഴ്ചപ്പാടുകളിൽ നിന്ന് നോക്കിക്കാണൽ
- പരസ്പര വിലയിരുത്തൽ
- സുശക്തവും സുദീർഘവുമായ ബന്ധം സ്ഥാപിക്കൽ

### പ്രവർത്തനം

- ➢ പഠനയാത്ര, ഇന്റർവ്യൂ
- ➢ പ്രോജക്ടുകൾ
- ➢ സാമൂഹ്യസേവന പ്രവർത്തനങ്ങൾ
- ➢ സ്കൂൾ ക്ലബുകളുടെ പ്രവർത്തനം
- ➢ ആശുപത്രി, അനാഥാലയങ്ങൾ തുടങ്ങിയവയുടെ സന്ദർശനം
- ➢ ചർച്ചകളിലെ ജനാധിപത്യപരമായ പങ്ക്

- സംഘകളികൾ
- പ്രകൃതി നടത്തം
- പൂന്തോട്ടനിർമാണം
- 
- 

## 7. ആന്തരിക – വൈയക്തികബുദ്ധി

സ്വന്തം ശക്തി ദൗർബല്യങ്ങൾ വൈകാരികഭാവങ്ങൾ എന്നിവ തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നതിനുള്ള ബുദ്ധി.

- സ്വതന്ത്രചിന്ത
- ആത്മപ്രകാശനം
- സ്വന്തം നിലപാടുകൾ അവതരിപ്പിക്കൽ
- സ്വയം വിലയിരുത്തൽ
- ആത്മവിശ്വാസം
- ഇച്ഛാശക്തി

### പ്രവർത്തനങ്ങൾ

- വായനാക്കുറിപ്പു തയാറാക്കൽ
- സംവാദങ്ങളിലേർപ്പെടൽ
- മാസികകൾ തയാറാക്കൽ
- ചർച്ചകൾ
- സർഗാത്മക പ്രവർത്തനങ്ങൾ

- നിറം കൊടുക്കൽ
- നിർമാണ പ്രവർത്തനങ്ങൾ (മൈദമാവ്, കളിമണ്ണ് എന്നിവ ഉപയോഗിച്ചുള്ള)
- ബ്ലോക്കുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൽ
- കഥകൾ മറ്റുള്ളവരുടെ മുമ്പാകെ അവതരിപ്പിക്കൽ
- സ്വന്തം കഴിവുകൾ പ്രകടിപ്പിക്കൽ
- 
- 

## 8. പ്രകൃതിപരമായ ബുദ്ധി

പ്രകൃതിയിലെ സസ്യ-ജന്തുജാലങ്ങളിലും, അജീവിയ പ്രാകൃതിക ഘടകങ്ങളിലും പ്രതിഭാസങ്ങളിലുമുള്ള താത്പര്യം, ഭൗതീക ചുറ്റുപാടുകളിൽ വിവേകപൂർവം ഇടപെടാനുള്ള കഴിവ്.

- പ്രകൃതി നിരീക്ഷണം
- സസ്യ - ജന്തുജാലങ്ങളുടെ സവിശേഷതകൾ തിരിച്ചറിയൽ
- പ്രകൃതി വസ്തുക്കളെ തരം തിരിക്കൽ
- കാലാവസ്ഥ വ്യതിയാനങ്ങൾ മനസിലാക്കൽ
- പക്ഷി - മൃഗാദികളുമായി സംവദിക്കൽ

### പ്രവർത്തനങ്ങൾ

- പ്രകൃതി നടത്തം
- പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ
- അനുഭവക്കുറിപ്പ്

➢ ആൽബം തയാറാക്കൽ

➢ പോസ്റ്റർ നിർമാണം

➢ പ്രകൃതിസ്നേഹം പ്രകടിപ്പിക്കുന്ന മറ്റു രചനകൾ

- പൂന്തോട്ട പരിപാലനം
- ഇഷ്ടപ്പെട്ട ജീവികളെക്കുറിച്ചു പറയൽ
- ഇല, പൂവ്, കായ് ഇവയുടെ തരം തിരിക്കൽ
- കൗതുക വസ്തുക്കളുടെ ശേഖരണം
- പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ച് അന്വേഷിക്കൽ, അനുഭവങ്ങൾ പങ്കുവെയ്ക്കൽ
- പ്രകൃതിദൃശ്യങ്ങൾ ചിത്രീകരിക്കൽ

## 9. അസ്തിത്വപരമായ ബുദ്ധി

പ്രപഞ്ചത്തിന്റെ ഭാഗമായി സ്വന്തം അസ്തിത്വത്തെ കാണാനും തിരിച്ചറിയാനുമുള്ള കഴിവ്, ഭൗതീകവും മാനസീകവുമായ നിലനിൽപ്പിന്റെ ആത്യന്തീകത തുടങ്ങിയവ ബോധ്യപ്പെടാനും തിരിച്ചറിയാനുമുള്ള കഴിവ് (“a concern with ultimate life issues”).

- സമൂഹത്തിൽ സ്വന്തം സ്ഥാനം കണ്ടെത്തൽ
- ജീവിതത്തിന്റെ അർഥം കണ്ടെത്തൽ

കുറിപ്പ്: ഈ മേഖലയിലുള്ള അന്വേഷണങ്ങൾ തുടരുകയാണ്.

ബുദ്ധിയുടെ മേൽസൂചിപ്പിച്ച മുഖങ്ങൾ ഓരോരുത്തരിലുമുണ്ടെങ്കിലും അവയുടെ ചേരുവയിൽ വ്യക്തികൾ ഭിന്നരാണ്. സ്വതന്ത്രമായും പരസ്പരബന്ധിതവുമായും പ്രവർത്തിക്കാൻ ഇവയ്ക്കു കഴിയും.

പഠനപ്രവർത്തനങ്ങൾ നടത്തുമ്പോൾ Multiple Intelligences പരിഗണിക്കേണ്ടതിന്റെ ആവശ്യകത എന്താണ്? ചർച്ചയിൽ ഏതൊക്കെ കാര്യങ്ങളാണു പരിഗണിക്കുക?

**MI സമഗ്രവികസനത്തിന്**

❖ വ്യക്തിവ്യത്യാസങ്ങൾ മനസിലാക്കുന്നതിന്

❖ കുട്ടികളുടെ പഠനപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും

❖ എല്ലാവർക്കും പരിഗണന ലഭിക്കാൻ

❖ MI ഘടകങ്ങളുടെ പരസ്പരബന്ധവും ഉദ്ഗ്രഥനപ്രവർത്തനങ്ങളുടെ ആവശ്യകതയും ബോധ്യപ്പെടുത്തുന്നതിന്

❖ ഓരോ ഉള്ളടക്ക (ആശയ) മേഖലയിലും എല്ലാത്തരം ബുദ്ധികളെയും പരിഗണിച്ച് പഠനപ്രവർത്തനങ്ങൾ തയാറാക്കുന്നതിന്.

- പഠനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും പ്രയോഗത്തിലും M1 സാധ്യതകൾ എത്രത്തോളമുണ്ട്.

പ്രൈമറി പാഠപുസ്തകങ്ങൾ പരിശോധിച്ച് പഠനപ്രവർത്തനങ്ങളിൽ സാധ്യതകൾ M1 കണ്ടെത്തുക.

## ബുദ്ധിയെക്കുറിച്ചുള്ള ട്രയാർക്കിക് സിദ്ധാന്തം (Triarchic theory of intelligence)

ബഹുമുഖബുദ്ധി എന്ന ആശയം പരിഷ്ക്കരിച്ച് അവതരിപ്പിച്ച Robert. J. Sternberg ന്റെ ബുദ്ധി യെക്കുറിച്ചുള്ള ട്രയാർക്കിക് സിദ്ധാന്തം ബുദ്ധിയെക്കുറിച്ചുള്ള പുതിയ ചില ആശയങ്ങൾ മുന്നോട്ടുവെക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ബുദ്ധിവൈഭവത്തിന് വ്യത്യസ്തവും വ്യതിരിക്തവുമായ 3 തലങ്ങളുണ്ട്. അവ

1. Componential Intelligence
2. Experiential Intelligence
3. Contextual Intelligence

എന്നിവയാണ്. ഇവ ഓരോന്നും പഠനഫലമായി ആർജ്ജിക്കപ്പെടുന്നതാണ്. അതുകൊണ്ടു തന്നെ അവയെ ശക്തിപ്പെടുത്താനും വിപുലീകരിക്കാനും സാധ്യമാണ്. 1985 ലാണ് സ്റ്റേൺ ബർഗ് ഈ സിദ്ധാന്തം മുന്നോട്ടു വെച്ചത്.



## 1. Componential Intelligence

ഒരു വസ്തുത വിശകലനം ചെയ്യുകയും അതിനെക്കുറിച്ച് കാര്യകാരണ സഹിതം യുക്തിസഹമായി ചിന്തിക്കുകയും ചെയ്ത് ആശയങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നതിനുള്ള കഴിവാണ് Compential Intelligence.

## 2. Experiential Intelligence

പുതിയ പ്രശ്നങ്ങൾ പെട്ടെന്ന് പരിഹരിക്കാനുള്ള ശേഷിയാണ് Experiential Intelligence എന്നതുകൊണ്ടുദ്ദേശിക്കുന്നത്. പരിചിതമായ പ്രശ്നങ്ങളെ തനിയെ യാന്ത്രികമായി (in an automatic rote way) പരിഹരിക്കാൻ കഴിയുന്നു. അതോടൊപ്പം ക്രിയാത്മകതയും ഉൾക്കാഴ്ചയും ആവശ്യമുള്ള പ്രശ്നങ്ങൾ സ്വതന്ത്രമായി കൈകാര്യം ചെയ്യുന്നതിനും സാധിക്കും.

## 3. Contextual Intelligence

സാഹചര്യങ്ങൾക്കനുസരിച്ച് പെരുമാറാനും സാഹചര്യങ്ങൾ തനിക്ക് അനുകൂലമാക്കി തീർക്കാനുള്ള കഴിവാണിത്. ഇതിനെ 'situational smart' അല്ലെങ്കിൽ 'street smart' എന്നും വിളിക്കുന്നു. ബുദ്ധി പരീക്ഷകളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കാൻ ഇക്കൂട്ടർക്കു സാധിക്കണമെന്നില്ല. എന്നാൽ പ്രായോഗിക ബുദ്ധിയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഇവർ വിദഗ്ധരാണ്, അതുകൊണ്ടുതന്നെ ഇവർ മറ്റുള്ളവരുടെ പ്രീതിസമ്പാദിക്കുന്നു. ഒരു കാര്യം ചെയ്യുന്നതിലെ വേഗത്തെക്കാൾ (speed) പ്രധാനം അത് എങ്ങനെ ചെയ്യുന്നു എന്നതാണ്. ഇതാണ് Sterbery ന്റെ സിദ്ധാന്തത്തിന്റെ പൊരുൾ.

തൊഴിൽ മേഖലയിൽ മാർഗനിർദ്ദേശം നൽകുന്നതിന്റെ ഭാഗമായി componential intelligence ഉള്ള കുട്ടികൾ എഞ്ചിനിയറിംഗ്, ആർക്കിടെക്ച്ചർ മേഖലയും experiential intelligence ഉള്ള കുട്ടികൾ ശാസ്ത്രഗവേഷണമേഖലകളും contextual intelligence ഉള്ളവർ മാനേജ്മെന്റ് മേഖലകളും തിരഞ്ഞെടുക്കാൻ ടീച്ചർക്ക് സഹായിക്കാം.

### വൈകാരിക ബുദ്ധി (Emotional Intelligence)

ബുദ്ധിയുടെ ബഹുമുഖത്വം വിശദീകരിക്കുന്ന ഹൊവാർഡ് ഗാർഡ്നറുടെ (1985) സിദ്ധാന്തം ബുദ്ധിയുടെ ഏകാത്മകതയേയും ബുദ്ധിമാനത്തെക്കുറിച്ചുള്ള നിലപാടുകളെയും ചോദ്യം ചെയ്തു. ഒരു വ്യക്തിയുടെ വിഭിന്നങ്ങളായ കഴിവുകളെ ഒരൊറ്റ സ്കോറിലേക്ക് പരിമിതപ്പെടുത്തുന്ന രീതി യുക്തിഭദ്രമല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം.

ഉന്നത ബിരുദങ്ങളും ഉയർന്ന ജോലിയും ഉണ്ടായിട്ടും ചില വ്യക്തികൾ ജീവിതത്തിൽ അമ്പേ പരാജയപ്പെട്ടു പോകുന്നു. ഉയർന്ന ഐക്യൂ ഉണ്ടായിട്ടും ചിലർ ജീവിതം വിജയകരമായി മുന്നോട്ടു പോകുന്നതിൽ വളരെ മോശം പ്രകടനം കാഴ്ചവയ്ക്കുന്നു. ചിലർക്ക് അവരുടെ കഴിവുകൾ വേണ്ടപോലെ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. അവർ അവസരങ്ങൾ സ്വയം നഷ്ടമാക്കുന്നു. മറ്റുചിലരാകട്ടെ ബുദ്ധിക്കും കഴിവിനും അനുസൃതമല്ലാത്ത തൊഴിൽ ചെയ്തു ജീവിക്കുന്നു. ജീവിതത്തിൽ വിജയിക്കാൻ ബുദ്ധി മാത്രം പോരാ എന്ന സൂചനയാണ് ഇതു നൽകുന്നത്.

ഗാർഡ്നറുടെ സിദ്ധാന്തപ്രകാരം ആന്തരിക വൈയക്തിക ബുദ്ധിയും വ്യക്ത്യാന്തരബുദ്ധിയും ജീവിത വിജയത്തെ വളരെയേറെ സ്വാധീനിക്കുന്നു. ഇവ രണ്ടിനേയും ചേർന്ന് വ്യക്തി പര ബുദ്ധി (Personal intelligence) എന്നു സാമാന്യമായി പറയാം. ജീവിതത്തിന്റെ നിർണ്ണായകമായ സന്ദർഭങ്ങളിൽ ഉചിതമായ തീരുമാനങ്ങളെടുക്കുന്നതിന് ഈ ഘടകമാണ് സഹായിക്കുന്നത്. പീറ്റർ സലോവ, ജോൺ മേയർ (1990) തുടങ്ങിയവർ വൈകാരികബുദ്ധിയെക്കുറിച്ചുള്ള ധാരണകൾ പങ്കുവച്ചതോടെ ജീവിതനേട്ടങ്ങളുടെ സൂചകം എന്ന നിലയിൽ ഐ.ക്യു (Intelligence Quotient) വിന് ഉണ്ടായിരുന്ന അപ്രമാദിത്വത്തിന് ഉലച്ചിൽ തട്ടി. പീറ്റർ സലോവെ വ്യക്തിപര

ബുദ്ധിയെ വൈകാരികബുദ്ധിയായിത്തന്നെയാണ് അവതരിപ്പിച്ചത്. ഡാനിയൽ ഗോൾമാൻ (1995) Emotional Intelligence എന്ന തന്റെ പ്രശസ്തമായ പുസ്തകം പ്രസിദ്ധീകരിച്ചതോടെ വൈകാരികബുദ്ധിയെക്കുറിച്ചുള്ള ചർച്ചകൾ സജീവമാവുകയും ജീവിതവിജയത്തിനെ സ്വാധീനിക്കുന്ന നിർണ്ണായക ഘടകമെന്ന നിലയിൽ അതിനുള്ള സ്വീകരാര്യതവർദ്ധിക്കുകയും ചെയ്തു.

**എന്താണ് വൈകാരിക ബുദ്ധി?**

വൈകാരികാവസ്ഥകളെ ബുദ്ധിപരമായി നിയന്ത്രിക്കുന്നതിനുള്ള കഴിവുതന്നെയാണ് വൈകാരികബുദ്ധി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് നേരത്തെ ചർച്ച ചെയ്തിരുന്ന കേവലാർത്ഥത്തിനുള്ള ബുദ്ധിശക്തിയിൽ നിന്ന് വിഭിന്നമാണ്. വൈകാരികബുദ്ധി കൂടുതലുള്ളവർ നല്ല ബന്ധങ്ങൾ വളർത്തിയെടുക്കുന്നതായും പ്രവർത്തനങ്ങളിൽ വിജയിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഗോൾമാൻ വൈകാരികബുദ്ധിയെ ഇങ്ങനെ നിർവ്വചിക്കുന്നു. "ഒരു വ്യക്തിക്ക് തന്റേയും മറ്റുള്ളവരുടേയും വൈകാരികാവസ്ഥകളെ തിരിച്ചറിയാനും വ്യക്തിബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രചോദകമായി ഈ തിരിച്ചറിവിനെ ഉപയോഗപ്പെടുത്താനുമുള്ള സാമൂഹ്യമായ ബുദ്ധി ശക്തിയെ വൈകാരിക ബുദ്ധി എന്നു പറയാം."

സാമൂഹികവും വൈകാരികവുമായ അഞ്ച് അടിസ്ഥാനശേഷികളാണ് വൈകാരിക ബുദ്ധിയെ നിർണ്ണയിക്കുന്നത് എന്നും ഗോൾമാൻ അഭിപ്രായപ്പെടുന്നു. ഈ ശേഷികൾ താഴെ വിവരിക്കുന്നു.

**1. സ്വാവബോധം (Self - Awareness)**

സ്വന്തം വികാരങ്ങൾ തിരിച്ചറിയുകയും അവ തന്റെ ചിന്തയെയും പ്രവൃത്തിയെയും എങ്ങനെയെല്ലാം സ്വാധീനിക്കുന്നു എന്നു മനസ്സിലാക്കുകയും ചെയ്യുന്ന ഒരാൾ സ്വാവബോധമുള്ള വ്യക്തിയാണ്. സ്വന്തം ശക്തിയും ദൗർബല്യങ്ങളും തന്റെ മുന്നിലുള്ള വെല്ലുവിളികളും അവസരങ്ങളും അവയെ അഭിമുഖീകരിക്കുന്നതിന് തനിക്ക് ത്രമാത്രം ആത്മവിശ്വാസമുണ്ട്. തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള അറിവും സ്വാവബോധത്തിൽപെടുന്നു.

**2. ആത്മനിയന്ത്രണം (Self - Regulation)**

നമ്മുടെ ചിന്തയെയും പ്രവൃത്തികളെയും പരിപോഷിപ്പിക്കുന്ന തരത്തിൽ വൈകാരികാവസ്ഥകളെ നിയന്ത്രിക്കുന്നതിനുള്ള കഴിവാണിത്. ഇവിടെ വൈകാരികാവസ്ഥകൾ നമ്മുടെ ലക്ഷ്യങ്ങളെയും പ്രവൃത്തികളെയും തടസ്സപ്പെടുത്തുകയല്ല മറിച്ച് ചോദകമായി പരിവർത്തനം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്.

**3. ആത്മചോദന (Motivation)**

തിരിച്ചടികളിലും സംഘർഷാവസ്ഥകളിലും പതറാതെ നമ്മുടെ ചിന്തയെയും പ്രവൃത്തികളെയും ലക്ഷ്യോന്മുഖമായി നയിക്കുന്നതിനുള്ള കഴിവാണിത്. നിതാന്തമായ ഈ അഭിപ്രേരണ ഏതു വെല്ലുവിളികളേയും ആത്മവിശ്വാസത്തോടെ നേരിടാൻ വ്യക്തിയെ സഹായിക്കുന്നു.

**4. സഹഭാവം (Empathy)**

മറ്റുള്ളവരുടെ ചിന്തകളെയും, വികാരങ്ങളെയും കാഴ്ചപ്പാടുകളെയും മനസ്സിലാക്കാനുള്ള കഴിവാണിത്. ചിന്തയിലും കാഴ്ചപ്പാടിലുമുള്ള വൈവിധ്യങ്ങളെ അംഗീകരിക്കുന്നതോടൊപ്പം പൊതുനേട്ടങ്ങൾക്ക് അവയെ ഉപയോഗപ്പെടുത്തുന്നതും ഈ ശേഷിയുടെ ഭാഗമാണ്.

**5. സാമൂഹ്യനൈപുണികൾ (Social Skills)**

നല്ല ബന്ധങ്ങളും സൗഹൃദങ്ങളും നിലനിർത്തുക, സാമൂഹ്യാവസ്ഥകളെ കൃത്യമായി അപഗ്ര

ഥിച്ച് സംഘർഷാവസ്ഥകളെ തരണം ചെയ്യുക, ആകർഷകമായും ഫലപ്രദമായും ആശയവിനിമയം നടത്തുക, ആശയസംഘർഷങ്ങളിലും വാദപ്രതിവാദങ്ങളിലും ഇടപെട്ട് ഫലപ്രദമായി ഒത്തു തീർപ്പുകൾ ഉണ്ടാക്കുക തുടങ്ങിയ സാമൂഹിക നൈപുണികളും വൈകാരികബുദ്ധിയെ നിർണ്ണയിക്കുന്ന സൂചകങ്ങളാണ്.

ഇവയിൽ സ്വാവബോധം, ആത്മനിയന്ത്രണം, ആത്മചോദന എന്നീ ശേഷികളെ വ്യക്തിപരശേഷികളായും (Personal compentence) സഹഭാവം, സാമൂഹിക നൈപുണികൾ എന്നിവയെ സാമൂഹ്യശേഷികളായും (Social Skills) മാണ് ഗോൾമാൻ അവതരിപ്പിക്കുന്നത്.

**വൈകാരികബുദ്ധിയുള്ളവരുടെ സവിശേഷതകൾ**

അമിതമായ മാനസികസമ്മർദ്ദങ്ങളും ഉത്കണ്ഠയുമുണ്ടാകുന്ന അവസരങ്ങളിൽ മനസ്സ് ശാന്തമാക്കി യാഥാർത്ഥ്യബോധത്തോടെ ചിന്തിച്ച് തീരുമാനമെടുക്കാനുള്ള കഴിവ് ഇത്തരക്കാർക്കു കൂടുതലായിരിക്കും. വികാരങ്ങളെ തിരിച്ചറിയാനും ഔചിത്യപൂർവ്വം പ്രകടിപ്പിക്കാനും ഇവർക്ക് അനായാസം സാധിക്കും. വൈകാരിക നിയന്ത്രണത്തോടെയുള്ള ആശയ വിനിമയശേഷിമൂലം ഇവർ മറ്റുള്ളവരുടെ ശ്രദ്ധയും വിശ്വാസവും പിടിച്ചു പറ്റും. അല്പം നർമ്മബോധത്തോടെ ജീവിതത്തിലെ പ്രതിസന്ധികൾ നേരിടാൻ ഇവർക്കു കഴിയും. ആശയസംഘർഷങ്ങളെ ആരോഗ്യകരവും ക്രിയാത്മകവുമായ രീതികളിൽ പരിഹരിക്കുന്നതിന് നല്ല വ്യക്തി ബന്ധങ്ങൾ ഇവരെ സഹായിക്കും. ചുമതലകൾ ഏറ്റെടുക്കാനുള്ള സന്നദ്ധതയും കഴിവും ഇവരിൽ ഏറിയിരിക്കും. സാമൂഹികപരതയും ധാർമ്മികവീക്ഷണവും ഇവരിൽ കൂടുതലായിരിക്കും. ആത്മപ്രചോദിതരായ ഇവർ മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നതിലും കഴിവുള്ളവരായിരിക്കും.

**വൈകാരികമാനവും (EQ), മാപനവും**

IQ (Intelligence Quotient) വുമായി താരതമ്യം ചെയ്യുമ്പോൾ EQ (Emotional Quotient) വാണ് ജീവിതവിജയത്തെ നിർണ്ണയിക്കുന്നതിൽ പ്രധാനമെന്ന് ഡാനിയൽ ഗോൾമാൻ അഭിപ്രായപ്പെടുന്നു. അമേരിക്കയിൽ നടത്തിയ പഠനത്തിൽ ജീവിത വിജയത്തിന്റെ സൂചകമായി IQ വിനെ പരിഗണിക്കാൻ കഴിയില്ലെന്ന് തെളിയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഈ സന്ദർഭത്തിലാണ് വൈകാരികമാനം (EQ) എന്ന ആശയം അദ്ദേഹം അവതരിപ്പിക്കുന്നത്.

വൈകാരികമാനം എങ്ങനെയാണു കണക്കാക്കുക? വ്യക്തികളുടെ വൈകാരികബുദ്ധി ചില പ്രതികരണങ്ങളെ അപഗ്രഥിച്ച് ഒരു സംഖ്യയായി തിട്ടപ്പെടുത്താൻ കഴിയുമോ? ഈ രംഗത്ത് ഗവേഷണം നടത്തിയവർ പറയുന്നത് ഇ.ക്യു വിനെ സമഗ്രമായി വിലയിരുത്താൻ കഴിയുന്ന ഒരു സാമഗ്രി (tool) നിർമ്മിക്കാൻ കഴിയില്ല എന്നുതന്നെയാണ്. എങ്കിലും വൈകാരികബുദ്ധിയെ നിർണ്ണയിക്കുന്ന വിവിധ ഘടകങ്ങളെ (സ്വാവബോധം, ആത്മനിയന്ത്രണം, സഹഭാവം, സഹകരണമനോഭാവം തുടങ്ങിയവ) സൂചകങ്ങളായി പരിഗണിച്ചുകൊണ്ട് നിർമ്മിക്കപ്പെട്ട നിരവധി ശോധകങ്ങൾ ഇന്ന് ലഭ്യമാണ്. ജോൺ. ഡി. മേയർ, പീറ്റർ സലോവെ, റിവൻ ബേരൺ തുടങ്ങിയവർ തയ്യാറാക്കിയ സാമഗ്രികൾ പ്രത്യേകം പരാമർശമർഹിക്കുന്നു. എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ ഒരു സാമഗ്രി (tool) താഴെ കൊടുക്കുന്നു.

## Emotional Intelligence (EQ) Test

കുട്ടികളുടെ (EQ) Test ചെയ്യാനായി താഴെക്കൊടുത്ത EQ Test ഉപയോഗിക്കാം

ഉത്തരങ്ങൾ എഴുതുമ്പോൾ നിങ്ങളുടെ സാധാരണ പെരുമാറ്റങ്ങളെ അടിസ്ഥാനമാക്കുക.

(വല്ലപ്പോഴുമുണ്ടാകാറുള്ള വ്യതിയാനങ്ങളെ ഒഴിവാക്കുക)

1. സ്കൂളിലേക്ക് പോകാനായി നിങ്ങൾ റോഡിലെത്തി. അതുവഴിവന്ന കാർ നിങ്ങളുടെ യൂണിഫോമിൽ നിറയെ ചെളി തെറിപ്പിച്ചു വീട്ടിലേക്കു മടങ്ങിപ്പോയി യൂനിഫോം മാറ്റിയാൽ സ്കൂളിലെത്താൻ വൈകും. ചെളി നിറഞ്ഞ യൂനിഫോം ധരിച്ച് സ്കൂളിൽ പോകാൻ വയ്യ. ഇത്തരം പ്രശ്നങ്ങളെ മറികടക്കാൻ നിങ്ങൾ പ്രയാസപ്പെടാറുണ്ടോ?

അതെ ☐ അല്ല ☐

2. ഹോംവർക്കു ചെയ്യാതെ വരുന്ന കുട്ടികൾക്ക് ശിക്ഷ ലഭിക്കാറുണ്ട്. പക്ഷേ ശിക്ഷ ലഭിക്കുമെന്ന് ഭയന്ന് ഞങ്ങൾ സത്യം മറച്ചുവയ്ക്കാറില്ല.

അതെ ☐ അല്ല ☐

3. അച്ഛന്റെ മേശ ആരും കാണാതെ എനിക്ക് തുറക്കാൻ കഴിയും. എന്നാൽ പണത്തിന് എത്ര ആവശ്യം വന്നാലും ഞാനച്ഛനോടു ചോദിക്കുകയേ ഉള്ളൂ. (ചിലപ്പോഴൊക്കെ കിട്ടാറില്ലെങ്കിലും)

അതെ ☐ അല്ല ☐

4. സത്യസന്ധത, ആത്മാർത്ഥത, സഹകരണമനോഭാവം എന്നിവ കാത്തു സൂക്ഷിച്ചുകൊണ്ട് അധ്യാപകരുമായി ഒത്തൊരുമിച്ചു പ്രവർത്തിക്കാൻ എനിയ്ക്കു കഴിയും.

അതെ ☐ അല്ല ☐

5. പഠിക്കുകയും കളിക്കുകയുമൊക്കെ ചെയ്യുമ്പോൾ കടുംപിടിത്തം പിടിച്ച് അവ ചെയ്യാനുള്ള സന്ദർഭങ്ങൾ ഒഴിവാക്കുന്നതിലല്ല, മറ്റുള്ളവരുമായി സഹകരിച്ച് അവ ചെയ്യാനുള്ള സാഹചര്യങ്ങൾ നിലനിർത്തുന്നതിലാണ് എന്റെ താൽപര്യം.

അതെ ☐ അല്ല ☐

6. വിഷമമുള്ള വിഷയങ്ങൾ പോലും എനിക്കു നന്നായി പഠിക്കാൻ കഴിയുന്നു എന്നതിൽ എനിക്ക് അഭിമാനമുണ്ട്.

അതെ ☐ അല്ല ☐

7. എന്റെ ആശയങ്ങൾ അധ്യാപകരോട് കൃത്യമായി വിനിമയം ചെയ്യാൻ എനിക്ക് കഴിയും.

അതെ ☐ അല്ല ☐

8. എനിക്ക് സന്ദർഭത്തിനനുയോജ്യമായി പെരുമാറാൻ കഴിയും

അതെ ☐ അല്ല ☐

9. എന്റെ കൂട്ടുകാരെ ഓരോരുത്തരെയും വ്യക്തിപരമായി ഞാൻ മനസ്സിലാക്കിയിട്ടുണ്ട്

അതെ ☐ അല്ല ☐

10. എന്റെ കൂട്ടുകാരെ അർഹതയ്ക്കനുസരിച്ചു പ്രചോദിപ്പിക്കാൻ എനിക്ക് കഴിയും

അതെ ☐ അല്ല ☐

11. സംഘമായി ചേർന്ന് ആവശ്യങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്ന രീതി സ്കൂളിൽ നിലവിലില്ല. ഇത്തരം പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് എനിക്കറിയാം

അതെ ☐ അല്ല ☐

12. എന്റെയും കൂട്ടുകാരുടെയും കരുത്തും പോരായ്മയും എന്താണെന്ന് എനിക്കറിയാം.

അതെ ☐ അല്ല ☐

13. പഠിക്കാനിരിക്കുമ്പോൾ - കറന്റ് പോവുന്നു, അമ്മ വിളിക്കുന്നു, അയൽ വീട്ടിൽ ഉച്ചത്തിൽ പാട്ടുവയ്ക്കുന്നു..... ഇത്തരം തടസ്സങ്ങൾ തന്ത്രപരമായി മറികടക്കാൻ എനിക്ക് കഴിയും.

അതെ ☐ അല്ല ☐

14. വിജയം എന്റേതു മാത്രമല്ല. മറിച്ച് കൂട്ടായ്മയുടേതാണ്. ഞാൻ ഇങ്ങനെ വിശ്വസിക്കുന്നു.

അതെ ☐ അല്ല ☐

15. മറ്റു കുട്ടികളെ സഹായിക്കാനായി എന്റെ കൂട്ടുകാരെ ഞാൻ പ്രോത്സാഹിപ്പിക്കാറുണ്ട്.

അതെ ☐ അല്ല ☐

16. എന്റെ സുഹൃത്തുക്കളിൽനിന്ന് ഞാൻ സഹായങ്ങൾ സ്വീകരിക്കാറുണ്ട്

അതെ ☐ അല്ല ☐

ചോദ്യത്തെ 4 ഭാഗമായി തിരിക്കുക

1, 2, 3, 4 ചോദ്യങ്ങൾ (Self awareness)

5, 6, 7, 8 ചോദ്യങ്ങൾ (Self Management)

9, 10, 11, 12 ചോദ്യങ്ങൾ (Social awareness)

13, 14, 15, 16 ചോദ്യങ്ങൾ (Social skill)

അതേ എന്ന ഉത്തരത്തിന് 1 സ്കോർ നൽകുക.

ഓരോ ഭാഗത്തും 4 സ്കോർ നേടാൻ കഴിഞ്ഞാൽ നിങ്ങൾ ബന്ധപ്പെട്ട ഭാഗത്ത് മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചിരിക്കുന്നു

സ്കോർ 3 ആണെങ്കിൽ നിങ്ങളുടേത് കുഴപ്പമില്ലാത്ത പ്രകടനമാണ്

സ്കോർ 2 ആണെങ്കിൽ നിങ്ങൾ ബന്ധപ്പെട്ട മേഖലയിൽ ശരാശരിയാണ്

സ്കോർ 1 ആണെങ്കിൽ നിങ്ങൾ ആ മേഖലയിൽ ഏറെ മെച്ചപ്പെടാനുണ്ട്.

## വൈകാരികബുദ്ധിയുടെ ക്ലാസ്സ്റൂം പ്രസക്തി

ആർജ്ജിക്കാൻ കഴിയുന്ന ഒരു ശേഷിയായാണ് വൈകാരിക ബുദ്ധിയെ എല്ലാ ഗവേഷകരും പരിഗണിക്കുന്നത് ഇങ്ങനെ നോക്കുമ്പോൾ സാമൂഹിക ജീവിതത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങൾ വൈകാരികബുദ്ധിയുടെ വികസനത്തിന് അത്യന്താപേക്ഷിതമാണെന്നുകാണാം. നിർഭാഗ്യവശാൽ പുതുതലമുറയിലെ കുട്ടികൾക്ക് ഇത്തരം സാമൂഹികാനുഭവങ്ങൾ തുലോം കുറവായിട്ടാണ് ലഭിക്കുന്നത്. ഇത് വൈകാരികബുദ്ധിയുടെ വികസനത്തെയും സ്വാധീനിക്കുന്നു. കുടുംബത്തിലും വിദ്യാലയത്തിലും ഇത്തരം അനുഭവങ്ങൾ ധാരാളം കുട്ടികൾക്ക് ലഭിക്കണം. പല വിദേശ രാജ്യങ്ങളിലും EQ വിന്റെ വികാസം ഉറപ്പിക്കുന്ന രീതിയിൽ പാഠ്യപദ്ധതികൾ പരിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. വൈകാരിക ബുദ്ധി വികസിക്കുന്നതിനനുസരിച്ച് അക്കാദമിക നേട്ടവും വർദ്ധിപ്പിക്കാമെന്നു പഠനങ്ങൾ തെളിയിക്കുന്നു (Karen Stone MC Cowan).

പഠനരീതികളിലും വിലയിരുത്തൽ തന്ത്രങ്ങളിലും വൈകാരികബുദ്ധിയെ ഗുണപരമായി സ്വാധീനിക്കുന്ന തരത്തിൽ മാറ്റങ്ങൾ വരുത്താൻ സാധിക്കും. സഹവർത്തിത്വപഠന രീതികൾ, സമസംഘപഠനം, പ്രോജക്ടുകൾ സെമിനാറുകൾ, സംവാദങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ സംഘമായുള്ള കളികൾ തുടങ്ങിയവയൊക്കെ പഠനപ്രവർത്തനങ്ങളിൽ സ്ഥാനമുണ്ടാകണം. സഹവർത്തിത്വ

പഠനത്തിന്റെ വിവിധ മാതൃകകൾ ക്ലാസ്സിൽ ഉപയോഗിക്കുന്നത് വൈകാരികബുദ്ധിയുടെ വികാസത്തിന് സഹായിക്കുമെന്നാണ് ഗവേഷകരുടെ പൊതു അഭിപ്രായം. പഠനപ്രവർത്തനങ്ങളുടെ പരസ്പര വിലയിരുത്തലിലും (mental assessment) സംഘവിലയിരുത്തലിനു(group assessment)മുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം. ഇത് അക്കാദമിക വികാസത്തോടൊപ്പം വൈകാരിക ബുദ്ധിയുടെ വികാസത്തിനും സഹായിക്കും. അധ്യാപികയും കുട്ടികളും തമ്മിലുള്ള ബന്ധവും കുട്ടികൾ തമ്മിൽത്തമ്മിലുള്ള ബന്ധവും നിരന്തരം വിലയിരുത്തപ്പെടുകയും നവീകരിക്കപ്പെടുകയും വേണം.

നിലവിലെ സാമൂഹ്യസാഹചര്യങ്ങളിൽ കുട്ടികളിൽ വൈകാരിക ബുദ്ധിയുടെ വികാസത്തിന് വിഘാതമായി നിൽക്കുന്ന വളരെയേറെ ഘടകങ്ങളുണ്ടെന്ന് നമുക്കേവർക്കുമറിയാം. ഇതിന്റെ പ്രതിഫലനം സമൂഹത്തിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പ്രതിസന്ധികൾ തരണം ചെയ്ത് കുട്ടികളുടെ വൈകാരിക വികസനം ഉറപ്പു വരുത്തുന്ന രീതിയിലുള്ള ഇടപെടലുകൾ അധ്യാപകരുടെയും രക്ഷിതാക്കളുടേയും ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

### ആത്മബോധം (Spiritual Qutient)

–സോഹർ & മാർഷൽ

എന്റെ ജീവിതലക്ഷ്യമെന്ത് എന്ന അന്വേഷണത്തിലൂടെ ആത്മസത്തയെ തിരിച്ചറിയുന്ന ഘടകമാണിത്. ആത്മബോധ (SQ) ത്തിന്റെ വ്യത്യസ്ത ഘടകങ്ങളെന്തെല്ലാമെന്നു നോക്കാം. സന്ദർഭാനുസരണം സ്വാഭാവികമായും അയവോടെയും പ്രതികരിക്കാനുള്ള കഴിവ്, സ്വന്തം കഴിവിനെക്കുറിച്ചും പരിമിതികളെക്കുറിച്ചും ഉയർന്നബോധം നിലനിർത്തുക, വിഷമാവസ്ഥകളെ അഭിമുഖീകരിക്കാനുമുള്ള കഴിവ് പ്രകടിപ്പിക്കുക. വേദനകളെ അഭിമുഖീകരിക്കാനും അവയെ സന്തോഷകരമായി പരിവർത്തനം ചെയ്യാനുമുള്ള കഴിവ്, മൂല്യങ്ങളാലും കാഴ്ചപ്പാടുകളാലും പ്രചോദിതമാവാനുള്ള കഴിവ്, മറ്റുള്ളവരുടെ വ്യക്തിത്വത്തെ മനസിലാക്കാനും ആദരിക്കാനുമുള്ള കഴിവ്, വൈവിധ്യങ്ങൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്താനും കാര്യങ്ങളെ സമഗ്രമായി കാണാനുമുള്ള കഴിവ്, എന്തുകൊണ്ട്? അങ്ങിനെയാണെങ്കിലെന്ത്? എന്നീ ചോദ്യങ്ങളിലൂടെ അടിസ്ഥാനപരമായ ഉത്തരങ്ങൾ കണ്ടെത്താനുള്ള കഴിവ്, മാറി നിന്ന് കാര്യങ്ങളെ കാണാനും യഥാസ്ഥികമായി സ്വയം പ്രകടിപ്പിക്കാനുള്ള കഴിവ് എന്നിവയെല്ലാം ആത്മീയ ബുദ്ധി നിലവാരത്തിന്റെ സൂചകങ്ങളത്രെ. ആത്മബുദ്ധിയെക്കുറിച്ച് കൂടുതലറിയാൻ സഹായകമായ രേഖകൾ.


1. Nathawatt - S. S. (2001) - **IQ, EQ and SQ, Relative Importance, Indian Journal of Clinical Psychology**, Vol. No: 28 - No. II - (159 - 161)

2. Zohar. D. Marshall, I (2000), **Spiritual Intelligence is Ultimate Intelligence**, London, Bloom's Bury.

3. **Introduction Psychology**, XII, (TB), NCERT (Chapter 1)


പ്രസ്തുത രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്ത ചോദ്യങ്ങൾക്കുത്തരം കണ്ടെത്താനാവുന്നുണ്ടല്ലോ.

ഫലപ്രദമായി തൊഴിലിലേർപ്പെടുന്നതും ആത്മബുദ്ധിയും തമ്മിലെന്തു ബന്ധമാണുള്ളത്?

സാമൂഹ്യപ്രതിബദ്ധത ജനങ്ങളിൽ കുറഞ്ഞുവരുന്നതെന്തുകൊണ്ട്?

ആത്മബുദ്ധിയ്ക്ക് ഗാർഡ്നറിന്റെ അസ്തിത്വപരമായ ബുദ്ധുയുമായി എന്തെങ്കിലും ബന്ധമുണ്ടോ?

## സർഗാത്മകത (Creativity)

സ്വയം പ്രകാശനത്തിന്റെയും ആത്മസാക്ഷാൽകാരത്തിന്റെയും ഉൽപ്പന്നമാണ് സർഗാത്മകത. വ്യത്യസ്ത അളവിലാണെങ്കിലും എല്ലാവരിലും സർഗാത്മകത പ്രകടമാണ്. ജനിതകവും (herditary) പര്യാവരണപരവുമായ (environmental) ഘടകങ്ങൾ സർഗാത്മകതയെ സ്വാധീനിക്കുന്നു. വ്യത്യസ്തവും പുതിയതുമായ അനുഭവങ്ങൾ സർഗാത്മകതയെ പരിപോഷിപ്പിക്കുന്നു. ഇതിന് സഹായകമായ അന്തരീക്ഷമാണ് കുട്ടിക്ക് വിദ്യാലയത്തിൽ നിന്ന് ലഭിക്കേണ്ടത്. ഓരോ കുട്ടിയും പ്രകടമായ സർഗശേഷിയെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ, സർഗാത്മകതയുടെ വികാസത്തോടൊപ്പം സ്വാഭാവികവും താല്പര്യപൂർണവുമായ പഠനവും സാധ്യമാക്കാൻ കഴിയും.

### നിർവ്വചനങ്ങൾ

സർഗാത്മകതയെ കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണ് മനഃശാസ്ത്രജ്ഞർ മാർക്കിടയിലുള്ളത്.

- പൂർണമായോ ഭാഗികമായോ ഉള്ള ഒരു പുതുമയുടെ നിർമ്മിതിയാണ് സർഗപരത.

  സ്റ്റാഗ്നർ & കാർവോസ്കി

- പുതിയതോ പുതുമയുള്ളതോ ആയ ഒരാശയത്തെയോ വസ്തുവിനെയോ സൃഷ്ടിക്കാനോ കണ്ടെത്താനോ ഒരു വ്യക്തിക്കുള്ള ശേഷിയാണ് സർഗപരത - ഗിൽഫോർഡ്

  ഈ നിർവ്വചനങ്ങളെ വിശകലനം ചെയ്യുമ്പോൾ അതിൽ നിന്ന് മനസിലാക്കാൻ കഴിയുന്നത്

- സർഗാത്മകത എന്നത് പുതുമയുള്ള ഒന്നിനെ സൃഷ്ടിക്കൽ മാത്രമല്ല നിലവിലുള്ള ഒന്നിനെ നൂതനമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതും കൂടിയാണ്.

### സർഗാത്മകതയുടെ സവിശേഷതകൾ

ഗിൽഫോർഡ്, ടോറൻസ് തുടങ്ങിയ മനഃശാസ്ത്രജ്ഞർ സർഗാത്മകതയെക്കുറിച്ച് ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്. തൽഫലമായി കണ്ടെത്തിയ സർഗാത്മകതയുടെ സവിശേഷതകൾ.

- സർഗാത്മകത സാർവ്വത്രികമാണ് - എല്ലാവരിലും ഇത് ഉണ്ട്. ഒരുപോലെയല്ല എന്ന് മാത്രം.
- സർഗാത്മകത ആത്മനിഷ്ഠമാണ് ; സ്വന്തം സൃഷ്ടിയിലൂടെ ഒരാൾ അനുഭവിക്കുന്ന സുഖവും സംതൃപ്തിയും അതേ അളവിൽ മറ്റൊരാൾക്കും ലഭിക്കുകയില്ല.
- സർഗാത്മകത പ്രധാനമായും വിവ്രജന ചിന്തയെ (divergant thinking) ആശ്രയിച്ചിരിക്കുന്നു.
- സർഗാത്മകത ജന്മസിദ്ധവും ആർജിതവുമാണ്. ശരിയായ പരിശീലനം വഴി അതിനെ പരിപോഷിപ്പിക്കാൻ കഴിയും.
- സർഗാത്മകത കേവലമായ നൈമിഷിക പ്രകടനമല്ല. അനസ്യൂതം ആർജിക്കുന്ന ധാരണകളും കഠിന പ്രയത്നവും ക്ഷമയും സർഗശേഷിയുടെ പ്രകടനത്തിന് അത്യാവശ്യമാണ്.

### സർഗാത്മകതയുടെ അടിസ്ഥാന ഘടകങ്ങൾ

ടോറൻസ് സർഗാത്മകതയുടെ ഘടകങ്ങളെ താഴെ പറയുന്ന രീതിയിൽ ക്രമപ്പെടുത്തിയിരിക്കുന്നു.

**1. വാചാലത (Fluency)**

വാക്പടുത, ആശയപടുത, പ്രകടനപടുത, സംയോജനപടുത എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വാക്പുടത – സന്ദർഭത്തിനനുസരിച്ച് അനുയോജ്യമായ പദങ്ങൾ അനായാസമായി ഉപയോഗിക്കാനുള്ള കഴിവ്.

ആശയപടുത – സന്ദർഭത്തിനനുസരിച്ച് വിവിധ ആശയങ്ങൾ എടുത്ത് പ്രയോഗിക്കാനുള്ള കഴിവ്.

പ്രകടന പടുത – ആശയങ്ങളെ വ്യത്യസ്ത രീതിയിൽ പ്രകടിപ്പിക്കാനുള്ള കഴിവ്

സംയോജനപടുത – ആശയങ്ങളെ തമ്മിൽ പരസ്പരം ബന്ധിപ്പിച്ച് പുതിയ ആശയങ്ങൾക്ക് രൂപം നൽകാനുള്ള കഴിവ്.

**2. വിവ്രജിത ചിന്തനം (Divergent thinking)**

ഇതുവരെ ആരും സ്വീകരിച്ചിട്ടില്ലാത്ത ഒരു പ്രശ്നപരിഹാരമാർഗത്തിലൂടെ സഞ്ചരിക്കുന്നതിനുള്ള ശേഷിയാണ് വിവ്രജിത ചിന്തനം. പടുത (Fluency), അയവ് (Flexibility), മൗലികത (Originality), വിപുലീകരണം (Elaboration) എന്നിവയെല്ലാം വിവ്രജിത ചിന്തനത്തിൽ അന്തർഭവിച്ചിരിക്കുന്നു.

**3. പ്രശ്ന പരിഹരണ ശേഷി (Problem Solving Ability)**

പ്രശ്ന പരിഹരണത്തിനുള്ള കഴിവ് എല്ലാവ്യക്തിയിലും ഒരേ രീതിയിലല്ല കാണാൻ കഴിയുന്നത്. ഒരു പരിധിവരെ പരിശീലനം കൊണ്ട് ഇത് മെച്ചപ്പെടുത്താൻ കഴിയും.

**4. ഉൾക്കാഴ്ച (Intuition)**

സർഗാത്മകതയെ വളരെയേറെ സ്വാധീനിക്കുന്ന ഘടകമാണ് ഉൾക്കാഴ്ച. അന്വേഷണത്തിന്റെയോ, പരീക്ഷണത്തിന്റെയോ, ചിന്തയുടെയോ ഒരു ഘട്ടത്തിലായിരിക്കും ഇത് സഹായകമാകുന്നത്.

**5. മൗലികത (Originality)**

മറ്റുള്ളവരിൽ നിന്നും തീർത്തും വ്യത്യസ്തമായ രീതിയിൽ പ്രതികരിക്കുന്നതിനുള്ള കഴിവാണ് മൗലികത. ഇത് തന്നെയാണ് ഒരു വ്യക്തിയെ മറ്റ് വ്യക്തികളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്.

## സർഗാത്മകതയുടെ ഘട്ടങ്ങൾ

സർഗാത്മക പ്രവർത്തനങ്ങൾ പ്രധാനമായും നാല് ഘട്ടങ്ങളിലൂടെയാണ് കടന്ന് പോകുന്നത്.

**1. സജ്ജീകരണം (Preparation)**

ഈ ഘട്ടത്തിൽ പ്രശ്നം അപഗ്രഥിക്കുന്നു. അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കുന്നു.

**2. ഉത്ഭവനം/അടയിരിക്കൽ (Incubation)**

പ്രശ്നം തൽക്കാലം മാറ്റിവച്ച് മനസ്സിനെ മറ്റെന്തിലേക്കെങ്കിലും വ്യപരിപ്പിക്കുന്ന പ്രവൃത്തിരഹിതമായ ഘട്ടമാണ് ഉത്ഭവനം. ഈ ഘട്ടത്തിൽ പ്രശ്ന പരിഹരണം ഉടനടി ഉണ്ടാകണമെന്നില്ല. എന്നാൽ ശേഖരിച്ച വസ്തുക്കൾ ബോധമനസിന്റെ അടിത്തട്ടിൽ സമാഹരിച്ച് വയ്ക്കുന്നുണ്ടാകും. അബോധമനസ് അന്വേഷണം തുടങ്ങുകയും പ്രശ്നനിർദ്ധാരണത്തിനുള്ള ചില സൂചനകൾ നൽകുകയും ചെയ്യും.

**3. പ്രകാശനം (Illumination)**

പെട്ടെന്ന് ഒരു ഉൾവിളി പോലെ പ്രശ്നപരിഹാര മാർഗം മനസിലേക്ക് ഓടിയെത്തുന്നതാണ് പ്രകാശനം

**4. വിലയിരുത്തൽ (Verification)**

ഈ ഘട്ടത്തിൽ ഉൾക്കാഴ്ചയിലൂടെ കണ്ടെത്തിയ പരിഹാരം ശരിതന്നെയാണോ എന്ന് നിർണ യിക്കാൻ വേണ്ടി അതിനെ പരിശോധിക്കുന്നു. വീണ്ടും ചിന്തിക്കുകയും എത്തിച്ചേർന്ന നിഗമ നത്തെ പരിഷ്ക്കരിക്കുകയും മിനുക്കുകയും ചെയ്യുന്നു.

## സർഗാത്മകത പരിപോഷിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന മാർഗങ്ങൾ

- വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുക
- അന്വേഷണ ത്വരയെ പ്രോത്സാഹിപ്പിക്കുക
- ആത്മാവിഷ്കരണത്തിന് അവസരം ഒരുക്കുക
- വ്യക്തിവ്യത്യാസങ്ങൾ അംഗീകരിക്കുക
- മൗലികവും സൃഷ്ടിപരവുമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക
- പ്രതികരണ സ്വാതന്ത്ര്യം നൽകുക
- സർഗാത്മക ചിന്തനത്തിനുള്ള അവസരമൊരുക്കുക
- അംഗീകാരവും പ്രോത്സാഹനവും നൽകുക
- കുറ്റപ്പെടുത്തലുകൾ ഒഴിവാക്കുക

## സർഗാത്മകതയുടെ ക്ലാസ്റൂം പ്രസക്തി

സർഗാത്മകത സാർവ്വത്രികവും നൈസർഹികവുമായ ഒരു ശേഷിയാണ്. അതിനെ വികസിപ്പി ക്കേണ്ടത് വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യമാണ്. സർഗ്ഗശേഷികൾ യഥാസമയം കണ്ടെത്തി പരിപോഷിപ്പിച്ചില്ലെങ്കിൽ ആശക്തിവ്യഥാവിലാകും. അതുകൊണ്ട് കുട്ടികളുടെ സർഗ്ഗ ശക്തി വികസിപ്പിക്കാൻ സഹായകമായ സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് അധ്യാപക രുടെയും രക്ഷകർത്താവിന്റെയും ചുമതലയാണ്. ക്ലാസ്മുറിയിലെ സ്വാഭാവിക പഠന സന്ദർഭങ്ങൾ സർഗശേഷികളുടെ വികസനത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

ഉദാഹരണമായി

ഒരു ആശയം/സന്ദർഭം നൽകിയിട്ട് വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കാൻ നിർദ്ദേശിക്കുക.

കൂടാതെ സർഗാത്മകതയുടെ വികാസത്തിനായി ചിത്രം വര, നിറം കൊടുക്കൽ, ആംഗ്യപ്പാട്ട്, അഭിനയം, കീറൽ, മുറിക്കൽ, ഒട്ടിക്കൽ, ക്ളേ-മോഡലിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും നൽകാ വുന്നതാണ്.

സർഗാത്മകതയുടെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഭിന്ന നിലവാരക്കാരെ പഠനത്തിൽ പങ്കാളികളാക്കാനും കുട്ടികളിൽ പഠനതാല്പര്യം വർദ്ധിപ്പിക്കുവാനും സ്വാഭാവിക പഠനം സാധ്യമാക്കാനും സാധിക്കും.

**സർഗപരതാമാപനം**

സർഗപരതമാപനത്തിന് വിവിധ ശോധകങ്ങൾ അധ്യാപകനു തന്നെ സ്വന്തമായി നിർമ്മിക്കാം. ഉദാഹരണമായി വിവിധ ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് നൽകുക, കഥയ്ക്ക് തലക്കെട്ട് നൽകൽ

വിവിധ വസ്തുക്കളുടെ വിവിധ ആശയങ്ങൾ കണ്ടെത്തുക.

ഒരു സംഭവ വിവരണത്തിന്റെ അനേകം അനന്തരഫലങ്ങൾ ലിസ്റ്റ് ചെയ്യൽ, ഒരു കഥാഭാഗം നൽകി വ്യത്യസ്ത രീതിയിൽ പൂർത്തീകരിക്കൽ, പ്രത്യക്ഷത്തിൽ പരസ്പരബന്ധം ................ ............. ബന്ധം കണ്ടെത്തുക. അപൂർണ്ണ ചിത്രങ്ങളെ വിവിധരീതിയിൽ പൂർത്തിയാക്കി തുടങ്ങിയ ഇതിനായി പ്രയോജനപ്പെടുത്താം.

സർഗ്ഗാത്മകതയുടെ വിലയിരുത്തൽ പൊതുവെ ശ്രമകരമാണ്. അധ്യാപകന്റെ വസ്തുനിഷ്ഠത അനിവാര്യമാണ്. വിലയിരുത്തലിനായി താഴെ പറയുന്ന ഘടകങ്ങൾ പരിഗണിക്കാം

വാചാലത (Fluency), വഴക്കം (Flexibility), മൗലികത (Originality), വിപുലീകരണം (elaboration) എന്നിവയ്ക്ക് നിശ്ചിത സ്കോർ തീരുമാനിച്ച് സർഗാത്മകത വിലയിരുത്താം.

## സങ്കലിത വിദ്യാഭ്യാസം (Inclusive Education)

"ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും" എന്നതാണ് നമ്മുടെ പ്രഖ്യാപിത ലക്ഷ്യം. ക്ലാസ്മുറിയിൽ എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്ന ആരെയും പുറന്തള്ളാത്ത ഒരു പഠനാന്തരീക്ഷം സ്വീകരിക്കേണ്ടതുണ്ട്.

*ശാരീരികമോ, ബുദ്ധിപരമോ, വികസനപരമോ, സാമൂഹികമോ ആയ കാരണങ്ങളാൽ സമപ്രായക്കാരേക്കാൾ കൂടുതൽ ശ്രദ്ധയും പരിഗണനയും ആവശ്യമായവരാണ് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ (Children With Special Needs - CWSN)*

കഴിവുകൾ, സാഹചര്യങ്ങൾ, താൽപര്യങ്ങൾ പരിമിതികൾ എന്നിവയുടെ പേരിൽ വേർതിരിക്കപ്പെടാതെ എല്ലാ വിഭാഗം കുട്ടികൾക്കും വീടിനു തൊട്ടടുത്ത വിദ്യാലയത്തിൽ അനുയോജ്യമായ വിദ്യാഭ്യാസം നൽകുന്ന ലളിതമായ സമ്പ്രദായമാണ് സങ്കലിത വിദ്യാഭ്യാസം.

- ഈ സമ്പ്രദായത്തിലൂടെ കുട്ടി തന്റെ അയൽപക്ക സ്കൂളിൽ പ്രവേശനം നേടുന്നു.
- സാമൂഹീകരണം സാദ്ധ്യമാകുന്നു.
- പൊതുവിദ്യാലയന്തരീക്ഷത്തിൽ കുട്ടിക്ക് വൈവിധ്യമാർന്ന ക്ലാസ്സ് റൂം അനുഭവങ്ങൾ ലഭിക്കുന്നു.
- കുട്ടികളുടെ അറിവുനിർമ്മാണ പ്രവർത്തനങ്ങളിൽ അനുരൂപീകരണം നടത്തുന്നതിനും, വിദ്യാലയങ്ങളിൽ പിന്തുണാ സംവിധാനം ഒരുക്കുന്നതിനും, കുട്ടികളുടെ നിയമാനുസൃതമായ അവകാശങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം സഹായകമാകുന്നു.
- ക്ലാസ് ടീച്ചർ നേരിട്ടുതന്നെ ഈ കുട്ടിയേയും പഠനപ്രവർത്തനങ്ങളിൽ സഹായിക്കുന്നു.
- വിവേചനം ഒഴിവാക്കിക്കൊണ്ട് അക്കാദമിക വികസനത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും കൂടുതൽ പ്രാധാന്യം നൽകി വരുന്നു.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു.

ആരെല്ലാമാണ് സവിശേഷ ശ്രദ്ധയും പഠനസഹായവും പരിരക്ഷയും ആവശ്യമുള്ളവർ.

(എ) സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാൽ പുറന്തള്ളപ്പെട്ടവരുടെ കുട്ടികൾ.

- കടുത്ത ദാരിദ്ര്യം നേരിടുന്നവർ, ആദിവാസികൾ, പെൺകുട്ടികൾ, പട്ടികജാതി, പട്ടിക

വർഗത്തിൽപ്പെട്ടവർ, അന്യദേശത്ത് നിന്ന് കുടിയേറിയവർ, സ്ഥിരമായി താമസസൗകര്യം ഇല്ലാത്തവർ പലതരത്തിൽ വിവേചനം അനുഭവിക്കുന്നവർ എന്നിങ്ങനെ ഒട്ടനവധി പ്രയാസങ്ങൾ അനുഭവിക്കുന്നവർ ഇക്കൂട്ടത്തിൽപ്പെടുന്നു.

വിദ്യാലയത്തിലെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഇത്തരക്കരാടുടെ പ്രയാസങ്ങൾ ഒരു പരിധി വരെ നമുക്ക് പരിഹരിക്കാനാവും.

(ബി) പ്രത്യേക അഭിരുചിയും കഴിവും ഉള്ള കുട്ടികൾ (gitted children)

(സി) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ

ശാരീരിവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കും പഠനപ്രയാസം അനുഭവപ്പെടുന്ന കുട്ടികൾക്കും പ്രത്യേക പഠനാവശ്യങ്ങൾ ഉണ്ട് (Special Education Needs)

**4. വിവിധതരം വൈകല്യങ്ങൾ**

- ബുദ്ധിപരമായ പരിമിതി (Mental Retardation)
- കാഴ്ച പരിമിതി ( Visually impairement)
- കേൾവിക്കുറവ് ( Hearing Impairement )
- പഠനവൈകല്യം ( Learning Disability)
- ഓട്ടിസം ( Autism)
- സംസാര പരിമിതി (Speech Impairement)
- കുഷ്ഠരോഗം ഭേദമായവർ ( Leprosy Cured)
- പെരുമാറ്റപ്രശ്നം ( Behaviour Problem)
- ശ്രദ്ധപരിമിതിയുള്ളവർ (ADHD)
- ശാരീരികവും ചലനപരവുമായ പരിമിതികളുള്ളവർ ( (Orthopedically impaired)
- സെറിബ്രൽ പാൾസി ( Cerebral Palsy)
- ബഹുവിധ വൈകല്യങ്ങൾ ഒരിമിച്ചനുഭവിക്കുന്നവർ ( Multiple disability)

**ബുദ്ധിപരമായ പരിമിതിയുള്ളവർ (MR)**

ആശയ വിനിമയം, ദൈനംദിനകാര്യങ്ങൾ സ്വന്തമായി ചെയ്യാനുള്ള കഴിവ്, സ്വതന്ത്രമായി കുടുംബം പുലർത്തുവാനുമുള്ള കഴിവ്, സമൂഹ പരിജ്ഞാനം, ആരോഗ്യപരിപാലനം, പഠനം സുരക്ഷാബോധം തുടങ്ങി ബുദ്ധി ഉപയോഗിക്കേണ്ട എല്ലാ മേഖലലകളിലും ഇവർ പിന്നിലായിരിക്കും

**കാഴ്ചക്കുറവുള്ളവർ (VI)**

കാഴ്ചക്കുറവ് ഭാഗികമോ പൂർണ്ണമോ ആവാം.

കണ്ണിന് എത്രത്തോളം കാഴ്ചയുണ്ട്. അല്ലെങ്കിൽ ഇല്ല എന്ന് നിർണയിക്കുന്ന ചാർട്ടാണ് സ്നെലൻ ചാർട്ട്. 6 മീറ്റർ അകലെ നിന്ന് സ്നെലൻ ചാർട്ടിലെ ഏറ്റവും ചെറിയ അക്ഷരങ്ങൾ വായിക്കാനായാൽ സാധാരണ കാഴ്ചയുണ്ടെന്ന് (6/6) മനസ്സിലാക്കാം. ഇതിൽ കുറവു വന്നാൽ കാഴ്ചക്കുറവ് ഉണ്ടെന്ന് അനുമാനിക്കാം.

**കേൾവിക്കുറവുള്ളവർ (HI)**

നിർദ്ദേശങ്ങൾ ആവർത്തിക്കാൻ കുട്ടി പലപ്പോഴും ആവശ്യപ്പെടുക, പഠിത്തത്തിൽ പിന്നിലാവു

ക, കേട്ടെഴുതുമ്പോൾ കൂടുതൽ അക്ഷരപ്പിശകുണ്ടാവുക, ടി.വി, റേഡിയോ തുടങ്ങിയവ കൂടിയ ശബ്ദത്തിൽ കേൾക്കുക. ഉച്ചാരണസ്ഫുടതയില്ലാതെ പതുക്കെ സംസാരിക്കുക മുഖത്ത് കൂടുതൽ ശ്രദ്ധിച്ച് കാര്യങ്ങൾ ശ്രവിക്കാൻ ശ്രമിക്കുക, ഒരു വശത്തേക്ക് ചെവി ചരിച്ചു പിടിക്കുക തുടങ്ങിയ പരിമിതികൾ ഇവരിൽ കാണാം.

**ഓട്ടിസം (Autism)**

കുട്ടികളുടെ മനോവ്യക്തിത്വ വികസനത്തിനു തടസ്സമാകുന്ന അവസ്ഥകളിൽ പ്രധാനപ്പെട്ടതാണ് ഓട്ടിസം. ആശയഗ്രഹണം, ആശയവിനിമയം, സാമൂഹീകരണം എന്നീ മേഖലകളിൽ സമപ്രായക്കാരിൽ നിന്ന് വളരെ പ്രകടമായ വ്യതിയാനം ഓട്ടിസമുള്ള കുട്ടികളിൽ ദൃശ്യമാണ്.

**പഠനവൈകല്യം (Learning Disability)**

ശരാശരിയോ അതിൽകൂടുതലോ ബുദ്ധിവൈഭവം ഉണ്ടായിട്ടും പഠനത്തിന്റെ ഒരു മേഖലയിലോ, ഒന്നിലധികം മേഖലകളിലോ സമപ്രായക്കാരേക്കാൾ പിന്നാക്കം നിൽക്കുന്ന അവസ്ഥയാണിത്.

പഠനവൈകല്യം സാധാരണയായി മൂന്ന് തരത്തിൽ കാണപ്പെടുന്നു.

- വായനയുമായി ബന്ധപ്പെട്ടത് (Dyslexia)
- എഴുത്തുമായി ബന്ധപ്പെട്ടത് (Dysgraphia)
- ഗണിതവുമായി ബന്ധപ്പെട്ടത് (Dyscalculia)

**കുഷ്ഠരോഗം ഭേദമായവർ (Leprosy Cured)**

കൈകൾക്കോ, പാദങ്ങൾക്കോ സംവേദനശക്തി നഷ്ടപ്പെടുന്നതിനോടൊപ്പം കണ്ണിനും കൺപോളയ്ക്കും സംവേദനശേഷി നഷ്ടപ്പെടുന്നതും ഭാഗികമായി മരവിപ്പ് അനുഭവപ്പെടുന്നതും എന്നാൽ പൊതുവിൽ വൈരൂപ്യം പ്രകടിപ്പിക്കാത്തതും ഇത്തരക്കാരുടെ പ്രത്യേകതകളാണ്. ഈ വിഭാഗം കുട്ടികൾ ഇന്ന് നമ്മുടെ സമൂഹത്തിൽ വളരെ വിരളമാണ്.

**സംസാരപരിമിതിയുള്ളവർ (S.I)**

ഉച്ചാരണവൈകല്യം, ശബ്ദവൈകല്യം, വിക്ക് തുടങ്ങിയവയാണ് ഇത്തരം കുട്ടികളുടെ പ്രത്യേകതകൾ.

**മാനസിക രോഗമുള്ളവർ (Mental Illness)**

ബുദ്ധിമാന്ദ്യം ഒഴികെയുള്ള മാനസിക തകരാറുകൾ ഇത്തരക്കാരിൽ കാണപ്പെടുന്നു.

**ശ്രദ്ധാപരിമിതിയുള്ളവർ (ADHD)**

എടുത്ത് ചാടിയുള്ള പ്രതികരണം, ശ്രദ്ധകുറവ്, അടങ്ങിയിരിക്കാനുള്ള പ്രയാസം സ്ഥിരമായി മറ്റു കുട്ടികളെ ശല്യം ചെയ്യൽ ചോദ്യം പൂർത്തിയാക്കുന്നതിനു മുമ്പു തന്നെ ഉത്തരം പറയൽ, സ്വന്തം വസ്തുക്കളും മറ്റുള്ളവരുടെ വസ്തുക്കളും നശിപ്പിക്കൽ തുടങ്ങിയവ ഇവരുടെ പ്രത്യേകതകളാണ്.

**ശാരീരികവും ചലനപരവുമായ പരിമിതികളുള്ളവർ (OI)**

അസ്ഥിസംബന്ധമായോ, ചലനപരമായോ പരിമിതികളുള്ളതിനാൽ കൈകാലുകൾ സ്വതന്ത്രമായി ചലിപ്പിക്കുന്നതിനോ, സഞ്ചരിക്കുന്നതിനോ പ്രയാസം നേരിടുന്നു.

**സെറിബ്രൽ പാൾസി (C P)**

തലച്ചോറിനുണ്ടാകുന്ന തകരാറുകളാണ് സെറിബ്രൽ പാൾസിക്ക് നിദാനം, കാഴ്ചക്കുറവ്, കേൾവി ക്കുറവ്, പഠനപിന്നാക്കാവസ്ഥ, ഭാഷാപരമായ പിന്നാക്കാവസ്ഥ, വായിൽ നിന്നൊലിപ്പ്, ഭക്ഷണം കഴിക്കുന്നതിനുള്ള പ്രയാസം തുടങ്ങിയ പ്രയാസങ്ങളേതെങ്കിലും സെറിബ്രൽ പാൾസിയുള്ള വരിൽ ദൃശ്യമായേക്കാം. ദൃഢമായതോ അയഞ്ഞതോ ആയ പേശികളായിരിക്കും ഇത്തരക്കാർക്കു ണ്ടായിരിക്കുക.

**ഒന്നിലധികം വൈകല്യങ്ങൾ ഒരുമിച്ചനുഭവിക്കുന്നവർ (Multiple Disability)**

രണ്ടോ അതിലധികമോ വൈകല്യങ്ങൾ ഒരുമിച്ച് ഒരു കുട്ടിയിൽ ദൃശ്യമാകുന്ന അവസ്ഥയാ ണിത്.

ഉദാഹരണം : കാഴ്ചപരിമിതിയും കേൾവിക്കുറവും (പ്രശസ്ത കവയിത്രി ഹെലൻ കെല്ലർ ബഹുവിധ വൈകല്യത്തിനുടമയായിരുന്നു.)

**വൈകല്യങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ**

വൈകല്യത്തിനുള്ള കാരണങ്ങളെ പൊതുവെ മൂന്നായി തരം തിരിക്കാം - ജനനത്തിനു മുമ്പുള്ള കാരണങ്ങൾ, ജനനസമയത്തുള്ള കാരണങ്ങൾ, ജനനത്തിനുശേഷമുള്ള കാര ണങ്ങൾ.

**നേരത്തേ തിരിച്ചറിയേണ്ടതിന്റെ പ്രാധാന്യം (Early identification)**

പ്രത്യേകാവശ്യമുള്ള ഇത്തരം കുട്ടികളെ നേരത്തെ തിരിച്ചറിയുന്നതിലൂടെ കൃത്യമായ പരിശീ ലനം നൽകുവാനും വിദഗ്ദ്ധ ഡോക്ടറുടെ ഉപദേശം നേടാനും അതുവഴി കുട്ടികളിലെ വൈക ല്യത്തിന്റെ തീവ്രത കുറയ്ക്കാനും ചിലത് മാറ്റുവാനും സാധിക്കുന്നു. രക്ഷാകർത്താക്കൾക്കും കുടുംബാംഗങ്ങൾക്കുമാണ് ഇത്തരം കുട്ടികളെ നേരത്തെ തിരിച്ചറിയുവാൻ കഴിയുന്നത്. ഇതി നായി കുഞ്ഞുങ്ങളുടെ വളർച്ച സസൂക്ഷ്മം നിരീക്ഷിച്ച് അസ്വാഭാവികത തോന്നിയാൽ വിദഗ്ദ്ധ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

## പ്രത്യേകാവശ്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. സമൂഹത്തിൽ മെച്ചമായ രീതിയിൽ ജീവിക്കാൻ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും പ്രാപ്തരാക്കേണ്ടതുണ്ട്.

കുട്ടികളുടെ വിദ്യാഭ്യാസ സമീപനത്തിൽ കാലോചിതമായ വളർച്ചയും വികാസവുമുണ്ടായിട്ടു ണ്ട്. സംയോജിത വിദ്യാഭ്യാസ പദ്ധതി (Integrated Education) യിൽ നിന്ന് സങ്കലിത വിദ്യാ ഭ്യാസം (Inclusive Education) എന്ന കാഴ്ചപ്പാടിലേക്ക് എത്തിയിട്ടുണ്ട്.

## അവകാശാധിഷ്ഠിത വിദ്യാഭ്യാസവും പ്രത്യേകാവശ്യമുള്ള കുട്ടികളും

കുട്ടികളെ അംഗീകരിച്ചുകൊണ്ട് അവരുടെ അവകാശങ്ങൾ ഉറപ്പാക്കുമ്പോൾ മാത്രമേ സാർവ്വ ത്രികവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം എന്ന ലക്ഷ്യം നേടുവാൻ കഴിയുകയുള്ളൂ.

കുട്ടികൾക്ക് താഴെപ്പറയുന്ന അവകാശങ്ങൾ ഉണ്ട്.

- ആഹാരത്തിനുള്ള അവകാശം
- വസ്ത്രത്തിനുള്ള അവകാശം
- പാർപ്പിടത്തിനുള്ള അവകാശം

- വിദ്യാഭ്യാസത്തിനുള്ള അവകാശം
- അറിയാനുള്ള അവകാശം
- സ്കൂളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള അവകാശം.
- അംഗീകാരം ലഭിക്കുവാനുള്ള അവകാശം
- സംരക്ഷണത്തിനുള്ള അവകാശം.
-
-

ഇങ്ങനെയുള്ള അവകാശങ്ങളെല്ലാം മറ്റു കുട്ടികളെപ്പോലെ പ്രത്യേകാവശ്യമുള്ള കുട്ടികൾക്കും ലഭിക്കണം. എന്നാൽ ഇവരുടെ ശാരീരികമാനസിക പരിമിതികൾ മൂലം ഇവയെല്ലാം പൂർണ്ണമായ അർഥത്തിൽ ഇവർക്ക് അനുഭവിക്കാൻ സാധിക്കുന്നില്ല. ഈ പരിമിതികൾ അതിജീവിക്കുന്നതിനുവേണ്ടിയാണ് ഇത്തരം കുട്ടികൾക്ക് താഴെപറയുന്ന പ്രത്യേക സൗകര്യങ്ങൾ കൂടി നൽകുന്നത്.

- സാമ്പത്തിക ആനുകൂല്യങ്ങൾ
- സഹായ ഉപകരണങ്ങൾ
- വൈദ്യപരിശോധനയും പ്രശ്നനിർണയവും
- പ്രത്യേക പരിശീലനം നേടിയ അധ്യാപകരുടെ സേവനം
- റിസോഴ്സ് സെന്റർ, റിസോഴ്സ് റൂം
- അഡാപ്റ്റഡ് ടോയിലറ്റ് സൗകര്യങ്ങൾ
- വികലാംഗ സൗഹൃദ സാഹചര്യം
- കൗൺസിലിംഗ്
- പരീക്ഷാനുകൂല്യങ്ങൾ
- ആയയുടെ സേവനം
- അനുരൂപീകരണ പ്രവർത്തനങ്ങൾ
-

ഓരോ കുട്ടിയുടേയും പരിമിതികളും ആവശ്യങ്ങളും വ്യത്യസ്തമായതിനാൽ ഇവയിൽ ഏതെങ്കിലുമൊക്കെ ലഭിക്കുമ്പോഴായിരിക്കും ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് തങ്ങളുടെ പരിമിതികളെ അതിജീവിക്കാൻ കഴിയുക. അപ്പോൾ മാത്രമേ ഇവർക്ക് കുട്ടികളുടെ അവകാശങ്ങൾ പൂർണമായി അനുഭവിക്കാൻ കഴിയുകയുള്ളൂ.

ഇവ ഉറപ്പുവരുത്തുന്നതിനായി ഒട്ടേറെ നിയമങ്ങൾ നമ്മുടെ രാജ്യത്ത് നടപ്പാക്കി വരുന്നു.

- മെന്റൽ ഹെൽത്ത് ആക്ട് 1987
- റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട് 1992.
- പേഴ്സൺ വിത്ത് ഡിസെബിലിറ്റീസ് ആക്ട് (PWD Act 1995)
- നാഷണൽ ട്രസ്റ്റ് ആക്ട് 1999
- ആർ.ടി.ഇ. ആക്ട് 2009

തുടങ്ങിയവ ഇതിൽ പ്രധാനപ്പെട്ടവയാണ്. വൈകല്യമുള്ള ഓരോ കുട്ടിക്കും 18 വയസ്സ് പൂർത്തിയാകുന്നതു വരെ അനുയോജ്യമായ സാഹചര്യത്തിൽ സൗജന്യവിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സർക്കാരിന്റെ ഉത്തരവാദിത്വമാണ് (PWD Act Chapter 5).

വികലാംഗരായ വ്യക്തികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട വിദ്യാഭ്യാസം, ആനുകൂല്യങ്ങൾ, ജോലി സംവരണം, നിയമസംരക്ഷണം തുടങ്ങിയവ ലഭിക്കുന്നതിന് ഫലപ്രദമായ നിയമനടപടികളും നിയമം തെറ്റിക്കുന്നവർക്കെതിരെ കനത്തശിക്ഷാ നടപടികളും പി.ഡബ്ളിയൂ.ഡി ആക്ട് ഉറപ്പുവരുത്തുന്നു.

ഇവ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകളും സന്നദ്ധസംഘടനങ്ങളുടെ പിന്തുണയും സേവനവും ഇവർക്ക് വലിയ ഊർജ്ജമാണ് നൽകുന്നത്.

### പാഠ്യപദ്ധതി വിനിമയത്തിൽ എന്തെല്ലാം പരിഗണനകൾ ആവശ്യമുണ്ട്

- പഠനാവശ്യങ്ങൾ, അഭിരുചി, എന്നിവ പരിഗണിച്ച് പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം.
- പഠനപ്രവർത്തനങ്ങളിൽ പങ്കാളിത്തം ലഭിക്കുന്ന വിധം പാഠാസൂത്രണത്തിൽ അനുരൂപീകരണം. (Adaptation)
  - ഭൗതിക സാഹചര്യങ്ങളിലെ (റാമ്പ്, റെയ്ൽ, അഡാപ്റ്റഡ് ടോയ്‌ലറ്റ്) അനുരൂപീകരണം.
  - പഠനപ്രവർത്തനങ്ങളിലെ അനുരൂപീകരണം, വഴക്കം (Flexibility) പ്രാവർത്തികമാക്കൽ
- വ്യത്യസ്ത പഠനവേഗത, പഠനശൈലി ഇവ പരിഗണിച്ച് ബഹു ഇന്ദ്രിയാധിഷ്ഠിത പഠനസമീപനം (Multisensory approach)
- റിസോഴ്സ് അധ്യാപകരുടെയും മറ്റു വിദഗ്ദ്ധരുടെയും സേവനം ഉറപ്പാക്കൽ
- കുട്ടിയുടെ പഠനം, വളർച്ച, പരിരക്ഷ എന്നിവയിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണയുറപ്പാക്കൽ.
- പരിഹാരപ്രവർത്തനങ്ങൾ (Remedial Education) പോഷണപ്രവർത്തനങ്ങൾ (Enrichment practices)
- പരിക്ഷാനുകൂല്യങ്ങൾ

സാമൂഹ്യപാഠത്തിൽ “അധ്വാനം സമ്പത്ത്” എന്ന യൂണിറ്റിൽ പരമ്പരാഗത തൊഴിലുകൾ, അവയ്ക്കാവശ്യമായ ഉൽപ്പന്നങ്ങൾ എന്നീ ആശയങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വിനിമയം ചെയ്യുന്ന രീതിയിൽ അനുരൂപീകരണം നടത്തിയ മാതൃക ചുവടെ ചേർക്കുന്നു.

### MR കുട്ടികൾക്ക്

- പരമ്പരാഗത തൊഴിൽ എന്ന വാക്കിന്റെ അർത്ഥം മനസ്സിലാക്കുന്നതിന് **“പരമ്പരാഗതം”** എന്ന വാക്ക് ലളിതമായി വ്യാഖ്യാനിച്ച് കൊടുക്കുന്നു.
- ചെറിയ ചോദ്യങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും **പരമ്പരാഗത തൊഴിൽ** എന്ന ആശയം കുട്ടിയിലെത്തിക്കുന്നു.
- തൊഴിലുകളുമായി ബന്ധപ്പെട്ട വസ്തുക്കൾ, പ്രവർത്തന രീതി തുടങ്ങിയവ യഥാർത്ഥമായി കാണിച്ചുകൊണ്ടുതന്നെ ബോധ്യപ്പെടുത്തുന്നു.
- ഉത്പ്പന്നവും പദക്കാർഡും ബന്ധപ്പെടുത്തി വായനയ്ക്കും എഴുത്തിനുമുള്ള അവസരം നൽകുന്നു.

- ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തുന്നു. (ചിത്രങ്ങൾ, വീഡിയോ,.....)
- 
- 

**HI കുട്ടികൾക്ക് (കേൾവിക്കുറവുള്ളവർക്ക്)**

- ചിത്രങ്ങളുടേയും യഥാർത്ഥ വസ്തുക്കളുടേയും സഹായത്താൽ തൊഴിലും അവയ്ക്കാവശ്യമായ വസ്തുക്കളും മനസ്സിലാക്കിക്കൊടുക്കുന്നു
- ലളിതമായ ചോദ്യങ്ങളിലൂടെ പരമ്പരാഗത തൊഴിൽ എന്ന ആശയം കുട്ടിയിലെത്തിക്കുന്നു.
- ചിത്രവും ഉത്പ്പന്നവും പദക്കാർഡും ബന്ധപ്പെടുത്തി വായനയ്ക്കും എഴുത്തിനും അവസരം നൽകുന്നു.
- ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തുന്നു.
- 
- 

**VI കുട്ടികൾക്ക് (കാഴ്ചക്കുറവുള്ളവർ)**

- ഓഡിയോ സി.ഡി, വിവരണം എന്നിവയിലൂടെ പരമ്പരാഗത തൊഴിലുകളെക്കുറിച്ച് മനസ്സിലാക്കുന്നു.
- തൊഴിലുകൾക്കാവശ്യമായ വസ്തുക്കൾ തൊട്ട് (factile)നോക്കാൻ അവസരം നൽകുന്നു.
- Emposed Map ന്റെ സഹായത്താൽ ഓരോ ഉല്പന്നവും ഏതേത് ജില്ലകളിൽ ലഭിക്കുന്നു എന്ന് മനസ്സിലാക്കുന്നു.
- 

**Low Vision കുട്ടികൾക്ക്**

- നേരിയ കാഴ്ചശക്തിയുള്ള ഇത്തരക്കാർക്ക്, വലുതാക്കി എടുക്കുന്ന ചിത്രങ്ങൾ, വലിയ അക്ഷരത്തിൽ എഴുതിയ വായന സാമഗ്രികൾ, യഥാർത്ഥ വസ്തുക്കൾ, ICT സാധ്യതകൾ തുടങ്ങിയവ പ്രയോജനപ്പെടുത്താം.

**വ്യക്തിഗത വിദ്യാഭ്യാസം (Individualised Education programme - IEP)**

ഓരോ കുട്ടിയുടെയും കഴിവും പരിമിതിയും വ്യത്യസ്തമാണ്. ഇവ പരിഗണിച്ചായിരിക്കണം പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. കുട്ടിയുടെ പൂർണ്ണമായ വിവരങ്ങൾ ലഭിച്ചാൽ മാത്രമെ അധ്യാപികയ്ക്ക് കുട്ടിയുടെ സമഗ്ര വികസന പ്രക്രിയയിൽ ഇടപെടൽ നടത്താൻ സാധിക്കുകയുള്ളൂ.

ഐ.ഇ..പി. യുടെ മാതൃക പരിചയപ്പെടാം.

## വ്യക്തിഗത വിദ്യാഭ്യാസ പദ്ധതി (ഐ.ഇ.പി)

**ഭാഗം – 1**

വ്യക്തിഗത വിവരങ്ങൾ

തീയതി :

സമയം :

1. പേര് : ...........................................................................................
2. ആൺ/പെൺ : ...........................................................................................
3. ക്ലാസ്/ഡിവിഷൻ : ...........................................................................................
4. സ്കൂളിന്റെ പേര് : ...........................................................................................
5. യു.ഐ.ഡി : ...........................................................................................
6. വയസ്സ്/ജനനതീയതി : ...........................................................................................
7. രക്ഷിതാവിന്റെ പേര്/അഡ്രസ് : ...........................................................................................
8. ഫോൺ നമ്പർ/മൊബൈൽ : ...........................................................................................
9. വൈകല്യത്തിന്റെ സ്വഭാവം/തോത് : ...........................................................................................

**ഭാഗം – 2**

കുട്ടിയുടെ പഠനപരമായ ശേഷികൾ : ...........................................................................................

ഭാഷ : ...........................................................................................

ഗണിതം : ...........................................................................................

മറ്റുശേഷികൾ : ...........................................................................................

മുന്നറിയിപ്പുകൾ : ...........................................................................................

മുന്നറിവുകൾ : ...........................................................................................

(പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന
ഭാഗവുമായി ബന്ധപ്പെട്ടത്) : ...........................................................................................

**ഭാഗം – 3**

ജനറൽ ഗോൾ : ...........................................................................................

സ്പെസിഫിക് ഗോൾ : ...........................................................................................

ഗോൾ നേടിയെടുക്കുവാൻ
ഉദ്ദേശിക്കുന്ന സമയപരിധി : ...........................................................................................

(1 മാസം/3 മാസം)

കുട്ടിയ്ക്ക് നൽകുന്ന റിഇൻഫോഴ്സ്മെന്റ് : ...........................................................................................

പ്രൈമറി/സെക്കന്ററി : ...........................................................................................

മൂല്യനിർണ്ണയം നടത്തുവാനുദ്ദേശിക്കുന്ന
തീയതി : ..........................................................................................

പഠനസാമഗ്രികൾ

1. ..........................................................................................
2. ..........................................................................................
3. ..........................................................................................
4. ..........................................................................................

പ്രവർത്തനപദ്ധതി : ..........................................................................................

രക്ഷിതാവിന്റെ ഒപ്പ് : ..........................................................................................

ക്ലാസ്ടീച്ചറുടെ ഒപ്പ് : ..........................................................................................

റിസോഴ്സ് ടീച്ചറുടെ/
സ്പെഷ്യ എഡ്യൂക്കേറ്ററുടെ ഒപ്പ് : ..........................................................................................

## Reflective Questions

1. ''No two individuals are like'. ഈ പ്രസ്താവനയെ മനഃശാസ്ത്രധാരണകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

2. ബുദ്ധി സിദ്ധാന്തത്തെക്കുറിച്ചുള്ള സങ്കല്പങ്ങളുടെ ക്രമാനുഗതമായ വളർച്ചയുടെ ഒരു ഘട്ടത്തെയാണ് ഗിൽഫോർഡിന്റെ ത്രിമുഖ സിദ്ധാന്തം പ്രതിനിധാനം ചെയ്യുന്നത്. പരിശോധിക്കുക.

3. ഒരു അധ്യാപകൻ എന്ന നിലയിൽ ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തിൽ ബഹുമുഖബുദ്ധിയെ നിങ്ങൾക്ക് എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം?

4. വ്യക്ത്യാന്തരബുദ്ധി, ആന്തരികവൈയക്തികബുദ്ധി, വൈകാരിക ബുദ്ധി എന്നിവ തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.?

5. പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികളുടെ സർഗാത്മകത വളർത്തിയെടുക്കാൻ സ്വീകരിക്കാവുന്ന തന്ത്രങ്ങളും സമീപനങ്ങളും വിശദീകരിക്കുക.

6. സംവാദത്മക പഠനവും സഹവർത്തിതപഠനവും വൈകാരിക ബുദ്ധിയെ പരിപോഷിപ്പിക്കും – സമർഥിക്കുക.

7. പഠിക്കുക എന്നുള്ളത് ഓരോ കുട്ടിയുടേയും അവകാശമാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും ഇത് ബാധകമാണ്. എങ്കിൽ ഇത്തരം കുട്ടികളെ പഠനമികവിലേക്ക് നയിക്കാൻ ടീച്ചർ എന്ന നിലയിൽ നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയും?

# യൂണിറ്റ് - 2
# വ്യക്തിത്വവും മാനസികാരോഗ്യവും

**സമയം : 20 മണിക്കൂർ**

വ്യക്തിത്വ സിദ്ധാന്തങ്ങളിലെ വിവിധ സമീപനങ്ങൾ പരിചയപ്പെടുത്തുകയാണ് ഈ യൂണിറ്റിൽ ചെയ്യുന്നത്. ഓരോ സമീപനവും ചർച്ചയ്ക്കെടുക്കുമ്പോൾ ഉചിതമായ ചില കേസുകൾ പത്രവാർത്തകൾ, ആഖ്യാനങ്ങൾ അവതരിപ്പിച്ചുകൊണ്ടുതുടങ്ങുന്നത് നന്നായിരിക്കും.

'Persona' എന്ന ലാറ്റിൻപദത്തിൽ നിന്നാണ് വ്യക്തിത്വം എന്നർഥമുള്ള 'Personality' എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്. മുഖം മൂടി എന്നാണ് 'Persona' എന്ന ലാറ്റിൻ പദത്തിന്റെ അർഥം. ഗ്രീക്ക് നാടകനടൻമാർ തങ്ങളുടെ യഥാർഥവ്യക്തിത്വം മറച്ചുവയ്ക്കാൻ സ്റ്റേജിൽ പ്രത്യക്ഷപ്പെടുമ്പോൾ മുഖം മൂടികൾ ധരിച്ചിരുന്നു. ഈ നാടകസങ്കേതം പിൽക്കാലത്ത് റോമാക്കാരും സ്വീകരിച്ചിരുന്നു. 'ഒരുവൻ മറ്റുള്ളവരുടെ മുമ്പിൽ എങ്ങനെ പ്രത്യക്ഷപ്പെടുന്നു' എന്ന അർഥമാണ് Persona എന്ന വാക്കിനു റോമക്കാർ നൽകിയിരുന്നത്.

ഒരു ശാസ്ത്രം എന്ന നിലയിൽ വിദ്യാഭ്യാസ മനഃശാസ്ത്രം മനുഷ്യന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ട വിവിധ സ്വഭാവസവിശേഷതകളെക്കുറിച്ച് നിരവധി പഠനനടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി വ്യക്തിത്വത്തെ നിർവ്വചിക്കാനും വിശദീകരിക്കാനും പല വാദങ്ങളും ഉണ്ടായിട്ടുണ്ട്. ചില നിർവ്വചനങ്ങൾ പരിശോധിക്കാം.

- ഒരു വ്യക്തിയുടെ മൊത്തം പെരുമാറ്റത്തിന്റെ ഗുണപരമായ മേന്മയാണ് അയാളുടെ വ്യക്തിത്വം. *R.S. Woodworth*
- ഒരു വ്യക്തിയുടെ സംഘടിതമായിട്ടുള്ള പെരുമാറ്റത്തിന്റെ ആകെ കൂടിയുള്ള ഒരു ചിത്രം - പ്രത്യേകിച്ചു അയാളുമായി സഹവർത്തിക്കുമ്പോൾ അതിനെ ഏതു സ്വഭാവത്തിൽ കണക്കാക്കുന്നുവോ അതാണ് അയാളുടെ വ്യക്തിത്വം. *J.F. Dashiell*
- ഒരു പ്രത്യേക സന്ദർഭത്തിൽ ഒരാൾ എങ്ങനെ പെരുമാറുന്നുവെന്ന് പ്രവചിക്കാൻ അനുവദിക്കുന്നതെന്തോ അതാണ് വ്യക്തിത്വം *R.B. Cattal*
- വ്യക്തിത്വം എന്നത് ഒരു വ്യക്തിയുടെ വിശിഷ്ടമായ വ്യവഹാരത്തെയും ചിന്തയെയും നിർണയിക്കുന്ന ശാരീരിക മാനസിക സംവിധാനങ്ങളുടെ ചലനാത്മകമായ ആന്തരിക സംഘടനയാണ്. *G.W. Allport*

മേൽസൂചിപ്പിച്ച നിർവ്വചനങ്ങളിൽ G.W. Allport ന്റെ നിർവ്വചനം പൊതുവെ കൂടുതൽ സ്വീകാര്യത നേടിയിട്ടുണ്ട്. അതിലെ ചില പ്രധാന സങ്കല്പനങ്ങളുടെ (concepts) വിശദീകരണങ്ങൾ താഴെകൊടുക്കുന്നു.

1. **വിശിഷ്ടം:-** ഒരു വ്യക്തി തന്റെ പ്രത്യേക ശാരീരിക മാനസിക പ്രവർത്തനഫലമായി പ്രകടിപ്പിക്കുന്ന അനന്യമായ സവിശേഷ സ്വഭാവങ്ങളെയാണ് 'വിശിഷ്ടം' എന്ന പദം കൊണ്ട് ഇവിടെ അർഥമാക്കുന്നത്.
2. **വ്യവഹാരവും ചിന്തയും:-** ഒരു പ്രത്യേക ലക്ഷ്യം നേടുന്നതിന് തന്റെ ചുറ്റുപാടുകളെ പൊരുത്തപ്പെടുത്തിക്കൊണ്ട് വ്യക്തി പ്രകടിപ്പിക്കുന്ന ആശയങ്ങളും പ്രവർത്തനങ്ങളുമാണ് 'വ്യവഹാരവും ചിന്തയും' എന്നതുകൊണ്ടർഥമാക്കുന്നത്.

3. **ചലനാത്മകം:-** എപ്പോഴും മാറ്റത്തിന് വിധേയമായി പുതുതായി ആവിഷ്ക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന വ്യക്തിത്വത്തെ സൂചിപ്പിക്കാനാണ് ചലനാത്മകം എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. ഒരു വ്യക്തി വളരുന്നതിനനുസരിച്ച് ശാരീരികവും മാനസികവുമായ വികാസം സംഭവിക്കുന്നതിനാൽ വ്യക്തിത്വത്തിലും മാറ്റങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരിക്കും. പരിസ്ഥിതികൾ (Environments) മാറുന്നതിനനുസരിച്ചും വ്യക്തിത്വത്തിൽ മാറ്റങ്ങൾ ദൃശ്യമാകും

4. **ശാരീരിക മാനസികസംവിധാനങ്ങൾ:-** ഉദ്ദേശ്യലക്ഷ്യങ്ങൾ, ശീലങ്ങൾ, വൈകാരിക അവസ്ഥകൾ, മനോഭാവങ്ങൾ, വിശ്വാസങ്ങൾ എന്നിവയൊക്കെ ശാരീരിക മാനസിക സംവിധാനത്തിൽ ഉൾപ്പെടുന്നു. ഇവ മാനസിക പ്രവർത്തന ഫലങ്ങളാണെങ്കിലും പ്രവർത്തിക്കാനുള്ള ശക്തി ലഭിക്കുന്നത് പൊതുവായ ശാരീരിക അവസ്ഥ, നാഡീവ്യൂഹം, ഗ്രന്ഥികൾ തുടങ്ങിയ ശാരീരിക ഘടകങ്ങളുമായി ബന്ധപ്പെട്ടാണ്. വ്യക്തിയിലെ ശാരീരികമാനസിക വ്യവസ്ഥയുടെ ബാഹ്യവും ആന്തരികവുമായ രൂപഭാവങ്ങൾ വ്യക്തിത്വത്തിന്റെ അഭിഭാജ്യഘടകങ്ങളാണ്. ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

5. **സംഘടന:-** ഒരു വ്യക്തിയുടെ തന്നെ വ്യത്യസ്ത വ്യക്തിത്വഭാവങ്ങൾക്ക് അയാളുടെ ആകെ വ്യക്തിതവുമായി പ്രത്യേകബന്ധമുണ്ട്. ഒരാളുടെ വ്യക്തിത്വം വിവിധ വ്യക്തിത്വഭാവങ്ങൾ ആത്മാവിന്റെ (self) സ്വാധീനതയിൽ അകപ്പെട്ടു പ്രവർത്തത്തിക്കുക വഴി ഉണ്ടാകുന്നതാണ്, മറിച്ച് പ്രത്യേക വ്യക്തിത്വഭാവങ്ങളുടെ ആകെത്തുകയായി കണക്കാക്കാൻ സാധിക്കില്ല. ഇത്തരത്തിലുള്ള വ്യക്തിത്വ രൂപീകരണമാണ് സംഘടന എന്ന പദം കൊണ്ട് ഇവിടെ വിവക്ഷിക്കപ്പെടുന്നത്.

G.W. Allport ന്റെ നിർവ്വചനത്തെ വിശകലനം ചെയ്താൽ നമുക്ക് വ്യക്തമാകുന്നത് താഴെ സൂചിപ്പിക്കുന്ന കാര്യങ്ങളാണ്.

1. വ്യക്തിത്വം ചലനാത്മകമാണ്.
2. വ്യക്തിത്വത്തിന് തനിമ ഉണ്ട്
3. വ്യക്തിത്വം സംഘടിതമായ ഒരു വ്യവസ്ഥയാണ്
4. വ്യക്തിത്വത്തിൽ ശാരീതികവും മാനസികവും വൈകാരികവുമായ വ്യവഹാരസവിശേഷതകൾ ഉൾക്കൊള്ളുന്നു.
5. വ്യക്തിത്വമെന്നാൽ പരിസ്ഥിതിയോടുള്ള വ്യക്തിയുടെ സമായോജനമാണ്.

വ്യക്തിത്വത്തെ നിർണയിക്കുന്നതിൽ ഒരാളുടെ ബാഹ്യമായ ശാരീരിക പ്രത്യേകതകൾക്ക് അപ്രധാനമായ പങ്കാണുള്ളത്. പാരിസ്ഥിതിക സാഹചര്യങ്ങളുമായി ഇടപെടുമ്പോഴുണ്ടാകുന്ന പ്രതികരണങ്ങൾ വ്യക്തിത്വത്തെ നിർണയിക്കുമെന്ന് ലളിതമായി പറയാം.

*സാഹചര്യങ്ങളോടുള്ള എല്ലാതരം പ്രത്യക്ഷപ്രതികരണങ്ങളും വ്യക്തിത്വ സവിശേഷതയായി വ്യാഖ്യാനിക്കപ്പെടാവുന്നതാണോ?*
*ബസ്സ് കാത്തു നിൽക്കുന്ന നിങ്ങളുടെ മുന്നിൽ ഒരു ഭിക്ഷക്കാരൻ കൈനീട്ടുന്നു. എന്തായിരിക്കും നിങ്ങളുടെ പ്രതികരണം? (നാണയം കൊടുക്കും, കൊടുക്കില്ല) എന്തു കൊണ്ട്? ചർച്ച ക്രോഡീകരണം.*

**വ്യക്തിത്വസമീപനങ്ങൾ**

വ്യക്തിത്വത്തിന്റെ ഘടനയും വികസനവും വിശദീകരിക്കാൻ വേണ്ടി മനഃശാസ്ത്രജ്ഞർ വിവിധ സിദ്ധാന്തങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പൊതുവെ വ്യക്തിത്വസിദ്ധാന്തങ്ങളെ സമീപനത്തിന്റെ അടിസ്ഥാനത്തിൽ 4 ആയിതരംതിരിക്കാം.

1. പ്രരൂപസമീപനം (ഇനസമീപനം – Type approach)
2. മനോവിശ്ലേഷണസിദ്ധാന്തം (Psychoanalysis)
3. സവിശേഷക സമീപനം (Trait approach)
4. മാനവികതാസമീപനം (Humanistic approach)

എന്നിവയാണ് വ്യക്തിത്വത്തെക്കുറിച്ചുള്ള പ്രധാനപ്പെട്ട 4 മനഃശാസ്ത്രസമീപനങ്ങൾ.

പ്രരൂപസമീപനം കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

1. പ്രരൂപസമീപനം (ഈ സമീപനം Type Approach)

മനുഷ്യവ്യക്തിത്വത്തെ വ്യക്തമായി നിർവ്വചിക്കപ്പെട്ട ചില ഇനങ്ങളായിതരം തരിക്കാം എന്ന വാദമാണ് പൊതുവെ പ്രരൂപസമീപനം മുന്നോട്ടുവെക്കുന്നത്. ഒരാൾക്ക് ജന്മസിദ്ധമായിത്തന്നെ വ്യക്തിത്വ സവിശേഷതകൾ ഉണ്ടെന്നും അത് മാറ്റിയെടുക്കുക പ്രയാസമാണെന്നും ഈ സമീപനം സിദ്ധാന്തിക്കുന്നു. മനുഷ്യശരീരം ചില ശരീരദ്രവങ്ങൾ കൊണ്ട് നിർമ്മിതമാണെന്നും ഇതിൽ ഏതെങ്കിലും ഒന്നിന്റെ ആധിക്യം വ്യക്തിസവിശേഷതകൾ നിർണയിക്കുമെന്നും പ്രരൂപ സമീപനം കരുതുന്നു. ഓരോ വ്യക്തിയെയും അയാളുടെ വ്യവഹാര സവിശേഷതകൾ, കായികഘടന, ശരീരദ്രവങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക ഇനത്തിൽ പെടുത്താനാവും എന്നതാണ് പ്രരൂപ സമീപനത്തിന്റെ അടിസ്ഥാനതത്വം. ഇത്തരത്തിൽ ഗ്രിക്ക് ഭിഷഗ്വരരായിരുന്ന ഹിപ്പോക്രേറ്റ്സ് (460BC - 375) ഗാലൻ (AD 129 - 216), ജർമൻ മനഃശാസ്ത്രജ്ഞനായ ഏർണസ്റ്റ് ക്രെഷ്മർ (1888-1964) അമേരിക്കയിൽ സർജനായിരുന്ന വില്യം ഹെർബർട്ട് ഷെൽഡൻ (1898 - 1977) തുടങ്ങിയവർ പ്രരൂപങ്ങളെ അടിസ്ഥാനമാക്കി വ്യക്തിത്വവർഗീകരണം നടത്തിയിട്ടുണ്ട്.

**ഹിപ്പോക്രേറ്റ്സിന്റെയും ക്രഷ്മറുടെയും വർഗീകരണം.**

ഒരു വ്യക്തിയുടെ ശരീരത്തിൽ മൂന്നിട്ടു നിൽക്കുന്ന ദ്രവം അയാളുടെ വൈകാരിക മാനസിക ഭാവങ്ങൾക്ക് സവിശേഷസ്വഭാവം നൽകുകയും അതുമൂലം ഒരു പ്രത്യേകകതരം വ്യക്തിത്വത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഈ വാദഗതിയുടെ അടിസ്ഥാനത്തിൽ 4 തരം ശരീരദ്രവങ്ങളുടെ അടിസ്ഥാനത്തിലുള്ള വർഗീകരണമാണ് ഹിപ്പോക്രേറ്റ്സ് നടത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ഇനം (പ്രരൂപം Type) | വ്യക്തിത്വ സവിശേഷതകൾ |
|---|---|---|
| 1 | രക്തപ്രകൃതി (Sanquine type ഉത്സാഹശീലൻ) | വേഗത, അസ്ഥിരത സക്രിയത |
| 2. | വാതപ്രകൃതി (Melancholic type വിഷാദശീലൻ) | അലസത, ദുഃഖഭാവം |
| 3. | കഫപ്രൃതി (Phlegmatic type ഉദാസീനൻ) | അലസത, മന്ദബുദ്ധി |
| 4. | പിത്തപ്രകൃതി (Choleric type കോപശീലൻ) | മുൻകോപം, വേഗത തീവ്രത |

**ഗാലനും** പ്രാമുഖ്യമുള്ള ശരീരദ്രവത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തികളെ 4 ആയി തരംതിരിച്ചിട്ടുണ്ട്.

| ക്രമ നം | പ്രാമുഖ്യമുള്ള ശരീര ദ്രവം | വ്യക്തിത്വ സവിശേഷതകൾ |
|---|---|---|
| 1 | രക്തം | ഉത്സാഹി<br>(ആശാഭരിതൻ, സക്രിയത കൂടുതൽ) |
| 2. | മഞ്ഞ പിത്തം (Yellow bile) | കോപശീലൻ<br>(ക്ഷിപ്രകോപി, അസ്വസ്ഥൻ) |
| 3. | ഇരുണ്ട പിത്തം (Black bile) | വിഷാദശീലൻ<br>(അശുഭപാതി വിശ്വസി, നിരാശാഭരിതൻ) |
| 4. | കഫം | ഉദാസീനൻ<br>(മന്ദത, ഉദാസീനത) |

**ഏണസ്റ്റ് ക്രഷ്മറുടെയും വില്യം ഷെൽഡന്റെയും വർഗീകരണം**

വ്യക്തികളുടെ ശരീരഘടനയും വ്യക്തിത്വവും തമ്മിൽ ബന്ധമുണ്ടെന്ന വാദഗതിയിൽ ഏണസ്റ്റ് ക്രഷ്മർ വ്യക്തിത്വങ്ങളെ 3 ആയി തരംതിരിച്ചിട്ടുണ്ട്.

| ക്രമനം. | ഇനം | ശാരീരിക പ്രത്യേകതകൾ | വ്യക്തിത്വസവിശേഷതകൾ |
|---|---|---|---|
| 1 | പിക്നിക് (Picnic<br>ഗോളാഗാത്രൻ | പൊക്കം കുറഞ്ഞതും<br>തടിച്ചതുമായ ശരീരം- | ഉല്ലാസപ്രിയൻ, സംസാര പ്രിയൻ,<br>സാമൂഹ്യബന്ധങ്ങളിൽ താൽപ്പ<br>ര്യം, പൊണ്ണത്തടി കാര്യങ്ങൾ<br>ലഘുവായി കാണുന്ന പ്രവണത |
| 2. | അസ്തെനിക്<br>Asthenic<br>കൃശഗാത്രൻ | ഉയരം കൂടിയതും മെലിഞ്ഞ<br>തുമായ ദുർബലശരീരം | സാമൂഹ്യബന്ധങ്ങളിൽ വിമുഖത<br>കാണിക്കുകയും പിൻവാങ്ങുകയും<br>ചെയ്യുന്ന സ്വഭാവം, വൈകാരിക<br>കൂടുതൽ, വിഷാദഭാവം |
| 3. | അത്‌ലറ്റിക്<br>(Athletic<br>ദൃഢഗാത്രൻ) | വികസിത പേശികൾ<br>ഉള്ള ദൃഢ ശരീരം | ഉന്മേഷസ്വഭാവം, പ്രശ്നങ്ങളോ<br>ടെല്ലാം എളുപ്പത്തിൽ പൊരുത്ത<br>പ്പെടുന്ന സ്വഭാവം, കായികപ്ര<br>വർത്തനങ്ങളിൽ താൽപര്യം. |

ശരീരഘടന വ്യക്തിത്വ സവിശേഷതകൾ നിർണ്ണയിക്കുമെന്ന് ക്രഷ്മറെപ്പോലെ **വില്യം ഹെർബർട്ട് ഷെൽഡനും** കരുതുകയും അദ്ദേഹം ശരീരനിർമ്മിതി ഘടനയെ ആസ്പദമാക്കി 3 തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. അവ താഴെകൊടുക്കുന്നു.

| ക്രമനം. | ഇനം | ശാരീരിക പ്രത്യേകതകൾ | വ്യക്തിത്വ സവിശേഷതകൾ |
|---|---|---|---|
| 1 | എൻഡോമോർഫ്<br>(Endomorph) | പൊക്കം കുറഞ്ഞഗോളകൃ<br>തിയിലുള്ള ശരീരപ്രകൃതി | മറ്റുള്ളവരുമായി സഹകരിച്ചു പ്രവ<br>ർത്തിക്കാൻ തയ്യാറുള്ളവർ, അയ<br>വുള്ളതും സ്നേഹപൂർണ്ണമായതു<br>മായ പെരുമാറ്റം |
| 2. | എക്റ്റോമോർഫ്<br>Ectomorph | പൊക്കം കൂടിയ നേർത്ത<br>ശരീര പ്രകൃതി | ആത്മനിയന്ത്രണം, ആത്മബോധം |
| 3. | മിസോമോർഫ്<br>Mesomorph | സുദൃഢമായ ശരീരം<br>മായ ശരീരം | ഊർജ്ജസ്വലത, ഉന്മേഷം<br>ദൃഢമായ അഭിപ്രായം. |

1967 ൽ എച്ച്. ജെ. ഐസങ്ക് (H. J. Eysenk) വ്യക്തിത്വത്തെ 3 പ്രരൂപങ്ങളായി തരംതിരിച്ചിട്ടുണ്ട്.

1. ബഹിർമുഖരും അന്തർമുഖരും (Extroverts & Introverts)
2. ഉറച്ചുനിൽക്കുന്നവരും സ്ഥിരതയില്ലാത്തവരും (Stable and neurotics)
3. മനോരോഗികൾ (Psychotics)

മാനസികതകരാറുകൾ അപഗ്രഥനം ചെയ്യുവാൻ ഈ വർഗീകരണം കൂടുതൽ പ്രയോജനപ്പെടും.

സൗഹൃദമനോഭാവം, യാഥാർഥ്യവുമായി ബന്ധിപ്പിച്ചുള്ള കാഴ്ചപ്പാട് എന്നിങ്ങനെയുള്ള വിവിധ വ്യക്തിത്വ സവിശേഷതകൾ ഉൾപ്പെട്ടതാണ് ബഹിർമുഖവ്യക്തിത്വം ലജ്ജാശീലം, പ്രശ്നങ്ങളിൽ നിന്നും വിട്ടുനിൽക്കൽ, ആത്മനിഷ്ഠമായ കാഴ്ചപ്പാട് എന്നിങ്ങനെ വിവിധ വ്യക്തിത്വ സവിശേഷതകൾ ഉൾപ്പെട്ടതാണ് അന്തർമുഖവ്യക്തിത്വം ഒരു വ്യക്തിയെ പൂർണ്ണമായും ബഹിർമുഖനെന്നോ അന്തർമുഖനെന്നോ തരംതിരിക്കാൻ കഴിയില്ല. മിക്കവരിലും രണ്ടിന്റെയും അംശങ്ങൾ കാണാം. അപൂർണ്ണം ചിലർ മാത്രമേ അമിതമായ ബഹിർമുഖത്വവും അന്തർമുഖത്വവും പ്രകടിപ്പിക്കുന്നുള്ളു.

വ്യക്തിത്വത്തെ വിവിധ പ്രരൂപങ്ങൾ (ഇനങ്ങൾ) ആയി വർഗീകരിക്കുന്നത് ശരിയല്ലെന്നാണ് ശാസ്ത്രീയപഠനങ്ങൾ വ്യക്തമാക്കുന്നത്. പൊതുസവിശേഷതകളുടെ അടിസ്ഥാനത്തിൽ വ്യക്തികളെ ചില കൂട്ടങ്ങളായി തിരിക്കുകയാണ് ചെയ്തിട്ടുള്ളത്. ശാരീരികപ്രത്യേകതകളും വ്യക്തിത്വസവിശേഷതകളും തമ്മിൽ സഹസംബന്ധം ഉണ്ടെന്ന വാദം മുന്നോട്ടുവെക്കുന്ന ഈ പ്രരൂപസമീപനം പല തെറ്റിദ്ധാരണകളും ഉണ്ടാക്കുന്നുണ്ട്. എങ്കിലും വ്യക്തികളെ ഇനങ്ങളായി വേർതിരിക്കുക വഴി നിരവധി ഗവേഷണങ്ങൾക്ക് തുടക്കം കുറിക്കാൻ ഈ വർഗീകരണങ്ങൾക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ മനഃശാസ്ത്രത്തെയും ശരീരശാസ്ത്രത്തെയും കൂടുതൽ വിശകലനം ചെയ്യാൻ പ്രരൂപസമീപനം ശ്രമിച്ചിട്ടുണ്ട്.

### 'എ' പ്രരൂപ വ്യക്തിത്വസിദ്ധാന്തം (Type A theory of personality)

വൈദ്യശാസ്ത്രരംഗത്തു പ്രവർത്തിക്കുന്നവർ ഹൃദയസംബന്ധമായിട്ടുള്ള രോഗങ്ങളും വ്യക്തിത്വവും തമ്മിൽ ബന്ധപ്പിച്ചുകൊണ്ടുള്ള വാദഗതികളാണ് എ പ്രരൂപ വ്യക്തിത്വസിദ്ധാന്തം വഴി മുന്നോട്ടുവെക്കുന്നത്. ഹൃദയധമനിയുമായി ബന്ധപ്പെട്ട രോഗം (Coronany Heart Disease- CHD) അടിസ്ഥാനപരമായി രണ്ടുവിധത്തിലുണ്ട് (1) പ്രാണവായുവിന്റെ കുറവുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ (Myocardinal infraction) (2) കൂടെക്കൂടെ നെഞ്ചുവേദനയുണ്ടാകുന്ന പ്രശ്നങ്ങൾ (Angina Pectoris) ഹൃദയധമനിരോഗം - (സി.എച്ച്.ഡി) പൂർണ്ണമായും കോളസ്ട്രോൾ മൂലമാണെന്നാണ് 1950 വരെയുണ്ടായിരുന്ന ധാരണ. എന്നാൽ 1955 ൽ ഹൃദയധമനി രോഗത്തിന് ഒരു പ്രധാന കാരണം മാനസിക സംഘർഷമാണെന്ന് കണ്ടെത്തി മെയിർ ഫ്രീഡ്മാനും (Meyer Freedman) റേ റോസ്മാനും (Ray Roseman) ചേർന്ന് ഹൃദയധമനി രോഗവുമായി ബന്ധമുള്ള ഒരു പെരുമാറ്റമാതൃക കണ്ടെത്തുകയും അതിന് എ പ്രരൂപം (A type) എന്ന് പേരിടുകയും ചെയ്തു. ഊർജ്ജസ്വലത, അക്രമണവാസന, മത്സരബുദ്ധി, അസ്വാസ്ഥ്യം ഉന്നത ഉപലബ്ധി തുടങ്ങിയ സ്വഭാവഘടനകൾ എ പ്രരൂപ വ്യക്തിത്വത്തിന്റെ സവിശേഷതകളാണ്. തുടർന്ന് ബി പ്രരൂപവ്യക്തിത്വവും നിർണയിക്കപ്പെട്ടു ഇത് എപ്രരൂപവ്യക്തിത്വ സവിശേഷതയുടെ വിപരീതമായിട്ടുള്ള സ്വഭാവഘടനയാണ്. ഇവരിൽ അഭിപ്രേരണയും മാനസികസമ്മർദ്ദവും പൊതുവിൽ കുറവായിരിക്കും. അഭിമുഖ പരീക്ഷ (interview) കളിലൂടെ വിവിധ ടെസ്റ്റുകളിലൂടെയും ഇത്തരം പ്രരൂപങ്ങളെ തിരിച്ചറിയാൻ കഴിയും. എന്നാൽ എ, ബി, പ്രരൂപസിദ്ധാന്തങ്ങളുടെ വിശ്വസനീയതയിൽ പല മനഃസാസ്ത്രജ്ഞരും എതിർ വാദങ്ങൾ മുന്നോട്ടുവെച്ചിട്ടുണ്ട്. പല വാദഗതികളും തർക്കങ്ങൾക്ക് വഴിവെച്ചിട്ടുണ്ടെങ്കിലും വ്യക്തിത്വത്തെ മനസ്സിലാക്കാനും കൂടുതൽ പഠനത്തിലേക്ക് നയിക്കാനും ഇന്നു സഹായിക്കുന്നുണ്ട്.

**ആൽപ്പോർട്ടിന്റെ സവിശേഷക സമീപനം (G.W. Allpurts' Trait Approach)**

1897 ൽ ഇൻഡ്യാനയിൽ ജനിച്ച ഗോർദൻ ആൽപ്പോർട്ട്, നിലവിലുണ്ടായിരുന്ന അമ്പതോളം നിർവചനങ്ങളെ വിശകലനം ചെയ്ത് വ്യക്തിത്വത്തിന് സമഗ്രമായ ഒരു നിർവ്വചനം നൽകിയ മനഃശാസ്ത്രജ്ഞനാണ്.

*ഒരു വ്യക്തിയുടെ സവിശേഷമായ പെരുമാറ്റത്തെയും ചിന്തയെയും നിർണ്ണയിക്കുന്ന പരിണാമ വിധേയമായ ശാരീരികമാനസിക ഘടകങ്ങളുടെ സംരചനയാണ് വ്യക്തിത്വം (Personality is the dynamic organisation within the individual of those Psycho-physical systems that determine his characteristic behaviour and thought)* എന്നാണ് ആൽപ്പോർട്ട് നിർവ്വചിച്ചത്. ചില സവിശേഷകതകളുടെ (Traits) അടിസ്ഥാനത്തിൽ വ്യക്തിത്വത്തെ വിശകലനം ചെയ്യുന്നത്. പരി സ്ഥിതിയോട് വ്യക്തിപ്രകടിപ്പിക്കുന്ന തനിമയുള്ളതും താരതമ്യേന സ്ഥിരവുമായ പ്രതികരണ ത്തിന് കാരണമായ ആന്തരിക സവിശേഷഗുണം എന്ന് സവിശേഷകത്തെ നിർവ്വചിക്കാം. ഇവിടെ തനിമ, സ്ഥിരത എന്നീ പദങ്ങൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ഒരാളുടെ സ്ഥിരമായ വ്യവഹാര പ്രത്യേകതകളെയാണ് ഇവിടെ വിവക്ഷിക്കുന്നത്. വല്ലപ്പോഴുമുള്ള സവിശേഷ പ്രതി കരണങ്ങളെയല്ല. ഈ സവിശേഷകങ്ങളെ ആൽപ്പോർട്ട് മൂന്നായി തിരിക്കുന്നു.

1. മുഖ്യസവിശേഷകം (Cardinal trait)
2. മധ്യമ സവിശേഷകങ്ങൾ (Central traits)
3. ദ്വിതീയ സവിശേഷകങ്ങൾ (Secondary traits)

(i) **മുഖ്യസവിശേഷകം**: (Cardinal Traits)

ഒരു വ്യക്തിയുടെ വിവിധ വ്യവഹാരങ്ങളിൽ മിക്കപ്പോഴും പ്രകടമാകുന്നതും മേൽക്കൈ നേടു ന്നതുമായ സ്വഭാവസവിശേഷതയാണിത്. വ്യക്തിയുടെ എല്ലാ പ്രവർത്തനങ്ങളെയും സ്വാധീ നിക്കുന്ന ഏറ്റവും പ്രബലമായ ഒരു സവിശേഷകം തന്നെയാണിത്. ഭൂതദയ, അക്രമരാഹിത്യം, അഹിംസ, സ്വേച്ഛാധിപത്യം, ഫലിതബോധം തുടങ്ങിയ മുഖ്യസവിശേഷകങ്ങൾ വ്യക്തിത്വത്തെ സ്വാധീനിക്കുകവഴി ചരിത്രത്തിൽ ഇടം നേടിയ ധാരാളം വ്യക്തികളെ നമ്മൾ പരിചയപ്പെട്ടിട്ടു ണ്ടല്ലോ.

**പ്രവർത്തന സൂചന**

<u>ചരിത്ര പുരുഷമാർ ഉണ്ടാകുന്നത്.</u>

- **പഠിതാക്കാൾ ലോകാരാധ്യരും അല്ലാത്തവരുമായ ചരിത്രപുരുഷന്മാ രുടെ ലിസ്റ്റ് തയ്യാറാക്കുന്നു. (പ്രവർത്തനസമയവും മറ്റും പരിഗണിച്ച് ലിസ്റ്റിന്റെ വലിഷം നിശ്ചയിക്കാം.)**
- **അവരെ ചരിത്രപുരുഷൻമാരാക്കിയതിൽ അവരിലെ മുഖ്യസവിശേ ഷകത്തിന് എന്തെങ്കിലും പങ്കുണ്ടോ?**
- **ചർച്ച, ക്രോഡീകരണം.**

**(ii) മധ്യമ സവിശേഷകങ്ങൾ (Central Traits)**

ഒരു വ്യക്തിയെ സാമാന്യമായി വിവരിക്കുന്നതും മുഖ്യസവിശേഷകത്തോളം സമഗ്രവും വ്യാ പകവുമായെല്ലെങ്കിലും നല്ലരീതിയിൽ പ്രതിനിധീകരിക്കുന്നതുമായ ഏതാനും സ്വഭാവസവി ശേഷതകളാണ് മധ്യമസവിശേഷകങ്ങൾ സ്വാർത്ഥത, മത്സരബുദ്ധി, വിധേയത്വം തുടങ്ങിയവയെ മധ്യമസവിശേഷകങ്ങളായി പരിഗണിക്കാം.

### (iii) ദ്വിതീയ സവിശേഷകങ്ങൾ (Secondary Traits)

സവിശേഷകസാഹചര്യങ്ങളിൽ മാത്രം പ്രകടമാകുന്നതും പ്രവർത്തനമേഖലകളിൽ കുറഞ്ഞ തോതിൽ മാത്രം സ്വാധീനം ചെലുത്തുന്നതുമായ സവിശേഷകങ്ങളാണിത്. തികച്ചും ഉപരിപ്ല വങ്ങളായതിനാൽ വ്യക്തിത്വത്തിന്റെ അവിഭാജ്യഘടകങ്ങളായി പരിഗണിക്കപ്പെടാറില്ല.

ചുരുക്കത്തിൽ ഒരാളുടെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്നത് മുഖ്യസവിശേഷകവും ചില മധ്യമ സവിശേഷകങ്ങളും ദ്വിതീയസവിശേഷകങ്ങളും ചേർന്നാണ്. വ്യക്തിയെ വ്യതിരിക്തനാക്കുന്ന ഈ ഘടനാ വിശേഷത്തെ വൈയക്തികചിത്തവൃത്തി (Personal disposition) എന്നാണ് ആൽപ്പോർട്ട് വിളിക്കുന്നത്. ഒരു വ്യക്തി ചില പ്രത്യേകരീതിയിൽ പ്രതികതിക്കുന്നതിന് അയാൾക്ക് ചില പ്രത്യേക ഉദ്ദേശ്യലക്ഷ്യങ്ങളുണ്ടായിരിക്കാം. ഈ യഥാർത്ഥ 'ഉള്ളി'നെയാണ് വൈയക്തിക ചിത്തവൃത്തി പ്രതിനിധീകരിക്കുന്നത്. നിരവധി സവിശേഷകങ്ങളുടെ (Traits) സംഘാതമാണ് വ്യക്തിയെങ്കിലും അയാളുടെ തനിമയെ നിർണ്ണയിക്കുന്നത് മേൽപ്പറഞ്ഞ സവി ശേകങ്ങളാണ്. ബാക്കി സവിശേഷകങ്ങൾ ആ സമൂഹത്തിലെ മറ്റു വ്യക്തികളിലും കാണപ്പെ ടുന്നവയായിരിക്കും.

**ഏതെങ്കിലും പ്രത്യേക പ്രദേശത്തുള്ളവർക്ക് ചില പൊതു സ്വഭാവങ്ങളുള്ളതായി നിങ്ങ ളുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? – ചർച്ച – അനുഭവങ്ങൾ വിവരിക്കാൻ അവസരം (സത്യസന്ധത, വിനയം, ധൈര്യം നിഷ്കളത തുടങ്ങിയവ പൊതു സ്വഭാവമായി കാണുന്ന ഇടങ്ങൾ/പ്രദേശങ്ങൾ) – ക്രോഡീകരണം – പൊതുസവിശേഷകം.**

മറ്റുള്ളവരുമായി പങ്കുവയ്ക്കപ്പെടുന്ന ഇവയെ പൊതുസവിശേഷകങ്ങളായി (Common traits) ആൽപ്പോർട്ട് പരിഗണിക്കുന്നു.

ഒരു വ്യക്തിയെ പ്രതിനിധികരിക്കുന്ന സത്തയെ പ്രോപിയം (propium) എന്നാണ് ആൽപ്പോർട്ട് വിശേഷിപ്പിക്കുന്നത്. അഹം (self) എന്ന ആശയത്തെത്തന്നെയാണ് അദ്ദേഹം പ്രോപിയം എന്ന പദംകൊണ്ട് വിവക്ഷിച്ചത്. വ്യക്തിയുടെ ജനനം മുതൽ മരണംവരെ വികസിച്ചുകൊണ്ടേ യിരിക്കുന്ന ആത്മസത്തയാണിത്. സ്വശരീരബോധം (The bodily self), ആത്മവ്യതിരിക്തത (self identity) ആത്മവിപുലനം (self extension) ആത്മബിംബം (self image) തുടങ്ങിയ വിവിധ തല ങ്ങളിലൂടെ പ്രോപിയം വികസിതമാകുന്നത് 6 മുതൽ 12 വയസ്സുവരെയുള്ള ഘട്ടത്തിലാണ് താൻ ഇതുവരെ വളർത്തിയെടുത്ത 'അഹം' സാമൂഹ്യ സാഹചര്യങ്ങളുമായി എത്രമാത്രം ഇണ ങ്ങുന്നതാണെന്ന് വ്യക്തി പരിശോധിച്ചു തുടങ്ങുന്നത്. 12 വയസ്സുമുതൽക്കാണ് രണ്ടുതരം ചോദ നകൾ 'അഹ' ത്തെ നയിക്കുന്നു. ഉപരിപ്ലവചോദനകളും അഗാധചോദനകളും (Peripheral and propriate motives) ഈ ചോദകങ്ങൾ വഴി ഒരാളുടെ വ്യക്തിത്വം പക്വതയും (Maturity) സ്വാശ്ര യത്വവും (functional autonomy) നേടിയെടുക്കുന്നു. ഒരു പക്വവ്യക്തിത്വത്തെ (Mature personality) നിർണ്ണയിക്കുന്നതിന് ആൽപ്പോർട്ട് ആറ് മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നു.

1. **വിപുലീകൃത അഹം:** മറ്റുള്ളവരുടെ താല്പര്യങ്ങളും ക്ഷേമവും തന്റേതിനോടൊപ്പം തന്നെ പരിഗണിക്കുന്ന വിശാലചിന്ത.
2. **ഊഷ്മളബന്ധങ്ങൾ**: മറ്റുള്ളവരുടെ ശ്രദ്ധയും ആദരവും നേടിയെടുക്കുന്നതരത്തിൽ ആരോ ഗ്യകരമായ ബന്ധങ്ങൾ വളർത്തിയെടുക്കുന്നു.
3. **ആത്മസന്തുലനം** : തന്റെ നിയന്ത്രണത്തിലല്ലാത്ത കാര്യങ്ങളിൽപോലും അതിവൈകാരി കത പ്രകടിപ്പിക്കാതെ ആത്മസന്തുലനം പാലിക്കുന്നു. സംഘർഷവേളകളിൽ സഹിഷ്ണത പ്രകടിപ്പിക്കുന്നു.

4. **യാഥാർഥ്യബോധം:** സാമൂഹികസംഭവങ്ങളെയും പ്രതിസന്ധികളെയും യഥാർഥ്യബോധ ത്തോടെ കൈകാര്യം ചെയ്യുന്നു.

5. **ആത്മധാരണ**: സ്വന്തം കഴിവുകളെയും പരിമിതികളെയും വസ്തുനിഷ്ഠമായി വിലയിരു ത്തുന്നു.

6. **ഏകാത്മകജീവിതദർശനം:** സ്വന്തം ജീവിതാനുഭവങ്ങളിലൂടെ ആത്മസംതൃപ്തിക്കനുസ രിച്ച് വികസിപ്പിച്ചെടുത്ത അംഗീകൃതവും ഏകാത്മകവും (unifying) ആയ ജീവിതദർശനം പുലർത്തുന്നു.

**ഈ ഓരോ മാനദണ്ഡത്തേയും വിശകലനം ചെയ്യുമ്പോൾ അനുയോജ്യമായ കേസുകൾ അവതരിപ്പിക്കാം. പഠിതാക്കളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കാനവസരം നൽകാം. ഈ ഓരോ മാനദണ്ഡമനുസരിച്ചും ഒരു പക്വവ്യക്തിത്വത്തിലേക്ക് എത്താൻ താനിനി എത്ര ത്തോളം വളരണം എന്ന് സ്വയം വിലയിരുത്തൽ ഓരോ പഠിതാവിനും അവസരം നൽകാം.**

### മനോവിശ്ലേഷണ സിദ്ധാന്തം (Psychoanalysis)

സിഗ്മണ്ട് ഫ്രോയ്ഡിന്റെ (1856-1936) മനോവിശ്ലേഷണ സിദ്ധാന്തവുമായി ബന്ധപ്പെട്ട കാര്യ ങ്ങളെ പൊതുവെ മൂന്നു ഭാഗങ്ങളായി വേർതിരിക്കാം.

(1) വ്യക്തിത്വത്തിന്റെ ചലനാത്മകതയെ സംബന്ധിച്ച സിദ്ധാന്തം (മനസ്സിന്റെ മൂന്നു തലങ്ങൾ സംബന്ധിച്ച ആശയങ്ങൾ- Theory of personality dynamics)

(2) വ്യക്തിത്വ ഘടനയെക്കുറിച്ചുള്ള സിദ്ധാന്തം - മനസ്സിന്റെ ഘടനയെക്കുറിച്ചുള്ള സങ്കല്പ ങ്ങൾ Theory of personality structure)

(3) മനോലൈംഗികവികാസ സങ്കല്പങ്ങൾ ((Theory of psycho-sexual development)

## (1) മനസ്സിന്റെ മൂന്ന് തലങ്ങൾ

മനസ്സിന് മൂന്ന് തലങ്ങളുണ്ട് - ബോധമനസ്സ് (Conscious Mind), ഉപബോധമനസ്സ് ((Pre-conscious Mind), അബോധമനസ്സ് (Unconscious Mind) എന്നിവയാണ്. ഇതിൽ അബോധതല മാണ് കൂടുതൽ പ്രാധാന്യമർഹിക്കുന്നത് എന്നാണ് ഫ്രോയ്ഡിന്റെ അഭിപ്രായം. കാരണം മനു ഷ്യന്റെ വ്യവഹാരത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്നത് അബോധതലമാണ്. വ്യക്തി യുടെ വ്യവഹാരശൈലിയും അതുവഴി വ്യക്തിത്വവും നിർണ്ണയിക്കുന്നത് അബോധ മനസ്സിൽ ഒളിച്ചുവെക്കുന്ന അനുഭവങ്ങളും ആഗ്രഹങ്ങളുമാണ്. മനസ്സിന്റെ ഈ തലങ്ങളെ ഒരു മഞ്ഞുമല യുമായി (Iceberg) സാദൃശ്യമുള്ളതായി ഫ്രോയ്ഡ് നിരീക്ഷിക്കുന്നു. കടലിൽ ഒഴുകി നടക്കുന്ന മഞ്ഞുകട്ടയുടെ കൂടുതൽ ഭാഗവും വെള്ളത്തിനുള്ളിലായിരിക്കും. ചെറിയ ഒരു ഭാഗം മാത്രമേ പുറത്തു നിന്നു നോക്കുമ്പോൾ കാണൂ. അതുപോലെ ഏറ്റവും വലിയ തലമായ അബോധമ നസ്സ് നമ്മുടെ ബോധാവസ്ഥയിൽ നിന്നെല്ലാം വിഭിന്നമായി ആരും കാണാതെ സ്ഥിതി ചെയ്യു കയാണ്. നമ്മുടെ വ്യക്തിത്വത്തെ പ്രധാനമായും നിയന്ത്രിക്കുന്ന അബോധമനസ്സിന്റെ ഉള്ള ടക്കം തിരിച്ചറിയാൻ വിഷമമാണ്. എന്നാൽ, ചിലപ്പോൾ അവ നമ്മുടെ സ്വപ്നങ്ങളിലൂടെ പുറത്തു വരുമെന്ന് ഫ്രോയ്ഡ് അനുമാനിക്കുന്നു. ഈ വാദത്തിന്റെ അടിസ്ഥാനത്തിൽ മാനസികപ്രശ്ന ങ്ങളുള്ളവരെ ചികിത്സിക്കുന്നതിന് ഫ്രോയ്ഡ് സ്വപ്നാപഗ്രഥനം (Dream analysis) പ്രയോജന പ്പെടുത്തിയിരുന്നു. മാനസികവൈകല്യങ്ങളെ ചികിത്സിക്കുന്നതിനുള്ള ശ്രമങ്ങളുടെ തുടർച്ച യായിട്ടാണ് ഇദ്ദേഹം തന്റെ പല മനഃശാസ്ത്രസമീപനങ്ങളും കാഴ്ചപ്പാടുകളും രൂപപ്പെടുത്തിയത്. പറയാൻ ആഗ്രഹിച്ചതല്ലാത്ത ചില കാര്യങ്ങൾ അറിയാതെ പറഞ്ഞുപോകുന്നത്- അതായത് നാക്കുപിഴകൾ (slip of tongue) അബോധമനസ്സിന്റെ സ്വാധീനം കൊണ്ടാണെന്നും അർത്ഥര

ഹിതമായ തെറ്റുകൾ പോലും പലപ്പോഴും ആ വ്യക്തിയുടെ യഥാർത്ഥ മനോവികാരങ്ങളെയായിരിക്കും പ്രതിഫലിപ്പിക്കുന്നതെന്നും ഇദ്ദേഹം വ്യാഖ്യാനിക്കുന്നു. മനുഷ്യമനസ്സിന്റെ അബോധതലത്തെ വിശദമായി പഠിച്ചാണ് വ്യക്തിത്വത്തെപ്പറ്റി ചലനാത്മകതയിൽ ഊന്നിയുള്ള, മനുഷ്യമനസ്സിന് മൂന്ന് തലങ്ങൾ ഉണ്ടെന്ന് ആശയം ഫ്രോയ്ഡ് മുന്നോട്ടുവെച്ചത്. ഒരു വ്യക്തിക്ക് ആഗ്രഹങ്ങൾ, ആവശ്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് സംഘർഷം സൃഷ്ടിക്കാവുന്ന പല അനുഭവങ്ങളും ഉണ്ടാകും. ഇത് ചിലപ്പോൾ ശക്തമായ ഉത്കണ്ഠയും സൃഷ്ടിച്ചേക്കാം. ഈ ഉത്കണ്ഠയെ ഒഴിവാക്കാൻ വേണ്ടി അനുഭവങ്ങളെ മനസ്സിന്റെ ആഴങ്ങളിലേക്ക് തള്ളി നീക്കാനും അടിച്ചമർത്താനും ശ്രമിക്കുന്നു. അതിനാൽ ഒരു പ്രത്യേക നിമിഷത്തിൽ അയാൾക്ക് ഈ അനുഭവങ്ങളെ ഓർത്തെടുക്കാനും ബോധത്തിന്റെ ഉപരിതലത്തിലേക്ക് കൊണ്ടുവരാനും കഴിയില്ല. മനസ്സിന്റെ മറഞ്ഞിരിക്കുന്ന ഈ തലത്തെയാണ് സിഗ്മണ്ട് ഫ്രോയ്ഡ് അബോധമനസ്സ് (Unconscious mind) എന്ന് വിശദീകരിച്ചത്. ഇതിനെ ജന്മസിദ്ധമായ വാസനകളുടെ (instinct) സംഭരണിയായി കണക്കാക്കുന്നു.

ബോധമനസ്സ് താരതമ്യേന അപ്രധാനമായ തലമാണ് എന്നാണ് ഫ്രോയ്ഡിന്റെ സങ്കല്പം. നമുക്ക് പ്രത്യക്ഷത്തിൽ അറിവുള്ളതും ഓർക്കാൻ കഴിയുന്നതുമായ അനുഭവങ്ങളാണ് ബോധമനസ്സിന്റെ ഉള്ളടക്കം. ഒരു പ്രത്യേക സന്ദർഭത്തിൽ നമ്മുടെ ബോധത്തിന്റെ ഉപരിതലത്തിൽ ലഭ്യമായ ഓർമ്മകൾ, ചിന്തകൾ, ആഗ്രഹങ്ങൾ എന്നിവയെല്ലാം അടങ്ങുന്ന മനസ്സിന്റെ തലമാണ് ബോധമനസ്സ് എന്ന് ചുരുക്കിപ്പറയാം.

ഉപബോധമനസ്സ് ബോധമനസ്സിനും അബോധമനസ്സിനും ഇടയ്ക്കുള്ള തലമാണെന്ന് പറയാം. ഒരു പ്രത്യേക അവസരത്തിൽ വ്യക്തിക്ക് പൂർണ്ണമായ ബോധം ഇല്ലാത്തതും എന്നാൽ പെട്ടെന്നുതന്നെ ബോധതലത്തിൽ കൊണ്ടുവരാവുന്നതുമായ അനുഭവങ്ങളാണ് ഇതിൽപെടുന്നത്. പലപ്പോഴും സ്വപ്നങ്ങളുണ്ടാവുന്നത് അബോധതലത്തിലെ അന്തർലീനമായ അനുഭവങ്ങൾ പ്രതീകവൽകൃതമായി ഉപബോധത്തിലേക്ക് ഊർന്നു കടക്കുമ്പോഴാണെന്ന് പറയാറുണ്ട്.

**2) മനസ്സിന്റെ ഘടനയെക്കുറിച്ചുള്ള സങ്കല്പങ്ങൾ**

വ്യക്തിത്വഘടന ഇദ്ദ് (Id) അഹം (Ego), അത്യഹം (super ego) എന്നീ 3 മുഖ്യവ്യവസ്ഥകൾ സംയോജിച്ചുണ്ടാകുന്നതാണ്. ഈ 3 വ്യവസ്ഥയ്ക്കും അതാതിന്റെ സവിശേഷതകളും പ്രവർത്തനതന്ത്രങ്ങളും ഉണ്ടെന്നും അവ പരസ്പരപ്രവർത്തനത്തിൽ ഏർപ്പെടുന്നതിന്റെ ഫലമാണ് വ്യക്തിത്വം എന്നും സിഗ്മണ്ട് ഫ്രോയ്ഡ് സിദ്ധാന്തിക്കുന്നു.

**ഇദ്ദ് (Id)**

മനുഷ്യമനസ്സിലെ പ്രാകൃതമായ വിചാരവികാര ശക്തിയാണ് ഇദ്ദ്. ജന്മവാസനകൾ ഇദ്ദിനെ ഉത്തേജിപ്പിക്കുന്നു. ഇതിനെ ജന്മവാസനകളുടെ നിക്ഷേപമായി കരുതാം. സാൻമാർഗികബോധം (ധാർമ്മികബോധം) ഇല്ലാത്തതിനാൽ എല്ലാ അസാൻമാർഗിക പ്രവർത്തനങ്ങളുടെയും പിന്നിൽ പ്രവർത്തിക്കുന്നത് ഇദ്ദ് ആണ്. ഒരു ജീവി എന്ന നിലയിൽ വ്യക്തിക്ക് ആനന്ദം നൽകുക എന്ന ഒരൊറ്റ ലക്ഷ്യത്തിൽ ഇദ്ദ് പ്രവർത്തിക്കുന്നതിനാൽ നന്മതിന്മകളോ ശരിതെറ്റുകളോ യാഥാർത്ഥ്യ -അയഥാർഥ്യങ്ങളോ പരിഗണിക്കാറുമില്ല. ഇദ്ദ് സുഖതത്വം ((Principle of pleasure) അനുസരിച്ച് പ്രവർത്തിക്കുന്നു. അതായത് വ്യക്തിയുടെ പിരിമുറുക്കത്തിന് അയവുവരുത്താൻ അയാൾക്ക് സുഖദായകമായ മാർഗം ഇദ്ദ് സ്വീകരിക്കുന്നു. ചെലവഴിക്കാത്ത ഊർജ്ജം പിരിമുറുക്കത്തിന് കാരണമാകുന്നതിനാൽ ഇദ്ദ് ഒരിക്കലും ഊർജ്ജവർദ്ധനവ് പ്രോത്സാഹിപ്പിക്കില്ല. അതുകൊണ്ട് മാനസികോർജ്ജം ചെലവഴിക്കാൻ സാധിക്കുന്ന വിധത്തിൽ പ്രവർത്തിക്കുകയും വ്യക്തിയുടെ ഊർജ്ജത്തെ സ്വാസ്ഥ്യം ഉണ്ടാക്കും വിധത്തിൽ നിലനിർത്തുകയും ചെയ്യുന്നു.

**അഹം (Ego)**

ഇദ്ദിനെ നിയന്ത്രിക്കുകയും അടക്കിനിർത്തുകയും ചെയ്യുന്ന വൈകാരിക ശക്തിയാണ് അഹം (Ego). ആന്തരികമായ സന്ദേശങ്ങളോടും വാസനകളോടും ബാഹ്യലോകത്തോടും ഒരുപോലെ പ്രതികരിക്കാൻ അഹത്തിന് സാധിക്കുന്നു. ഇദ്ദിന്റെ ലക്ഷ്യങ്ങൾ കൂടുതൽ സ്വീകാര്യമായ രീതിയിലൂടെ, വ്യക്തിക്ക് അപകടം സംഭവിക്കാത്ത വിധം നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെ ഇദ്ദിന്റെ ഊർജ്ജം ഉപയോഗിച്ച് ഇദ്ദിൽ നിന്നു തന്നെയാണ് അഹം വികസിക്കുന്നത്. ഒരു വ്യക്തിയെ യാഥാർത്ഥ്യബോധം ഉൾക്കൊണ്ട് പെരുമാറാൻ സഹായിക്കുന്ന അഹം യാഥാർത്ഥ്യ ബോധതത്വം (Principle of reality) അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. അനന്തരഫലങ്ങളെക്കുറിച്ച് വ്യക്തിക്ക് താക്കീതു നൽകുന്നു. തന്മൂലം ഒരു നിയന്ത്രണ ഘടകമായി അഹം പ്രവർത്തിക്കുന്നു. ഊർജ്ജകേന്ദ്രം ഇദ്ദ് ആയതിനാൽ ഇദ്ദിന്റെ അഭാവത്തിൽ അഹത്തിന് (Ego) അസ്തിത്വമില്ലെന്ന് പറയാം. ഇദ്ദും ഈഗോയും തമ്മിലുള്ള ബന്ധം കുതിര (ഇദ്ദ്) യും കുതിരക്കാരനും (ഈഗോ) തമ്മിലുള്ളതുപോലെയാണെന്നും ഫ്രോയ്ഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. മിക്കപ്പോഴും കുതിരയുടെ വഴി നിർണ്ണയിക്കുന്നത് കുതിരക്കാരനാണെങ്കിലും കുതിര, കുതിരക്കാരനെ നയിക്കുന്ന സന്ദർഭങ്ങളും ഉണ്ടായിരിക്കുമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഇദ്ദ് ആത്മനിഷ്ഠമായ അനുഭവങ്ങളെ മാത്രം പരിഗണിക്കുമ്പോൾ ഈഗോ ആത്മനിഷ്ഠമായ അനുബവങ്ങളെയും വസ്തുനിഷ്ഠമായ ശരികളെയും വേർതിരിച്ചറിയുന്നു. അതുകൊണ്ടാണ് മനുഷ്യമനസ്സിലെ “പോലീസ് ഫോഴ്സ്” ആയും “വ്യക്തിത്വത്തിന്റെ പാലകൻ (Executive of personality)” ആയും ഈഗോയെ കണക്കാക്കുന്നത്. ഇദ്ദിന്റെ പ്രേരണകളിൽ നിന്ന് വ്യക്തിയുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നതും യാഥാർത്ഥ്യബോധത്തോടെ പെരുമാറാൻ പ്രേരിപ്പിക്കുന്നതും ഈഗോ ആണ്. അതോടൊപ്പം അത്യഹത്തിന്റെ (superego) സമ്മർദ്ദങ്ങളിൽ നിന്ന് വ്യക്തിയെ സന്തുലനത്തോടെ നിലനിർത്തുകയോ ചെയ്യുന്നു. ഈഗോ ഒരു വ്യക്തിയുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുമ്പോൾ പാരിസ്ഥിതിക സാഹചര്യങ്ങൾ പരിഗണിക്കുകയും സാഹചര്യങ്ങൾ അനുകൂലമാകുംവരെ സംതൃപ്തിക്കായുള്ള ശ്രമം വൈകിക്കുകയും ചെയ്യുന്നു. അതായത് വ്യക്തിയുടെ വാസനാപരമായ ആവശ്യങ്ങളെയും പാരിസ്ഥിതിക സാഹചര്യങ്ങളെയും ഇണക്കിച്ചേർക്കുന്ന രീതി ഈഗോ അവലംബിക്കുന്നു. ഇത് മാനസിക പ്രക്രിയകളെ ഏകോപിപ്പിക്കുന്നു.

**അത്യഹം** (Super Ego)

അത്യഹം (Super Ego) മനുഷ്യമനസ്സിലെ ഈഗോവിന്റെ തന്ന പരിണതരൂപമാണ്. സാമൂഹിക യാഥാർഥ്യങ്ങളുമായി ബന്ധപ്പെട്ട് ഈഗോയ്ക്കുണ്ടാകുന്ന അനുഭവങ്ങളിൽ നിന്നാണ് സൂപ്പർ ഈഗോ വികസിക്കുന്നത്. രക്ഷിതാക്കളുടെയും അധ്യാപകരുടെയും വിദ്യാലയങ്ങളുടെയും മതസ്ഥാപനങ്ങളുടെയും സമൂഹത്തിന്റെയും സ്വാധീനം മനസ്സിന്റെ സാംസ്കാരിക സത്തയായി രൂപപ്പെടുന്നു. മനസ്സിന്റെ സാൻമാർഗികമായും സാംസ്കാരികമായും അനുബന്ധനം ചെയ്യപ്പെട്ട അംശമാണ് സൂപ്പർ ഈഗോ. ഇത് യാഥാർത്ഥ്യത്തിന് പകരം ആദർശത്തെയും സാൻമാർഗ്ഗികതയെയും പ്രതിനിധാനം ചെയ്യുന്നു. സമൂഹം അംഗീകരിച്ചിട്ടുള്ള സാൻമാർഗിക മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിച്ച് ശരിയും തെറ്റും നിർണ്ണയിക്കുന്നതിനാണ് സൂപ്പർ ഈഗോ ശ്രദ്ധിക്കുന്നത്. അതുകൊണ്ട് സാൻമാർഗികതത്വം (Principle of morality ) അനുസരിച്ച് അത്യഹം പ്രവർത്തിക്കുന്നുവെന്ന് പറയുന്നു. തെറ്റ് ചെയ്തുവെന്നറിഞ്ഞിട്ടും മനസ്സാക്ഷിക്കുത്ത് അനുഭവപ്പെടാത്ത വ്യക്തിയുടെ സൂപ്പർ ഈഗോ ദുർബലവും നിസ്സാരകാര്യങ്ങൾക്ക് പോലും കുറ്റബോധം തോന്നുകയും ഊണും ഉറക്കവും നഷ്ടപ്പെട്ട് രോഗാതുരരാവുകയും ചെയ്യുന്നവരുടെ സൂപ്പർ ഈഗോ പ്രബലവുമാണെന്ന് കണക്കാക്കാം. വിശ്വാസപ്രമാണങ്ങൾ മേൽക്കൈ നേടുകയും അത് മാനസികസത്തയായി പരിണമിക്കുകയും ചെയ്യുമ്പോൾ സൂപ്പർ ഈഗോ പ്രബലമാകുന്നു. അതിന്

എതിരായി പ്രവർത്തിക്കേണ്ടിവരുമ്പോൾ വല്ലാത്ത മന:സാക്ഷിക്കുത്ത് അനുഭവപ്പെടുന്നു. ഇത് പലപ്പോഴും നിലവിലുള്ള യാഥാർത്ഥ്യവുമായി പൊരുത്തപ്പെടണമെന്നില്ല. അത്തരം സന്ദർഭങ്ങളിൽ ഈഗോ ആണ് മാനസിക സന്തുലനം നിലനിർത്താൻ വ്യക്തിയെ സഹായിക്കുന്നത്.

ഇദ്ദ്, ഈഗോ, സൂപ്പർ ഈഗോ എന്നിവ തമ്മിലുള്ള ചലനാത്മകമായ സംന്തുലനം തൃപ്തികരവും ആഹ്ലാദകരവുമായ വ്യക്തിത്വത്തിന് കാരണമാകുന്നു. ജന്മവാസനാപരവും പ്രാകൃതവുമായ ചോദനകൾ കുടികൊള്ളുന്ന ഇദ്ദ് ആണ് ഒരു വ്യക്തിയുടെ മാനസിക പ്രവർത്തനങ്ങൾക്ക് വേണ്ട ഊർജ്ജം (ഫ്രോയ്ഡ് 'libido' എന്നാണ് ഇതിനെ വിശേഷിപ്പിച്ചത്) പ്രദാനം ചെയ്യുന്നത്. എന്നാൽ ഇദ്ദിന്റെ ഈ ചോദനകളെ യാഥാർത്ഥ്യബോധത്തോടെ നിയന്ത്രിക്കുന്ന ഈഗോയും സാമൂഹ്യനിയമങ്ങൾക്കും വ്യവസ്ഥകൾക്കും അനുസരിച്ച് ചോദനകളെ നിയന്ത്രിക്കുന്ന സൂപ്പർ ഈഗോയും പരസ്പരപൂരകമായി പ്രവർത്തിക്കുമ്പോഴാണ് വ്യക്തിത്വം സന്തുലിത മാകുന്നത്. അതായത് ഇദ്ദിന്റെ ശക്തമായ പ്രാകൃതമായ ചോദനകളും സൂപ്പർ ഈഗോയുടെ ശക്തമായ നിയന്ത്രണങ്ങളും തമ്മിൽ സന്തുലനം വരുത്തുന്നത് ഈഗോയാണ്. അതുകൊണ്ടാണ് ഈഗോവിനെ വ്യക്തിത്വത്തിന്റെ എക്സിക്യൂട്ടീവ് (പാലകൻ/നിയന്ത്രണാധികാരി) എന്ന് വിശേഷിപ്പിച്ചത്.

ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ ചോദകം **ലിബിഡോ** അഥവാ ലൈംഗികത്വരയാണെന്നാണ് ആദ്യകാലങ്ങളിൽ ഫ്രോയ്ഡ് മുന്നോട്ടു വെച്ചത്. തുടർന്നുള്ള പഠനങ്ങളിൽ മറ്റൊരു ജന്മവാസനയായ 'മരണവാസന' യെയും വിശദീകരിക്കുന്നുണ്ട്. അതിനെ താനറ്റോസ് (Thanatos) എന്നാണ് വിളിച്ചത്. ജീവിതത്തിന്റെ നിർണ്ണായക ചോദകമായ ലിബിഡോവിന്റെ 2 മുഖങ്ങളായി പിന്നീട് ഈരോസിനെയും (Eros) താനറ്റോസിനെയും (Thanatos) അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈറോസ് ലൈംഗികതയെയും താനറ്റോസ് ആക്രമണവാസനയെയും പ്രതിനിധീകരിക്കുന്നു. Life is a conflict and compromise between life instinct (eros) and death instinct (thanatos) എന്ന് ഫ്രോയ്ഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യന്റെ അടിസ്ഥാന പ്രകൃതം ലൈംഗികതയിലും ആക്രമണവാസനയിലും അധിഷ്ഠിതമാണ് എന്നാണ് ഫ്രോയ്ഡിന്റെ അഭിപ്രായം.

### 3) മനോലൈംഗികവികാസ ഘട്ടങ്ങൾ

കുട്ടിക്കാലത്ത് നാം അനുഭവിക്കുന്ന ലൈംഗിക വികാസ പ്രതിസന്ധികൾ പിൽക്കാലത്ത് വ്യക്തിത്വ സവിശേഷതകളെ നിർണ്ണയിക്കുന്നുവെന്ന് ഫ്രോയ്ഡ് വിശദീകരിക്കുന്നു. ജീവിതത്തെ അഞ്ച് വ്യത്യസ്ത ഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു. ഈ വിഭജനത്തിന്റെ അടിസ്ഥാനം ലിബിഡോവിന്റെ (ലൈഗിക ചോദനയുടെ) കേന്ദ്രീകരണമാണ്. വികാസത്തിന്റെ ഓരോ ഘട്ടത്തിലും ശരീരത്തിന്റെ ഓരോ പ്രത്യേക ഭാഗത്തെ വൈകാരിക ചോദനകളോട് കൂടുതൽ ഉത്തേജകരായി മാറുന്നുവെന്നാണ് ഫ്രോയ്ഡ് പറയുന്നത്. ഇത്തരത്തിൽ ലൈംഗികചോദനകൾ കേന്ദ്രീകരിക്കുന്ന ശരീരഭാഗത്തെ ലൈംഗികോത്തേജന മേഖലകൾ (Erogenous Zone) എന്നാണ് വിളിക്കുന്നത്.

ഫ്രോയ്ഡ് മുന്നോട്ടുവെച്ച അഞ്ച് മനോലൈംഗിക വികാസഘട്ടങ്ങൾ താഴെ കൊടുക്കുന്നു.

1) വദനഘട്ടം (Oral stage)
2) ഗുദഘട്ടം (Anal stage)
3) ലിംഗഘട്ടം (Phallic stage)
4) നിർലീനഘട്ടം (latency stage)
5) ജനനേന്ദ്രീയഘട്ടം (Genital stage)

### 1) വദനഘട്ടം (Oral stage)

ജനനം മുതൽ ഒന്നരവയസ്സുവരെയുള്ള ഈ ഘട്ടത്തിൽ ശിശുവിന് ഏറ്റവും കൂടുതൽ അനുഭൂതി നൽകുന്നത്. വായയും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനവുമാണ്. വായയുമായി ബന്ധപ്പെട്ട ഏതൊരു പ്രവൃത്തിയും സുഖദായകമായിരിക്കും. മുഖ്യമായും മുല കുടിച്ചും അല്ലാത്തപ്പോൾ വിരലുകൾ ഈമ്പിയും സുഖം തേടുന്നു. കുടിക്കുക, നുകരുക, കടിക്കുക തുടങ്ങിയ വായ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ ശിശു ആനന്ദം കണ്ടെത്തുന്നതും ഈ സമയത്ത് കിട്ടുന്നതെല്ലാം നുകരുന്നതും അതുകൊണ്ടാണ് എന്നാണ് ഫ്രോയ്ഡ് വിശദീകരിച്ചത്. ഈ അവസരങ്ങൾ യഥാസമയം കിട്ടാതിരുന്നാലോ മാതാവിൽ നിന്ന് വേണ്ട പരിചരണം ലഭിക്കാതിരുന്നാലോ കുട്ടിയ്ക്ക് സ്തംഭനം (fixation) സംഭവിക്കാം. വ്യക്തിത്വ വളർച്ച മന്ദീഭവിക്കുന്നതാണ് സ്തംഭനം. സ്തംഭനം സംഭവിച്ച കുട്ടികൾ മുതിർന്നു കഴിഞ്ഞാൽ പക, അസൂയ തുടങ്ങിയവ പ്രകടിപ്പിക്കുമെന്നും മാനസിക പിരിമുറുക്കമുള്ളപ്പോൾ വിരൽ കടിക്കുക, പുകവലിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് അസ്വാസ്ഥ്യം കുറയ്ക്കാൻ ശ്രമിക്കുമെന്നും ഫ്രോയ്ഡ് കണ്ടെത്തി. ശൈശവങ്ങളിൽ കൂടുതൽ പരിചരണവും വായ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ അവസരവും സ്വാതന്ത്ര്യവും ലഭിച്ചാൽ പിൽക്കാലത്ത് ആത്മവിശ്വാസവും ശുഭാപ്തി വിശ്വാസവും പ്രകടിപ്പിക്കുമെന്നും ഫ്രോയ്ഡ് നിരീക്ഷിച്ചിട്ടുണ്ട്.

### (2) ഗുദഘട്ടം (Anal stage)

രണ്ടാം വയസ്സിൽ തുടങ്ങുന്ന ഈ ഘടത്തിൽ ഈറോജിനസ് സോൺ ഗുദഭാഗമായിരിക്കും. വായിൽ നിന്ന് ഗുദത്തിലേക്കുള്ള ഈറോജിനസ് സോണിന്റെ മാറ്റം പെരുമാറ്റത്തെ സ്വാധീനിക്കുന്നു. വിസർജ്ജ വിമുഖത പ്രകടിപ്പിക്കും. മലമൂത്ര വിസർജനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാതാപിതാക്കൾ കുട്ടിയെ പരിശിലിപ്പിക്കുന്ന toilet training ഘട്ടമാണിത്. ഈ ഘട്ടത്തിൽ വിസർജ്ജ്യം പിടിച്ചുവച്ചും പുറത്തേക്കു തള്ളിയും ഉണ്ടാക്കുന്ന സമ്മർദ്ദത്തിലൂടെയാണ് ആനന്ദം നേടുന്നത്. toilet training നൽകുന്ന ഈ ഘട്ടത്തിൽ കടുത്ത നിബന്ധനകൾക്ക് വിധേയമായാൽ സ്തംഭനത്തിന് കാരണമാകും. ശുചിത്വത്തെക്കുറിച്ചും ചിട്ടവട്ടങ്ങളെക്കുറിച്ചുമുള്ള അമിതമായ ഉത്കണ്ഠയാണ് ഈ സ്തംഭനത്തിന്റെ ഫലം. Toilet training കാര്യത്തിൽ ഒരു ശ്രദ്ധയുമില്ലാതിരുന്നാൽ കുട്ടി മുതിർന്നുകഴിഞ്ഞാൽ ചിട്ടയുടെ കാര്യത്തിൽ അലംഭാവം പ്രദർശിപ്പിക്കും.

### 3) ലിംഗഘട്ടം (Phallic stage)

മൂന്നു വയസ്സുമുതൽ 5 വയസ്സു വരെയുള്ള ഈ ഘട്ടത്തിൽ ലൈംഗിക ചോദനകൾ ലൈംഗികാവയവങ്ങളിലേക്ക് കേന്ദ്രീകരിക്കുന്നു. ആൺ-പെൺ വ്യത്യാസം തിരിച്ചറിയുന്ന ഈ വികാസ ഘട്ടത്തിൽ ലൈംഗീകാവയവങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തും. പക്ഷെ അവയുടെ പരിപക്വനമോ, അതുമായി ബന്ധപ്പെട്ട അന്തഃസ്രാവ ഗ്രന്ഥികളുടെ വികാസമോ നടക്കാത്തതിനാൽ കുട്ടിയുടെ പെരുമാറ്റം മുതിർന്നവരുടേതിൽ നിന്നും ഏറെ വ്യത്യസ്തമായിരിക്കും. ജിജ്ഞാസയും കൗതുകവും ലൈംഗിക കാര്യങ്ങളിൽ പ്രകടമായിരിക്കും. ലൈംഗികാവയവങ്ങൾ താലോലിക്കുന്നതിൽ കുട്ടി ആനന്ദം കണ്ടെത്തും. ലിംഗഘട്ടത്തിൽ കാണപ്പെടുന്ന 2 പ്രത്യേകതകളാണ് പിതൃകാമനയും (Electra complex) മാതൃകാമനയും (Oedipus complex) ആൺകുട്ടികൾക്ക് മാതാവിനോടുള്ള വൈകാരികമായ അഭിനിവേശം മാതൃകാമന എന്നും പെൺകുട്ടികൾക്ക് അച്ഛനോടുള്ള പ്രത്യേക ആഭിമുഖ്യം പിതൃകാമന എന്നും സൂചിപ്പിക്കുന്നു. ഈ കോംപ്ലക്സുകൾ ഉയർത്തുന്ന മാനസികസംഘർഷത്തിന് വിജയകരമായ പരിഹാരം കാണുകയെന്നത് ആരോഗ്യകരമായ വ്യക്തിത്വവികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുവെന്നും ഫ്രോയ്ഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

4) **നിർലീനഘട്ടം ( Latency stage)**

5-ാം വയസ്സിൽ തുടങ്ങി കൗമാരാരംഭം വരെയുള്ള ഘട്ടമാണിത്. ലൈംഗിക ചോദനകൾ ഉറങ്ങിക്കിടക്കുന്ന ഈ ഘട്ടത്തിൽ സ്വന്തം ശരീരത്തെക്കുറിച്ചുള്ള പ്രത്യേക പരിഗണന കുറയുന്നു. ഈറോജിനസ് സോൺ താൽക്കാലികമായി അപ്രത്യക്ഷമാകുന്നു. ലൈംഗികേതരമായ കാര്യങ്ങളിൽ കുട്ടികൾ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്നു. സ്വലിംഗത്തിൽ പെട്ട സമപ്രായക്കാരുമായി കൂട്ടുകൂടി കളിക്കാൻ താല്പര്യം കാണിക്കുന്നു.

5) **ജനനേന്ദ്രിയഘട്ടം**

കൗമാരം തൊട്ടു പ്രായപൂർത്തിയാകും വരെയുള്ള ഘട്ടമാണിത്. ഈ ഘട്ടത്തിൽ ഇറോജിനസ് സോൺ വീണ്ടും ലൈംഗികാവയവങ്ങളെ കേന്ദ്രീകരിക്കും. ഈ ഘട്ടത്തിൽഡ ലൈംഗിക പക്വത നേടുന്നതിനാൽ സ്ത്രീപുരുഷബന്ധങ്ങളിൽ മുതിർന്നവരുടേതുപോലെയുള്ള സമീപനമായിരിക്കും കുട്ടി പ്രകടിപ്പിക്കുന്നത്. കൗമാരത്തിനു തൊട്ടുമുമ്പും കൗമാരകാലത്തും സംഭവിക്കുന്ന ദ്രുതഗതിയിലുള്ള ശാരീരികമാറ്റങ്ങൾ സംഭവിക്കുന്നത് ഈ ഘട്ടത്തിലാണ്. ശരീരത്തിനുണ്ടാകുന്ന ഈ മാറ്റങ്ങൾ നിമിത്തം എതിർലിംഗത്തിൽപെട്ടവരോടുള്ള താല്പര്യം വളരുന്നു.

ഫ്രോയിഡ്, ലൈംഗികചോദനയുള്ള ജീവികളെന്ന നിലയിൽ കുട്ടികളെ നോക്കിക്കണ്ടതും അബോധമനസ്സിനും സ്വപ്നവ്യാഖ്യാനത്തിനും അമിത പ്രാധാന്യം നൽകിയതും പിൽക്കാലത്ത് വിമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആധുനിക മന:ശാസ്ത്രത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ വിലമതിക്കത്തക്കതാണ്.

**ഫ്രോയിഡിയൻ ചിന്തകളുടെ ക്ലാസ്റൂം പ്രസ്കതി എന്താണ്?**

- കുട്ടിയുടെ ജനനം മുതലുള്ള ആദ്യകാല അനുഭവങ്ങൾക്ക് വേണ്ടത്ര ശ്രദ്ധ നൽകണം.
- വിദ്യാഭ്യാസ പ്രക്രിയയിൽ കുട്ടികളുടെ വികാരങ്ങൾക്കുള്ള പ്രാധാന്യം തിരിച്ചറിയണം
- കുട്ടിയിലുണ്ടാകുന്ന പൊരുത്തക്കേടുകൾ വിശകലനം ചെയ്യണം
- പഠനപ്രക്രിയയിൽ അബോധ പ്രചോദനത്തിന് നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയും - എന്ന നിരീക്ഷണവും ക്ലാസ്സ്മുറിയിൽ പ്രസക്തമാണ്.

## കാൾറോജേഴ്സിന്റെ മാനവികതാസമീപനം (Humanistic approach)

സിഗ്മണ്ട് ഫ്രോയിഡിനെപ്പോലുള്ള മാനസികാപഗ്രഥന സൈദ്ധാന്തികർ അബോധ മനസ്സിനു നൽകിയിട്ടുള്ള അമിതപ്രാധാന്യത്തിനു വിപരീതമായി കാൾറോജേഴ്സിനെ പോലുള്ള മാനവികതാവാദികൾ മനുഷ്യവ്യക്തിത്വത്തിന്റെ ഘടന വിശദീകരിക്കാൻ ബോധാനുഭവങ്ങളെയാണ് പരിഗണിച്ചത്. മാനവികതാസമീപനം പൊതുവെ മനുഷ്യന്റെ നന്മയിലും സൃഷ്ടിപരതയിലും വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഈ സമീപനം വ്യക്തിത്വത്തെ നിയന്ത്രിക്കുന്നത് ആന്തരികമായ ജൈവശക്തികൾ അല്ലെന്നും നാശോൻമുഖമായ വാസനകൾ മനുഷ്യനിൽ അന്തർലീനമല്ലെന്നും കരുതുന്നു. പകരം ഓരോ വ്യക്തിയിലെയും സർഗപരതയും സ്വയം പ്രവർത്തനക്ഷമതയും വ്യക്തിവികസനവും പ്രയോജനപ്പെടുത്തി ആത്മസാക്ഷാത്ക്കാരം കൈവരിക്കാനുള്ള ശേഷി അന്തർലീനമാണെന്ന് മാനവികതാസമീപനം മുന്നോട്ടു വെക്കുന്നു.

സ്വത്വത്തിന് അഥവാ ആത്മാവബോധത്തിന് (self)പ്രാമുഖ്യംനൽകിക്കൊണ്ടുള്ള ഈ സമീപനം **സെൽഫ് തിയറി** എന്ന പേരിൽ അറിയപ്പെടുന്നു. വ്യക്തിയുടെ വളർച്ച, വികസനം, പരിസ്ഥിതിയോടുള്ള സമായോജനം എന്നീ പ്രക്രിയകളുടെ സ്വഭാവം നിർണ്ണയിക്കുന്നതിൽ ആത്മാവ

ബോധനത്തിനും ആത്മസാക്ഷാത്ക്കാരത്തിനും (self actualisation) കൂടുതൽ പ്രാധാന്യം കൽപ്പി ക്കുന്നു. കേവലം ഭൗതികാവശ്യങ്ങൾ മാത്രമല്ല, അതിഭൗതികമായ അന്ത:ചോദനകൾ കൂടി യാണ് മനുഷ്യനെ നയിക്കുന്നത് എന്നും കാൾറോജേഴ്സ് അഭിപ്രായപ്പെടുന്നു.

മനുഷ്യൻ ആത്മാവബോധത്തെ വികസിപ്പിക്കാനും വിപുലീകരിക്കാനും തുടർച്ചയായി പരിശ്ര മിക്കും. ആരോഗ്യകരമായ വ്യക്തിത്വം വികസിപ്പിക്കാൻ വ്യക്തി തന്റെ യഥാർത്ഥമായ ആത്മാ വബോധം തിരിച്ചറിയണം. പലപ്പോഴും തന്റെ യഥാർത്ഥമായ ആത്മാവബോധവുമായ പൊരുത്ത പ്പെടാത്ത തെറ്റായ ആത്മപ്രതിബിംബം രൂപപ്പെടുത്തുന്നു. ഇത് യഥാർത്ഥ ആത്മബോധവും (Real self) താൻ വികസിപ്പിച്ചെടുത്ത ആത്മപ്രതിബിംബവും (Ideal self) തമ്മിൽ പൊരുത്ത ക്കേടുകൾക്ക് കാരണമാകുന്നു. ഇത് അസാമാന്യപ്രതികരണങ്ങൾക്ക് ഇട നൽകും. അതുപോലെ തന്നെ സാക്ഷാത്ക്കരിക്കാൻ പറ്റാത്തതോ അവനവന്റെ യഥാർത്ഥമായ ആത്മാവബോധത്തിന്റെ വെളിച്ചത്തിൽ പ്രയാസകരമായതോ ആയ ആദർശാത്മകമായ ആത്മാവബോധം രൂപപ്പെടു ത്തിയാലും വ്യക്തിത്വ വൈകല്യങ്ങളിലേക്ക് നയിക്കപ്പെടാനിടയുണ്ട്. ഇത്തരം അവസരങ്ങ ളിൽ ആരോഗ്യകരമായ ആത്മാവബോധം വളർത്തി രോഗവിമുക്തി നേടാൻ കാൾറോജേഴ്സ് രൂപപ്പെടുത്തിയ രോഗിയെ കേന്ദ്രീകരിച്ചുള്ള കൗൺസലിങ് രീതിയാണ് കക്ഷികേന്ദ്രീകൃത ചികിത്സ (Client centred Therapy) . മാനസിക പ്രയാസം അനുഭവിക്കുന്ന വ്യക്തിക്ക് തന്നെ പ്രശ്നപരിഹാരവും സാധ്യമാകും. തന്റെ ആത്മാവബോധം തിരിച്ചറിയാൻ വ്യക്തിയെ സഹാ യിക്കുക എന്ന തത്വമാണ് ഈ ചികിത്സാരീതിയിൽ കാൾറോജേഴ്സ് അവലംബിച്ചത്. പഠന ത്തിന്റെ ആത്യന്തിക ലക്ഷ്യം വ്യക്തിത്വ സംസ്കരണമാണ് എന്ന ആശയമാണ് കാൾറോജേ ഴ്സിന്റെ സമീപനത്തിന്റെ കേന്ദ്രബിന്ദുവായി വർത്തിക്കുന്നത്.

**മനസ്സ് എന്ന മഹാത്ഭുതം**

**ഫ്രോയിഡിന്റെ സിദ്ധാന്തത്തിനു വിപരീതമായ സമീപനമാണ് കാൾ റോജേഴ്സിന്റേത്. ഇരുവരും തങ്ങളുടെ സമീപനത്തിലധിഷ്ഠിതമായ മാനസിക ചികിത്സാ രീതികൾ വിക സിപ്പിച്ചിട്ടുമുണ്ട്. പല മാനസിക പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ ഈ ചികിത്സാ പദ്ധതികൾ ഫലപ്രദവുമാണ്! നോക്കുക, നമ്മുടെ മനസ്സിന്റെ ദുരൂഹതകൾ!**

വ്യക്തിത്വ പഠനത്തിന് മാനവികസമീപനം അവലംബിച്ച മറ്റൊരു മന:ശാസ്ത്രജ്ഞനാണ് അബ്രഹാം മാസ്ലോ. ഇദ്ദേഹത്തിന്റെ ആവശ്യങ്ങളുടെ ശ്രേണി മുമ്പ് പഠിച്ചത് ഓർക്കുമല്ലോ. താഴത്തെ നിലവാരത്തിൽ നിൽക്കുന്ന നമ്മുടെ ആവശ്യങ്ങളെ ഉന്നതനിലവാരത്തിൽ എത്തിച്ച് എത്രമാത്രം സംതൃപ്തനാകാൻ കഴിയുന്നു എന്നതിനെ ആശ്രയിച്ചാകും മനുഷ്യവ്യവഹാര ത്തിന്റെ രൂപഘടന മാസ്ലോവിന്റെ ആവശ്യങ്ങളുടെ ശ്രേണിയിലെ പരമമായ ലക്ഷ്യം ആത്മ യാഥാർഥവൽക്കരണ (Self actualisation) മാണല്ലോ. വ്യക്തിയുടെ അടിസ്ഥാനപരമായ മാനവി കശേഷി കാര്യക്ഷമമായ രീതിയിൽ പരമാവധി യാഥാർത്ഥ്യവത്ക്കരിക്കുക എന്നതാണ് ആ ലക്ഷ്യം.

### വ്യക്തിത്വത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

വ്യക്തിത്വം എന്താണെന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ളതുപോലെത്തന്നെ വ്യക്തിത്വം രൂപപ്പെടു ന്നതെങ്ങനെ എന്ന വിഷയത്തിലും ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. വ്യക്തിത്വവികാസം ശൂന്യതയിൽ നടക്കുന്ന ഒരു പ്രതിഭാസമല്ലെന്ന് നമുക്കറിയാം. വ്യക്തിയുടെ ഉള്ളിലും പുറത്തു മുള്ള നിരവധി ഘടകങ്ങൾ ചേർന്നാണ് ഒരാളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നത്. ഇവയെ പൊതുവെ ജൈവികഘടകങ്ങൾ (Biological factors) എന്നും സാഹചര്യഘടകങ്ങൾ (Environmental factors ) എന്നും രണ്ടായിതിരിക്കാം.

## ജൈവികഘടകങ്ങൾ (Biological factors)

വ്യക്തിത്വത്തെ നിർണ്ണയിക്കുന്നതും വ്യക്തിയിൽതന്നെ ഉള്ളതുമായ ചില സവിശേഷഘടകങ്ങളാണ് ജൈവികഘടകങ്ങൾ. അതിനാൽ ഇവയെ വൈയക്തിക ഘടകങ്ങൾ (personal determinants) എന്നും സൂചിപ്പിക്കാറുണ്ട്. ശാരീരികാവസ്ഥ, ഗ്രന്ഥികൾ, നാഡീവ്യവസ്ഥ, പാരമ്പര്യഘടകങ്ങൾ തുടങ്ങിയ ഘടകങ്ങളെ ഈ ഗണത്തിൽപെടുത്താം.

### 1. ശരീരികാവസ്ഥ (Physique)

ഉയരം, തടി, നിറം തുടങ്ങിയ ശാരീരികാവസ്ഥകൾ പ്രത്യക്ഷമായിത്തന്നെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്നു. എന്ന വാദഗതിയുള്ളവർ ഉണ്ട്. ജർമ്മൻ മനഃശാസ്ത്രജ്ഞനായ ഏണസ്റ്റ് ക്രെഷ്മർ ശരീരരൂപത്തെ (body type) അടിസ്ഥാനമാക്കി 3 തരം വ്യക്തിത്വങ്ങളെ വിശദീകരിച്ചിട്ടുള്ളത് പ്രരൂപസമീപനത്തിൽ വ്യക്തിമാക്കിയിട്ടുണ്ട്. അരോഗദൃഢഗാത്രനായ ഒരു വ്യക്തിയും സമൂഹവും തമ്മിലുള്ള ആദാനപ്രദാനങ്ങൾ (interactions) രോഗാതുരനായ ഒരു വ്യക്തിയും സമൂഹവും തമ്മിലുള്ളതുമായി വ്യത്യാസമുണ്ടായിരിക്കുമല്ലോ. ഇത് അവരുടെ വ്യക്തിത്വവികസനത്തെയും ബാധിക്കുന്നു എന്ന് സാമാന്യമായിപ്പറയാം.

### 2. ഗ്രന്ഥിവ്യവസ്ഥ

വിവിധഗ്രന്ഥികൾ ഉല്പാദിപ്പിക്കുന്ന ഹോർമോണുകൾ വ്യക്തികളിൽ ചില പെരുമാറ്റസവിശേഷതകൾ സൃഷ്ടിക്കുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. തൈറോയ്ഡ് ഗ്രന്ഥി അഡ്രിനൽ ഗ്രന്ഥി, തൈമസ്ഗ്രന്ഥി, പീനിയൻ ഗ്രന്ഥി, പിറ്റ്യൂറ്ററി ഗ്രന്ഥി തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന ഹോർമോണുകളുടെ അളവിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പെരുമാറ്റസവിശേഷതകൾ സൃഷ്ടിക്കുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

### 3. നാഡീവ്യവസ്ഥ (Nervours system)

വൈകാരികത, അഭിപ്രേരണ വൈജ്ഞാനികക്ഷമത, തുടങ്ങിയ വ്യക്തിത്വ ഗുണങ്ങളെ നാഡീവ്യവസ്ഥ സ്വാധീനിക്കുന്നതായി തെളിഞ്ഞിട്ടുണ്ട്. (Sympthetic nervous system) ശക്തമായിട്ടുള്ള വ്യക്തികൾ ആദർശവാദികളായും പരാശ്രയമുള്ളവരായും കാണപ്പെടുന്നു. ഈ വ്യവസ്ഥ ദുർബലമായിട്ടുള്ളവർ അവസരവാദികളും തണുപ്പൻമാരുമായിരിക്കും.

### 4. പാരമ്പര്യം (Heredity)

മാതാപിതാക്കളിൽ നിന്ന് സന്താനങ്ങളിലേക്ക് വ്യപരിക്കുന്ന (transmit) ചില ഘടകങ്ങൾ വ്യക്തിത്വത്തെ സ്വാധീനിക്കുന്നുണ്ട്. മുകളിൽ സൂചിപ്പിച്ചവയെല്ലാം (ശരീരപ്രരൂപം, ഗ്രന്ഥികൾ, നാഡിവ്യവസ്ഥ) പാരമ്പര്യഘടകങ്ങൾ കൂടിയാണെന്ന് നമുക്കറിയാം. ഇവയ്ക്കുപുറമെ ബുദ്ധിശക്തി, സർഗാത്മകത, വൈകാരികഘടന തുടങ്ങിയവയെയും വ്യക്തിത്വത്തെ നിർണയിക്കുന്ന പാമ്പര്യഘടകങ്ങളായി ചില മനഃശാസ്ത്രജ്ഞർ പരിഗണിക്കുന്നു. വ്യക്തിത്വത്തെ സ്വാധീനിക്കുന്ന പതിനാലോളം ജന്മവാസനകളെ മക്ഡഗൽ തന്റെ (Psychology the study of behaviour) എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

ജൈവികമല്ലെങ്കിൽ ജനിതകമല്ലാത്ത ചില ഘടകങ്ങളും വ്യക്തിതവികാസത്തെ സ്വാധീനിക്കുന്നുണ്ട്. പട്ടിണി പോഷകാഹാരക്കുറവ്, മദ്യം, മയക്കുമരുന്ന് സാംക്രമികരോഗങ്ങൾ തുടങ്ങിയവ ഇവയിൽ ചിലതാണ്.

## സാഹചര്യ ഘടകങ്ങൾ (Envioronmental factors)

കുടുംബം, വിദ്യാലയം, സാമൂഹിക സാംസ്കാരിക ഘടകങ്ങൾ, മാധ്യമങ്ങൾ തുടങ്ങിയവയൊക്കെ സാഹചര്യഘടകത്തിൽപെടുത്താം.

**1. കുടുംബം**

ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിലുള്ള അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന ഘടകം എന്ന നിലയ്ക്ക് കുടുംബത്തിന് വ്യക്തിത്വവികാസത്തിൽ പരമ പ്രധാനമായ സ്ഥാനമാണുള്ളത്. കുടുംബം പ്രദാനം ചെയ്യുന്ന സുരക്ഷിതബോധം വ്യക്തിത്വവികാസത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു. കുടുംബത്തിന്റെ ഘടന (അണുകുടുംബം, കൂട്ടുകുടുംബം...... അമ്മ, അച്ഛൻ, സഹോദരങ്ങൾ, മറ്റു കുടുംബാംഗങ്ങൾ) എന്നിവവരുമായുള്ള വൈകാരികബന്ധം, കുടുംബം കുട്ടിക്ക് നൽകുന്ന സ്വാതന്ത്ര്യവും നിയന്ത്രണങ്ങളും തുടങ്ങി നിരവധി ഘടകങ്ങൾ കുട്ടിയുടെ അഭിരുചി, അഭിക്ഷമത, മൂല്യബോധം, സ്നേഹഭാവം തുടങ്ങിയ വ്യക്തിത്വഗുണങ്ങളെ സ്വാധീനിക്കുന്നു. കുടുംബത്തിൽ നിന്ന് കുട്ടിക്ക് ലഭിക്കുന്ന അമിതലാളനയും അവഗണനയും ഒരുപോലെ കുട്ടിയുടെ സ്വഭാവത്തെ രൂപപ്പെടുത്തുമെന്ന് പറയേണ്ടതില്ലല്ലോ. കുട്ടിയുടെ ജനനക്രമം (എത്രാമത്തെ കുട്ടി), ലിംഗഭേദം തുടങ്ങിയവക്കനുസരിച്ച് കിട്ടുന്ന ചില പ്രത്യേകത പരിഗണനപോലും കുട്ടിയുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നതായി കണ്ടുവരുന്നു.

**2. വിദ്യാലയം**

കുടുംബം കഴിഞ്ഞാൽ കുട്ടിയുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്ന ശക്തമായ ഘടകമാണ് വിദ്യാലയം. വ്യക്തിത്വവികാസത്തെ നിർണ്ണായകമായി സ്വാധീനിക്കുന്ന സമസംഘങ്ങൾ (Peer group) വിദ്യാലയത്തിൽ ധാരാളം രൂപപ്പെടുന്നു. വിദ്യാലയത്തിലെയും ക്ലാസ്സുമുറിയിലെയും അന്തരീക്ഷം, അധ്യാപകരും കുട്ടികളും തമ്മിലുള്ള ബന്ധം, അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം, അധ്യാപകർ തമ്മിലുള്ള ബന്ധം, പഠനപ്രവർത്തനങ്ങളുടെ ആസ്വാദ്യത, കുട്ടിക്ക് വിദ്യാലയത്തിൽനിന്നു ലഭിക്കുന്ന പരിഗണന തുടങ്ങിയവയൊക്കെ വിദ്യാലയവുമായി ബന്ധപ്പെട്ടിരിക്കുന്നു. അധ്യാപകൻ സ്കൂളിൽ സഹരക്ഷാകർത്താവ് (Mentor) ആകണമെന്ന് പറയുന്നത് ഇതൊക്കെ പരിഗണിച്ചുകൊണ്ടുതന്നെയാണ്.

> **വ്യക്തിത്വത്തെ നിർണ്ണയിക്കുന്നത് പാരമ്പര്യമോ സാഹചര്യമോ? എന്ന വിഷയത്തിൽ സംവാദം നടത്തുമ്പോൾ.**
> **ഈ വിഷയം ആദ്യമേ സംവാദത്തിന് ഇടുകയാണ് നല്ലത്. അതിലൂടെ ഈ രണ്ടു ഘടകങ്ങളും പ്രധാനമാണ് എന്ന നിഗമനത്തിലെത്തണം.**
> **(പ്രാഥമിക ചർച്ചകളോ ക്ലാസ്സോ കഴിഞ്ഞതിനുശേഷം സംവാദം നടത്തുമ്പോൾ വാദങ്ങൾ കൃത്രിമവും യാന്ത്രികവുമാവും.)**

**3. സാമൂഹിക സാംസ്കാരിക ഘടകങ്ങൾ**

മതം, ജാതി, ഭാഷ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സംഘടനകളിലേയും സമിതികളിലേയും പങ്കാളിത്തം തുടങ്ങി നിരവധി ഘടകങ്ങൾ ഈ ഗണത്തിൽപെടുന്നു. ജനാധിപത്യബോധം, സഹകരണമനോഭാവം, നേതൃത്വശേഷി, തുടങ്ങിയ ഗുണങ്ങൾ വ്യക്തിക്ക് പ്രദാനം ചെയ്യുന്നതിൽ ഈ ഘടകങ്ങളുടെ പങ്ക് വളരെ വലുതാണ്.

**4. മാധ്യമങ്ങൾ**

പത്രമാധ്യമങ്ങൾ, മറ്റ് അടച്ചടിമാധ്യമങ്ങൾ, ദൃശ്യമാധ്യമങ്ങൾ, ടി.വി, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവയൊക്കെ വ്യക്തിത്വങ്ങളെ രൂപപ്പെടുത്തുന്നതിലും വ്യതിയാനങ്ങൾ വരുത്തുന്നതിലും നിർണായക പങ്ക് വഹിക്കുന്നു. വായന നല്ല വ്യക്തിയെ സൃഷ്ടിക്കുമെന്ന് പറയാറുണ്ട്. എന്നാൽ വായന കുറഞ്ഞുവരികയും മറ്റു മാധ്യമങ്ങളുടെ സ്വാധീനം കൂടി വരികയും ചെയ്യുന്ന ഇക്കാലത്ത് അവയെ വ്യക്തിത്വ വികസനത്തിന് അനുഗുണമായി

ഉപയോഗിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുവാൻ അധ്യാപകരും രക്ഷിതാക്കളും ഏറെ ശ്രദ്ധിക്കേണ്ടതാണ്.

**ചർച്ച ചെയ്യാം.**

**വ്യക്തിത്വവികസനത്തിൽ മാധ്യമങ്ങളുടെ സ്വാധീനം**

## വ്യക്തിത്വമാപനം

വിവിധ വ്യക്തിത്വസമീപനങ്ങൾ മുന്നോട്ടുവെച്ച മനഃശാസ്ത്രജ്ഞർ വ്യക്തിത്വമാപനത്തിനായുള്ള വിവിധ ഉപാധികളും (Tools) തയ്യാറാക്കിയിട്ടുണ്ട്. വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന നിരവധി ഘടകങ്ങൾ (ബുദ്ധി, അഭിക്ഷമത, അഭിരുചി, താല്പര്യം, സമായോജനത്തിനുള്ള കഴിവ് ..... etc) ഉള്ളതിനാൽ വ്യക്തിത്വമാപനവും ശ്രമകരമാണ്. ബുദ്ധി പരീക്ഷകളിൽ പൊതുവെ മനസ്സിന്റെ ശേഷി (Potentiality) നിർണ്ണയിക്കേണ്ടിവരുമ്പോൾ വ്യക്തിത്വമാപനത്തിൽ മനസ്സിന്റെ സ്വഭാവമാണ് നിർണ്ണയിക്കേണ്ടത്. മനസ്സിന്റെ സ്വഭാവത്തെ അളക്കൽ പൊതുവെ ശ്രമകരമായ പ്രക്രിയയായിരിക്കുമല്ലോ. വ്യക്തിത്വം എന്ന ആശയത്തെ നാം എങ്ങനെ നോക്കിക്കാണുന്നുവോ അതനുസരിച്ചായിരിക്കും അതിന്റെ മാപനവും. നേരത്തെ സൂചിപ്പിച്ചതുപോലെ വ്യക്തിത്വത്തെക്കുറിച്ച് വിവിധ സമീപനങ്ങളും കാഴ്ചപ്പാടുകളും ഉള്ളതിനാൽ അതിന്റെ മാപനത്തിനായി അനുവർത്തിക്കുന്ന തന്ത്രങ്ങളും രീതികളും വ്യത്യസ്തമായിരിക്കും. ആത്മാവബോധത്തെ (Self) വ്യക്തിത്വത്തിന്റെ പ്രധാനഘടകമായി മുന്നോട്ടുവെക്കുന്ന മാനവികതാസമീപനം അഹംബോധം തിട്ടപ്പെടുത്താൻ സാധിക്കുന്ന ഉപാധികൾ (Tools) ഉപയോഗിക്കുന്നു. അതുപോലെ സവിശേഷകങ്ങളാണ് വ്യക്തിത്വത്തിന്റെ അടിസ്ഥാനമെന്ന ആശയം മുന്നോട്ടുവെച്ച സവിശേഷകസമീപനം വിവിധ സവിശേഷകങ്ങൾ ഒരു വ്യക്തിയിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് കണ്ടെത്താനുള്ള ഉപാധികളും പ്രയോജനപ്പെടുത്തും.

വ്യക്തിത്വ മാപനരീതികളെ പൊതുവെ മൂന്നായി തരം തിരിക്കാം.

1. ആത്മനിഷ്ഠരീതി (Subjective Methods)
2. വസ്തുനിഷ്ഠരീതി (Objective Methods)
3. പ്രക്ഷേപണപ്രവിധികൾ (Projective Techniques)

**ആത്മനിഷ്ഠ രീതിയിൽ** 1. ആത്മവിവരണം (Self report), 2. സെൽഫ് റേറ്റിങ്ങ് (Self rating) 3. കേസ് സ്റ്റഡി, 4. അഭിമുഖങ്ങൾ (Interviews) 5. ചോദ്യാവലികൾ (Questionnaire) 6. ഇൻവെന്ററികൾ (Inventories) എന്നിവ ഉൾപ്പെടുന്നു.

**വസ്തുനിഷ്ഠ രീതിയിൽ** നിയന്ത്രിതനിരീക്ഷണം (Controlled observation), റേറ്റിങ്ങ് സ്കെയിൽ (Rating scale), സോഷ്യോമെട്രി (Sociometry) എന്നിവ ഉൾപ്പെടുന്നു.

ഇവയിൽ പലതും സെമസ്റ്റർ 1 ലെ **മനഃശാസ്ത്രം - ഒരു ശാസ്ത്രശാഖ** എന്ന യൂണിറ്റിൽ പരിചയപ്പെടുത്തിയിട്ടുണ്ട്.

ആത്മനിഷ്ഠരീതികളിലും വസ്തുനിഷ്ഠരീതികളിലും ഉൾപ്പെടുന്ന പല ഉപാധികളിലും ഒരാളുടെ സവിശേഷതകൾ മറ്റൊരാൾ രേഖപ്പെടുത്തുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിനാൽ അവയെ നിരീക്ഷണപഠനങ്ങൾ (Observation studies) എന്ന വിഭാഗത്തിൽപെടുത്താറുണ്ട്. ഉദാ: അഭിമുഖങ്ങൾ, നിരീക്ഷണങ്ങൾ, സോഷ്യോമെട്രി എന്നിവ

എന്നാൽ മറ്റുചില ഉപാധികൾ ഒരു വ്യക്തി തന്നെ സ്വയം വ്യക്തിത്വസവിശേഷതകൾ വിവരി

ക്കുന്ന രീതികളിലായതിനാൽ അവയെ **ആത്മവിവരണം (Self reporting)** എന്ന വിഭാഗത്തിലും ഉൾപ്പെടുത്താം.

റേറ്റിങ്ങ് സ്കെയിൽ ഒരു വ്യക്തി സ്വന്തമായോ മറ്റൊരാൾ നിരീക്ഷിച്ചോ രേഖപ്പെടുത്തലുകൾ നടത്താവുന്ന വ്യക്തിത്വമാപന ഉപാധിയാണ്.

### ചോദ്യാവലികളും ഇൻവെന്ററികളും

മനുഷ്യന്റെ വ്യവഹാരങ്ങളുമായി ബന്ധമുള്ള ഒരു കൂട്ടം പ്രസ്താവനകളോ ചോദ്യങ്ങളോ ആണ് ചോദ്യാവലിയിലും ഇൻവെന്ററിയിലും ഉൾപ്പെടുത്തിയിരിക്കുന്നത് ചോദ്യാവലി ഏതു തരത്തിലുള്ള വിവരങ്ങളും ശേഖരിക്കാൻ പൊതുവായി ഉപയോഗിക്കുന്ന ഉപകരണമാണ്. ഇന്റവെന്ററികളിൽ ഒരു വ്യക്തിയുടെ വ്യക്തിത്വ സവിശേഷതകൾ അന്വേഷിക്കുന്നതിന് പ്രാധാന്യം നൽകുന്നു. ചോദ്യാവലിയിലെ ചോദ്യങ്ങൾ സാധാരണഗതിയിൽ ഗവേഷകൻ പരീക്ഷ്യനെ രണ്ടാം വ്യക്തിയായി കണ്ട് അയാളോട് ചോദിക്കുന്ന രീതിയിലാണ് അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ ഇൻവെന്ററികളിൽ പരീക്ഷ്യൻ തന്നെ സ്വയം ചോദിക്കുന്നതായി സങ്കല്പിച്ച് ഇനങ്ങൾ പ്രഥമ പുരുഷനിൽ (First person) ആണ് നൽകുന്നത്. ഈ ചെറിയ രണ്ടു വ്യത്യാസങ്ങൾ മാത്രമേ ചോദ്യാവലികളും ഇൻവെന്ററികളും തമ്മിലുള്ളൂ.

Personal Data Sheet (PDS), Minnesota Multiphasic Personality Inventory (MMPI), Eyesenck Personality Inventory (EPI), Kundu's Neurotic Personality Inventory (KNPI), Assendence - Submission Reaction Study എന്നിവയൊക്കെ വ്യക്തിത്വമാപനത്തിന് പ്രയോജനപ്പെടുത്തുന്ന ഇൻവെന്ററികളാണ്.

**വ്യക്തിത്വമാപനം ക്ലാസ്സിൽ ചർച്ച ചെയ്യുമ്പോൾ, അതിന്റെ വ്യത്യസ്തരീതികൾ, സാമഗ്രികൾ തുടങ്ങിയവ പഠിതാക്കൾ പരിചയപ്പെടണം. എന്നാൽ പഠിതാക്കളുടെ വ്യക്തിത്വമാപനം നടത്തി അത് ചർച്ചയ്ക്ക് വിധേയമാക്കുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്യേണ്ടതില്ല.**

### പ്രക്ഷേപണപ്രവിധികൾ (Projective Techniques)

വ്യക്തിത്വമാപനത്തിന് ഉപയോഗപ്പെടുത്തുന്ന പല ഉപാധികൾക്കും അബോധമനസ്സിനെ പഠനവിധേയമാക്കാൻ കഴിയാറില്ല. അബോധമനസ്സിനെ പരിഗണിക്കാതെ വ്യക്തിത്വമാപനം നടത്തിയാൽ ശരിയായ ചിത്രം ലഭിക്കുകയുമില്ല. അതിനാൽ അബോധമനസ്സിനെക്കൂടി പരിഗണിച്ചുകൊണ്ട് രൂപപ്പെടുത്തിയ ഉപാധികളാണ് പ്രക്ഷേപണപ്രവിധികൾ അവ്യക്തമായ ചോദ്യങ്ങൾ നൽകി അവയുടെ അടിസ്ഥാനത്തിൽ വ്യക്തിയിലുണ്ടാകുന്ന പ്രതികരണങ്ങൾ വിശകലനം ചെയ്യുന്ന രീതിയാണിത്. വിവിധ പ്രക്ഷേപണപ്രവിധികൾ മഷിയൊപ്പ്, അസ്പഷ്ടമായ ചിത്രങ്ങൾ (ambiguous pictures), അപൂർണ്ണ വാചകങ്ങൾ എന്നിവയൊക്കെ ചോദകങ്ങളായി ഉപയോഗപ്പെടുത്തുന്നു. വ്യക്തിത്വമാപനത്തിനു വിധേയനാകുന്ന വ്യക്തിയുടെ പ്രധാന വ്യക്തിത്വസവിശേഷതകൾ ഇതിലെ പ്രതികരണം വെളിപ്പെടുത്തും എന്നാണ് കരുതപ്പെടുന്നത്. ഈ വെളിപ്പെടുത്തലുകൾ വ്യക്തിയുടെ ബോധമനസ്സിൽ നിന്നും ഉണ്ടാകുന്നത് ആയിരിക്കണമെന്നില്ല. വ്യക്തിയിൽ ഒളിഞ്ഞു കിടക്കുന്ന ആഗ്രഹങ്ങൾ, ഭയങ്ങൾ, മറ്റു സങ്കീർണ്ണതകൾ എന്നിവയൊക്കെ വെളിപ്പെടുത്തിയേക്കാം.

പ്രധാനപ്പെട്ട ചില പ്രക്ഷേപണപ്രവിധികൾ താഴെ കൊടുക്കുന്നു.

#### 1. റോഷാ മഷിയൊപ്പു ശോധകം (Rorshach Ink blot Test)

സ്വിറ്റ്സർലണ്ടുകാരനായ **ഹെർമൺ റോഷാ** എന്ന മനോരോഗ ചികിത്സകനാണ് മഷിയൊപ്പു കടലാസുകൾ ഉപയോഗിച്ച് വ്യക്തികളുടെ അബോധമനസ്സിലെ അനുഭവങ്ങൾ പഠനവിധേയ

മാക്കാൻ സഹായിക്കുന്ന ഈ ശോധകം തയ്യാറാക്കിയത്. 10 മഷിയൊപ്പുകളാണ് ഈ ശോധകത്തിൽ ഉപയോഗിക്കുന്നത്. പരീക്ഷ്യൻ ഈ മഷിയൊപ്പുകൾ നോക്കി നിങ്ങൾ ഇതിൽ എന്തു കാണുന്നു? ഇതെന്തായിരിക്കും? എന്ന് വെളിപ്പെടുത്താനാണ് ആവശ്യപ്പെടുന്നത്. ഉത്തരം പറയാൻ ആവശ്യമുള്ളത്ര സമയം അനുഭവിക്കും. ഒന്നിലധികം ഉത്തരം പറയാനും അനുവദിക്കും. ഓരോ പ്രതികരണവും മഷിയൊപ്പിനെ മുഴുവനായി ഉൾക്കൊള്ളുന്നതാണോ അഥവാ ഏതെങ്കിലും അംശത്തെമാത്രം ഉൾക്കൊള്ളുന്നതാണോ ഏതെല്ലാം സവിശേഷതകളാണ് കണ്ടത് (ഉദാ: നിറം, രൂപം, ചലനം) പ്രതികരണ ഉള്ളടക്കം എന്താണ് തുടങ്ങിയ വസ്തുതകൾ വിശകലനം ചെയ്താണ് വ്യക്തിത്വമാപനം നടത്തുന്നത്. ഓരോ കാർഡും അവതരിപ്പിക്കുന്നതിനെടുക്കുന്ന സമയം പരീക്ഷ്യന്റെ പ്രതികരണങ്ങൾ, പെരുമാറ്റങ്ങൾ എന്നിവയൊക്കെ രേഖപ്പെടുത്തി വിശകലനത്തിന് വിധേയമാക്കാം. നല്ല വിദഗ്ധനായ മനഃശാസ്ത്രജ്ഞനുമാത്രമേ റോഷാ മഷിയൊപ്പു ശോധകം നടത്തുവാനും വ്യാഖ്യാനിക്കാനും കഴിയൂ. മനോവിദളനം (Schizophrenia), അൽപോന്മാദം (Hypomania), സംഭ്രാന്തി (Paronia) തുടങ്ങിയ മനോരോഗങ്ങളുടെ നിദാനനിർണ്ണയത്തിന് ഇത് പ്രയോജനപ്പെടുത്താറുണ്ട്.

### 2. തീമാറ്റിക് അപ്പർസെപ്ഷൻ ടെസ്റ്റ് (Thematic Apperception Test - TAT)

H.A മുറെ യാണ് ഈ ശോധകം വികസിപ്പിച്ചെടുത്തത്. ഇതിൽ 30 ചിത്രങ്ങൾ ഉപയോഗിക്കുന്നു. ഓരോന്നിലും വിവിധ നിലകളിലും ഭാവങ്ങളിലും ഉള്ള 2 മനുഷ്യരൂപങ്ങൾ ഉണ്ടായിരിക്കും. 10 ചിത്രങ്ങൾ ആൺകുട്ടികൾക്ക് മാത്രവും 10 ചിത്രങ്ങൾ പെൺകുട്ടികൾക്ക് മാത്രവും 10 ചിത്രങ്ങൾ പൊതുവായും ഉള്ളതാണ്. പരീക്ഷ്യനോട് ഇതിലെ ഓരോ ചിത്രത്തെയും അടിസ്ഥാനമാക്കി കഥ പറയാനാണ് ആവശ്യപ്പെടുന്നത്. എന്തുകാണുന്നു? അവർ എന്തു ചെയ്യുന്നു? അതിനു കാരണമെന്താണ്? ഇതിന്റെ ഫലമെന്താണ്? എന്നിങ്ങനെയുള്ള ഒരു തീം അടിസ്ഥാനമാക്കിയുള്ള രീതിയാണ് അവലംബിക്കുനനത്. പ്രതികരണങ്ങളെ വ്യാഖ്യാനിച്ച് വ്യക്തിത്വ മാപനം നടത്തുകയാണ് ചെയ്യുന്നത്.

### 3. Children's Appreception Test - CAT

3 മുതൽ 10 വരെ പ്രായമുള്ള കുട്ടികളെ ഉദ്ദേശിച്ച് ഡോക്ടർ ബെല്ലാക്ക് (Dr. Bellak) നിർമ്മിച്ച ടെസ്റ്റാണിത്. ജന്തുക്കളാണ് ഇതിലെ കഥാപാത്രങ്ങൾ (ചോദകങ്ങൾ). ഭക്ഷണക്കൊതി, സഹോദരങ്ങളോടുള്ള സ്നേഹവൈരങ്ങൾ തുടങ്ങിയ ബാല്യകാല പ്രശ്നങ്ങൾ മനസ്സിലാക്കാൻ CAT ഉപയോഗിക്കുന്നു.

### 4. വാചാപൂർത്തീകരണപരീക്ഷ (Sentence Completion Test)

ചില പ്രത്യേക പദങ്ങൾ ഉൾക്കൊള്ളുന്ന വാക്യങ്ങൾ പൂർത്തിയാക്കുകയാണ് ഇതിൽ ചെയ്യേണ്ടത്. പൂർത്തിയാക്കാൻ വേണ്ടി തെരഞ്ഞെടുക്കുന്ന ആശയം വ്യക്തിത്വ സവിശേഷതകളായ അഭിപ്രേരണ മാനസികസംഘർഷം എന്നിവയൊക്കെ പ്രതിഫലിപ്പിക്കും എന്ന് കരുതപ്പെടുന്നു.

### 5. വ്യക്തിചിത്രീകരണ പരീക്ഷ (Draw a person test)

കടലാസ്സിൽ വരക്കുന്ന സ്ത്രീ-പുരുഷ ചിത്രങ്ങളുടെ അടിസ്ഥാനത്തിലാണ് വ്യക്തിത്വ നിർണയം നടത്തുന്നത്. ആദ്യ ചിത്രം വരക്കുകയും പിന്നീട് അതുപയോഗിച്ച് കഥ രചിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. ചിത്ര-കഥാരചനാ സന്ദർഭത്തിൽ വ്യക്തി തന്റെ മാനസിക സവിശേഷതകൾ പരോക്ഷമായി സൂചിപ്പിക്കും എന്നതാണ് ഇതിന്റെ അടിസ്ഥാനതത്വം.

## പ്രക്ഷേപണ പ്രവിധികളുടെ മെച്ചങ്ങളും കോട്ടങ്ങളും

**മെച്ചങ്ങൾ**

- മനസ്സിന്റെ അബോധതലത്തെ പരിഗണിക്കുന്നു.
- നിരക്ഷരരിലും മാപനം നടത്താം
- പ്രതികരണങ്ങൾ പൊതുവെ കൃത്യതയുള്ളതായിരിക്കും

**കോട്ടങ്ങൾ**

- ആത്മനിഷ്ഠത കൂടുതലായിരിക്കും
- മാനകീകരണത്തിന് വിഷമം നേരിടും
- കൂടുതൽ സമയം ആവശ്യമാണ്
- വിദഗ്ദ്ധനുമാത്രമേ മാപനം നടത്താൻ കഴിയൂ
- പ്രതികരണങ്ങളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാനിടയുണ്ട്.

**അതിവൈദഗ്ധ്യം നേടിയവർക്ക് മാത്രമേ പ്രക്ഷേപണ പ്രവിധികൾ ഉപയോഗിക്കാനും പ്രതികരണങ്ങളെ വ്യാഖ്യാനിക്കാനും കഴിയുകയുള്ളു. അതിനാൽ പഠിതാക്കളുടെ വ്യക്തിത്വമാപനത്തിന് ഇത്തരം സാമഗ്രികൾ ക്ലാസ്സിൽ ഉപയോഗിക്കരുത്.**

## Reflective Questions

1. വ്യക്തിത്വം എന്നത് ഒരു വ്യക്തിയുടെ വിശിഷ്ടമായ വ്യവഹാരത്തെയും ചിന്തയെയും നിർണ്ണയിക്കുന്ന ശാരീരിക മാനസിക സംവിധാനങ്ങളുടെ ചലനാത്മകമായ ആന്തരിക സംഘടനയാണ്- വ്യക്തിത്വത്തെ സംബന്ധിച്ച ജി.ഡബ്ല്യൂ.ആൽപ്പോർട്ടിന്റെ നിർവ്വചനത്തെ വിമർശനാത്മകമായി വിലയിരുത്തുക.
2. അഭിമുഖം, സോഷ്യാമെട്രി, റോഷാ മഷിയൊപ്പുപരീക്ഷ എന്നിവ വിവിധ വ്യക്തിത്വമാപനരീതികളാണ്. ഈ വ്യക്തിത്വമാപന രീതികൾക്കുള്ള മെച്ചങ്ങളും കോട്ടങ്ങളും എന്തൊക്കെയാണ്?
3. ഫ്രോയ്ഡിയൻ സങ്കൽപ്പമനുസരിച്ച് മനുഷ്യമനസ്സിലെ പോലീസ് ഫോഴ്സായി ഈഗോയെ കണക്കാക്കുന്നു. എന്തുകൊണ്ട്?
4. സിഗ്മണ്ട് ഫ്രോയ്ഡിന്റെയും കാൾറോജേഴ്സിന്റെയും വ്യക്തിത്വസമീപനങ്ങൾ താരതമ്യം ചെയ്യുക.
5. വ്യക്തിത്വത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം? വിശദീകരിക്കുക.

# യൂണിറ്റ് – 3

# സാമൂഹീകരണ സന്ദർഭങ്ങൾ

**സമയം : 15 മണിക്കൂർ**

## സാമൂഹീകരണം (Socialisation)

മനുഷ്യൻ ഒരു സമൂഹജീവിയാണെന്ന് നമുക്കറിയാം. മനുഷ്യപ്രകൃതം മനുഷ്യരിൽ വളരുന്നത് സമൂഹത്തിൽ ജീവിക്കുമ്പോഴും സഹജീവികളുമായി ഒരു സാധാരണ ജീവിതം പങ്കുവയ്ക്കുമ്പോഴുമാണ്. ഭൂമിയിൽ പിറന്നു വീഴുന്ന ഒരു ശിശുവിന് സംസാരിക്കാനോ നടക്കാനോ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനോ കഴിയുകയില്ല. നീണ്ടകാലത്തെ ശൈശവം മനുഷ്യർക്കുമാത്രമുള്ള പ്രത്യേകതയാണല്ലോ. ശൈശവത്തിന്റെ ആദ്യഘട്ടത്തിൽ തന്റെ ആവശ്യങ്ങളും വികാരങ്ങളുമെല്ലാം കരഞ്ഞുകൊണ്ട് പ്രകടിപ്പിക്കുന്ന ശിശു ക്രമേണ നടക്കാനും സംസാരിക്കാനുമൊക്കെ പഠിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ കുട്ടി വളരുമ്പോൾ കുടുംബത്തിലെയും സമൂഹത്തിലെയും പെരുമാറ്റരീതികളും മൂല്യങ്ങളും ചിട്ടവട്ടങ്ങളുമൊക്കെ സ്വായത്തമാക്കുന്നു. സാമൂഹ്യരീതികൾ പഠിക്കുന്നതിലൂടെ മനുഷ്യശിശു ഒരു സമൂഹജീവി എന്ന നിലയിലേക്ക് ഉയരുന്നു. ജൈവവ്യക്തിയിൽ നിന്നും സമൂഹ വ്യക്തിയിലേക്കുള്ള പരിണാമ പ്രക്രിയയാണ് സാമൂഹീകരണം (socialisation) എന്നു പറയുന്നത്. അതായത്, വ്യക്തിയെ സമൂഹത്തിന്റെ ഭാഗമായി ത്തീർക്കുന്ന പ്രക്രിയയാണ് സാമൂഹീകരണം എന്നു പറയാം. (The process of moulding and shaping the personality). ജീവിതാനുഭവങ്ങളുടെ സ്വാംശീകരണത്തിൽ നിന്നുമാണ് ഓരോ കുട്ടിയും ഓരോ മുതിർന്ന വ്യക്തിയായി രൂപാന്തരപ്പെടുന്നത്. വിവിധ ജീവിതാനുഭവങ്ങൾ നൽകുന്ന കുടുംബം സാമൂഹീകരണത്തിനു സഹായി ഒരു പ്രധാന ഏജൻസിയായി പ്രവർത്തിക്കുന്നു.

**Socialisation - ചില നിർവചനങ്ങൾ**

*Socialisation is the process of working together, of developing group responsibility, or being guided by the welfare needs of others.*

*.... Bogardus*

*Socialisation is the process by which the individual learns to conform to the norms of the group.*

*.... W.F.Ogburn*

*Socialisation is the process of transmission of culture the process whereby men learn the rules and practices of social groups.*

*.... Peter Worsley*

## കുടുംബവും സാമൂഹീകരണവും

സമൂഹത്തിന്റെ ഏറ്റവും ലളിതമായ, പ്രാഥമികരൂപമാണ് കുടുംബം. 'സമൂഹത്തിന്റെ അടിക്കല്ല്' ആയിട്ടാണ് പല സാമൂഹ്യശാസ്ത്രജ്ഞന്മാരും കുടുംബത്തെ പരിഗണിക്കുന്നത്. കൂടുമ്പോൾ ഇമ്പം (ഇഷ്ടം) ഉണ്ടാകുന്നിടമാണ് കുടുംബം എന്ന വ്യാഖ്യാനം പ്രസിദ്ധമാണ്. കുടുംബത്തിന് അനേകം ധർമ്മങ്ങൾ നിർവഹിക്കാനുണ്ട്. ലൈംഗികാവശ്യങ്ങളെ ശാശ്വതമായി തൃപ്തിപ്പെടുത്തൽ, കുട്ടികളുടെ പരിപാലനം, വീടൊരുക്കൽ, സാംസ്കാരിക പ്രസരണം, സാമൂഹീകരണം എന്നിവ ചില പ്രധാനപ്പെട്ട ധർമ്മങ്ങളാണ്. ഇതിൽ സാമൂഹീകണത്തവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാം.

സാമൂഹീകരണത്തിന്റെ തുടക്കം കുടുംബത്തിൽ നിന്നുമാണ്. കുടുംബം സാമൂഹീകരണത്തിന്റെ കേന്ദ്രമാണെന്നത് തർക്കമറ്റ കാര്യമാണ്. സ്വന്തം കൂട്ടത്തിന്റെ പെരുമാറ്റരീതികളുടെ സ്വാംശീകരണമാണ് അല്ലെങ്കിൽ മനസ്സിലാക്കലാണ് സാമൂഹീകരണം എന്ന നിലയിൽ അതിന്റെ ആദ്യ പാഠങ്ങൾ കാണുന്നതും പരിചയപ്പെടുന്നതും അനുഭവപ്പെടുന്നതുമൊക്കെ കുടുംബത്തിൽ വെച്ചാണ്. സാമൂഹ്യസ്വത്വത്തിന്റെ രൂപപ്പെടൽ, കുടുംബത്തിൽ വച്ച് ആരംഭിക്കുന്നുവെന്ന് C.H. Cooley അഭിപ്രായപ്പെട്ടിട്ടുണ്ട്. സ്നേഹം, സഹകരണം, അനുസരണ, അച്ചടക്കം, സഹിഷ്ണുത തുടങ്ങിയ ഗുണങ്ങൾ ശിശുവിൽ രൂപപ്പെടുന്നതും മെച്ചപ്പെടുന്നതും കുടുംബത്തിൽ നിന്നാണ്.

വ്യക്തിയുടെ മേൽ സമൂഹത്തിനുള്ള നിയന്ത്രണമാണ് സാമൂഹ്യനിയന്ത്രണം (Social Control). കുടുംബം എന്ന സാമൂഹ്യസ്ഥാപനം അതിലെ അംഗങ്ങളുടെ പ്രവൃത്തികളെ നിയന്ത്രിക്കുകയും തെറ്റായ പ്രവണതകളെയും രീതികളെയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. അതായത് ഇവിടെ കുടുംബമാണ് സാമൂഹ്യനിയന്ത്രണം നടപ്പാക്കുന്നത്.

കുടുംബത്തിൽ മുതിർന്നവരും കുട്ടികളും തമ്മിലുള്ള ബന്ധം എല്ലാ തലത്തിലും ആരോഗ്യകരമായിരിക്കണം. അനുകരണശീലം കുട്ടികൾക്ക് പൊതുവെ കൂടുതലാണ്. മുതിർന്നവരുടെ പെരുമാറ്റരീതികളും പ്രവൃത്തികളും മറ്റും കുട്ടികൾ അനുകരിക്കും. അണുകുടുംബവ്യവസ്ഥ പൊതുവെ പിന്തുടരുന്ന കേരളീയ കുടുംബത്തിൽ മാതാവിന്റെയും പിതാവിന്റെയും സ്വാധീനം വളരെ നിർണായകമാണ്. കുട്ടിയിൽ ഉള്ള സഹജവാസനകളെ ഉണർത്താൻ ഇവരുടെ സ്വാധീനം ഏറെ സഹായിക്കും. സമൂഹത്തിന്റെ സംസ്കാരത്തെ സംബന്ധിച്ച പ്രാഥമിക ധാരണകൾ സമ്മാനിക്കുന്നത് രക്ഷാകർത്താക്കളാണ്. സമാനപ്രക്രിയയിലൂടെ കടന്നുവരുന്ന സഹോദരീ സഹോദരീ സഹോദരനിൽ നിന്നും കൂടുതൽ അനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കുകയും ചെയ്യുന്നു.

**സമസംഘങ്ങളും സാമൂഹീകരണവും**

സാമൂഹീകരണത്തിന്റെ മുഖ്യ ഉപാധിയായി സമസമൂഹവും (Peer group) വർത്തിക്കും. ഒരേ പ്രായത്തിലുള്ള കുട്ടികളുടെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും വികാരങ്ങൾക്കും സമാനതകൾ ഉണ്ടായിരിക്കും. അതുകൊണ്ടുതന്നെ ഓരോ കുട്ടിയും തന്റെ ആവശ്യപൂർത്തീകരണത്തിനുവേണ്ടി പരസ്പരസഹകരണം തേടും. കൂട്ടുകാർക്കിടയിൽ സ്വീകാര്യനാവുക എന്നത് കുട്ടികളുടെ പ്രത്യേകിച്ചും കൗമാരക്കാരുടെ പ്രധാന സാമൂഹ്യാവശ്യമാണ്. ഇതിനുവേണ്ടി തന്റെ പെരുമാറ്റങ്ങളും അഭിരുചികളും മറ്റും പരിവർത്തനത്തിന് വിധേയമാക്കാൻ അവർ സ്വയം സന്നദ്ധരാകും. അതിനാൽ മറ്റാരെക്കാളും ഒരു കുട്ടിയെ സ്വാധീനിക്കാവുന്നത് അവന്റെ സഹപാഠിക്കോ സമപ്രായത്തിലുള്ള കൂട്ടുകാർക്കോ ആണ്. കൂട്ടുകാരാൽ അവഗണിക്കപ്പെടുന്ന കുട്ടികളുടെ സാമൂഹ്യവികാസം പൊതുവെ ആരോഗ്യകരമായിക്കണമെന്നില്ല. പലപ്പോഴും വ്യക്തിത്വ വികാസത്തെ ബാധിച്ച് സാമൂഹ്യമായ ഉൾവലിയലിനും വിഷാദരോഗത്തിനും മറ്റും അടിമപ്പെടാനും ഇടയുണ്ട്. സമൂഹത്തിന്റെ മൂല്യങ്ങളും ധാർമ്മികതയും വിശ്വാസങ്ങളും ആദർശങ്ങളും കുട്ടിയെ ബോധ്യപ്പെടുത്തുന്നതിനും വിശാലമായ ഈ ലോകത്തിന്റെ ഭാഗമായി വളർന്നുവരാൻ അവന് അവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും സമസംഘങ്ങൾക്ക് സാധിക്കും. അന്ത്യ ബാല്യഘട്ടത്തിലും കൗമാരത്തിലും സമസംഘങ്ങളിൽ ഉൾപ്പെടുന്നതിനും പ്രവർത്തിക്കുന്നതിനും കൂടുതൽ താൽപര്യം കാണിക്കുന്നു. അതിനാൽ ഈ ഘട്ടത്തിലുള്ള സാമൂഹികരണപ്രക്രിയയിലൂടെ ഗുണദോഷങ്ങൾ നിർണയിക്കുന്നത് സമസംഘങ്ങൾ തന്നെയാണ്.

*ഒന്നാം സെമിസ്റ്ററിലെ “വളർച്ചയും വികാസവും” എന്ന യൂണിറ്റിൽ പ്രതിപാദിച്ചിട്ടുള്ള എറിക്.എച്ച്. എറിക്സണിന്റെയും ആൽബർട്ട് ബന്ദൂരയുടെയും സാമൂഹ്യവികാസ സങ്കൽപങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുക.*

**സാമൂഹീകരണം ഒരു വിദ്യാഭ്യാസ ലക്ഷ്യം എന്ന നിലയിൽ**

സാമൂഹീകരണത്തിന്റെ ബാലപാഠങ്ങൾക്ക് തുടക്കമിടുന്നത് കുടുംബത്തിൽ നിന്നാണ്. വിദ്യാലയത്തിൽ എത്തുന്നതോടുകൂടി സമപ്രായക്കാരുടെ കൂടെ ഇടപഴകുന്നതിനും ജീവിതവിജയത്തിന് അനുയോജ്യമായ സാമൂഹ്യനൈപുണികൾ നേടിയെടുക്കുന്നതിനും സാധിക്കേണ്ടതാണ്. വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം ഏറ്റവും മികച്ച സാമൂഹ്യജീവിയായി ഒരു വ്യക്തിയെ മാറ്റിയെടുക്കുക എന്നതാണ്. താൻ ജീവിക്കുന്ന സമൂഹത്തിൽ ഇടപെടാനും സന്തോഷപ്രദവും പ്രയോജനപ്രദവുമായ ഒരു സാമൂഹ്യജീവിതം നയിക്കാനുള്ള ശേഷികളും മനോഭാവങ്ങളും വിദ്യാഭ്യാസത്തിലൂടെ കുട്ടി നേടിയെടുക്കേണ്ടതുണ്ട്. ചുരുക്കത്തിൽ വിദ്യാഭ്യാസത്തിലൂടെ സാമൂഹീകരണം നടക്കേണ്ടതുണ്ട്. ഈ സാമൂഹീകരണ പ്രക്രിയ രണ്ട് വിധത്തിൽ നിർവഹിക്കപ്പെടാറുണ്ട്.

(1) Enculturation (സംസ്കാരസ്വീകരണം/സാംസ്ക്കാരീകരണം)

(2) Acculturation (സംസ്കാര സമന്വയം)

ഒരു സാമൂഹ്യസാഹചര്യത്തിൽ ജീവിക്കുന്നതിനായി ആ സമൂഹത്തിന്റെ അല്ലെങ്കിൽ ആ സവിശേഷ സംസ്കാരത്തിന്റെ മൂല്യങ്ങൾ, ആചാര മര്യാദകൾ വ്യവഹാര പെരുമാറ്റ സവിശേഷതകൾ എന്നിവ നേടിയെടുക്കും. ഈ പ്രക്രിയയാണ് Enculturation (സംസ്കാരസ്വീകരണം) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

> *Enculturation is the process by which people learn the requirements of their surrounding culture and acquire values and behaviours appropriate or necessary in that culture.*

സംസ്കാര സ്വീകരണത്തിലൂടെ താൻ ജീവിക്കുന്ന സമൂഹത്തിൽ കൂടുതൽ അനുയോജ്യനായി തീരുകയാണ് ചെയ്യുന്നത്. ഇതിനായി തന്റെ സ്വഭാവത്തെയും പെരുമാറ്റ സവിശേഷതകളെയും മറ്റും താൻ ജീവിക്കുന്ന സാമൂഹ്യസാഹചര്യങ്ങൾക്കനുസരിച്ച് മാറ്റം വരുത്തുകയോ വികസിപ്പിച്ചെടുക്കുകയോ ചെയ്തേക്കാം. ഒരു സമൂഹത്തിന്റെ നിലവിലുള്ള സാമൂഹ്യമൂല്യങ്ങളെയും ചിട്ടവട്ടങ്ങളെയും മാമൂലുകളെയും സ്വായത്തമാക്കുന്നതിലൂടെ സമൂഹത്തിന് യോജിച്ചവനായിത്തീരുകയും ചെയ്യുന്നു. ഒരു കുട്ടി മുതിർന്നുവരുമ്പോൾ അവന്റെ സാമൂഹ്യപരിസരത്തിനനുസരിച്ചുള്ള മൂല്യബോധം, ഭാഷ, വസ്ത്രധാരണം, ആചാരാനുഷ്ഠാനങ്ങൾ, പെരുമാറ്റ രീതികൾ എന്നിവ സ്വീകരിക്കുന്നത് Enculturation ന് ഉദാഹരണമാണ്.

സംസ്കാരം മാറ്റത്തിന് വിധേയമായിക്കൊണ്ടേയിരിക്കും. ഒരു സമൂഹത്തിന്റെ സാംസ്കാരിക മൂല്യങ്ങളെക്കാൾ മെച്ചപ്പെട്ടത് മറ്റൊരു സമൂഹത്തിൽ നിലനിൽക്കുന്നുണ്ടാവും. അങ്ങനെ വരുമ്പോൾ മെച്ചപ്പെട്ട സംസ്കാരസവിശേഷതകളും മൂല്യങ്ങളും മറ്റും അന്യ സമൂഹങ്ങളിൽ നിന്നും സ്വീകരിക്കും. ഈ പ്രക്രിയയാണ് Acculturation (സംസ്കാരസമന്വയം) എന്നറിയപ്പെടുന്നത്. നമ്മുടെ വസ്ത്രധാരണത്തിലും ഭക്ഷണരീതികളിലും മൂല്യസങ്കല്പങ്ങളിലും മറ്റും പാശ്ചാത്യ സ്വാധീനം കാണാം. ഇതിനു കാരണം നമ്മുടെ സമൂഹത്തിന് പ്രസ്തുത കാര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ടതും സ്വീകാര്യമായതും ആയതിനാലാണ്. ഇതുപോലെ പൗരസ്ത്യ. ഭാരതീയ സ്വാധീനം പാശ്ചാത്യരുടെ ജീവിതരീതികളിലും കാണാം. സംസ്കാര സമന്വയത്തിൽ (Acculturation) വിവിധ സംസ്കാര സവിശേഷതകൾ കൂട്ടിയോജിക്കുന്ന പ്രക്രിയയാണ് നടക്കുന്നത്. ഓരോ സമൂഹത്തിന്റെയും പ്രത്യേകൾക്കനുസരിച്ച് സാമൂഹീകരണത്തിന്റെ തോതും മാനവും മാറും.

## കാര്യക്ഷമമായ രക്ഷകർതൃത്വം

*ശിശുക്കൾ നിങ്ങളിൽ നിന്ന് വന്നവരല്ല. നിങ്ങളിലൂടെ വന്നവരത്രേ. അവർക്ക് ഈ ഭൂമിയിലേക്കു കടക്കുവാനായി ദൈവം തുറന്നുകൊടുത്തവാതിലുകളത്രെ നിങ്ങൾ. നിങ്ങൾ അവരിലൂടെ ജീവിക്കാൻ ശ്രമിക്കരുത്. അവർക്കുവേണ്ടിയും ജീവിക്കേണ്ട. അവരോടൊപ്പം ജീവിക്കുക. നിങ്ങളുടെ നിമിഷങ്ങൾ അവരോടൊത്തു പങ്കുവയ്ക്കൂ. അവർക്കുവേണ്ടി കാവലിരിക്കേണ്ട. കാവൽ നിങ്ങളുടെ ജീവിതമൂല്യങ്ങൾക്കത്രേ വേണ്ടത്.*

*ഖലീൽ ജിബ്രാൻ*

ഓരോ കുഞ്ഞും ജനിക്കുന്നതോടൊപ്പം മറ്റു രണ്ടു ജനനങ്ങൾ കൂടി നടക്കുന്നുണ്ട്. ഒരച്ഛന്റെയും ഒരമ്മയുടെയും ജനനം കുട്ടി ജനിക്കുന്നതതോടെ ഭാര്യ അമ്മയായും ഭർത്താവ് അച്ഛനായും വളരേണ്ടതാണ്. ഈ വളർച്ച എത്രപേരിൽ സംഭവിക്കുന്നുണ്ട്. ഉണ്ടെങ്കിൽത്തന്നെ എത്രത്തോളം? കുട്ടികളുടെ മാനസികവളർച്ചയെ നിർണായകമായി സ്വാധീനിക്കുന്ന ഘടകങ്ങളാണ് രക്ഷാകർത്താക്കളുടെ ഇടപെടലും കുടുംബാന്തരീക്ഷവും. അധ്യാപകന്റെ മുമ്പിലിരിക്കുന്ന കുട്ടി ഒരു കുടുംബ സാഹചര്യത്തിന്റെ സൃഷ്ടികൂടിയാണ്. അവന്റെ അച്ഛനും അമ്മയും ഏതു പ്രകൃതക്കാരനാണ് കുട്ടിയോടുള്ള അവരുടെ ഇടപെടൽ എപ്രകാരമാണ് മാതാപിതാക്കളുമായുള്ള ബന്ധം എങ്ങനെയാണ് കുട്ടിയെ സ്വാധീനിച്ചിരിക്കുന്നത് ഇക്കാര്യങ്ങളെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ ധാരണ ടീച്ചർക്കുണ്ടാവണം. രക്ഷാകർത്തൃത്വത്തെക്കുറിച്ചുള്ള ധാരണ ഉണ്ടെങ്കിൽ മാത്രമേ ഒരു കുട്ടിയെ പൂർണമായി വിലയിരുത്താൻ സാധിക്കുകയുള്ളൂ. കുട്ടിയുടെ മാനസിക നിലയെക്കുറിച്ചും അത് ഇന്നത്തെ നിലയിലെങ്ങനെയെത്തിയെന്നതിനെക്കുറിച്ചും മനസ്സിലാക്കണമെങ്കിൽ രക്ഷാകർത്തൃത്വം കുട്ടിയെ എങ്ങനെയൊക്കെ സ്വാധീനിച്ചിട്ടുണ്ടെന്ന് ടീച്ചർ മനസ്സിലാക്കണം. കുട്ടിയെ അറിയാൻ ശ്രമിക്കുന്നതുപോലെ അവന്റെ രക്ഷിതാക്കളെയും കുടുംബ സാഹചര്യത്തെയും കൂടി അറിയാൻ ശ്രമിക്കേണ്ടതുണ്ട്.

## രക്ഷാകർത്തൃത്വത്തിന്റെ പ്രാധാന്യം

നമ്മുടെ മുമ്പിലിരിക്കുന്ന കുട്ടികളെല്ലാം ഒരേ സ്വഭാവഘടനയും പെരുമാറ്റരീതിയും ഉള്ളവരല്ല. അവരിൽ സൗമ്യശീലരും കുസൃതിക്കാരും സത്യസന്ധരും വക്രബുദ്ധിക്കാരുമൊക്കെയുണ്ടാവും. എന്താണ് ഈ വൈവിധ്യത്തിന് കാരണം? കാരണങ്ങൾ പലതാവാമെങ്കിലും അവയിൽ പ്രധാനപ്പെട്ടവ അച്ഛനമ്മമാരിലൂടെ ഉരുത്തിരിഞ്ഞു കിട്ടുന്ന പാരമ്പര്യഘടകവും കുട്ടികൾ വളർന്നുവരുന്ന കുടുംബ സാഹചര്യവുമാണ്. ബാല്യകാലത്തെ കുടുംബബന്ധങ്ങളിലെ താളക്കേടുകൾ ഒരു വ്യക്തിയുടെ ജീവിതത്തെ അങ്ങോളം പിന്തുടരും. ഇക്കാര്യം നമ്മുടെ രക്ഷിതാക്കൾ വേണ്ടത്ര ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്. ഒരു കുട്ടിയുടെ മാനസികഘടന നിശ്ചയിക്കുന്ന പാരമ്പര്യഘടകത്തെ തിരുത്തിയെടുക്കാൻ നമുക്കാർക്കും സാധ്യമല്ലല്ലോ. പക്ഷേ രക്ഷാകർത്താക്കളുടടെ നിലപാടും ഇടപെടലുകളും ഗുണപരമായി നിയന്ത്രിക്കുവാനും തിരുത്താനും ടീച്ചർക്ക് സാധിക്കണം. മണ്ണ് മരത്തിന്റെ വളർച്ചയെ എന്നപോലെ കുട്ടിയുടടെ മാനസികവളർച്ചയെ ഗാഢമായി സ്വാധീനിക്കുന്ന ഘടകമാണ് രക്ഷാകർത്തൃത്വം.

നിസ്സാര പ്രശ്നങ്ങളുടെ മുന്നിൽപോലും പതറിപ്പോവുന്ന ധാരാളം കുട്ടികൾ നമുക്ക് ചുറ്റുമുണ്ട്. അധ്യാപകർ അപ്രിയമായതെന്തോ പറഞ്ഞതിന്റെ പേരിൽ ക്ലാസിൽ വരാൻ മടിക്കുന്നവരും ഉണ്ട്. സമയത്തിന് പരീക്ഷയെഴുതിത്തീർക്കാൻ പറ്റാത്ത വേവലാതിയിൽ ജീവിതം അവസാനിപ്പിക്കാൻ തുനിയുന്നവർ പോലുമുണ്ട്. കുട്ടികൾ എന്തുകൊണ്ടാണിങ്ങനെ പെരുമാറുന്നത് എന്ന ചോദ്യത്തിന്റെ ഉത്തരം ലഭിക്കുക ചിലപ്പോൾ കുട്ടിയുടെ വീട്ടിനകത്തുനിന്നാവാം. കുട്ടിയുടെ ആത്മവിശ്വാസം തകർത്തുകളയുന്നത് രക്ഷാകർത്താക്കളുടെ നിലയോ നിലപാടു

കളോ ആവാം. മാതാപിതാക്കൾ പ്രതിസന്ധികൾക്കു മുമ്പിൽ പതറിപ്പകച്ചു നിൽക്കുന്നവാര ണെങ്കിൽ കുട്ടികളും അത്തരക്കാരായി വളരാനിടയുണ്ട്. ഇവിടെ രക്ഷാകർത്തൃത്വത്തിന്റെ പ്രശ്നമാണ് കുട്ടിയുടെ വ്യക്തിത്വ പ്രശ്നമായി മാറുന്നത്.

**രക്ഷാകർതൃത്വ രീതികൾ**

- കുട്ടികളോടുള്ള രക്ഷിതാക്കളുടെ സമീപനം എത്തരത്തിലുള്ളതാണെന്നു നിരീക്ഷിക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ?
- ശാസനയും ശിക്ഷയുമാണോ കുട്ടികളെ നന്നാക്കിയെടുക്കാൻ രക്ഷിതാക്കളവലംബിക്കേണ്ട മാർഗ്ഗങ്ങൾ?
- നിരുപാധികാമായ സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്താൽ എന്തെങ്കിലും ദോഷങ്ങൾ ഉണ്ടോ? ഗുണങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെയാണ്?
- എന്താണ് കാര്യക്ഷമവും ഗുണകരവുമായ രക്ഷാകർത്തൃനിലപാട് അഥവാ രക്ഷാകർത്തൃ രീതി.

മക്കളെ വളർത്തുമ്പോൾ പാലിക്കേണ്ട കല്പനകളെന്തൊക്കയെന്നോ സ്വീകരിക്കേണ്ട നിലപാടുകൾ എന്തൊക്കെയെന്നോ കൃത്യമായി നിർവചിക്കുക സാധ്യമല്ല. എങ്കിലും അച്ഛനമ്മമാരെടുക്കുന്ന നിലപാടുകളനുസരിച്ച് പേരന്റിങ്ങിനെ നാലായി തിരിക്കാറുണ്ട്.

(1) **സ്വേച്ഛാധിപത്യ രക്ഷാകർത്തൃത്വം** : (Authoritarian parenting) രക്ഷിതാക്കളുടെ കാഴ്ചപ്പാടുകൾ കർക്കശമായി അടിച്ചേൽപ്പിക്കുന്ന പാരന്റിങ്ങ് രീതി.

(2) **ഉദാരരക്ഷാകർത്തൃത്വം**: (Permissive parenting) നിയന്ത്രണങ്ങളില്ലാതെ, സർവ്വ സ്വാതന്ത്ര്യവും കുട്ടികൾക്ക് നൽകുന്ന പാരന്റിംങ്ങ് രീതി.

(3) **നിസ്സംഗരക്ഷാകർത്തൃത്വം** : (Negligent prenting) കുട്ടികളുടെ കാര്യത്തിൽ ഒന്നിലും ഇടപെടാതിരിക്കുകയും വേണ്ടത്ര താൽപര്യവും ശ്രദ്ധയും നൽകാതിരിക്കുന്ന പാരന്റിങ്ങ് രീതി.

(4) **ജനാധിപത്യരക്ഷാകർത്തൃത്വം** : (Democratic parenting) കുട്ടികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നിർവഹിച്ചുകൊടുക്കുകയും സ്വയം വിലയിരുത്തി കാര്യങ്ങൾ തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കു നൽകുന്ന പാരന്റിങ്ങ് രീതി.

**പഠിതാക്കളോട്**

സഹരക്ഷാകർത്താവ് (mentor) എന്ന നിലയിൽ ക്ലാസ്സിൽ അധ്യാപികയുടെ റോൾ നാം മുൻപ് ചർച്ച ചെയ്തിട്ടുണ്ട്. ഇവിടെ അതിന്റെ പ്രസക്തിയെന്താണ്?

- ഈ നാല് രീതികളിൽ ഏതാണ് സ്വീകാര്യമായതെന്ന് വിലയിരുത്താമോ?

കുടുംബത്തിനകത്ത് ജനാധിപത്യത്തിന്റെ അന്തരീക്ഷമാണ് നിലനിൽകേകണ്ടത്. എല്ലാവരുടെയും താൽപര്യങ്ങളും നിലപാടുകളും വിലമതിക്കപ്പെടണം. ആരും ഒന്നും അടിച്ചേൽപ്പിക്കേണ്ടതില്ല. പരസ്പരം മനസ്സിലാക്കി ഉചിതമായ തീരുമാനത്തിലെത്തണം.

- ഒരേ അച്ഛനമ്മമാർ ഒരേ സാഹചര്യത്തിൽ വളർത്തുന്ന കുട്ടികൾ വിഭിന്ന സ്വഭാവം കാണിക്കുന്നതെന്തുകൊണ്ട്/

- കുട്ടികളുടെ വ്യക്തിവ്യത്യാസങ്ങൾ
- ജനനക്രമം
- അവർ തമ്മിലുള്ള മത്സരവും സഹകരണവും
- 
- 

**ഗൃഹാന്തരീക്ഷത്തിന്റെ സ്വഭാവം എങ്ങനെയായിരിക്കണം?**

- കുടുംബാംഗങ്ങൾ തമ്മിലുള്ള സുതാര്യമായ ആശയ വിനിമയം
- പരസ്പരം അംഗീകരിക്കൽ
- കുട്ടികളോടുള്ള സൗഹൃദപൂർണമായ ഇടപെടൽ
- ഭിന്നാഭിപ്രായങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടൽ ഒഴിവാക്കി ചർച്ച ചെയ്യൽ

മേൽപ്പറഞ്ഞ കാര്യങ്ങൾ സ്വയം ബോധ്യപ്പെടാൻ നിങ്ങളുടെ കൗമാരത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടമാകാം.

- നിങ്ങളുടെ കുടുംബാന്തരീക്ഷം എങ്ങനെയായിരുന്നു?
- മാതാപിതാക്കളുടെ സമീപനം എങ്ങനെയായിരുന്നു?
- വീട്ടിൽ വെച്ച് നല്ലതും ചീത്തയും ആയ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ?
- കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നു കുടുംബകാര്യങ്ങൾ സംസാരിച്ചിരുന്നുവോ?
- നിങ്ങളുടെ അഭിപ്രായങ്ങൾ മുതിർന്നവർ താൽപര്യപൂർവ്വം പരിഗണിച്ചിരുന്നുവോ?
- തെറ്റുകൾക്ക് കനത്ത ശിക്ഷകൾ ഏൽക്കേണ്ടിവന്നിരുന്നോ?
- അതിഥികളോട് നിങ്ങളെക്കുറിച്ച് എങ്ങനെയുള്ള അഭിപ്രായമാണ് മാതാപിതാക്കൾ പറഞ്ഞിരുന്നത്?
- കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നാണോ ഭക്ഷണം കഴിച്ചിരുന്നത്?
- കുടുംബപരമായ എന്തെങ്കിലും ഉത്തരവാദിത്വങ്ങൾ നിങ്ങളെ ഏൽപ്പിച്ചിട്ടുണ്ടോ? ഏതൊക്കെ?

മേൽപ്പറഞ്ഞ ചോദ്യങ്ങൾ പ്രയോജനപ്പെടുത്തി ആത്മപരിശോധന നടത്തി അന്നത്തെ കുടുംബചുറ്റുപാടിൽ നിന്ന് വളർന്നുവന്ന നിങ്ങളുടെ സ്വഭാവഘടനയുടെ മേന്മകളും വൈകല്യങ്ങളും ഒന്നും കൂടി വേർതിരിച്ചുകണ്ടെത്തു.

തുടർന്ന്

അന്നത്തെ കുടുംബാന്തരീക്ഷത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരേണ്ടിയിരുന്നത് എന്ന് കണ്ടെത്തി കുടുംബാന്തരീക്ഷം ആരോഗ്യകരമാക്കാനുള്ള ചില മാർഗങ്ങൾ രൂപീകരിക്കുക. കുട്ടികളുടെ അവകാശവുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യാവുന്നതാണ്.

**രക്ഷകർതൃത്വസിദ്ധികൾ**

"എന്റെ മകൾ നല്ല ആത്മവിശ്വാസമുള്ള വിദ്യാർത്ഥിനിയാവാൻ ഞങ്ങൾ വീട്ടിൽ എന്താണ് ചെയ്യേണ്ടത്?" - ഒരു രക്ഷിതാവ് നിങ്ങളോട് ചോദിക്കുന്നുവെന്ന് കരുതുക. നിങ്ങൾ എന്തു മറുപടി നൽകും?

കുട്ടികളും മാതാപിതാക്കളുമായി സുതാര്യമായ ആശയ വിനിമയം നടക്കണമെന്നത് വളരെ പ്രധാനമാണ്. ചില കുട്ടികൾ അച്ഛനെ കാര്യങ്ങളറിയിക്കുന്നത് അമ്മ വഴിയാണ്. അമ്മയെ സന്ദേശവാഹകയാക്കി അച്ഛന്റെ പ്രതികരണത്തിനുവേണ്ടി ഉത്ക്കണ്ഠയോടെ കാത്തിരിക്കുന്ന കുട്ടിക്ക് മറ്റുള്ളവരോടെങ്ങനെ ആത്മവിശ്വാസത്തോടെ ഇടപെടാൻ പറ്റും? അകലം സൃഷ്ടിച്ച് ആദരം നേടാൻ ശ്രമിക്കുന്ന അച്ഛൻ ആത്മബലം നഷ്ടപ്പെട്ട ഒരു മകനെ/മകളെയാണ് സൃഷ്ടിക്കുന്നത്. കുട്ടിക്ക് വൈകാരിക പിന്തുണ നൽകേണ്ട ബാധ്യത മാതാപിതാക്കൾക്കുണ്ട്. താൻ അനുഭവിക്കുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും പങ്കുവയ്ക്കാൻ കുട്ടികൾ ആഗ്രഹിക്കുന്നു. അവർ പറയുന്നത് അനുഭാവപൂർവം കേൾക്കാൻ അച്ഛനുമമ്മയും തയ്യാറാവണം. കുട്ടിക്ക് വൈകാരിക പിന്തുണയും കുട്ടിയുടെ പ്രശ്നങ്ങൾക്കു പ്രായോഗികമായ പരിഹാരവും നൽകാൻ അച്ഛനമ്മമാർ തയ്യാറായിരിക്കണം. സന്ദർഭത്തിനും സാഹചര്യത്തിനും അനുസൃതമായി കുടുംബത്തിൽ വൈകാരിക പ്രാധാന്യമുള്ള (affective and expressive) പങ്കും കാര്യനിർവ്വഹണത്തിന്റെ പങ്കും മാതാപിതാക്കൾ മാറി മാറി ഏറ്റെടുക്കേണ്ടതുണ്ട്.

**ആശയ വിനിമയം, പരസ്പരവിശ്വാസം, പങ്കാളിത്തം (Communication, Trust, Sharing)**

ആശയവിനിമയത്തെക്കുറിച്ച് മിക്ക രക്ഷിതാക്കൾക്കുമുള്ള ധാരണ വികലമാണ്. 'മക്കളോട് അവരുടെ ആവശ്യങ്ങൾ ചോദിച്ചറിയാറുണ്ട്. കാര്യങ്ങൾ ചെയ്തുകൊടുക്കാറുണ്ട് ഇത്രയൊക്കെ പോരേ' എന്നാണ് പലരുടെയും നിലപാട്. മക്കളുമായി കേവലം കാര്യമാത്രപ്രസക്തമായ വാചിക ഇടപാടുകൾ മാത്രം നടത്തുന്നത് ഏറെ ഗുണം ചെയ്യില്ല. സ്വതന്ത്രമായ അന്തരീക്ഷത്തിൽ പരസ്പര വിശ്വാസത്തോടെയും സ്നേഹത്തോടെയും കുടുംബാംഗങ്ങൾ തമ്മിൽ ആശയ വിനിമയം നടക്കണം. അത്തരം വേദികളിൽ കുട്ടികൾക്ക് അവരുടെ മാനസിക സംഘർഷങ്ങൾ വെളിപ്പെടുത്താനുള്ള അവസരങ്ങൾ നൽകണം അതു നിരുപാധികമായി സ്വീകരിക്കാൻ രക്ഷിതാക്കൾക്കു സാധിച്ചാൽത്തന്നെ കുട്ടികളുടെ പ്രശ്നങ്ങൾ ഒരു പരിധിയോളം പരിഹരിക്കപ്പെടും. ഒന്നിച്ചിരുന്നു സംസാരിക്കുമ്പോൾ ഞാൻ ഒറ്റയ്ക്കല്ലെന്ന സുരക്ഷിതത്വചിന്ത കുട്ടിയിലുണ്ടാവും. പ്രശ്നങ്ങൾ കുടുംബ പങ്കാളിത്തത്തോടെ ഏറ്റെടുത്താൽ കുട്ടിയുടെ സമ്മർദ്ദം ലഘൂകരിക്കപ്പെടും. ആശയവിനിമയവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

- കുടുംബാംഗങ്ങൾ തമ്മിൽ നേരിട്ട് ആശയവിനിമയം നടത്തണം. പരസ്പരം അകലം പാലിച്ചുകൊണ്ടല്ല വീടുകളിൽ അച്ചടക്കം നടപ്പാക്കേണ്ടത്.
- ആശയവിനിമയമെന്നാൽ കാര്യങ്ങൾ പരസ്പരം പങ്കുവയ്ക്കലാണ്. വെറും ബഹളം വയ്ക്കലോ ഒറ്റപ്പെടുത്തലോ അല്ല.
- ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുക
- കുടുംബത്തെ സംബന്ധിച്ച നിർണായക തീരുമാനങ്ങൾ എല്ലാവരും പരസ്പരം പറഞ്ഞും അറിഞ്ഞും ജനാധിപത്യ രീതിയിലാണ് കൈക്കൊള്ളേണ്ടത്.
- ദൈനംദിന കാര്യങ്ങളും കുടുംബസദസ്സിൽ ചർച്ച ചെയ്യണം.
- കുടുംബത്തിൽ വേണ്ടത്ര സമയം ചെലവഴിക്കാൻ അച്ഛനമ്മമാർക്ക് സാധിക്കണം. തിരക്കുള്ളവരാണെങ്കിൽ വീട്ടിൽ ചെലവഴിക്കുന്നത്ര സമയം ഫലപ്രദമായി ഉപയോഗിക്കണം. സമയം (Quality time) കൂടുതലും കുട്ടികൾക്കൊപ്പം ചെലവഴിക്കാൻ ശ്രദ്ധിക്കണം.
- ഫലപ്രദമായ സമയ വിനിയോഗം അനുവർത്തിക്കുന്നത് നന്നായിരിക്കും. ആഴ്ചയിലൊരിക്കൽ എല്ലാവരും കൂടി ഒരു ബന്ധുവീട് സന്ദർശിക്കുക, ഒന്നിച്ച് പാർക്കിൽ പോവുക തുടങ്ങിയ ചിട്ടകൾ കുടുംബാന്തരീക്ഷം ഉല്ലാസപ്രദമാക്കാൻ സഹായകമാവും.

**സ്നേഹം പ്രകടിപ്പിക്കുക**

സ്നേഹം നിലവറയിലെ നിധിപോലെ ഒളിച്ചു വയ്ക്കേണ്ടതാണെന്ന് കരുതുന്ന രക്ഷിതാക്കൾ ധാരാളമുണ്ട്. സ്നേഹപ്രകടനം കുട്ടിയെ ചീത്തയാക്കും എന്നാണവരുടെ വിശ്വാസം. ഈ ധാരണ തിരുത്തപ്പെടേണ്ടതാണ്. വിത്തുപോലെ മണ്ണിലൊളിച്ചുകിടക്കേണ്ടതല്ല, പൂവുപോലെ വിരിഞ്ഞ് ആഹ്ലാദം പരത്തേണ്ടതാണ് സ്നേഹം. കുട്ടികൾക്ക് സ്നേഹം അനുഭവിച്ചറിയാനുള്ള അവസരം ലഭിക്കണം. തോളിൽ കയ്യിട്ട് കൂടെ നടന്നാൽ, നെറ്റിയിലൊരു ഉമ്മ നൽകിയാൽ അച്ഛന്റെ സ്ഥാനമഹിമ തകർന്നുപോകില്ല. അപ്പോൾ കുട്ടിയിലേക്ക് ഉന്മേഷത്തിന്റെയും സുരക്ഷിതത്വത്തിന്റെയും പ്രകാശത്തിര പ്രവഹിക്കും. കുട്ടിയെ സ്നേഹിക്കുക, സ്നേഹിക്കുന്നുണ്ടെന്ന് അവരെ അറിയിക്കുക, ഉപാധികളില്ലാത്ത സ്നേഹത്തിന്റെ ഉറവിടങ്ങൾ അച്ഛനമ്മമാരല്ലാതെ മറ്റാരാണ്? ഈ സന്ദേശം നമ്മുടെ രക്ഷിതാക്കളിലെത്തിക്കണം.

**മനസ്സിലാക്കൽ, വിലവയ്ക്കൽ, അനുഭാവം**

'ഞാൻ പറയുന്നതൊന്നും അവൻ/അവൾ മനസ്സിലാക്കുന്നില്ല. അവൻ/അവൾ പറയുന്നതൊന്നും എനിക്കുൾക്കൊള്ളാൻ പറ്റുന്നില്ല' എന്നത് രക്ഷിതാക്കളുടെ സ്ഥിരം പരാതിയാണ്. ഇവിടെ പ്രശ്നം മക്കളെ മനസിലാക്കാൻ ശ്രമിക്കാത്ത രക്ഷിതാവിന്റേതുതന്നെയാണ്. രക്ഷിതാവിന്റെ ആശയങ്ങൾ, അഭിരുചികൾ, പരിഗണനകൾ ഇവയിൽ നിന്നു വ്യത്യസ്തമായ മറ്റൊരു ലോകത്താണ് പുതിയ തലമുറയിലെ കുട്ടി ജീവിക്കുന്നത്. അവന്റെ ലോകം എന്താണെന്നു മനസ്സിലാക്കാനുള്ള സഹിഷ്ണുത രക്ഷാകർത്താവ് നേടേണ്ടതുണ്ട്. അവരുടെ ഇഷ്ടാനിഷ്ടങ്ങൾ അതേപോലെ അംഗീകരിക്കണം എന്ന് ഇതിനർഥമില്ല. കുട്ടികളുടെ താൽപര്യങ്ങളും പ്രശ്നങ്ങളും അറിയാനും അർഹമായ പരിഗണന അവയ്ക്കു നൽകാനും രക്ഷിതാവിനു കഴിയണം. കുട്ടികളുടെ പ്രശ്നങ്ങളെ നിസ്സാരവൽക്കരിച്ചു. തള്ളിക്കളയുന്നതു ശരിയായ സമീപനമല്ല. ഒരു കൂട്ടുകാരി വീടുമാറിപ്പോയതിൽ മകൾ ഇത്രയധികം ദുഃഖിക്കേണ്ടതെന്തിനെന്ന് അച്ഛനമ്മമാർ അത്ഭുതപ്പെടാറുണ്ട്. പക്ഷെ കുട്ടിയെ സംബന്ധിച്ചിടത്തോളം അതു വലിയ പ്രശ്നമാണ്. അക്കാര്യം മനസ്സിലാക്കാനും അംഗീകരിക്കാനും രക്ഷിതാവ് തയ്യാറാവണം പ്രശ്നത്തെ അതിജീവിക്കാൻ പറ്റും വിധമുള്ള മാനസികപിന്തുണ രക്ഷിതാവിൽ നിന്ന് കുട്ടിക്കു ലഭിക്കണം.

**നല്ല ശീലങ്ങളും അച്ചടക്കവും**

ചൂരൽ കൊണ്ടു മാത്രം ഒരു കുട്ടിയെ ഉത്തമപൗരനാക്കിയെടുക്കാമെന്ന മൂഢവിശ്വാസത്തിൽ നിന്ന് രക്ഷിതാക്കളെ നാം മോചിപ്പിക്കണം. ശാരീരിക ശിക്ഷ കുട്ടിയിൽ ആശങ്ക, ദേഷ്യം, വൈരാഗ്യം, അക്രമവാസന എന്നീ വിപരീത പ്രവണതകൾ ഉണ്ടാക്കും. ശിക്ഷയോടുള്ള പ്രതിഷേധമാണ് കുട്ടിയിൽ നിറയുക. തന്റെ പിഴവിനെക്കുറിച്ചുള്ള വീണ്ടുവിചാരം ഉണ്ടാവുകയില്ല. ശിക്ഷിച്ച ആളെ ശത്രുവായി കരുതുകമൂലം ആശയങ്ങളോടുള്ള വ്യക്തിബന്ധത്തിനു ശൈഥില്യം സംഭവിക്കും രക്ഷിതാക്കൾക്ക് എളുപ്പത്തിൽ നടപ്പിലാക്കാവുന്ന ശിക്ഷണ രീതി പ്രോത്സാഹനം/നിരുത്സാഹപ്പെടുത്തൽ ആണ്. നല്ല പ്രവണതകൾ പ്രോത്സാഹിപ്പിക്കുക, അല്ലാത്തവ നിരുത്സാഹപ്പെടുത്തുക. പ്രോത്സാഹനത്തിന് അഭിനന്ദന സൂചകമായ ഒരു വാക്ക് തന്നെ ഏറെ ഗുണം ചെയ്യും. എല്ലാ കുറ്റങ്ങൾക്കും ഒരേ തരം ശിക്ഷയാവുന്നത് ശരിയല്ല. ശിക്ഷണ നടപടികൾ കുറ്റത്തിന്റെ ഗൗരവത്തിന് ആനുപാതികമായിരിക്കണം. ഇക്കാര്യം കുട്ടിക്കു ബോധ്യപ്പെടുകയും വേണം. ഒരേ കുറ്റം എല്ലായ്പ്പോഴും ഒരേ പോലെ പരിഗണിക്കപ്പെടണം. അച്ഛനമ്മമാർ അവരുടെ താൽക്കാലിക മനോനിലയനുസരിച്ച് ഒരേ കുറ്റത്തെത്തന്നെ ചിലപ്പോൾ ഗൗരവമായും മറ്റു ചിലപ്പോൾ നിസ്സാരമായും പരിഗണിക്കുന്നത് കുട്ടികളിൽ ആശയക്കുഴപ്പം ഉണ്ടാക്കും. തെറ്റ് തെറ്റ് തന്നെയെന്ന ബോധ്യം കുട്ടിയിലുണ്ടാവണം.

ശിക്ഷണ നടപടികൾ ലക്ഷ്യമിടുന്നത് കുട്ടിയെയായിരിക്കരുത്. അവനിലെ ഗുണകരമല്ലാത്ത ഒരു പ്രവണതയെ അല്ലെങ്കിൽ സ്വഭാവത്തെയായിരിക്കണം. നല്ല പ്രവണതകൾ പ്രോത്സാഹിപ്പിക്കുന്നതിനാവണം പ്രാധാന്യം നൽകേണ്ടത്. അങ്ങനെ ചെയ്താൽത്തന്നെ കുട്ടികളിലെ ദുഷ്പ്രവണതകൾ മെല്ലെമങ്ങി മറഞ്ഞുകൊള്ളും.

നമ്മുടെ രക്ഷിതാക്കൾ വളരെയധികം തെറ്റിദ്ധരിച്ചിരിക്കുന്ന ഒരു ആശയമാണ് അച്ചടക്കം. മറ്റൊരാൾക്കു കീഴ്പ്പെട്ടിരിക്കുന്നതോ സ്വന്തം താല്പര്യങ്ങൾ വെളിപ്പെടുത്താതെ അടങ്ങിയിരിക്കുന്നതോ അല്ല അച്ചടക്കം. ശിക്ഷ കൊണ്ടും നിർബന്ധം കൊണ്ടും നടപ്പിൽ വരുത്തേണ്ടതല്ല അച്ചടക്കം. നിരന്തര നിർബന്ധം കൊണ്ടും ശിക്ഷകൊണ്ടും ഒരു കുട്ടിയെ അച്ചടക്കമുള്ളവനാക്കാൻ പറ്റില്ല. ഭയം കൊണ്ടു മാത്രം അടക്കി നിർത്തുന്ന ദുഷ് പ്രവണതകൾ അവസരം കിട്ടിയാൽ വർദ്ധിച്ച ശക്തിയോടെ പുറത്തുചാടും. അച്ചടക്കം പുറത്തുനിന്നു അടിച്ചേൽപ്പിക്കേണ്ട ഒന്നല്ല ചുറ്റുപാടുകളുമായുള്ള സൗഹാർദ്ദപൂർണ്ണമായ ഇടപെടലിലൂടെ ഒരു കുട്ടിയുടെ ഉള്ളിൽ സ്വയം രൂപപ്പെടേണ്ട നിഷ്ഠയാണ്. ഓരോ സന്ദർഭത്തിലും നാമെങ്ങനെ പെരുമാറണം അല്ലെങ്കിൽ പെരുമാറാൻ പാടില്ല എന്ന തിരിച്ചറിവ്, തന്നെയാണ് അച്ചടക്കം. ഔചിത്യദീക്ഷയുള്ള ഒരു വ്യക്തിയുടെ ജീവിതനിഷ്ഠയാണ് അച്ചടക്കം. വ്യത്യസ്ത ജീവിത സന്ദർഭങ്ങളിൽ നാമെങ്ങനെ പെരുമാറണം എന്ന സൂചന കുട്ടിക്ക് നൽകാൻ രക്ഷിതാവിനു കഴിയണം. രക്ഷിതാവ് സ്വയം ഒരു മാതൃകയാവാൻ ശ്രദ്ധിക്കണം. കുട്ടി അനുവർത്തിക്കേണ്ട ചില ചിട്ടകൾ അവന്റെ കൂടി പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യാം. കുട്ടിയുടെ ദൈനംദിന സമയപ്പട്ടിക രൂപപ്പെടുത്തൽ ഇതിന് ഉദാഹരണമാണ്. കുട്ടികളുടെ സംഘം ചേർന്നുള്ള കളികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ചില നിയമങ്ങൾക്കനുസരിച്ച് പെരുമാറാനും വിജയപരാജയങ്ങൾ സമചിത്തതയോടെ നേരിടാനുള്ള പരിചയം ഇത്തരം കളികളിലൂടെ കുട്ടികൾക്കു ലഭിക്കും. കുഴലൂത്തുകാരന്റെ പിറകിൽ വരിതെറ്റാതെ പിറകിൽ താളം തെറ്റാതെ താളം പിടിച്ചുപോയ കുട്ടികൾ മലയിടുക്കിൽ വീണൊടുങ്ങിയ പഴയ കഥ ഒരു നല്ല പാഠമാണ്. അച്ചടക്കം മറ്റൊരാളെ വീണ്ടുവിചാരമില്ലാതെ അനുസരിക്കലല്ല. മുതിർന്നവരോടുപോലും വിയോജിക്കാനും ചിലതു പറ്റില്ലെന്നു പറയാനുമുള്ള സ്വാതന്ത്ര്യവും കുട്ടികൾക്കുണ്ടാവണം.

**പഠിതാക്കളോട്**

കുട്ടികളുടെ എല്ലാ ആഗ്രഹങ്ങളും സാധിച്ചു കൊടുക്കലല്ല അച്ഛനമ്മമാരുടെ കടമ. മറിച്ച് അവരുടെ പല ആഗ്രഹങ്ങളെയും തിരസ്ക്കരിക്കൽ കൂടിയാണ്- ഈ അഭിപ്രായത്തോട് നിങ്ങളുടെ പ്രതികരണമെന്താണ്?

**രക്ഷിതാക്കളുടെ സാന്നിദ്ധ്യവും അസാന്നിദ്ധ്യവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ**

രക്ഷിതാക്കളുടെ സംരക്ഷണമില്ലാതെ വളരുന്ന കുട്ടികളിൽ ഉണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ വലുതാണ്. അവർക്കു ലഭിക്കുന്ന ലാളന, സ്നേഹം, പ്രശംസ, അംഗീകാരം എന്നിവയൊക്കെ പൊതുവെ കുറവായിരിക്കും. ഇത് വ്യക്തിത്വ രൂപീകരണത്തിലും അനാരോഗ്യപ്രവണതകൾ ഉണ്ടാക്കും. രക്ഷിതാവിന്റെ പരിചരണം സാമൂഹ്യപ്രതിബദ്ധതയുള്ള പൗരനായി വളരാൻ ഏറെ സാഹായിക്കുന്നുണ്ട്. ഇതിനൊരു മറുവശം കൂടിയുണ്ട്. പരിചരിക്കാനും നിർദ്ദേശം നൽകാനും ആരും ഇല്ലാത്ത അവസ്ഥ ചില കുട്ടികളിൽ ഗുണകരമായ മാറ്റങ്ങളും സൃഷ്ടിച്ചേക്കാം. ഇത്തരം അവസ്ഥകൾ കുട്ടിക്ക് കൂടുതൽ സ്വാശ്രയത്വശീലവും ആത്മവിശ്വാസവും പ്രദാനം ചെയ്യുന്നതായും വിലയിരുത്തപ്പെട്ടിട്ടുണ്ട്. രക്ഷിതാവിന്റെ അസാന്നിദ്ധ്യത്തിൽ ലഭിക്കുന്ന മറ്റനുഭവങ്ങളും വ്യക്തിത്വ രൂപീകരണത്തെ സ്വാധീനിക്കുന്നുണ്ടെന്ന കാര്യം നാം വിസ്മരിക്കരുത്.

കുട്ടിയുടെ എല്ലാ കാര്യങ്ങളിലും ഇടപെടുന്ന രക്ഷിതാവ് കുട്ടിക്ക് സുഖകരമായ അനുഭവമല്ല പ്രദാനം ചെയ്യുന്നത്. അമിതമായ ചിട്ടകളും കാർക്കശ്യവും കുട്ടികളിൽ രക്ഷിതാവിനോടും സമൂഹത്തോടുതന്നെയും വെറുപ്പും വിദ്വേഷവും ജനിപ്പിക്കുന്നതിനിടയാക്കും. ഏകാധിപത്യ സ്വഭാവം വെച്ചുപുലർത്തുന്ന രക്ഷിതാക്കളുടെ സംരക്ഷണത്തിൽ വളരുന്ന കുട്ടികൾ പൊതുവെ ആത്മവിശ്വാസം കുറഞ്ഞവരും അനാവശ്യഭീതി പുലർത്തുന്നവരും ആയികാണപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ രക്ഷിതാക്കളുടെ അസാന്നിദ്ധ്യം ഗുണകരമായിത്തിരാനിടയുണ്ട്. ചുരുക്കത്തിൽ രക്ഷിതാക്കളുടെ നേരിട്ടുള്ള സംരക്ഷണത്തിലും അസാന്നിദ്ധ്യത്തിലുള്ള ബദൽ സംരക്ഷണത്തിലും ഒരു കുട്ടിക്ക് ലഭിക്കുന്ന വിവിധ അനുഭവങ്ങളാണ് വ്യക്തിത്വരൂപീകരണത്തെ നിർണ്ണയിക്കുന്നതെന്ന് പറയാം.

### പൂരകലിംഗത്തിൽ പെട്ടവരോടുള്ള മനോഭാവം

കുട്ടികൾ ബാല്യത്തിൽ സമാനലിംഗത്തിൽപെട്ടവരോട് സൗഹൃദം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ കൗമാരത്തിൽ പുരകലിംഗത്തിൽപെട്ടവരോടും സൗഹൃദം സ്ഥാപിക്കാൻ താല്പര്യം പ്രകടിപ്പിക്കുന്നു. ഇത് സാമൂഹീകരണത്തിനും സഹായിക്കുന്നുണ്ട്. ഓരോ വളർച്ചാഘട്ടത്തിലും ആവശ്യമായ രീതിയിലുള്ള സൗഹൃദങ്ങൾ സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ സാമൂഹീകരണത്തെ പ്രതികൂലമായി ബാധിക്കും ആൺപള്ളിക്കൂടങ്ങളും പെൺപള്ളിക്കൂടങ്ങളും വെവ്വേറെ നിലനിൽക്കുന്നത് അഭികാമ്യമാണോയെന്ന് പുനരാലോചന നടത്തേണ്ടതുണ്ട്. സാമൂഹീകരണത്തിന് കൂടുതൽ സഹായിക്കുന്നത് മിക്സഡ് സ്കൂളുകൾ തന്നെയായിരിക്കും. ചുമതലകളും കടമകളും അവകാശങ്ങളും തുല്യമായി വീതിക്കുന്നതിലൂടെ ലിംഗനീതി ഉറപ്പുവരുത്താനും സമത്വബോധം ഊട്ടിയുറപ്പിക്കാനും അത്തരം സ്കൂളുകൾക്ക് സാധിക്കും.

### സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങളും സാമൂഹീകരണവും

ഒരു വ്യക്തി സമൂഹത്തിൽ നിന്നാണ് സാംസ്കാരികമൂല്യങ്ങൾ ഉൾക്കൊള്ളുന്നത്. ഒരുവന്റെ ചിന്തകളും വികാരങ്ങളും പ്രവൃത്തികളും അവൻ ജീവിക്കുന്ന സമൂഹത്തിന്റെ വിശ്വാസങ്ങളോടും ആചാരാനുഷ്ഠാനങ്ങളോടും ബന്ധം പുലർത്തുന്നവയായിരിക്കും. പ്രതികൂല സാഹചര്യങ്ങളുടെ സാന്നിദ്ധ്യം മൂലവും അനുകൂല സാഹചര്യങ്ങളുടെ അഭാവം മൂലവും സാമൂഹീകരണത്തിന് തടസ്സം നേരിടാം. സാമൂഹ്യ സാമ്പത്തിക പിന്നാക്കാവസ്ഥ പലരീതിയിൽ സാമൂഹീകരണത്തെ മന്ദീഭവിപ്പിക്കും.

### അഹം (Self)

അടിസ്ഥാനപരമായി നോക്കുമ്പോൾ, സാമൂഹീകരണപ്രക്രിയ എന്നത് ഒരാൾക്ക് തന്നെക്കുറിച്ചുള്ള അറിവിന്റെ (self) വികാസം കൂടിയണ്. വ്യക്തിത്വം രൂപപ്പെടുത്തുന്നതിലും മാനസിക വ്യാപാരങ്ങളെ നിയന്ത്രിക്കുന്നതിനും ഈ 'അഹ'ത്തിന് നിർണ്ണായ സ്വാധീനമുണ്ട്. ജനിച്ചുവീഴുന്ന ഒരു കുഞ്ഞിൽ ഈ 'അഹം' സുഷുപ്തിയിലായിരിക്കും (ജനനാവസ്ഥയിൽ കുഞ്ഞിൽ ഈ സെൽഫ് ഇല്ലെന്നു വാദിക്കുന്നവരുമുണ്ട്). ഏതായാലും സാമൂഹികീകരണ പ്രക്രിയയിൽ കൂടിയാണ് കുഞ്ഞിൽ തന്നെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചുമുള്ള അറിവ് വികസിക്കുന്നത്.

### എന്താണ് അഹം (Self)?

വ്യക്തിക്ക് തന്നെക്കുറിച്ചുള്ള സമഗ്രമായ അറിവായാണ് ജി. മർഫി (G. Murphy) 'അഹ'ത്തെ നിർവ്വചിക്കുന്നത് എന്നാൽ ജി.എച്ച്. മീഡ് (G.H. Meed), സി.എച്ച്. കൂലി (C.H. Cooley) തുടങ്ങിയവരാകട്ടെ. 'അഹ'ത്തിന്റെ സാമൂഹിക മാനത്തിലാണ് ഊന്നുന്നത്. കാരണം കുഞ്ഞിൽ തന്നെക്കുറിച്ചുള്ള ആശയം രൂപപ്പെടുന്നതും വികസിക്കുന്നതും ചുറ്റുപാടുമായുള്ള വിനിമയങ്ങളിലൂടെയാണ്.

**ഞാൻ, എന്റേത് തുടങ്ങിയ സർവ്വനാമങ്ങൾ ഉപയോഗിക്കേണ്ടിവരുമ്പോഴും, നിന്റെ പേരെന്താണ്? അമ്മയുടെ പേരെന്താണ്? തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടിവരുമ്പോഴുമെല്ലാം കുഞ്ഞ് തന്റെ സ്വത്വത്തേയും അതിന് ചുറ്റുപാടുമായുള്ള ബന്ധത്തേയും തിരിച്ചറിയുകയാണ്.**

അബ്രഹാം മാസ്‌ലോ, കാൾ റോ ജേഴ്സ്, ആൽപ്പോർട്ട് തുടങ്ങിയവരെല്ലാം സാമൂഹീകരണവും 'അഹ'ത്തിന്റെ വികാസം തമ്മിലുള്ള ബന്ധത്തെ തങ്ങളുടെ വീക്ഷണഗതിയിലൂടെ വിശദീകരിച്ചിട്ടുള്ളവരാണ്.

### 'അഹം' ബോധത്തിന്റെ വികസനം

വ്യക്തിത്വ വികസനത്തോടൊപ്പം അഹം (Self) ബോധത്തിന്റെ വികസനവും അനുപൂരകമായി നടക്കുന്നു. മാതാപിതാക്കളുടേയും മറ്റു കുടുംബാംഗങ്ങളുടേയും സമപ്രായക്കാരുടേയും പെരുമാറ്റവും തന്നോടുള്ള മനോഭാവവും കുട്ടിയുടെ 'അഹം' ബോധത്തിന്റെ വികസനത്തെ അനുകൂലമായോ പ്രതികൂലമായോ സ്വാധീനിക്കുന്നു. മറ്റുള്ളവരുടെ പ്രതികരണങ്ങൾ അനുകൂലമോ സന്തോഷപ്രദമോ ആകുന്നത് അഹംബോധംത്തെ പരിപോഷിപ്പിക്കുമ്പോൾ ദുരനുഭവങ്ങൾ അതിൽ ഇടിവുണ്ടാക്കുന്നു.

**പഠിതാക്കളോട്**

ക്ലാസ്സിലെ ചുമരിൽ കുത്തിവരച്ച കുട്ടിയോട് ടീച്ചർ എന്ന നിലയിൽ നിങ്ങളുടെ പ്രതികരണം എങ്ങനെയായിരിക്കും?

**കുട്ടിയുടെ വീഴ്ചകളെ കുറ്റപ്പെടുത്താതിരിക്കുക എന്നതോടൊപ്പം തന്നെ പ്രധാനമാണ് ചെറിയതാണെങ്കിൽപ്പോലും നേട്ടങ്ങളെ കാര്യമായി അംഗീകരിക്കുക എന്നത് ക്ലാസ്സ് മുറിയിൽ ഈ കാഴ്ചപ്പാടിന്റെ പ്രസക്തിയെന്താണ്?**

സമൂഹവുമായി ഇടപഴകുമ്പോൾ നേടുന്ന അനുഭവങ്ങളും അറിവും അഹംബോധത്തിന്റെ വികസനത്തിൽ വളരെ പ്രധാനമാണ്. മറ്റുള്ളവരുമായി തന്നെ താരതമ്യം ചെയ്യാനുള്ള അവസരങ്ങൾ ഈ ഇടപഴകലിലൂടെ കുട്ടിക്ക് ധാരാളം ലഭിക്കുന്നു. ഇതിലൂടെ 'അഹം' നിരന്തര വിലയിരുത്തലിനും നവീകരണത്തിനും വിധേയമാക്കപ്പെടുന്നു. കുടുംബവും വിദ്യാലയവും കുട്ടിക്ക് ഒരുക്കിക്കൊടുക്കുന്ന വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ കുട്ടി നേടുന്ന വിജയവും പരാജയവും അഹംബോധത്തിന്റെ വികസനത്തെ നേരിട്ടു തന്നെ ബാധിക്കുന്നു. ഇത്തരത്തിലുള്ള സ്വാനുഭവങ്ങളുടെ വെളിച്ചത്തിലാണ് കുട്ടി താനൊരു മിടുക്കനാണെന്നോ, കൊള്ളരുതാത്തവനാണെന്നോ ഒക്കെ ധരിച്ചുവശാവുന്നത്. ഈ പശ്ചാത്തലത്തിലാണ് കുട്ടിയുടെ വ്യക്തിത്വ വികസനത്തിൽ സമൂഹത്തിന്റെ പങ്ക് വിലയിരുത്തപ്പെടേണ്ടത്. സമൂഹം അംഗീകരിക്കുന്ന രീതിയിൽ കുട്ടികളിലുള്ള ധാരണകളെ മെച്ചപ്പെടുത്താനും അഹംബോധത്തെ സ്വാധീനിച്ചു നിയന്ത്രിക്കാനും സഹായകമായ അനുഭവങ്ങളാണ് കുടുംബത്തിലും വിദ്യാലയത്തിലും മറ്റു സാമൂഹിക ഘടകങ്ങളിലും കുട്ടിക്ക് കിട്ടേണ്ടത്. ഒരു വ്യക്തിയെ നല്ല

**കുട്ടിയെ ഒരിക്കലും സഹോദരങ്ങളുമായോ കൂട്ടുകാരമായോ താരതമ്യം ചെയ്യരുത് മറിച്ച് സ്വയം താരതമ്യത്തിനുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കുകയാണ് വേണ്ടത് എന്ന വാദത്തോട് നിങ്ങളുടെ (പഠിതാക്കളുടെ) പ്രതികരണമെന്താണ്?**

വനോ ചീത്തവനോ ആക്കുന്നത് അവനെ വളർത്തിക്കൊണ്ടുവരുന്ന സമൂഹം തന്നെയാണ് എന്ന് ചുരുക്കത്തിൽ പറയാം.

**മാതാപിതാക്കളുടെ പ്രശസ്തി, കുടുംബമഹിമ, ജനിച്ച പ്രദേശത്തിന്റെ മഹിമ, അധ്യാപികയുടെ പ്രശസ്തി സഹോദരൻ നേടിയ വിജയം തുടങ്ങിയവ കുട്ടിയുടെ അഹംബോധത്തെ സ്വാധീനിക്കാറുണ്ട്. വ്യക്തിത്വ വികസനത്തെ സഹായിക്കുന്ന ഒരു ക്രിയാതന്ത്രം തന്നെയാണ് ഈ താദാത്മീകരണം. സമൂഹത്തിൽ നല്ല പേരുള്ള മാതാപിതാക്കളുടെ സന്താനമായ ഒരു കുട്ടി ആ പ്രശസ്തി തന്റെ അഹം ബോധത്തിൽ കൂട്ടിച്ചേർക്കുകയും ആ പ്രശസ്തിക്കു കോട്ടം തട്ടാത്ത വിധത്തിൽ സമൂഹത്തിൽ ഇടപെടാൻ ശ്രമിക്കുകയും ചെയ്യുന്നത് പലപ്പോഴും നമ്മൾ ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ.**

### കാൾറോജേഴ്സിന്റെ കാഴ്ചപ്പാട്

അമേരിക്കൻ മനഃശ്ശാസ്ത്രജ്ഞനായ കാൾറോജേഴ്സ്, തന്റെ വ്യക്തിത്വ സിദ്ധാന്തത്തിന് അടിസ്ഥാനമായി രണ്ട് സങ്കല്പനങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. ജൈവഘടനയും (Organism) അഹ(Self)വും. ജീവിതാനുഭവങ്ങളുടെ പ്രയാണപഥമാണ് യഥാർത്ഥത്തിൽ ഒരു ജൈവഘടന (Organism) ഇത്തരം അനുഭവങ്ങളുടെ തുടർച്ച വ്യക്തിയിൽ ഒരു വ്യവഹാരതലം (Phenomenal field) രൂപപ്പെടുത്തുന്നു. ബോധപരവും അബോധപരവുമായ അനുഭവങ്ങളെ ഉൾക്കൊള്ളുന്നഒരു ഉൾത്തലമാണിത്. ബാഹ്യഘടകങ്ങളേക്കാളുപരിയായി വ്യക്തിയുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നത് ഈ ആന്തരിക തലമാണ്. **ഞാൻ, എന്റെ** തുടങ്ങിയ സങ്കല്പനങ്ങളുടെ സ്വാധീനത്തിൽ, ഈ അനുഭവതലത്തിൽ നിന്ന് ക്രമേണ വേർപ്പെട്ട് വികസിക്കുന്നതാണ് 'അഹം (Self)'.

**വിലയിരുത്താം**

**പഠിതാക്കൾ അവരെക്കുറിച്ച് (കഴിവുകൾ, കഴിവുകേടുകൾ) ഒരു കുറിപ്പെഴുതട്ടെ. തുടർന്ന് ഓരോരുത്തരും അവരവരുടെ ആദർശ മാതൃകകൾ എങ്ങനെയാണെന്ന് മറ്റൊരു കുറിപ്പിലെഴുതട്ടെ. ഇതു രണ്ടും താരതമ്യം ചെയ്യട്ടെ. സ്വന്തം അഹം ബോധത്തെക്കുറിച്ചും വ്യക്തിത്വത്തെക്കുറിച്ചുമുള്ള നിഗമനങ്ങൾ രൂപീകരിക്കട്ടെ (പൊതുവായി ചർച്ച ചെയ്യേണ്ടതില്ല)**

സ്വന്തം അനുഭവങ്ങളിൽ നിന്ന് വ്യക്തി സ്വരൂപിച്ചെടുത്ത ആത്മധാരണയാണ് ഈ അഹം (Self) എങ്കിൽ, താൻ ഏതു തരത്തിലാവണമെന്നാണോ വ്യക്തി ആഗ്രഹിക്കുന്നത് അതാണ് ആദർശാത്മക അഹം (ideal self). ഒരേ ജൈവഘടനയിലുള്ളതെങ്കിലും ഈ രണ്ടു സങ്കല്പനങ്ങളും തമ്മിൽ പലപ്പോഴും വൈരുധ്യം നില നിൽക്കാം. ഈ വൈരുധ്യം കൂടുന്നതിനനുസരിച്ച് വികലവും വിലക്ഷണവുമായ വ്യക്തിത്വ സവിശേഷതകൾ കുട്ടിയിൽ രൂപപ്പെടുന്നു. ഇവ രണ്ടും തമ്മിൽ എത്രത്തോളം സമന്വിതമാണോ അത്രത്തോളം സന്തുലിതവുമായിരിക്കും ഒരാളുടെ വ്യക്തിത്വം.

**പഠിതാക്കൾക്ക് അഹംബോധവും (self), അവർ മുമ്പ് പരിചയപ്പെട്ട ആത്മാദരം (self esteem), ആത്മാഭിമാനം തുടങ്ങിയ ആശയങ്ങളുമായി താരതമ്യം ചെയ്യുന്നതിന് അവസരം നൽകണം.**

കുട്ടിയിൽത്തന്നെ നിരന്തരം നടക്കുന്ന ഒരു പ്രക്രിയയാണ് അഹം ബോധത്തിന്റെ വിലയിരുത്തൽ. തന്റെ ആദർശ മാതൃകയുമായി താൻ എത്രത്തോളം പൊരുത്തപ്പെട്ടുപോകുന്നു എന്ന വിലയിരുത്തലിന്റെ ഫലം തന്നെയാണ് കുട്ടിയുടെ പെരുമാറ്റത്തിൽ പ്രതിഫലിക്കുക.

ജൈവഘടന, അഹംബോധം, ആദർശാത്മക അഹം, ബാഹ്യയാഥാർത്ഥ്യങ്ങൾ തുടങ്ങിയവ തമ്മിലുള്ള പൂർണസമന്വയത്തിലേക്കുള്ള വളർച്ച തന്നെയാണ് കാൾ റോജേഴ്സിനെ സംബ

സ്ഥിച്ച് വ്യക്തിത്വ വികസനം. അതുകൊണ്ടുതന്നെ വ്യക്തിത്വത്തിന്റെ ചലനാത്മകതയിലാണ് അദ്ദേഹം ഊന്നൽ നൽകിയത്.

**സമായോജനം (Adjustment)**

വ്യക്തി മുഖ്യ ജീവിതാനുഭവങ്ങളെ മനസിലാക്കുകയും അവയോട് പ്രതികരിക്കുകയും അവയെ തൃപ്തിപ്പെടുത്തുകയും തന്റെ പ്രകൃതപരവും സാമൂഹികവുമായ പരിസ്ഥിതിക്കൊത്ത് മുഖ്യ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്നതിന് സ്വീകരിക്കുന്ന സവിശേഷ രീതിയാണ് സമായോജനം എന്ന് പൊതുവെ പറയാം.

പഠിതാക്കൾ, തങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെടുന്ന വ്യക്തികൾ, അവരുടെ പ്രത്യേകതകൾ എന്നിവ ലിസ്റ്റ് ചെയ്യട്ടെ. സമായോജനത്തിനുള്ള ശേഷി അവരുടെ ജീവിത വിജയത്തെ സ്വാധീനിച്ചിട്ടുണ്ടോ? - ചർച്ച.

ഈ നിർവ്വചനത്തെ കൂടുതൽ വിശകലനം ചെയ്യുകയും പഠിതാക്കൾക്ക് സ്വയം നിർവ്വചനം രൂപീകരിക്കാൻ അവസരം നൽകുകയും വേണം.

**സമായോജനത്തിന്റെ പ്രാധാന്യം**

ജീവിതം തന്നെ പൂർണമായും ഒരു സമായോജനമാണ് (life is full of adjustment) ഒരു വ്യക്തിയുടെ ജീവിത വിജയം തന്നെ അയാളുടെ സമായോജനത്തിനുള്ള കഴിവിനെ ആശ്രയിച്ചിരിക്കുന്നു. തന്റെ ചുറ്റുപാടുകളുമായി നല്ല രീതിയിൽ പൊരുത്തപ്പെട്ട് പോകാൻ കഴിയുന്ന വ്യക്തിയാണ് ശരിയായ സമായോജനം കൈവരിച്ചയാൾ. സമായോജനം ഒരു നിശ്ചല സാഹചര്യമല്ല. അത് ആപേക്ഷികവും താൽക്കാലികവുമാണ്. വ്യക്തി പ്രശ്നങ്ങൾ നേരിട്ടുകൊണ്ടേയിരിക്കും അതിനനുസരിച്ച് അവയെ നേരിടാനുള്ള വഴികളും കണ്ടെത്തിക്കൊണ്ടിരിക്കും. ചുരുക്കത്തിൽ ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെ നീണ്ടുനിൽക്കുന്ന ഒരു നിരന്തര പ്രക്രിയയാണ് സമായോജനം.

**നല്ല രീതിയിൽ സമായോജനം ചെയ്യാൻ കഴിയുന്ന വ്യക്തിയുടെ (well - adjusted person) സവിശേഷതകൾ**

- സ്വന്തം ശക്തി ദൗർബല്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ
- സ്വയം ബഹുമാനിക്കുന്നതിനും മറ്റുള്ളവരെ ബഹുമാനിക്കുന്നതിനുമുള്ള കഴിവ്.
- പെരുമാറ്റങ്ങളിലുള്ള അയവ് (flexibility).
- പ്രതികൂല സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുള്ള കഴിവ്.
- ലോകത്തെക്കുറിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള (realistic) വീക്ഷണം.
- ചുറ്റുപാടുകളുമായി ഇണങ്ങിച്ചേരാനുള്ള കഴിവ്.
- മറ്റുള്ളവരിൽ നന്മ കണ്ടെത്താനുള്ള കഴിവ്.

**പഠിതാക്കളോട്**

ആദ്യ യൂണിറ്റിൽ ചർച്ച ചെയ്ത 'വൈകാരിക ബുദ്ധി' എന്ന ആശയത്തിന് ഇവിടെ എന്തെങ്കിലും പ്രസക്തിയുണ്ടോ?

- ജീവിതത്തെക്കുറിച്ച് സന്തുലിതമായ കാഴ്ചപ്പാട്.
-
-
-

ഇതുപോലെ കൂടുതൽ സവിശേഷതകൾ കൂട്ടിച്ചേർക്കുക. പഠിതാക്കൾക്ക് സമായോജനത്തിനുള്ള കഴിവ് എത്രത്തോളമെന്ന് സ്വയം കണ്ടെത്തുക.

**അപസമായോജനം (Mal-adjustment)**

വ്യക്തികൾക്ക് ചുറ്റുപാടുകളുമായി എല്ലായ്പ്പോഴും ഒരേ രീതിയിൽ പൊരുത്തപ്പെട്ട് പോകാൻ കഴിയണമെന്നില്ല. വ്യക്തിയും അയാളുടെ പരിസ്ഥിതിയും തമ്മിലുള്ള ഇണക്കക്കുറവിന്റെ തോതിനെ അപസമായോജനം എന്ന് ലളിതമായി പറയാം. അപസമായോജിതനായ വ്യക്തി സാധാരണഗതിയിൽ ശരിയായ രീതിയിലായിരിക്കില്ല പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നത്. അതുവഴി അയാൾ സമൂഹത്തിന്റെ വിമർശനത്തിനും വിരോധത്തിനും ഇരയായിത്തീരുന്നു.

**അപസമായോജനത്തിന്റെ കാരണങ്ങൾ**

- മറ്റുള്ളവർ തന്നെ തെറ്റിദ്ധരിച്ചുവെന്നോ അവഗണിച്ചുവെന്നോ ഉള്ള തോന്നൽ
- നാഡീവ്യൂഹത്തിന്റെ ശക്തിക്ഷയം
- കുടുംബ കലഹം
- താൻ ആർക്കും വേണ്ടാത്തവനായിപ്പോയല്ലോ എന്ന തോന്നൽ
- മാതാപിതാക്കളുടെ അമിത ലാളന
- കഠിനമായ ശിക്ഷ
- മീഡിയയുടെ സ്വാധീനം
- മോശമായ കൂട്ടുകെട്ട്
-
-

സാധാരണയായി മോഹഭംഗത്തിൽ നിന്നും മാനസികസംഘർഷത്തിൽ നിന്നുമാണ് അപസമായോജനം ഉണ്ടാകുന്നത്.

ബൈക്ക് വാങ്ങികൊടുക്കാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്ത പ്ലസ്ടു വിദ്യാർത്ഥി, പരീക്ഷക്കു പ്രകടനം മോശമായതിന് അച്ഛനമ്മമാർ വഴക്കു പറഞ്ഞപ്പോൾ വീടുവിട്ടിറങ്ങിയ പ്രൈമറി ക്ലാസ് വിദ്യാർത്ഥിനി... തുടങ്ങി പത്രമാധ്യമങ്ങളിൽ അടുത്തകാലത്ത് വന്ന വാർത്തകൾ ഈ അവസരത്തിൽ ചർച്ചയ്ക്കെടുക്കാം.

**മോഹഭംഗം (Frustration)**

വ്യക്തിയുടെ ലക്ഷ്യോന്മുഖമായ പ്രവൃത്തിക്ക് തടസ്സമുണ്ടാകുമ്പോഴാണ് മോഹഭംഗം ഉണ്ടാകുന്നത്. പാരിസ്ഥിതിക തടസ്സങ്ങൾ, സാമൂഹിക നിയന്ത്രണങ്ങൾ, വ്യക്തിപരമായ പോരായ്മകൾ തുടങ്ങിയവയൊക്കെ മോഹഭംഗത്തിന് കാരണമാകാം. അസ്വസ്ഥത, പിരിമുറുക്കം, കലഹപ്രിയത്വം, പിൻവലിയൽ തുടങ്ങിയവയാണ് മോഹഭംഗത്തിന്റെ പെട്ടെന്നുള്ള പ്രതികരണങ്ങൾ.

**മാനസിക സംഘർഷം (Conflict)**

വ്യക്തിയിൽ ഒരേ സമയം വിരുദ്ധങ്ങളായ രണ്ട് ആഗ്രഹങ്ങൾ പ്രവർത്തിക്കുന്നതുമൂലമുണ്ടാകുന്ന പിരിമുറുക്കത്തെയാണ് സംഘർഷം എന്ന് പറയുന്നത്. കർട്ട് ലെവിൻ സംഘർഷങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

**1. *സമീപന-വർജ്ജന സംഘർഷം* (Approach-Avoidance Conflict)**

ഒരേ സമയം ആകർഷകമായതും ഒഴിവാക്കാൻ ആഗ്രഹിക്കുന്നതുമായ രണ്ട് അവസ്ഥകൾ സംജാതമാകുമ്പോൾ ഏത് തെരഞ്ഞെടുക്കണം എന്ന പ്രശ്നം നേരിടുമ്പോഴാണ് ഇത്തരത്തിലുള്ള മനോസംഘർഷം നേരിടുന്നത്. ഉദാഹരണമായി പഠനസമയത്ത് ടി.വി പ്രോഗ്രാം കാണാൻ കുട്ടി ആഗ്രഹിക്കുന്നു, എന്നാൽ അച്ഛന്റെ ശകാരം കുട്ടിയെ അതിൽ നിന്ന് അകറ്റുകയും ചെയ്യുന്നു.

**2. *സമീപന-സമീപന സംഘർഷം* (Approach-Approach Conflict)**

ഒരുപോലെ അഭിലഷണീയമായ രണ്ട് സ്വാഗതാർഹ ലക്ഷ്യങ്ങളിൽ നിന്ന് ഏത് തെരഞ്ഞെടുക്കണം എന്ന പ്രശ്നം നേരിടുമ്പോഴാണ് ഇത്തരം മാനസിക സംഘർഷം അനുഭവപ്പെടുന്നത്. ഉദാഹരണം : ബാങ്കിലെ ജോലിസ്വീകരിക്കണോ അധ്യാപക ജോലി സ്വീകരിക്കണോ? എന്ന അവസ്ഥ.

**3. *വർജ്ജന-വർജ്ജന സംഘർഷം* (Avoidance-Avoidance Conflict)**

രണ്ട് ഒഴിവാക്കാനാഗ്രഹിക്കുന്ന അവസ്ഥകളിൽ ഏത് ഒഴിവാക്കണം എന്ന ആശയക്കുഴപ്പമാണ് വർജ്ജന-വർജ്ജന സംഘർഷം. അധ്യാപകന്റെ ശകാരമാണോ കായികശിക്ഷയാണോ ഏറ്റു വാങ്ങേണ്ടത് എന്ന അങ്കലാപ്പിൽപെടുന്ന കുട്ടിയുടെ മാനസികാവസ്ഥ ഇതിനുദാഹരണമാണ്.

**നിദാന നിർണ്ണയവും പരിഹാരപ്രവർത്തനങ്ങളും**

അപസമായോജനം ഒരു വ്യക്തിയുടെ ആരോഗ്യകരമായ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. അപസമായോജനം ചികിത്സിച്ച് ഭേദമാക്കുന്നതിൽ നിദാനനിർണയത്തിന്റെ സ്ഥാനം വളരെ വലുതാണ്. അപസമായോജനത്തിന്റെ കാഠിന്യം ഓരോ വ്യക്തിയിലും വ്യത്യസ്തമായിരിക്കും, ഒരു വ്യവഹാരത്തിനുതന്നെ പലകാരണങ്ങൾ ഉണ്ടാകും തുടങ്ങിയ കാരണങ്ങളാൽ അപസമായോജനം ചികിത്സിച്ച് ഭേദമാക്കുന്നതിന് കാലതാമസം നേരിടുന്നു.

**അപസമായോജനം പരിഹരിക്കുന്നതിനായി അധ്യാപകർ/രക്ഷകർത്താക്കൾ**

- കുട്ടികൾക്ക് പ്രാപ്യമായ ലക്ഷ്യം രൂപീകരിക്കുന്നതിന് സഹായിക്കുക.
- പ്രശ്നങ്ങളോട് യാഥാർത്ഥ്യബോധമുള്ള സമീപനം പുലർത്തുക.
- അടിസ്ഥാനപരമായ മാനസികാവശ്യങ്ങൾ സാക്ഷാൽക്കരിക്കണം.
- അംഗീകാരവും പ്രോത്സാഹനവും നൽകണം.

- ശിശുസൗഹൃദപരമായ പഠനരീതി സ്വീകരിക്കണം.
- കുറ്റപ്പെടുത്തലുകൾ, ശിക്ഷ എന്നിവ പരമാവധി ഒഴിവാക്കണം.
-
-
- തുടങ്ങിയ രീതികളും സഹായങ്ങളും അവലംബിക്കേണ്ടതാണ്.

### സമായോജന ക്രിയാതന്ത്രങ്ങൾ (Defence Mechanisms or Adjustment Mechanisms)

മോഹഭംഗങ്ങളിൽ നിന്നും മാനസിക സംഘർഷങ്ങളിൽ നിന്നും രക്ഷപ്പെടാനോ/പ്രതിരോധി ക്കാനോ വേണ്ടി വ്യക്തികൾ സ്വീകരിക്കുന്ന തന്ത്രങ്ങളെ പൊതുവേ പ്രതിരോധതന്ത്രങ്ങൾ അഥവാ സമായോജന തന്ത്രങ്ങൾ എന്ന് വിളിക്കുന്നു. ഇത്തരം തന്ത്രങ്ങളിലൂടെ മാനസിക സംഘർഷങ്ങളെ ലഘൂകരിക്കാനോ ഒഴിവാക്കാനോ കഴിയും. അതുവഴി മാനസികമായി സ്വാസ്ഥ്യം വീണ്ടെടുക്കാൻ സാധിക്കുന്നു. ഓരോ വ്യക്തിയും വ്യക്തിത്വതുലനം നിലനിർത്താൻ സ്വന്തം തന്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. ചില തന്ത്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

### 1. നിഷേധം (Denial)

അരോചക യാഥാർത്ഥ്യത്തിൽ നിന്നും സ്വയം രക്ഷപ്പെടുന്നതിന് ചിലർ സ്വീകരിക്കുന്ന മാർഗ്ഗം യാഥാർത്ഥ്യത്തെ നിഷേധിക്കുക എന്നതാണ്. ഇഷ്ടമില്ലാത്തത് കണ്ടില്ലെന്ന് നടിക്കുക, വിളി ച്ചാൽ കേട്ടില്ലന്ന് നടിക്കുക തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.

### 2. ദമനം (Respression)

വേദനാജനകമായ അനുഭവങ്ങളും മാനസിക സംഘർഷങ്ങളും സാക്ഷാത്കരിക്കാനാവാത്ത ആഗ്രഹങ്ങളും ഒക്കെ അബോധ മനസിലേക്ക് തള്ളിവിടുന്ന പ്രക്രിയയാണ് ദമനം. പാപബോധം ജനിപ്പിക്കുന്ന അനുഭവങ്ങളാണ് നാം അധികമായി വിസ്മരിക്കുന്നത്. വളരെ അപകടകരമായ തന്ത്രമാണ് ദമനം. ഇഷ്ടമില്ലാത്ത വികാരങ്ങളെ പൂഴ്ത്തിവയ്ക്കുന്നത് പല മാനസിക രോഗ ങ്ങൾക്കും കാരണമാകും. പ്രശ്നത്തെ ധൈര്യപൂർവ്വം നേരിടുകയാണ് ദമനത്തിന് പ്രതിവിധി.

### 3. യുക്തീകരണം (Rationalization)

സർവ്വ സാധാരണമായ ഒരു സമായോജന തന്ത്രമാണിത്. ഇതിലൂടെ വ്യക്തി തന്റെ ബലഹീന തകൾ, പരാജയങ്ങൾ, കഴിവുകേടുകൾ തുടങ്ങിയവയെ തെറ്റായ കാരണങ്ങൾ വഴി ന്യായീക രിക്കുന്നു. യുക്തീകരണം രണ്ട് തരത്തിലുണ്ട്.

- 'പുളിക്കുന്ന മുന്തിരിങ്ങ' ശൈലി
- 'മധുരിക്കുന്ന നാരങ്ങ' ശൈലി

### 4. ഉദാത്തീകരണം (Sublimation)

അസ്വീകാര്യമായ ആഗ്രഹങ്ങളെ ശക്തമായ സാമൂഹികാംഗീകാരമുള്ള പാതയിലേക്ക് തിരിച്ചു വിടുന്ന പ്രക്രിയയാണിത്. മാനസിക സംഘർഷം ഒഴിവാക്കാൻ സമൂഹത്തിന് സ്വീകാര്യമായ ഒരു മാർഗ്ഗം തേടുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഉദാഹരണമായി മക്കളില്ലാത്ത ധനാഢ്യൻ സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് നിരാശാബോധം ഒഴിവാക്കുന്നു.

### 5. അനുപൂരണം (Compensation)

ഒരു രംഗത്തുള്ള പോരായ്മ മറ്റൊരു രംഗത്തുള്ള ശക്തിയിലൂടെ മറയ്ക്കാൻ ശ്രമിക്കുന്ന തന്ത്ര

മാണ് അനുപൂരണം. ഉദാ: പഠനകാര്യങ്ങളിൽ മികവ് പുലർത്താൻ കഴിയാത്ത കുട്ടി കായിക പ്രവർത്തനങ്ങളിലെ മികവിലൂടെ തന്റെ ആത്മാഭിമാനം വീണ്ടെടുക്കാൻ ശ്രമിക്കുന്നു.

### 6. പ്രക്ഷേപണം (Projection)

ഒരു വ്യക്തി തന്റെ കുറ്റങ്ങളുടെയും പരാജയങ്ങളുടെയും കാരണം മറ്റൊരാളിൽ ചുമത്തി സ്വയം രക്ഷപ്പെടുന്ന ഒരു സമായോജനതന്ത്രമാണിത്. വളരെ സാധാരണയായി ഉപയോഗിച്ചുവരുന്ന ഒരു പ്രതിരോധ തന്ത്രമാണ് പ്രക്ഷേപണം. പരീക്ഷയിൽ പരാജയപ്പെടുന്ന കുട്ടി പരാജയ ത്തിന്റെ കാരണം 'പ്രയാസമേറിയ ചോദ്യപേപ്പർ' അല്ലെങ്കിൽ 'മോശപ്പെട്ട അധ്യായനം' ഇതിൽ ഏതെങ്കിലും ഒന്നിന്റെ പേരിൽ ആരോപിക്കുന്നു. നിരാശാബോധത്തിൽ നിന്ന് സ്വയം മോചി തനാകുന്നതിനുള്ള ഒരു തന്ത്രമാണ് പ്രക്ഷേപണം.

### 7. താദാത്മീകരണം (Identification)

തന്റെ പോരായ്മകളിൽ നിന്നും പരാജയങ്ങളിൽ നിന്നും രക്ഷനേടുന്നതിനായി മറ്റുള്ളവരുടെ വിജയത്തിലും പ്രസിദ്ധിയിലും ഭാഗഭാഗക്കാകുകയെന്നതാണ് താദാത്മീകരണത്തിന്റെ സ്വഭാവം. ഉദാ: കളികളിൽ വേണ്ടത്ര നിപുണതയില്ലാത്ത കുട്ടികൾ സ്പോർട്സ് താരങ്ങളുമായി താദാത്മ്യം നേടി കീർത്തിക്കും അംഗീകാരത്തിനുമുള്ള തങ്ങളുടെ ആഗ്രഹം സാധിക്കുന്നു.

### 8. പശ്ചാത്ഗമനം (Regression)

പ്രശ്നങ്ങളെ നേരിട്ട് കൈകാര്യം ചെയ്യാതെ പിൻവാങ്ങി മുൻകാല സമായോജനത്തിലേക്ക് തിരിച്ചുപോകുന്ന പ്രവൃത്തിയാണ് പ്രതിഗമനം അഥവാ പശ്ചാത്ഗമനം. മാതാപിതാക്കൾ കൂടു തൽ ശ്രദ്ധിക്കാനായി ബാലൻ ശിശുവിനെ പോലെ പെരുമാറുന്നത് പശ്ചാത്ഗമനത്തിന് ഉദാ ഹരണമാണ്.

### 9. ആക്രമണം (Aggression)

മോഹഭംഗത്തിൽ നിന്ന് ഉടലെടുക്കുന്ന സമായോജന തന്ത്രമാണ് ആക്രമണം. ഇത് രണ്ട് തര ത്തിലുണ്ട്. പ്രത്യക്ഷവും പരോക്ഷവും തന്നെ അവഹേളിച്ച സഹപാഠിയെ ആക്രമിച്ചത് പ്രത്യക്ഷ ആക്രമണവും അച്ഛൻ വഴക്ക് പറഞ്ഞതിന് ഗ്ലാസ് എറിഞ്ഞുടച്ചത് പരോക്ഷാക്രമണത്തിനും ഉദാഹരണങ്ങളാണ്.

അപസമായോജനത്തിനുള്ള ശാശ്വത പരിഹാരമല്ല പ്രതിരോധ തന്ത്രങ്ങൾ. അവ താൽക്കാലി കമായി പ്രശ്നങ്ങളെ അബോധ രൂപത്തിൽ ഒളിപ്പിച്ച് വക്കുകയാണ് ചെയ്യുന്നത്. പ്രശ്നങ്ങ ളോട് ക്രിയാത്മകമായി പ്രതികരിക്കുകയാണ് കൂടുതൽ അഭികാമ്യം.

**പഠിതാക്കളോട്**

കഴിഞ്ഞ ഒരാഴ്ചക്കാലം നിങ്ങൾ ചെയ്ത പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ഓർത്ത് നോക്കുക. അതിൽ ഏതെല്ലാം സമായോജന തന്ത്രങ്ങളാണ് ഉപയോഗിച്ചത്? അവ നിങ്ങൾ ബോധപൂർവ്വം ഉപയോഗിച്ചതായിരുന്നോ? അവയുടെ പ്രസക്തി സ്വയം വിശകലനം ചെയ്യുക.

### മാനസികാരോഗ്യം (Mental health)

"ചെറിയ ക്ലാസുകളിൽ നന്നായി പഠിച്ചിരുന്ന കുട്ടിയായിരുന്നു രജീഷ്". ഈയിടയായി രജീഷ് പഠനത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ സാധിക്കുന്നില്ല. പുസ്തകം കൈയിലെടുക്കുമ്പോ

ഴേക്കും ശ്രദ്ധമാറിപ്പോവുകയാണ്". ഇത്തരം പ്രശ്നങ്ങൾ ഏറിയും കുറഞ്ഞും കുട്ടികളുടെ പഠനത്തിനെ സാരമായി സ്വാധീനിക്കുന്നു. ശാരീരികവും മാനസികവും വൈകാരികവുമായ സുസ്ഥിതിയിൽ മാത്രമാണ് പഠനം നടക്കുന്നത്. കുട്ടിയുടെ വ്യക്തിത്വ വാകാസത്തിന് പ്രധാനമായും സ്വാധീനിക്കുന്ന ഘടകകളിലൊന്നാണ് മാനസികാരോഗ്യം (Mental Health).

എന്താണ് മാനസികാരോഗ്യം?

മാനസികാരോഗ്യവും മാനസിക രോഗവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.

- ഒരു വ്യക്തിയുടെ ശാരീരികവും വൈകാരികവും സാമൂഹികവും ബൗദ്ധികവും മാനസികവുമായ ഘടങ്ങളുടെ സുഖകരമായ അവസ്ഥയാണ് മാനസികാരോഗ്യം (mental health).
- വ്യക്തിപരമായും സാമൂഹികവുമായ ഒരാളുടെ പൊരുത്തപ്പെടാനുള്ള കഴിവാണ് മാനസികാരോഗ്യം (mental health).

**മാനസികാരോഗ്യം - പ്രധാന സവിശേഷതകൾ**

- വൈകാരികവും മാനസികവും സാമൂഹികവുമായ ഒരാളുടെ മെച്ചപ്പെട്ട അവസ്ഥ.
- കുട്ടിക്കാലം മുതൽ ജീവിതാവസാനം വരെ ഒരു വ്യക്തിയെ സ്വാധീനീക്കുന്ന ഒന്നാണ് മാനസികാരോഗ്യം.
- മാനസിക സമ്മർദ്ദങ്ങളുമായി പൊരുത്തപ്പെടാനുള്ള ശേഷി മാനസികോരോഗ്യത്തിന്റെ സവിശേഷ ഗുണമാണ്.
- സ്വയം പര്യാപ്ത, സന്തുലിത ജീവിതം, സാമൂഹിക കാര്യക്ഷമത എന്നിവ ശരിയായ മാനസികാരോഗ്യമുള്ള വ്യക്തിയുടെ ഗുണവിശേഷങ്ങളാണ്.

**മാനസികാരോഗ്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ**

മാനസികാരോഗ്യം ജീവിത സാഹചര്യങ്ങളുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. സംഘർഷങ്ങൾ നിറഞ്ഞ ചുറ്റുപാടുകൾ മാനസികാരോഗ്യത്തെ ഇല്ലായ്മ ചെയ്യുന്നു, കുട്ടികളുടെ സാമൂഹികവും സാംസ്കാരികവുമായ കുടുംബചുറ്റുപാട്, കുട്ടിയുടെ പഠനം, വളർച്ചാ വികാസത്തെ സ്വാധീനിക്കുന്നു. അതുപോലെ കുട്ടിയുടെ ശാരീരികവും ജന്മസിദ്ധപരവുമായ ഘടകങ്ങൾ (പാരമ്പര്യ ഘടകങ്ങൾ) മാനസികാരോഗ്യത്തെ ബാധിക്കുന്നു.  കോപം, വെറുപ്പം, നിരാശ, ഭയം തുടങ്ങിയ വികാരങ്ങളുടെ സ്വാധീനം മാനസികാരോഗ്യത്തെ ബാധിക്കുന്നുണ്ട്. ഇവ അന്തഃസ്രാവി ഗ്രന്ഥികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. എന്നാൽ വിവിധ മാനസികാരോഗ്യങ്ങൾ (സ്നേഹം, സന്തോഷം, ആഹ്ലാദം, ശുഭപ്രതീക്ഷ) പരിഗണിക്കുന്നതിലൂടെ മികച്ച മാനസികാരോഗ്യം നിലനിർത്താൻ കഴിയുന്നു. ആരോഗ്യപരമായ കുടുംബ വിദ്യാലയന്തരീക്ഷം ഒരുക്കികൊടുക്കാൻ രക്ഷകർത്താക്കളും അധ്യാപകരം ശ്രദ്ധിക്കേണ്ടതുണ്ട്.

**കുട്ടിയുടെ മാനസികാരോഗ്യം എങ്ങിനെ വളർത്താം?**

- അഭിലഷണീയമായ പെരുമാറ്റ രീതികൾ ഉൾക്കൊള്ളുക.
- കുട്ടികളുടെ മാനസികാവശ്യങ്ങൾ നിറവേറ്റുക
- സ്നേഹവും പരിഗണനയും ആവശ്യാനുസരണം നൽകുക.
- ആത്മവിശ്വാസം പരിപോഷിപ്പിക്കുക
- സുരക്ഷിതത്വബോധം ഉണ്ടാക്കുക
- ആകാംഷ, ഭയം, ശിക്ഷ എന്നിവ ഇല്ലാത്ത അവസ്ഥ

- മികച്ച ജീവിത ലക്ഷ്യം രൂപീകരിക്കാൻ സഹായിക്കുക
- കുട്ടികളുടെ കഴിവ്, പരിമിതി എന്നിവ മനസ്സിലാക്കി പെരുമാറുക
- പഠന സാഹചര്യങ്ങൾ സന്തോഷപൂർവ്വമാക്കുക
- അടിസ്ഥാനവശ്യങ്ങൾ നിറവേറ്റുക
- അഭിരുചി കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കുക.
- കുട്ടിയുടെ ഗൃഹാന്തരീക്ഷം മനസ്സിലാക്കി കുട്ടിയെ സഹായിക്കുക.

**അധ്യാപകന്റെ മാനസികാരോഗ്യം**

കുട്ടിയുടെ വ്യക്തിത്വത്തെ ഏറെ സ്വാധീനിക്കുന്ന ഒന്നാണ് കുട്ടികളോടുള്ള അധ്യാപകന്റെ മനോഭാവം (Attitudes towards children). അധ്യാപകന്റെ ദൃഢവിശ്വാസങ്ങൾ (beliefs) സങ്കൽപങ്ങൾ (assumption) എന്നിവ കുട്ടികളെ ഏറെ സ്വാധീനിക്കുന്നു.

**ചില ദൃഢവിശ്വാസങ്ങൾ**

ചില പ്രത്യേക പ്രദേശത്ത് നിന്ന് വരുന്ന കുട്ടികൾ പഠനത്തിൽ പിന്നാക്കക്കാരാണ്; ചില കുടുംബങ്ങളിലെ കുട്ടികൾ തീരെ അച്ചടക്കം ഇല്ലാത്തവരാണ്....

അധ്യാപകന്റെ ഭാവദിശ, (mood) പെരുമാറ്റ രീതികൾ, ശാരീരിക പഠനങ്ങൾ, അധ്യാപനത്തിൽ താൽപര്യക്കുറവ്, മറ്റു ജോലികളിലെ പങ്കാളിത്തം, ജോലിഭാരം, മാനസിക സംഘർഷങ്ങൾ, കുടുംബ പ്രശ്നങ്ങൾ, പ്രതികൂല സഹായ സാഹചര്യങ്ങൾ തുടങ്ങിയവ കുട്ടിയുടെ പഠനത്തെ പ്രതികൂലമായി ബാധിക്കും.

പഠിതാക്കളുടെ അനുഭവങ്ങൾ പങ്കുവയ്ക്കാൻ അവസരം നൽകാം.

**ജീവിതനൈപുണി വിദ്യാഭ്യാസം (Life skill Education)**

ആധുനിക സമൂഹത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും ശാസ്ത്രസാങ്കേതിക മേഖലയിലെ പുരോഗതികളും മനുഷ്യന്റെ ജീവിതരീതികളിലും ശൈലികളിലും ഒട്ടേറെ മാറ്റങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നു. ജീവിത ശൈലിയിലെ മാറ്റവും ആധുനിക വൽക്കരണവും ഏറ്റവും ബാധിക്കുന്നത് കുട്ടികളെയും പ്രായമേറിയവരെയുമാണ്. ശാരീരിക-മാനസിക തലങ്ങളിൽ ധ്രുതഗതിയിലുള്ള വളർച്ചയും വികാസവും നടക്കുന്നത് ബാല്യ-കൗമാര കാലഘട്ടങ്ങളിലാണ്. WHO നിർദ്ദേശിക്കുന്ന 10 ജീവിത നൈപുണികൾ (life skills) ആർജിക്കുന്നത് കുട്ടികൾക്ക് ശരിയായ രീതിയിൽ ജീവിക്കുന്നതിനും ജീവിത പ്രശ്നങ്ങളെ നേരിടുന്നതിന് സഹായകമാകും. ജീവിതത്തിലെ പുതുമയുള്ളതും പ്രയാസമേറിയതുമായ സാഹചര്യങ്ങളെ തരണം ചെയ്യാൻ ഒരു വ്യക്തി ആർജിച്ചിരിക്കേണ്ട കഴിവുകളാണ് ജീവിത നൈപുണികൾ (life skill).

1. സ്വയം അറിയുക (Self awareness) അവനവന്റെ കഴിവുകേടുകളും തിരിച്ചറിയാനും, കഴിവുകൾ പരമാവധി വികസിക്കാനുമുള്ള ശേഷി.
2. ക്രിയാത്മക ചിന്ത (Creative thinking) തീർത്തും പുതുമയാർന്ന അനുഭവങ്ങൾ ഉണ്ടാകുമ്പോൾ, വ്യത്യസ്തമായി ചിന്തിക്കാനുള്ള കഴിവ്.

3. തീരുമാനമെടുക്കൽ (Decision Making) ജീവിതത്തിൽ ചുരങ്ങിയ സമയം കൊണ്ട് ഏറ്റവും ഉചിതമായ തീരുമാനമെടുക്കാനും ഉത്തരവാദിത്ത ബോധത്തോടെ അത് നടപ്പാക്കാനുമുള്ള കഴിവ്.

4. പ്രശ്നപരിഹാരം (Problem Solving Skill) ജീവിതത്തിലുണ്ടാകുന്ന സങ്കീർണമായ പ്രശ്നങ്ങൾ ലഘൂകരിച്ച് അവ അപഗ്രഥിച്ച് വേണ്ട പരിഹാരം കണ്ടെത്താനുള്ള കഴിവ്.

5. ആശയവിനിമയം (Communication Skill) ഒരു വ്യക്തിക്ക് സ്വന്തം ആശയങ്ങൾ വ്യക്തമായി പ്രകടിപ്പിക്കാനും മറ്റുള്ളവർ പറയുന്നത് ശ്രദ്ധിക്കാനുമുള്ള കഴിവ്.

6. വ്യക്ത്യാന്തരബന്ധം (Interpersonal Relationship) ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും പരിചയപ്പെടുന്ന വ്യക്തികളോട് ഉചിതമായ രീതിയിലുള്ള ബന്ധം സ്ഥാപിക്കാനും നിലനിർത്താനുള്ള കഴിവ്.

7. അനുതാപം (Empathy) മറ്റൊരു വ്യക്തി അനുഭവിക്കുന്ന വികാരങ്ങൾ അതേ തീവ്രതയോടെ ഉൾക്കൊണ്ട് അതിനനുസരിച്ച് പെരുമാറാനുള്ള കഴിവ്.

8. വികാരങ്ങളുമായി പൊരുത്തപ്പെടൽ (Coping with Emotion) മനുഷ്യസഹജമായ കോപം, സന്തോഷം, നിരാശ, സ്നേഹം ഉത്കണ്ഠ തുടങ്ങിയ വികാരങ്ങൾ തിരിച്ചറിയാനും അവ നിയന്ത്രിച്ച്, ജീവിതത്തിനുപകരിക്കും വിധം പ്രയോജനപ്പെടുത്താനുമുള്ള കഴിവ്.

9. മാനസിക സമ്മർദ്ദങ്ങളുമായി പൊരുത്തപ്പെടൽ (Coping with Stress) ജീവിതത്തിൽ സമ്മർദ്ദമുണ്ടാക്കുന്ന സാഹചര്യങ്ങൾ ഫലപ്രദമായി നേരിടാനും സമ്മർദ്ദം ജീവിതത്തെ ബാധിക്കാത്തവിധം നിയന്ത്രിച്ചു നിർത്താനുള്ള കഴിവ്.

## Reflective Questions

1. വിദ്യഭ്യാസത്തിന്റെ ലക്ഷ്യം എന്ന നിലയിൽ സാമൂഹീകരണം എന്ന ആശയം വിശദീകരിക്കുക.

2. അധ്യാപിക എന്ന നിലയിൽ ക്ലാസ്സിലെ കുട്ടികളുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിന് നിങ്ങൾക്കുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

3. വിവിധ പാരന്റിങ്ങ് രീതികൾ ഏതെല്ലാം? ഇവയിൽ നിങ്ങൾക്ക് സ്വീകാര്യമായ രീതികൾ ഏതൊക്കെയാണ്? എന്തുകൊണ്ട്?

4. ക്ലാസ്സ് പി.ടി.എ യോഗത്തിൽ കാര്യക്ഷമമായ രക്ഷാകർത്തൃത്വം എന്ന വിഷയം അവതരിപ്പിക്കുന്നതിന് സഹായിക്കുന്ന പവർ പോയിന്റ് പ്രസന്റേഷനുവേണ്ടി 5 സ്റ്റോറിബോർഡ് തയ്യാറാക്കുക.

5. കുട്ടികളുടെ എല്ലാ ആഗ്രഹങ്ങളും സാധിച്ചു കൊടുക്കലല്ല രക്ഷാകർത്താവിന്റെ ചുമതല. ഈ വാദത്തോട് നിങ്ങളുടെ പ്രതികരണമെന്താണ്?

6. സന്തുലിതവും അസന്തുലിതവുമായ വ്യക്തിത്വങ്ങളെ കാൾറോജേഴ്സ് അഹം (Self) എന്ന സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെയാണ് വിശദീകരിക്കുന്നത്?

7. നല്ല രീതിയിൽ സമായോജനം നടത്തുന്ന വ്യക്തിയുടെ (well adjusted person) പ്രധാന സവിശേഷതകൾ എന്തൊക്കെയാണ്?

# യൂണിറ്റ് - 4
# ഗൈഡൻസ് & കൗൺസിലിംഗ്

## (മാർഗ്ഗ ദർശനവും ഉപബോധനവും)

**സമയം : 15 മണിക്കൂർ**

*ജീവിതത്തിലുണ്ടായിട്ടുള്ള നിർണ്ണമായകമായ പ്രതിസന്ധിഘട്ടങ്ങൾ പ്രശ്ന ങ്ങൾ തരണം ചെയ്യാൻ ആരുടെയെങ്കിലും പിന്തുണ/നിർദ്ദേശങ്ങൾ സഹായ കമായ അനുഭവങ്ങൾ പങ്കുവയ്ക്കാൻ പഠിതാക്കൾക്ക് അവസരം നൽകിക്കൊണ്ട് ഈ യൂണിറ്റിന്റെ ചർച്ച തുടങ്ങാം.*

കാൾ റോജേഴ്സിന്റെ അഹംബോധ (Self) ത്തെക്കുറിച്ചുള്ള ആശയങ്ങൾ കഴിഞ്ഞ യൂണി റ്റിൽ ചർച്ച ചെയ്തല്ലോ. അദ്ദേഹത്തെപ്പോലുള്ള മാനവിക മനശ്ശാസ്ത്രജ്ഞരെ സംബന്ധിച്ചിട ത്തോളം വിദ്യാഭ്യാസമെന്നത് ഈ അഹംബോധത്തിന്റെ അനുഗുണമായ വികസനത്തിന് സഹാ യിക്കുന്ന മാർഗ്ഗദർശനമത്രേ. മറിച്ച് വൈജ്ഞാനിക വികസനം മാത്രമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന് വാദിച്ചാൽപ്പോലും അതിന് പഠിതാവ് സ്വയം അറിയുകയും അനുയോജ്യമായ പഠനക്രമങ്ങൾ തെരഞ്ഞെടുക്കുകയും കാര്യക്ഷമമായ പഠനശീലങ്ങൾ സ്വായത്തമാക്കുകയും വേണം. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ വിദ്യാഭ്യാസ പ്രക്രികയയിൽ മാർഗ്ഗദർശന ത്തിന്റേയും ഉപബോധനത്തിന്റേയും പ്രസക്തി നമുക്ക് ബോധ്യമാവും.

20-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽക്കുതന്നെ ഈ ആശയം ചർച്ച ചെയ്യപ്പെടുന്നുണ്ട്. 1908-ൽ അമേരിക്കയിലെ ബോസ്റ്റണിൽ തൊഴിൽ രംഗത്ത് മാർഗ്ഗദർശനം നൽകാനുള്ള ഒരു സ്ഥാപനം നിലവിൽ വന്നു.

### മാർഗ്ഗദർശനം

പ്രശ്നങ്ങൾ ഉരുത്തിരിയുക, അതിനെ നേരിടുക, തരണം ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുക; ഇതാണല്ലോ ജീവിതത്തിന്റെ പൊതുസ്വഭാവം. ഈ പ്രയത്നത്തിനിടയിൽ മനുഷ്യന് മറ്റുള്ളവ രുടെ സഹായവും ഉപദേശവും നേടേണ്ടി വരിക സ്വാഭാവികമാണ്. ഒരു പ്രശ്നത്തിന് പരി ഹാരം കാണുന്നതിന് സ്വയം വഴി കണ്ടെത്താൻ ഒരു വ്യക്തിയെ സഹായിക്കുന്ന പ്രക്രിയ യാണ് മാർഗദ്ഗദർനമെന്നു പറയാം. “ജീവിതലക്ഷ്യങ്ങൾ വികസിപ്പിക്കുന്നതിനും സമായോ ജനം കൈവരിക്കുന്നതിനും ലക്ഷ്യസാക്ഷാത്ക്കാരത്തിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി ഒരു വ്യക്തി മറ്റൊരാൾക്ക് നൽകുന്ന വ്യക്തിപരമായ സഹായമായാ”ണ് ജോൺസ് മാർഗ്ഗ ദർശനത്തെ നിർവ്വചിക്കുന്നത്.

### മാർഗ്ഗദർശനത്തിന്റെ (Guidance) ആവശ്യകത

ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ച മനുഷ്യജീവിതം അനുദിനം സങ്കീർണ്ണമാക്കുന്നു. അതോടൊപ്പം ഗൈഡൻസിന്റെ ആവശ്യകതയും കൂടിവരുന്നു. സമൂഹത്തിൽ മറ്റുള്ളവരുമായി ഇടപഴകൽ, സാമൂഹീകരണം, കുടിയേറ്റം, കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബത്തിലേ ക്കുള്ള മാറ്റം, തൊഴിലന്വേഷണം, ജോലിയിലെ പ്രകടനം തുടങ്ങി ഒരു വ്യക്തിയുടെ സകല

ജീവിതമേഖലകളിലും ഗൈഡൻസ് ആവശ്യമായി വരുന്നു. ശരിയായ രീതിയിൽ ഗൈഡൻസ് നൽകിയില്ലെങ്കിൽ സമയം, പണം, ഊർജ്ജം എന്നിവ പാഴാക്കിക്കളയാനേ ഉപകരിക്കൂ. ഗൈഡൻസ് ആവശ്യമായി വരുന്നതിനു പിന്നിൽ മനഃശാസ്ത്രപരവും സാമൂഹ്യശാസ്ത്രപര വുമായ കാരണങ്ങളുണ്ട്.

## I. മനഃശാസ്ത്രപരമായ കാരണങ്ങൾ

മനഃശാസ്ത്രപരമായ കാരണങ്ങളെ വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടത്തിലുള്ളവ, വ്യക്തിവ്യത്യാസങ്ങൾ കൊണ്ടുള്ളവ, അവസരങ്ങളുടെ ലഭ്യതയുമായി ബന്ധപ്പെട്ടുള്ളവ എന്നി ങ്ങനെ മൂന്നായി തിരിക്കാം.

### (എ) വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടത്തിലുള്ളവ

ശൈശവം, ബാല്യം കൗമാരം, യൗവനം, വാർദ്ധക്യം എന്നീ ഘട്ടങ്ങളിലൂടെയാണ് ഓരോ മനു ഷ്യജീവിയും കടന്നു പോകുന്നത്. ഈ ഓരോ വളർച്ചാഘട്ടവും ചില സ്വഭാവ സവിശേഷത കൾ കൊണ്ടും പ്രശ്നങ്ങൾ കൊണ്ടും ശ്രദ്ധിക്കപ്പെടുന്നു. മാനസികവും ശാരീരികവും വൈകാ രികവുമായ അസന്തുലിതാവസ്ഥ കാരണം കൗമാരപ്രായക്കാരാണ് ഇതിൽ ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നത്. ആത്മാഭിമാനം, അനുയോജ്യമായ കോഴ്സ് തെരഞ്ഞെടു ക്കൽ, അസ്ഥിത്വം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൗമാരത്തെ മറ്റു വളർച്ചാ ഘട്ടങ്ങ ളിൽ നിന്നും വ്യത്യസ്തമാക്കുന്നു.

### (ബി) വ്യക്തിവ്യത്യാസങ്ങൾ കൊണ്ടുള്ളവ

രണ്ടു വ്യക്തികൾ ഒരിക്കലും ഒരു പോലെയല്ല. ഓരോരുത്തരും വ്യത്യസ്തരാണ്. ശാരീരി കമായും മാനസികമായും സാമൂഹ്യ-സാമ്പത്തികപരമായും വൈകാരികമായും മൊക്കെ വ്യത്യ സ്തരാണ്. അതിനാൽ ഓരോരുത്തർക്കും യോജിച്ചരീതിയിലുള്ള ഗൈഡൻസ് ശാസ്ത്രീയ മായി നൽകേണ്ടതുണ്ട്.

### (സി) അവസരങ്ങളുടെ ലഭ്യതയുമായി ബന്ധപ്പെട്ടുള്ളവ

വ്യത്യസ്തരായ വ്യക്തികൾക്ക് വ്യത്യസ്തങ്ങളായ അവസരങ്ങളാണ് ജീവിതത്തിൽ ലഭിക്കു ന്നത്. അവരുടെ അഭിരുചികളും വ്യത്യസ്തമാണ്. അതുകൊണ്ട് തന്നെ എല്ലാ വ്യക്തികൾക്കും ഒരേതരത്തിലുള്ള കോഴ്സുകളോ ജോലിയോ യോജിക്കുന്നതല്ല. വ്യക്തിത്വത്തിനും വ്യക്തി വ്യത്യാസങ്ങൾക്കും അനുസരിച്ച് മേഖലകളും അവസരങ്ങളും കണ്ടെത്താൻ വ്യക്തികളെ പ്രാപ്ത രാക്കുകയാണ് ഗൈഡൻസിലൂടെ ചെയ്യേണ്ടത്.

## II. സാമൂഹ്യശാസ്ത്രപരമായ കാരണങ്ങൾ

കുടുംബവ്യവസ്ഥയിലെ മാറ്റം, മനുഷ്യ വിഭവശേഷിയുടെ ശരിയായ ഉപയോഗം, വിശ്രമവേള കളുടെ ഫലപ്രദമായ ഉപയോഗം. പഠന വിഷയങ്ങൾ തെരഞ്ഞെടുക്കൽ, ധാർമ്മികമൂല്യങ്ങൾ, വീട്ടിലെ ഗൈഡൻസിന്റെ അഭാവം, രക്ഷാകർത്ത്യബോധനം, ശരിയായ സമായോജനം, യോജിച്ച തൊഴിലിന്റെ തെരഞ്ഞെടുപ്പ് എന്നിവ ഗൈഡൻസ് ആവശ്യമായി വരുന്നതിന്റെ സാമൂ ഹ്യശാസ്ത്രപരമായ കാരണങ്ങളാണ്.

### (A) കുടുംബവ്യവസ്ഥയിലെ മാറ്റം

കൂട്ടുകുടുംബവ്യവസ്ഥ ഒരു പരിധിവരെ ഒരനുഗ്രഹമായിരുന്നു. എന്നാൽ വിവാഹശേഷം ദമ്പ തികൾ മാറിത്താമസിക്കുന്നതാണ് ഇന്നത്തെ പതിവ്. ജീവിതാവശ്യങ്ങൾ നിറവേറ്റാൻ മാതാപി താക്കൾ രണ്ടുപേർക്കും ജോലിക്കു പോകേണ്ടി വരുന്ന അവസ്ഥ ഉണ്ട്. അപ്പോൾ കുട്ടികളുടെ

സംരക്ഷണം ക്രഷുകളെയോ ആയമാരെയോ ഏൽപ്പിക്കേണ്ടി വരുന്നു. ഇത്തരം കുട്ടികൾക്ക് മാതാപിതാക്കളുടെ സ്നേഹം, വാത്സല്യം, പരിരക്ഷ, ശ്രദ്ധ എന്നിവ വേണ്ടത്ര കിട്ടാതെ വരുന്നു. ഇത് സാമൂഹികവും മാനസികവുമായ പലവിധ പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ കൗമാരത്തിൽ പ്രകടമായി കാണാൻ തുടങ്ങുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഗൈഡൻസ് ആവശ്യമാണ്.

### (B) മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തൽ

ഓരോ ജോലിക്കും ഏറ്റവും യോജിച്ച വ്യക്തികളെ കണ്ടെത്താൻ ഗൈഡൻസിന്റെ സഹായം തേടാം. വ്യക്തിത്വത്തിനു യോജിച്ച ജോലി എന്ന സങ്കല്പം യാഥാർത്ഥ്യമാക്കാൻ ഗൈഡൻസിലൂടെ കഴിയും. ഒരു വശത്ത് വ്യക്തിയുടെ ബുദ്ധിയുടെ അളവ്, അഭിരുചി, താൽപര്യം, മൂല്യങ്ങൾ, കഴിവുകൾ തുടങ്ങിയവും മറുവശത്ത് ഓരോ ജോലിക്കും ആവശ്യമായ യോഗ്യതയും പരിചയവും മാനദണ്ഡങ്ങളായി വരുമ്പോൾ ഒരു ശരിയായ തെരഞ്ഞെടുപ്പ് നടത്താൻ ഗൈഡൻസിലൂടെ സഹായിക്കുന്നു. അതിലൂടെ മനുഷ്യ വിഭവത്തിന്റെ ശരിയായ ഉപയോഗവും സാധ്യമാകുന്നു.

### (C) പഠനവിഷയങ്ങൾ തെരഞ്ഞെടുക്കൽ

കുട്ടിയുടെ താൽപര്യത്തിനും അഭിരുചിക്കും മനോഭാവത്തിനും കഴിവിനും അനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് ഗൈഡൻസ് ആവശ്യമാണ്. ഒരു കുട്ടിയുടെ വിജയരഹസ്യം തന്നെ കഴിവിനും താൽപര്യത്തിനും അനുസരിച്ചുള്ള കോഴ്സ് തെരഞ്ഞെടുക്കുന്നതിലാണ്. ഇത് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നതും ഗൈഡൻസിന്റെ ഒരു പ്രധാന ദൗത്യമാണ്.

### (D) വിശ്രമവേളകളുടെ ഫലപ്രദമായ ഉപയോഗം

സാങ്കേതികവിദ്യ വികസിച്ചതിന്റെ ഫലമായി അനേകം ആളുകൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലി ഇപ്പോൾ ഒന്നോ രണ്ടോ യന്ത്രങ്ങൾക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ ചെയ്യാൻ കഴിയും. ഈ സാഹചര്യം ഗൈഡൻസിന്റെ ആവശ്യകത രണ്ടു തരത്തിൽ സംജാതമാക്കുന്നു. ആദ്യത്തേത് ഇങ്ങനെയുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസവും പരിശീലനവും നൽകുക എന്നതാണ്. അടുത്തത് ആവശ്യംപോലെ ലഭിക്കുന്ന ഒഴിവുസമയങ്ങളുടെ ഉപയോഗമാണ്. "അലസമായ മനസ്സ് ചെകുത്താന്റെ പണിപ്പുര" എന്ന ചൊല്ലുതന്നെയുണ്ടല്ലോ. ഒഴിവുസമയങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ഗൈഡൻസ് സഹായിക്കുന്നു.

### (E) വീട്ടിൽ നിന്നുള്ള ഗൈഡൻസിന്റെ അഭാവം

കൂട്ടുകുടുംബ വ്യവസ്ഥയിൽ കുട്ടികൾക്ക് ആവശ്യമായ മാർഗനിർദ്ദേശം നൽകാനും അവരെ ആശ്വസിപ്പിക്കാനും രക്ഷാകർത്താക്കൾ, മറ്റ് മുതിർന്ന അംഗങ്ങൾ എന്നിവരൊക്കെ ഉണ്ടായിരുന്നു. മുത്തച്ഛൻ, മുത്തശ്ശി, സഹോദരൻ, സഹോദരി, മറ്റ് ബന്ധുക്കൾ തുടങ്ങിയവരിൽ നിന്നെല്ലാം അനൗപചാരികമായ ഗൈഡൻസും അറിവും ലഭിച്ചിരുന്നു. എന്നാൽ കൂട്ടുകുടുംബവ്യവസ്ഥ ഇല്ലാതാവുകയും മനുഷ്യജീവിതം കൂടുതൽ യാന്ത്രികമാവുകയും ചെയ്തതോടുകൂടി കുട്ടികൾക്ക് ആവശ്യമായ വഴികാട്ടാൻ വീട്ടിൽ ആരുമില്ലാതായി. ഉള്ളവരാകട്ടെ, ഗൈഡൻസ് നൽകുന്നതിൽ വേണ്ടത്ര പക്വതയോ താൽപ്പര്യമോ കാണിക്കുന്നുമില്ല. കുട്ടികൾക്ക് ആവശ്യമായ ഗൈഡൻസ് നൽകാൻ വേണ്ടത്ര ആത്മവിശ്വാസം ഇല്ലാത്തിനാൽ രക്ഷാകർത്താക്കൾ ആ ഉത്തരവാദിത്വം ടീച്ചർക്കു കൈമാറുന്നു.

## (F) ധാർമ്മികമൂല്യങ്ങളുടെ മാറ്റം

സമൂഹത്തിലെ മനുഷ്യരിൽ മിക്കവരും ഭൗതിക നേട്ടങ്ങൾക്കു പിന്നാലെ ഓടുകയാണ്. ഏതു വിധേനയും പണം ഉണ്ടാക്കുക എന്നതായിരിക്കുന്നു പുതിയ തലമുറയിൽപ്പെട്ട മിക്കവരുടെയും ലക്ഷ്യം. അവിടെ ധാർമ്മികതയുടെ സ്ഥാനം നഷ്ടപ്പെടുന്നു. നന്മതിന്മകൾ തിരിച്ചറിയുന്നതിനും ഗുണദോഷവിചിന്തനം നടത്തുന്നതിനും ഗൈഡൻസ് സഹായിക്കുന്നു.

## (G) ശരിയായ സമായോജനത്തിന്

കുടുംബാംഗങ്ങൾ, മറ്റു കുട്ടികൾ, അധ്യാപകർ, സഹപാഠികൾ എന്നിവരുമായി പൊരുത്തപ്പെട്ടുപോകാൻ കഴിയാത്ത കുട്ടികളെ ഗൈഡൻസിലൂടെ അതിന് പ്രാപ്തരാക്കാം. അതായത് സാഹചര്യങ്ങൾക്ക് ഇണങ്ങി ജീവിക്കാനുള്ള കഴിവ് കുട്ടികളിൽ വളർത്തിയെടുക്കാൻ ഗൈഡൻസിലൂടെ കഴിയും.

## (h) തൊഴിൽ സംബന്ധമായ വിവരങ്ങൾ നൽകുന്നതിന്

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് ഏറ്റവും യോജിച്ച തൊഴിലിനെക്കുറിച്ചുള്ള വിവരങ്ങൾ ഗൈഡൻസിലൂടെ നൽകാൻ സാധിക്കും. ഇത്തരത്തിലുള്ള അറിവ് കുട്ടികളുടെ തുടർപഠനം ക്രമീകരിക്കുന്നതിനും ഏറ്റവും യോജിച്ചതും താൽപ്പര്യം ഉള്ളതുമായ തൊഴിൽ നേടി ജീവിതവിജയം കൈവരിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും സഹായിക്കും.

## (i) രക്ഷാകർത്തൃബോധനം

കുട്ടികളെ സമയാസമയങ്ങളിൽ സ്കൂളിൽ അയക്കണം. അതിന് രക്ഷാകർത്താക്കളെ പ്രേരിപ്പിക്കാനും ബോധവാൻമാരാക്കാനും അവർക്കു ഗൈഡൻസ് നൽകേണ്ടത് അത്യാവശ്യമാണ്. പ്രത്യേകിച്ചും സാമൂഹികമാ.യും സാമ്പത്തികമായും വിദ്യാഭ്യാസപരമായും താഴെ തട്ടിലുള്ള രക്ഷാകർത്താക്കൾക്ക് കുട്ടികൾ വിദ്യാഭ്യാസം നേടേണ്ടതിന്റെ പ്രാധാന്യവും ആവശ്യവും ബോധ്യപ്പെടുത്താൻ ഗൈഡൻസിലൂടെ സാധിക്കും.

## മാർഗ്ഗദർശനം - പ്രകൃതവും അടിസ്ഥാന തത്വങ്ങളും

കേവലം ഉപദേശമല്ല മാർഗ്ഗദർശനം. ഉപദേശങ്ങൾ എല്ലായ്പ്പോഴും വ്യക്തിക്ക് സഹായകരമാകണമെന്നില്ല. എന്നാൽ മാർഗ്ഗദർശനം നേരായ വഴിയിൽ സ്വയം മുന്നേറാൻ വ്യക്തിക്ക് നൽകുന്ന പിന്തുണ തന്നേയാണ്. ഏതു പ്രായത്തിലുള്ളവർക്കും ഇത് ആവശ്യമാണ്. ധാർമ്മിക മൂല്യങ്ങൾ ഈ സേവനത്തിന്റെ അടിത്തറയെ ശക്തമാക്കുന്നു. മാർഗ്ഗദർശനം തികച്ചും ആസൂത്രിതവും ശാസ്ത്രീയവുമായ ഒരു കർമ്മപദ്ധതിയാണെന്നു മാത്രമല്ല പ്രാഗല്ഭ്യവും ശ്രേഷ്ഠതയും ആവശ്യമുള്ള ഒരു സേവനം കൂടിയാണ്. സഹകരണമാണ് ഈ പ്രക്രിയയുടെ അടിത്തറ അവിടെ നിർബന്ധത്തിനോ ഭീഷണിക്കോ സ്ഥാനമില്ല. തുടർച്ചയുള്ളതും ഒരാളുടെ ജീവിതകാലം മുഴുവൻ ആവശ്യമുള്ളതുമായ ഒരു പിന്തുണാ സംവിധാനമാണിത്. നിദേശനം വിദ്യാഭ്യാസ പ്രക്രിയയുടെ ഒരു അവിഭാജ്യ ഘടകമാണെന്ന് നമ്മൾ കണ്ടു കഴിഞ്ഞു. വിദ്യാഭ്യാസം എന്നാൽ കുട്ടിയുടെ വികസനത്തിനു സഹായകമായ നിദേശനപ്രക്രിയയാണെന്ന് വാദിക്കുന്നവരുമുണ്ട്. എന്തായാലും ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ മാർഗ്ഗദർശനത്തിന് ചില അടിസ്ഥാന തത്വങ്ങൾ ഉള്ളതായിക്കാണാം.

### അടിസ്ഥാന തത്വങ്ങൾ

1. മാർഗ്ഗദർശനം ചില 'പ്രശ്നക്കാർ'ക്ക് വേണ്ടി മാത്രമുള്ളതല്ല. വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായ എല്ലാ കുട്ടികൾക്കും ആവശ്യം ലഭിക്കേണ്ട ഒരു പിന്തുണയാണിത്.

2. ഇത് ഒരു തുടർ പ്രക്രിയയാണ്. വികാസത്തിന്റെ എല്ലാ ഘട്ടത്തിലും തുടർച്ചയായി കുട്ടിക്ക് മാർഗ്ഗദർശനം ലഭിക്കണം. വൈജ്ഞാനികവും, സാമൂഹികവും, വൈകാരികവുമായ മണ്ഡ ലങ്ങളുടെ ക്രമാനുഗതവികസനത്തിലൂടെ കുട്ടിയുടെ വ്യക്തിത്വത്തെ പരിപോഷിപ്പിക്കു ന്നതിന് ഇത് ആവശ്യമാണ്.

3. ഒരേ സമയം പൊതുവായതും സവിശേഷവുമായതുമായ (Generalised and specialised) ഊന്നൽ ഈ സേവനത്തിന് ആവശ്യമാണ്. ഓരോ അധ്യാപികയും കുട്ടികളെ പൊതുവായും ഓരോ രുത്തരുടെയും വിദ്യാഭ്യാസപരവും, വ്യക്തിപരവും, സാമൂഹികവുമായ പ്രശ്നങ്ങളെ സവി ശേഷമായും ശ്രദ്ധിച്ചുകൊണ്ട് മാർഗ്ഗനിർദ്ദേശം നൽകാൻ കഴിവുള്ള വ്യക്തിയായി മാറ ണം.

4. കുട്ടിയെ ഒരു സമഗ്രവ്യക്തിത്വമായി കണ്ടു കൊണ്ടാണ് മാർഗ്ഗനിർദ്ദേശം നൽകേണ്ടത്. കുട്ടിയുടെ ചില പെരുമാറ്റ പ്രശ്നങ്ങൾക്കുള്ള ചികിത്സയല്ല മറിച്ച് അവന്റെ ബുദ്ധി താല്പ ര്യം, മനോഭാവം, ശീലങ്ങൾ, കളികൾ തുടങ്ങിയവയെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു പിന്തുണയാകണം നിദേശനം.

## മാർഗ്ഗദർശനത്തിന്റെ മേഖലകൾ

കുട്ടിയുടെ സമഗ്രവികസനമാണ് നിദേശനം ലക്ഷ്യമാക്കുന്നതെന്ന് നമ്മൾ കണ്ടുകഴിഞ്ഞു. ഈ ലക്ഷ്യ സാക്ഷാത്ക്കാരക്കിന് നിരവധി മേഖലകളിലുള്ള പിന്തുണ കുട്ടിക്ക് ആവശ്യമാണ് ഈ മേഖലകളെ പൊതുവെ, വ്യക്തിപരം, വിദ്യാഭ്യാസപരം, തൊഴിൽപരം എന്നിങ്ങനെ മൂന്നായി തിരിക്കാം. ഓരോ മേഖലയിലുമുള്ള നിദേശനത്തിന്റെ ലക്ഷ്യങ്ങൾ താഴെ പട്ടികപ്പെടുത്തിയത് നോക്കുക.

| ഗൈഡൻസ് മേഖലകൾ | ഗൈഡൻസ് വർക്കർ (ടീച്ചർ) ചെയ്യേണ്ടത് |
|---|---|
| 1. വ്യക്തിപരം (Personal) | • മാനസികവും ശാരീരികവുമായ ആരോഗ്യം പരിപോഷിപ്പിക്കുന്നതിന് കുട്ടികളെ സഹായിക്കുക.<br>• അവരവരുടെ വളർച്ചയുടെ/വികാസത്തിന്റെ ഉത്തരവാദിത്തം അവരവർക്കു തന്നെയാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക.<br>• കുടുംബജീവിത വിദ്യാഭ്യാസം നൽകുക.<br>• ശരിയായ വ്യായാമരീതികൾ പിൻതുടരുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.<br>• ആരോഗ്യശീലങ്ങൾ വളർത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുക. |
| 2. വിദ്യാഭ്യാസപരം (Educational) | • കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുക.<br>• പ്രത്യേക പഠിതാക്കളെ കണ്ടെത്തുക. ഉദാ: പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർ, ക്രിയാത്മകശേഷിയുള്ളവർ, പ്രതിഭാശാലികൾ തുടങ്ങിയവർ.<br>• പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പഠനാവശ്യങ്ങൾ നിറവേറ്റാൻ അവരെ സഹായിക്കുക.<br>• പഠന - പാഠ്യേതര മേഖലകളിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ അതിജീവിക്കാൻ അവരെ സഹായിക്കുക. |

| | |
|---|---|
| 3. തൊഴിൽപരം | • വിവിധ തൊഴിൽമേഖലകളും അതിനാവശ്യമായ കോഴ്സുകളും അവയുടെ ലഭ്യതയും സാധ്യതകളും കുട്ടികളെ പരിചയപ്പെടുത്തുക.<br>• സ്വന്തം കഴിവുകളും പരിമിതികളും താൽപര്യങ്ങളും മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുക.<br>• തൊഴിൽ പരിശീലനത്തിന്റെ ആവശ്യകതയെയും തൊഴിൽ പരിശീലന കേന്ദ്രങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ നൽകുക.<br>• ഓരോരുത്തർക്കും ഏറ്റവും യോജിക്കുന്ന തൊഴിൽ മേഖല കണ്ടെത്താൻ സഹായിക്കുക.<br>• തൊഴിൽ രംഗത്തുണ്ടാകുന്ന വെല്ലുവിളികൾ അതിജീവിക്കാനുള്ള ആത്മവിശ്വാസം കുട്ടികളിൽ വളർത്തിയെടുക്കാൻ സഹായിക്കുക. |

## ഉപബോധനം (Counselling)

ഉപദേശം നൽകുക, നിർദ്ദേശം നൽകുക, അഭിപ്രായം എന്നൊക്കെ അർത്ഥം വരുന്ന കൗൺസിൽ എന്ന വാക്കിൽ നിന്നാണ് കൗൺസലിങ്ങ് എന്ന വാക്ക് രൂപപ്പെട്ടത്. പ്രശ്നങ്ങൾ നേരിടാത്തവർ ചുരുക്കമാണ്. പ്രശ്നപരിഹാരം സ്വയം സാധിക്കണമെന്നില്ല. വൈയക്തികമായ പ്രശ്നങ്ങൾ വിദഗ്ദ്ധനായ ഒരു കൗൺസലറുമായുള്ള തുറന്ന ചർച്ചയിലൂടെ നേരിടാനും പരിഹരിക്കാനും സാധിക്കുന്ന ശാസ്ത്രീയമായ ഇടപെടൽ രീതിയാണ് കൗൺസലിങ്ങ്.

ഉപദേശം അഥവാ സഹായം ആവശ്യമുള്ള വ്യക്തികൾക്ക് അവരെ അലട്ടുന്ന പ്രശ്നങ്ങൾ സ്വതന്ത്രമായി ചർച്ച ചെയ്യുന്നതിനും അവരുടെ ലക്ഷ്യങ്ങൾ നിർവ്വചിക്കുന്നതിനും വിജയകരമായ സാമൂഹികവ്യവഹാരത്തിന് ആവശ്യമായിട്ടുള്ള കഴിവുകൾ ആർജ്ജിക്കുന്നതിനും ആർജ്ജിച്ച കഴിവുകൾ ആത്മവിശ്വാസത്തോടും പ്രയോഗിക്കുന്നതിനുള്ള ശേഷി വികസിപ്പിക്കുന്നതിനും ഉതകുന്ന വിധത്തിൽ വിദഗ്ധോപദേഷ്ടാവുമായുള്ള (Counseller) പരസ്പര ബന്ധത്തെയാണ് വിദഗ്ധോപദേശം (Counselling) എന്നു പറയുന്നത് ഈ ബന്ധം അംഗീകാരവും വിശ്വാസവും സുരക്ഷിതത്വവും ഉള്ളതായിരിക്കും. - ഇ. ജി. വേദനായഗം.

- Counselling is a method of identifiying problem, solution to life or work oriented problems.
- Counselling is the means by which one person helps another through purposeful conversation. It involves a series of problems solving interviews - തുടങ്ങി പല രീതിയിൽ ഉപബോധനത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്.

കൗൺസലിങ്ങിലൂടെ ഒരു വ്യക്തിക്ക് സ്വയം തിരിച്ചറിയാൻ സാധിക്കും. ഇപ്പോൾ നിലനിൽക്കുന്നതും ഇനി വരാനിരിക്കുന്നതുമായ സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിന് കൗൺസലിംഗ് ഒരുവനെ പ്രാപ്തനാക്കും. ഇതൊരു പഠനപ്രക്രിയയാണ്. സാമൂഹിക ചുറ്റുപാടിലാണ് ഇതു നടക്കേണ്ടത്.

കൗൺസലിങ്ങിൽ പ്രാഗ്ലഭ്യം നേടിയ ആൾ കൗൺസലറും കൗൺസലിങ്ങിനു വിധേയനാകുന്ന വ്യക്തി കൗൺസലി അഥവാ ക്ലയന്റ് (Client) എന്നും അറിയപ്പെടുന്നു.

### ഗൈഡൻസും കൗൺസലിങ്ങും തമ്മിലുള്ള ബന്ധം

ഒരു സ്കൂളിലെ എല്ലാ കുട്ടികളുടെയും വ്യക്തിഗത ആവശ്യങ്ങളും കഴിവുകളും താൽപര്യങ്ങളും കണ്ടുപിടിച്ച് അവർക്ക് അനുയോജ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും സ്വയം തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യുന്ന പ്രവർത്തനമാണ് ഗൈഡൻസ് അഥവാ മാർഗ്ഗദർശനം. ഇതിലൂടെ കുട്ടികൾക്ക് തങ്ങളുടെ ഭാവി ആസൂത്രണം ചെയ്യുന്നതിനും ശരിയായ ജീവിതമാർഗം തെരഞ്ഞെടുക്കുന്നതിനും സാധിക്കുന്നു. ഗൈഡൻസിന്റെ വ്യാപ്തി വളരെ

വിശാലമാണെന്ന് കാണാം. എന്നാൽ ചില കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വ്യക്തിപരമായ പരിഗണന നൽകുകയും തന്ത്രപരവും സ്നേഹനിർഭരവുമായി ഇടപെടുകയും വേണ്ടി വരും. ഇതാണ് കൗൺസലിങ്ങ്. ഇവിടെ ഇടപെടൽ വളരെ സൂക്ഷ്മതലത്തിലാണെന്ന് കാണാം.

ഗൈഡൻസ് നൽകുന്നതിന് ഉയർന്ന സാങ്കേതിക പരിജ്ഞാനമോ വൈദഗ്ധ്യമോ ആവശ്യമായി വരില്ല. എന്നാൽ കൗൺസലിങ്ങിൽ സ്വയം പ്രശ്നപരിഹാരത്തിന് വ്യക്തിയെ സഹായിക്കേണ്ടതിനാൽ മികച്ച സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവും കൗൺസലർക്ക് ഉണ്ടായിരിക്കണം. മാർഗനിർദേശ പ്രവർത്തനത്തിൽ തൊഴിൽ സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് വേർതിരിക്കുക, സ്കൂൾ പഠനം പൂർത്തിയാക്കി പോയവരെ പിന്തുടരുക, ഓരോ കുട്ടിയെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക തുടങ്ങിയവയെല്ലാം ചിലപ്പോൾ മാർഗനിർദ്ദേശകൻ തന്നെയായിരിക്കും ചെയ്യുന്നത്. വിദഗ്ധോപദേശം നൽകുന്നതിന് ഉയർന്ന തരത്തിലുള്ള സാങ്കേതിക പരിജ്ഞാനവും പരിശീലനവും വിദ്യാഭ്യാസയോഗ്യതകളും ആവശ്യമാണ്.

> **മഴക്കാലത്ത് ഒരു ദിവസം ഓടിട്ട സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്നു വീണ് ചില കുട്ടികൾക്ക് പരിക്കേറ്റു. എല്ലാ കുട്ടികളും ഭയചകിതരായി. പല കുട്ടികളും സ്കൂളിൽ വരാൻ തന്നെ മടികാണിക്കുന്നു. രാത്രികാലങ്ങളിൽ ഞെട്ടിയുണർന്ന് കരയുന്നു. രക്ഷിതാക്കൾക്കും ഇതു പ്രശ്നങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. ഈ സന്ദർഭത്തെ വിശകലനം ചെയ്ത് ഗൈഡൻസ്, കൗൺസലിങ്ങ് തുടങ്ങിയ ആശയങ്ങളുടെ വ്യത്യാസം കണ്ടെത്തട്ടെ.**

## കൗൺസലിംഗിന്റെ ലക്ഷ്യങ്ങൾ

കൗൺസലിംഗ് സഹായിക്കാനുള്ള മനോഭാവത്തിൽ നിന്നാണ് തുടങ്ങുന്നത്. കൗൺസലിംഗിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു.

**1. മാറ്റം വരുത്തുക**

വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ പ്രവർത്തനങ്ങളിൽ ആരോഗ്യകരമായ മാറ്റം വരുത്തുക.

**2. പൊരുത്തപ്പെടാനുള്ള നൈപുണി വർധിപ്പിക്കുക**

പുതിയ സാഹചര്യങ്ങളുമായും ആവശ്യങ്ങളുമായും വ്യക്തികളുമായും പൊരുത്തപ്പെടാനുള്ള കഴിവ് വളർത്തുന്നതിന് സഹായിക്കുക.

**3. തീരുമാനങ്ങളെടുക്കാനുള്ള കഴിവ് പ്രോത്സാഹിപ്പിക്കുക**

കൗൺസലിയെടുക്കുന്ന നല്ല തീരുമാനങ്ങളെ പ്രോത്സാഹിപ്പിക്കുക. ഒരു കാരണവശാലും കൗൺസലറുടെ തീരുമാനങ്ങൾ കൗൺസലിയുടെ മേൽ അടിച്ചേൽപ്പിക്കരുത്. എന്തുകൊണ്ട് താൻ ഇങ്ങനെയൊരു തീരുമാനത്തിൽ എത്തിച്ചേർന്നു എന്ന് കൗൺസലിയ്ക്ക് പൂർണ്ണ ബോധ്യമുണ്ടാകണം.

**4. ബന്ധങ്ങൾ മെച്ചപ്പെടുത്തുക**

മറ്റുള്ളവരുമായുള്ള കൗൺസലിയുടെ ബന്ധത്തിന്റെ ഗുണനിലവാരം ഉയർത്താൻ സഹായിക്കുക. അതിലൂടെ കൗൺസലിയുടെ വ്യക്തിബന്ധങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിലാണ് ഊന്നം വയ്ക്കേണ്ടത്.

5. കഴിവുകൾ പ്രോത്സാഹിപ്പിക്കുക

കൗൺസലിയുടെ വ്യക്തിപരമായ കഴിവുകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കണം. അതോടൊപ്പം അവരിൽ അർപ്പണബോധം വളർത്തുകയും വേണം. അനാവശ്യഭയങ്ങൾ ഒഴിവാക്കുന്നതിനും ആവേശങ്ങൾ നിയന്ത്രിക്കുന്നതിനും കൗൺസലി പരിശീലിക്കേണ്ടതുണ്ട്.

## കൗൺസലിംഗിന്റെ അടിസ്ഥാനതത്വങ്ങൾ

- ഓരോ കൗൺസലിയെയും ഓരോ പ്രത്യേക വ്യക്തിയായി പരിഗണിക്കണം. ഒരു പ്രത്യേക വ്യക്തി എന്ന നിലയിൽ കൗൺസലിയുടെ എല്ലാ പെരുമാറ്റങ്ങളും പ്രോത്സാഹിപ്പിക്കണം എന്ന് ഇതിനർത്ഥമില്ല.
- കൗൺസലറോട് കൗൺസലിക്ക് എല്ലാം തുറന്നു പറയാനുള്ള അനുവാദം ഉണ്ട്. എന്നാൽ അതിലെ ശരി തെറ്റുകൾ വിലയിരുത്തേണ്ട ആവശ്യം കൗൺസലർക്കില്ല.
- കൗൺസലിംഗ് എന്നാൽ കൗൺസലിയോടൊത്ത് ചിന്തിക്കുക എന്നതാണ്. അതായത് കൗൺസലിയുടെ സ്ഥാനത്തുനിന്ന് ചിന്തിക്കുക (empathy)
- തീരുമാനങ്ങൾ കൗൺസലിയുടേതു തന്നെ ആകണം.
- കൗൺസലിയുടെ മുഖ്യപ്രയാസത്തെ കേന്ദ്രീകരിച്ചാണ് കൗൺസലിംഗ് നടക്കേണ്ടത്.
- കൗൺസലിംഗ് ഒരു പഠനസാഹചര്യമാണ്. കൗൺസലിംഗിലൂടെ പെരുമാറ്റ വ്യതിയാനമാണ് ലക്ഷ്യമിടുന്നത്.
- കൗൺസലിംഗിന്റെ കാര്യക്ഷമത കൗൺസലിയുടെ മാറാനുള്ള തയാറെടുപ്പിനേയും കൗൺസലറുമായുള്ള ബന്ധത്തെയും ആശ്രയിച്ചിരിക്കുന്നു.
- കൗൺസലറും കൗൺസലിയും തമ്മിലുള്ള ബന്ധം രഹസ്യസ്വഭാവം (Confidentiality) ഉള്ളതാണ്.
- കൗൺസലി ഒരു രോഗിയല്ല എന്ന പരമബോധ്യത്തോടെ വേണം കൗൺസലർ പെരുമാറേണ്ടത്.

## കൗൺസലിംഗ് –സമീപനങ്ങൾ

വിവിധ മനഃശാസ്ത്ര തത്വങ്ങളെ അടിസ്ഥാനമാക്കി ധാരാളം സമീപനങ്ങൾ കൗൺസലിംഗിൽ നിലവിലുണ്ട്. അവ ഓരോന്നും അതിന്റേതായ കാഴ്ചപ്പാടിൽ പ്രസക്തവുമാണ്. ചില പ്രധാനപ്പെട്ട സമീപനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

### (a) മനോവിശ്ലേഷണ സമീപനം (Psychoanalytic Approach)

ഫ്രോയിഡിന്റെ മനോവിശ്ലേഷണ/മാനസികാപഗ്രഥന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സമീപനം രൂപപ്പെടുത്തിയിരിക്കുന്നത്. അബോധമനസ്സിനാണ് അദ്ദേഹം പ്രാധാന്യം നൽകിയിരിക്കുന്നത്. വ്യക്തിയെ അലട്ടുന്ന പ്രശ്നങ്ങൾ അടിച്ചമർത്തപ്പെട്ട വികാരങ്ങളായി മനസ്സിന്റെ അബോധ തലങ്ങളിലാണ് നിലകൊള്ളുന്നത്. ഇത് പലപ്പോഴും കുട്ടിക്കാലത്തെ അസുഖകരമായ അനുഭവങ്ങളിൽ നിന്ന് ഉടലെടുത്തവയാകാം. കൗൺസലി തന്റെ പ്രശ്നങ്ങളെ കുറിച്ച് അജ്ഞനും നിസ്സഹായനുമായിരിക്കും. കൗൺസലർ യുക്തമായ തന്ത്രങ്ങൾ/ഇടപെടലുകളിലൂടെ കൗൺസലിയുടെ പ്രശ്നത്തിന്റെ യഥാർത്ഥ കാരണം തിരിച്ചറിയാൻ സഹായിക്കുന്നു. തന്റെ അബോധ മനസ്സിനെക്കുറിച്ച് ലഭിക്കുന്ന ഉൾക്കാഴ്ച കൗൺസലിയുടെ അവസ്ഥയിൽ ഗുണപരമായ മാറ്റം വരുത്താൻ സഹായിക്കുന്നു.

### (b) പെരുമാറ്റ മനഃശാസ്ത്ര സമീപനം (Behaviouristic Approach)

നേരിട്ട് കണ്ട് ബോധ്യപ്പെടാവുന്ന പെരുമാറ്റങ്ങൾ (Observable behaviour) വിശകലനം ചെയ്യുക എന്നതാണ് ഈ രീതിയുടെ അടിസ്ഥാനം. ഒരു ഉദ്ദീപനവും (stimulus) അതിനുള്ള പ്രതികരണവും (Response) ആയാണ് പെരുമാറ്റത്തെ വിശദീകരിച്ചിരിക്കുന്നത്. ഈ സമീപനം അനുസരിച്ച്, നല്ലതും മോശമായതുമായ എല്ലാ പെരുമാറ്റങ്ങളും ഏകദേശം ഒരേ രീതിയാണ് പഠിച്ചത്. അതുകൊണ്ട് അവയെല്ലാം പരിവർത്തനം (modify) ചെയ്യാവുന്നതാണ്. ഇവിടെ മോശമായ പെരുമാറ്റം ക്രമേണ ഒഴിവാക്കി നല്ല പെരുമാറ്റം ഊട്ടിയുറപ്പിക്കാൻ (reinforce) സഹായിക്കലാണ് കൗൺസലറുടെ പ്രധാന ധർമ്മം. കുട്ടികളിൽ പൊതുവേ കണ്ടു വരുന്ന അമിത ഉത്കണ്ഠ, മാനസിക സംഘർഷം, ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയ പ്രശ്നങ്ങൾ ഇത്തരത്തിൽ പരിഹരിച്ച് നല്ല രീതിയിൽ ജീവിക്കുന്നതിന് സഹായിക്കാൻ കഴിയും. ഇതിനായി താഴെ പറയുന്ന തന്ത്രങ്ങൾ ഉപയോഗിക്കാവുന്നതാണ്.

- നിഷേധാത്മക പ്രബലനം (Negative Reinforcement)
- ഗുണാത്മക പ്രബലനം (Positive Reinforcement)
- ക്രമാനുഗതമായ നേരിടൽ (Systematic Desensitisation)
- ഒഴിവാക്കുക/നിഷേധിക്കുക (Denial)
- ദൃഢപ്രത്യയ പരിശീലനം (Assertive Training)
-
-

സമകാലിക സമൂഹത്തിൽ കുട്ടികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്ന് നമുക്കറിയാം. ഇത്തരം നിരവധി വാർത്തകൾ പത്രങ്ങളിൽ വരാറുണ്ട്. ഇവ ശേഖരിച്ച് ഈ തന്ത്രങ്ങളിൽ ഏതൊക്കെ അവ ഓരോന്നു പരിഹരിക്കാൻ ഉപയുക്തമാണെന്ന് പഠിതാക്കൾ കണ്ടെത്തട്ടെ.

### c) വൈജ്ഞാനിക സമീപനം (Cognitive Approach)

ഈ സമീപനം പ്രാധാന്യം നൽകുന്നത് ചിന്തയ്ക്കാണ്. കാരണം ചിന്തയാണ് ഒരു വ്യക്തിയുടെ വികാരങ്ങളെയും പെരുമാറ്റത്തെയും നിയന്ത്രിക്കുന്നത്. പ്രത്യക്ഷജ്ഞാനം (Perception) ജ്ഞാന സമ്പാദനം (Knowledge acquisition) തുടങ്ങിയ ഉയർന്നതലത്തിലുള്ള മാനസിക പ്രവർത്തനങ്ങൾക്കാണ് ഇവിടെ പ്രാധാന്യം നൽകിയിരിക്കുന്നത്. നേടിയ തെറ്റായ ധാരണ, അപര്യാപ്തമായ വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള തീരുമാനം, യുക്തിപരമല്ലാത്ത മനോഭാവം തുടങ്ങിയവയാണ് മാനസിക പ്രശ്നങ്ങൾ ഉണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങൾ. ഈരീതി അനുസരിച്ച് കൗൺസലിംഗ് നടത്തുമ്പോൾ കൗൺസലിയുടെ വിവേചന ബുദ്ധി സൂക്ഷ്മപ്പെടുത്തുക, തെറ്റിദ്ധാരണകൾ തിരുത്തുക, സമൂഹവുമായി കൂടുതൽ പൊരുത്തപ്പെടുന്നതിനുള്ള മനോഭാവം വളർത്തുക എന്നിവയ്ക്കാണ് കൂടുതൽ ഊന്നൽ നൽകുന്നത്.

### d) കൗൺസലി കേന്ദ്രീകൃത സമീപനം (Client centered Approach)

കാൾ റോജേഴ്സ് ആണ് ഈ സമീപനത്തിന്റെ വക്താവ്. ശരിയായ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കിയാൽ വ്യക്തി ഉൾക്കാഴ്ച നേടുകയും സ്വയം പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യും എന്നാണ് ഈ രീതി പറയുന്നത്. വളർച്ചയ്ക്ക് ആവശ്യം വേണ്ട ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- വ്യക്തികൾ തമ്മിലുള്ള മാനസിക ബന്ധം
- ചെറിയ തോതിലുള്ള ആകാംക്ഷ
- കൗൺസലറുമായുള്ള പൊരുത്തം
- ഉപാധികളില്ലാതെ അനുകൂലമായി ചിന്തിക്കാനുള്ള കഴിവ്
- അനുഭാവപൂർവ്വമായ പരിഗണന

ഈ സമീപനം ഊന്നൽ നൽകുന്നത് പ്രശ്നങ്ങൾക്കല്ല, മറിച്ച് വ്യക്തിക്കാണ്. തന്റെ സ്വത്വത്തെ ശരിയായി മനസിലാക്കുവാനും, അതുവഴി പരിമിതികളെ അതിജീവിച്ച് കൂടുതൽ മെച്ചമായ രീതിയിൽ ജീവിക്കാൻ ആവശ്യമായ വ്യക്തിയെ സഹായിക്കുകയാണ് കൗൺസലറുടെ പ്രധാന ധർമ്മം.

### സമന്വിത സമീപനം (Eclectic Approach)

എല്ലാ സമീപനങ്ങൾക്കും അവയുടേതായ മേന്മകൾ ഉണ്ടെങ്കിലും, അവയുടെ സിദ്ധാന്തങ്ങൾ പൂർണ്ണമായും പരിഗണിച്ചുകൊണ്ട് കൗൺസലിംഗ് നൽകാൻ പലപ്പോഴും സാധിച്ചുവെന്ന് വരില്ല. യഥാർത്ഥ സാഹചര്യങ്ങളിൽ കൗൺസലർമാർ സിദ്ധാന്തങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയാണ് ഉപയോഗിക്കുന്നത്. വ്യക്തികളും അവരുടെ സാഹചര്യങ്ങളും പെരുമാറ്റങ്ങളും വ്യത്യസ്തമാകയാൽ, ഓരോ വ്യക്തിക്കും കൗൺസലിംഗ് പ്രയോജനപ്പെടണമെങ്കിൽ ഇത്തരം മാറ്റങ്ങൾ കൂട്ടിച്ചേർക്കലുകളും അനിവാര്യമാണ്. വിവിധ സമീപനങ്ങളുടെ നല്ല വശങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ഒരു സമീപനം (സമന്വയസമീപനം) ആയിരിക്കും കൂടുതൽ ഉത്തമം.

### വിവിധതരം കൗൺസലിംഗ്

കൗൺസലിംഗ് പലതരത്തിലുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട നാല് എണ്ണം താഴെ വിവരിച്ചിരിക്കുന്നു.

### 1. ദുരന്ത/പ്രതിസന്ധി നിവാരണ കൗൺസലിംഗ് (Crisis counselling)

ജീവിതത്തിൽ ഒരിക്കലെങ്കിലും പ്രതിസന്ധിഘട്ടങ്ങളിലൂടെ കടന്നുപോകാത്തവർ ആരുമുണ്ടാവില്ല. ഉദാ: പ്രിയപ്പെട്ടവരുടെ വേർപാട്, പരീക്ഷയിലുള്ള തോൽവി, തൊഴിൽ നഷ്ടം തുടങ്ങിയവ. കൗമാരപ്രായക്കാർ ഏതെങ്കിലും രൂക്ഷമായ പ്രതിസന്ധി അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അത് അവരുടെ സാധാരണ പെരുമാറ്റത്തെയും ജീവിതത്തെയും ബാധിക്കുന്നു. തൽഫലമായി ഉത്കണ്ഠ, മാനസിക പിരിമുറുക്കം, സ്വന്തം കഴിവിൽ വിശ്വാസമില്ലായ്മ എന്നിവയൊക്കെ അനുഭവപ്പെടാം. ഇത്തരം സാഹചര്യങ്ങളിൽ കൗൺസലറുടെ സഹായം ഒരു വ്യക്തിക്ക് അത്യാവശ്യമായി വരുന്നു. പരിശീലനം നേടിയ കൗൺസലർ വ്യക്തിയുടെ പ്രയാസങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം പ്രതിസന്ധിയുടെ കാരണങ്ങൾ വ്യക്തമാക്കാനും ശ്രമിക്കുന്നു. ആത്മവിശ്വാസം വളർത്തുവാനും സഹിഷ്ണുത വർധിപ്പിക്കുവാനും പുതിയ പെരുമാറ്റരീതികൾ അവലംബിക്കുവാനും കൗൺസലി പ്രാപ്തനാകുന്നു.

### 2. സുകര കൗൺസലിംഗ് (Facilitative Counselling)

ജീവിതത്തിൽ ചില അബദ്ധങ്ങൾ സംഭവിക്കുകയോ, ചില അവ്യക്തതകൾ വരുകയോ ചെയ്യുമ്പോൾ ഒരു കൗൺസലറെ സമീപിച്ച് അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നു. അത്തരം സന്ദർഭങ്ങളിൽ ഒരു കൗൺസലർ അബദ്ധങ്ങൾ തിരിച്ചറിയാൻ സഹായിക്കുകയോ, കാര്യങ്ങൾക്ക് വ്യക്തത നൽകുകയോ ചെയ്യുന്നു. സാഹചര്യങ്ങൾ സ്വയം ബോദ്ധ്യപ്പെടുന്നതിലൂടെ സ്വയം തിരുത്താനും കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു പ്രവർത്തിക്കാനും വ്യക്തി സന്നദ്ധനാകുന്നു. പഠന പ്രശ്നങ്ങൾ, കോഴ്സ് തെരഞ്ഞെടുക്കൽ, ജോലി തെരഞ്ഞെടുക്കൽ, കുടുംബാംഗങ്ങളുമായും കൂട്ടുകാരുമായും യോജിച്ചുപോകൽ എന്നിവയൊക്കെ സുകര കൗൺസലിംഗിന്റെ മേഖലകളാണ്.

### 3. പ്രതിരോധ കൗൺസലിംഗ് (Preventive Counselling)

രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുന്നതാണ് എന്ന തത്വ

ത്തിലധിഷ്ഠിതമായ കൗൺസലിംഗാണിത്. മറ്റുള്ള കൗൺസലിംഗിൽനിന്നും വളരെ വ്യത്യസ്തമാണിത്. ഭാവിയിൽ വരാൻ സാധ്യതയുള്ള അപകടങ്ങളിൽ നിന്നും രക്ഷനേടാൻ കുട്ടികളെ തയാറെടുപ്പിക്കലാണ് ഇതിന്റെ ലക്ഷ്യം. ഉദാ: മദ്യപാനം, മയക്കുമരുന്ന് എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം, എച്ച്.ഐ.വി./എയിഡ്സ് സംബന്ധിച്ചുള്ള അറിവ്, കോഴ്സുകളെയും ജോലികളെയും കുറിച്ചുള്ള വിവരം തുടങ്ങിയവ. പ്രതിരോധ കൗൺസലിംഗ് ഒരു പ്രായോഗികമായ പ്രക്രിയയും, മുൻകൂട്ടി ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതുമാണ്. മദ്യം, മയക്കുമരുന്ന് ഉപയോഗം, അക്രമം, എച്ച്.ഐ.വി./എയിഡ്സ്, ലൈംഗിക ചൂഷണം എന്നിവ കൂടിവരുന്ന ഈ കാലഘട്ടത്തിൽ പ്രതിരോധ കൗൺസലിംഗ് കൗമാരക്കാർക്ക് വളരെ അത്യാവശ്യമാണ്. അവരെ ഇത്തരം പ്രവണതകളിൽനിന്നും രക്ഷപ്പെടുത്താൻ പ്രതിരോധ കൗൺസലിംഗിലൂടെ കഴിയും.

### 4. വികസന കൗൺസലിംഗ് (Developmental Counselling)

ഒരു വ്യക്തിയുടെ ജീവിതത്തിലുടനീളം ആവശ്യമുള്ള പ്രക്രിയയാണ് വികസന കൗൺസലിംഗ്. ജീവിതത്തിലെ ഓരോ ഘട്ടത്തിലും അനുകൂല നേട്ടങ്ങൾ കൈവരിക്കാനും കുട്ടികളെയും അവരുടെ ചുറ്റുപാടുകളെയും കുറിച്ച്സ്വയം ബോധ്യപ്പെടാനും ഇത് സഹായിക്കുന്നു. നല്ല മനോഭാവം, മൂല്യബോധം, ധാർമ്മികത എന്നിവ കുട്ടികളിൽ വളർത്താൻ ഇത്തരം കൗൺസലിംഗിലൂടെ സാധിക്കുന്നു. കൂടാതെ കുട്ടികൾക്ക് ലക്ഷ്യബോധമുണ്ടാക്കുന്നതിനും ഇത് സഹായകമാകുന്നു.

## സംഘ കൗൺസലിംഗ് (Group Counselling)

സമാന വ്യക്തികളിൽ കൗൺസലിംഗിന്റെ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ചലനാത്മകവും എന്നാൽ വ്യക്ത്യധിഷ്ഠിതവുമായ പ്രക്രിയയാണ് സംഘ കൗൺസലിംഗ് എന്ന് മനശ്ശാസ്ത്രജ്ഞനായ കോഹൻ (Cohn) പറയുന്നു. സംഘാംഗങ്ങൾ കൗൺസലറോടൊപ്പം അവരുടെ പ്രശ്നങ്ങളും വികാരങ്ങളും പരസ്പരം കണ്ടെത്താൻ ശ്രമിക്കുന്നു. അതിലൂടെ അവരുടെ മനോഭാവങ്ങളിലും മൂല്യങ്ങളിലും മാറ്റം വരുത്തി വികസനപരവും വിദ്യാഭ്യാസപരവുമായ സാഹചര്യങ്ങൾ നല്ലരീതിയിൽ കൈകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കുന്നു. ഇവിടെ കൗൺസലിംഗ് ഗ്രൂപ്പ് എന്നു പറയുന്നത് ആറുമുതൽ പത്തുവരെ അംഗങ്ങളുൾക്കൊള്ളുന്ന, താരതമ്യേന സമാനമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന സംഘത്തെയാണ്. പരിശീലനം സിദ്ധിച്ച ഒരു കൗൺസലറും ഈ സംഘത്തിലുണ്ടാകും.

## കൗൺസലർക്കു വേണ്ട ഗുണങ്ങൾ (Qualities of a Counsellor)

- മറ്റുള്ളവരെ സഹായിക്കാനുള്ള മനഃസ്ഥിതി.
- സഹായം അഭ്യർഥിക്കുന്ന ആളിന്റെ വികാരങ്ങളും വിചാരങ്ങളും മനസ്സിലാക്കാനും ഉൾക്കൊള്ളാനും ഉള്ള കഴിവ്.
- സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടുപോകാനുള്ള കഴിവ്.
- സഹായം അഭ്യർഥിക്കുന്ന ആളുമായി യാതൊരു ഉപാധികളുമില്ലാത്ത ബന്ധം സ്ഥാപിക്കുവാനുള്ള മനഃസ്ഥിതി.
- മറ്റുള്ളവർക്ക് സങ്കോചം കൂടാതെ സമീപിക്കുവാനുള്ള സൗഹൃദ മനോഭാവവും, സന്തോഷപ്രദവും ഊർജ്ജദായകവുമായ വ്യക്തിത്വവും.
- സ്നേഹത്തോടെയും ബഹുമാനത്തോടെയും എല്ലാവരെയും സ്വീകരിക്കാനുള്ള മനോഭാവം.

- പ്രശ്നങ്ങൾ ബുദ്ധിപൂർവ്വം അപഗ്രഥിക്കുവാനും അവയെക്കുറിച്ച് യുക്തിപൂർവം ചിന്തിക്കുവാനും ഉള്ള കഴിവ്.

### കൗൺസലർക്കു അവശ്യകമായ പൂർവപ്രാപ്തികൾ (Pre-requisites of a Counsellor)

ഒരു കൗൺസലർക്ക് അവശ്യം ഉണ്ടായിരിക്കേണ്ട കഴിവുകൾ ഏതെല്ലാമെന്ന് കാൾ റോജേഴ്സ് വിശദമാക്കിയിട്ടുണ്ട്. അവ ചുവടെ പ്രതിപാദിക്കുന്നു.

**1. സമാനുഭൂതി (Empathy)**

ഒരു കൗൺസലറെ സംബന്ധിച്ചിടത്തോളം അവശ്യം വേണ്ട നൈപുണികളിലൊന്നാണ് സമാനുഭൂതി. ഇവിടെ കൗൺസലർ കൗൺസലിയുടെ സ്ഥാനത്ത് നിന്നുകൊണ്ട് പ്രശ്നങ്ങളെ നോക്കിക്കാണുന്നു. കൗൺസലിയുടെ സ്ഥാനത്ത് താനായിരുന്നെങ്കിൽ എന്ന് ചിന്തിക്കാനും, കൗൺസലിയുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും അതനുസരിച്ചു പ്രവർത്തിക്കാനുമുള്ള കഴിവാണിത്.

**2. ഉപാധികളില്ലാത്ത സ്വീകാര്യത (Unconditional positive regard)**

മുൻവിധികളോ, ഉപാധികളോ കൂടാതെ കൗൺസലിയെ അംഗീകരിക്കാനും സഹായിക്കാനുമുള്ള മനഃസ്ഥിതി കൗൺസലർക്ക് ഉണ്ടായിരിക്കണം.

**3. സ്വാഭാവികത (Genuineness)**

സ്വാഭാവികമായ പെരുമാറ്റം കൗൺസലറുടെ ഭാഗത്തുനിന്നുണ്ടാകണം. ആത്മവഞ്ചനാപരമായ പ്രസ്താവനകളോ പ്രവർത്തനങ്ങളോ കൗൺസലറുടെ ഭാഗത്തുനിന്നുണ്ടാകുവാൻ പാടില്ല.

**4. ലഭ്യത (Availability)**

കൗൺസലിക്ക് എപ്പോഴും സമീപിക്കാൻ പറ്റുന്ന വിധം സൗകര്യം ഉണ്ടായിരിക്കണം.

### കൗൺസലിംഗ് നൈപുണികൾ

കൗൺസലിംഗ് നൈപുണികൾ അനവധിയാണെങ്കിലും അവയിൽ പ്രധാനപ്പെട്ട ചിലത് താഴെ കൊടുക്കുന്നു.

**1. നിരീക്ഷണപാടവം (Observation skill)**

കൗൺസലർ തന്റെ കൗൺസലിയെ നിരീക്ഷിച്ച് അയാളുടെ പെരുമാറ്റം അപഗ്രഥിക്കുന്നു. കൗൺസലിയുടെ ശാരീരിക അവസ്ഥകൾ, പെരുമാറ്റ രീതികൾ, സംസാരരീതികൾ എന്നിവയെല്ലാം കൗൺസലർ നിരീക്ഷിക്കേണ്ടതുണ്ട്. മുഖഭാവം, നോട്ടം, ശരീരഭാഷ എന്നിവ പ്രത്യേകമായി നിരീക്ഷിക്കണം.

**2. ശ്രദ്ധാനൈപുണി (Listening skill)**

ഇവിടെ മറ്റുള്ളവർ പറയുന്നത് ശ്രദ്ധയോടെ കേൾക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. കൗൺസലിയുടെ സംസാരം ശ്രദ്ധാപൂർവം കേൾക്കുന്നതിലൂടെ തന്നെ കേൾക്കാൻ ഒരാളുണ്ടെന്ന വിശ്വാസം അയാളിൽ ജനിപ്പിക്കാൻ കൗൺസലർക്കു കഴിയണം.

**3. പ്രശ്നനിർണയനൈപുണി (Diagnostic skill)**

കൗൺസലി പറയുന്ന കാര്യങ്ങളിൽനിന്നും യഥാർഥ വസ്തുതകൾ മനസ്സിലാക്കാനുള്ള കഴിവാണിത്. കൗൺസലിയുടെ വ്യക്തിത്വത്തിലെ അപചയം, വൈകാരികപ്രശ്നങ്ങൾ, പെരുമാറ്റ വൈകല്യങ്ങൾ ഇവയെല്ലാം തിരിച്ചറിയുന്നത് ഈ ഘട്ടത്തിലാണ്. ഇവിടെയാണ് കൗൺസലർ തന്റെ വൈദഗ്ധ്യവും പരിചയസമ്പന്നതയും ഉപയോഗിക്കേണ്ടത്.

**4. പരാവർത്തനം (Paraphrasing)**

കൗൺസലി പറയുന്ന കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവയുടെ കൃത്യത ഉറപ്പുവരുത്താൻ കൗൺസലർ അനുവർത്തിക്കേണ്ട ഒന്നാണിത്. കൗൺസലി തന്നോടു പറഞ്ഞ കാര്യങ്ങളുടെ അന്തഃസത്ത കൗൺസലർ കൗൺസലിയോടു പറയുകയാണ് ഇവിടെ ചെയ്യുന്നത്. അതിലൂടെ കൗൺസലർക്ക് താൻ മനസ്സിലാക്കിയ കാര്യങ്ങൾ ശരിയാണോ എന്നറിയാനും കൗൺസലിക്ക് കൗൺസലറിലുള്ള ആത്മവിശ്വാസം വർധിപ്പിക്കാനും കഴിയുന്നു.

**5. പ്രതിബിംബനം (Reflection)**

കൗൺസലിയുടെ വൈകാരിക പ്രശ്നങ്ങളുടെ പ്രതിഫലനമാണ് പ്രതിബിംബനം കൊണ്ട് ഉദ്ദേശിക്കുന്നത്. കൗൺസലറോടു പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുക എന്നതിനപ്പുറം കൗൺസലിക്ക് സ്വയം വ്യക്തമാകാത്ത ചില വൈകാരിക തലങ്ങൾ വെളിപ്പെടുത്തുകയാണ് കൗൺസലർ ചെയ്യുന്നത്. ഇവിടെ കൗൺസലിയുടെ വികാരങ്ങൾ (feelings)ക്ക് ആണ് കൂടുതൽ ഊന്നൽ കൊടുക്കേണ്ടത്. ഇങ്ങനെ എല്ലാവിധത്തിലും പൂർണ്ണമായ ചിത്രമാണ് പ്രതിബിംബനത്തിലൂടെ കൗൺസലിക്കു ലഭിക്കേണ്ടത്.

**6. അഭിമുഖീകരണം (Confrontation)**

തുറന്നു പറയാനുള്ള അവസരം ലഭിച്ചിട്ടും കൗൺസലിക്ക് ചില കാര്യങ്ങൾ പറയാൻ സാധിച്ചിട്ടുണ്ടാകില്ല. ഇത്തരം കാര്യങ്ങൾ കൗൺസലിയെക്കൊണ്ട് പറയിപ്പിക്കുന്നത് ഈ ഘട്ടത്തിലാണ്. കൗൺസലി മുൻപു പറഞ്ഞതും, പിന്നീട് പറയുന്നതുമായ കാര്യങ്ങളിലെ വൈരുദ്ധ്യങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കി കൗൺസലിയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ആരോഗ്യകരമായ പ്രകോപനങ്ങൾ കൗൺസലർക്ക് പരീക്ഷിക്കാവുന്നതാണ്.

**7. സംഗ്രഹിക്കൽ (Summarising)**

കൗൺസലിയുടെ പ്രശ്നങ്ങളെ സംബന്ധിച്ച സംക്ഷിപ്ത രൂപം കൗൺസലർ അവതരിപ്പിക്കുന്നു. ഇതിലൂടെ കൗൺസലർക്കും, കൗൺസലിയെ ശരിയായ രീതിയിലാണോ കാര്യങ്ങൾ ബോധ്യപ്പെടുത്തിയതെന്നു പരിശോധിക്കാനും കഴിയുന്നു.

## ഒരു കൗൺസലറാകാനുള്ള യോഗ്യത എനിക്കുണ്ടോ?

നിങ്ങൾ ഒരു മികച്ച കൗൺസലറാകാൻ എത്രത്തോളം വളരണം എന്നറിയാൻ താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിലൂടെ കടന്നുപോകുക.

**1. നിങ്ങൾ മറ്റുള്ളവർ പറയുന്നത് ശ്രദ്ധിച്ചു കേൾക്കാറുണ്ടോ?**

1. ഒരിക്കലുമില്ല
2. ചിലപ്പോഴൊക്കെ
3. മിക്കപ്പോഴും

**2. നിങ്ങൾ മറ്റുള്ളവരോട് സൗഹൃദത്തോടെയാണോ പെരുമാറുന്നത്?**

1. ഒരിക്കലുമല്ല
2. ചിലപ്പോഴൊക്കെ
3. മിക്കപ്പോഴും

**3. കൗൺസലിംഗിനായി സമീപിക്കുന്ന കുട്ടിയോടുള്ള നിങ്ങളുടെ സമീപനം എന്തായിരിക്കും?**

1. കുട്ടിയുടെ പ്രശ്നം ഊഹിച്ച് കണ്ടെത്തുന്നു

2. പ്രശ്നം ചോദിച്ചറിയുന്നു
3. കുട്ടിയ്ക്ക് സ്വതന്ത്രമായി സംസാരിക്കാനുള്ള അവസരം സൃഷ്ടിക്കുന്നു.

**4. കൗൺസലി തന്റെ വ്യക്തിപരമായ ദുശ്ശീലം കൗൺസലറുടെ മുൻപിൽ വെളിപ്പെടുത്തിയാൽ**

1. രക്ഷകർത്താവിനെ അറിയിക്കുന്നു
2. ആവർത്തിക്കരുതെന്ന് ഉപദേശിക്കുന്നു
3. അതിന്റെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നു

**5. പഠനത്തിലുള്ള ബുദ്ധിമുട്ടുകളുമായി ബന്ധപ്പെട്ട് നിങ്ങളെ സന്ദർശിക്കുന്ന വിദ്യാർഥി സംഗീതത്തിലുള്ള അവന്റെ താൽപര്യത്തെക്കുറിച്ച് പറയുന്നു. നിങ്ങളുടെ പ്രതികരണം എന്തായിരിക്കും?**

1. ഇപ്പോൾ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ആവശ്യപ്പെടുന്നു
2. സംഗീതത്തിലുള്ള താൽപര്യം യഥാർഥത്തിൽ ഉള്ളതാണോയെന്ന് പരിശോധിക്കുന്നു
3. പഠനവും സംഗീതവും ഒരുപോലെ കൊണ്ടുപോകാൻ അവനെ സഹായിക്കുന്നു.

**6. സ്കൂൾ യൂത്ത് ഫെസ്റ്റിവലിന് കുട്ടികളെ ഒരുക്കാൻ ചുമതലയുള്ള അധ്യാപിക നിങ്ങളുടെ സഹായം അഭ്യർത്ഥിക്കുന്നു. നിങ്ങൾ**

1. പാഠഭാഗം തീരാത്തതുകൊണ്ട് ഒഴിഞ്ഞുമാറും
2. മറ്റാരെയെങ്കിലും ചുമതലപ്പെടുത്തും
3. സന്തോഷപൂർവ്വം പങ്കാളിയാകും

**7. സ്കൂൾ ഫിലിംക്ലബ് ഒരു ഡോക്യുമെന്ററി തയാറാക്കാൻ നിങ്ങളെ സമീപിക്കുന്നു. നിങ്ങൾ**

1. ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് പഠനകാര്യത്തിലുള്ള ശ്രദ്ധ കുറയ്ക്കും എന്നു പറഞ്ഞ് നിരുത്സാഹപ്പെടുത്തും
2. പുറത്തുനിന്നുള്ള പ്രൊഫഷണലിന്റെ സഹായം ലഭ്യമാക്കും
3. വിദ്യാർഥികളോടൊപ്പം ഡോക്യുമെന്ററി നിർമാണത്തിൽ നേതൃത്വപരമായ പങ്കുവഹിക്കും.

ഇതിൽ ഒന്നാമത്തെ ഉത്തരത്തിന് **1**, രണ്ടാമത്തേതിന് **2**, മൂന്നാമത്തേതിന് **3** എന്നിങ്ങനെയാണ് സ്കോർ.

| **സ്കോർ** | **നിങ്ങൾ** |
|---|---|
| 15 നു മുകളിൽ | നല്ല കൗൺസലർ ആണ് |
| 10–14 | കുറച്ചുകൂടി തയാറെടുക്കേണ്ടതുണ്ട് |
| 10 ൽ കുറവ് | ഒരുപാട് ഒരുങ്ങേണ്ടതുണ്ട് |

**കൗൺസലിംഗ് - ചെയ്യേണ്ടതും ചെയ്യരുതാത്തതും**

**ചെയ്യേണ്ടത് (do's)**

1. കൗൺസലിയുടെ വ്യക്തിവികാസത്തിന് (personal growth) വിഘാതമായ കാര്യങ്ങൾ മാറ്റി സ്വാഭാവികമായ വളർച്ചയ്ക്കു സഹായിക്കണം.

2. കൗൺസലിയുടെ വൈകാരികതലത്തിന് കൂടുതൽ പ്രാധാന്യം നൽകണം.
3. പരസ്പരവിശ്വാസം നിലനിർത്തണം.
4. കൗൺസലർ -കൗൺസലി ബന്ധം ദൃഢതരമാക്കണം. കാരണം ഇത് വളരെ പ്രാധാന്യമേറിയ ഒരു പ്രൊഫഷണൽ ബന്ധമാണ്.
5. കൗൺസലിക്കു മനസ്സിലാകുന്ന ഭാഷ ഉപയോഗിക്കണം.
6. കൗൺസലിയുടെ പ്രായത്തിന് അനുയോജ്യമായ പ്രതികരണമാണ് കൗൺസലർ നൽകേണ്ടത്.

**കൗൺസലിംഗിൽ ചെയ്യരുതാത്തത് (dont's)**

1. കൗൺസലറുടെ മൂല്യബോധം കൗൺസലിയെ അടിച്ചേൽപ്പിക്കരുത്.
2. ഉപദേശം നൽകരുത്.
3. കൗൺസലർ വികാരപ്രകടനം നടത്തരുത്.
4. തന്റെ കൗൺസലിയുടെ വിവരങ്ങൾ ഒരിക്കലും പുറംലോകത്ത് പരസ്യപ്പെടുത്തരുത്.
5. കൗൺസലിയുമായുള്ള ബന്ധം കൗൺസലിംഗ് സമയത്തു മാത്രമേ പാടുള്ളൂ. പുറത്ത് ഇക്കാര്യങ്ങൾ പ്രകടിപ്പിക്കരുത്.
6. കൗൺസലിയുടെ സ്വകാര്യതയിൽ അമിതമായ ജിജ്ഞാസ കാട്ടരുത്.
7. ഇതൊരു മനോരോഗ ചികിത്സ അല്ല. ആ രീതികൾ സ്വീകരിക്കരുത്.
8. കൗൺസലറുടെ വ്യക്തിപരമായ കാര്യങ്ങൾ വെളിപ്പെടുത്തേണ്ടതില്ല.
9. കൗൺസലിക്ക് കൗൺസലറോടും തിരിച്ചും അതിരു കടന്ന ഇഷ്ടം തോന്നാം (transference - counter transference). ഇത് പ്രൊഫഷണൽ രീതിക്കു വിരുദ്ധമാണ്.

**അധ്യാപകൻ കൗൺസലറാകുമ്പോൾ**

കൗൺസലിംഗ് ഒരു തൊഴിലായി സ്വീകരിച്ചിട്ടുള്ള നിരവധി പേർ സമൂഹത്തിലുണ്ട്. എന്നാൽ ഒരധ്യാപകൻ തന്നെ കൗൺസലർ ആകുമ്പോൾ ഒട്ടേറെ മേന്മകൾ ഉണ്ടാകും. കാരണം കൗൺസലിംഗ് എന്നത് ഒരു മികച്ച വിദ്യാഭ്യാസപ്രവർത്തനം കൂടിയാണ്.

ഒരു നല്ല കൗൺസലർ ആകാൻ അധ്യാപകൻ ആദ്യം ചെയ്യേണ്ടത് നല്ല അധ്യാപകൻ ആയിത്തീരുക എന്നതു തന്നെയാണ്. നല്ല അധ്യാപകനേ വിദ്യാർഥിക്ക് വഴികാട്ടിയാകാൻ കഴിയൂ. ഇതിനു പുറമേ ചില പ്രത്യേക ഗുണങ്ങൾ കൂടി അധ്യാപകൻ നേടേണ്ടതുണ്ട്. അവയിൽ ചിലത് ചുവടെ ചേർത്തിരിക്കുന്നു.

- സാമൂഹികവും മനഃശാസ്ത്രപരവും ഭാഷാപരവുമായ കാര്യങ്ങളിൽ അവബോധവും പ്രവർത്തന പരിചയവും ഉണ്ടായിരിക്കണം.
- കുട്ടികളുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവസ്ഥകൾ അടുത്തറിയാൻ ശ്രമിക്കുക.
- സ്കൂളിന്റെ മൊത്തത്തിലുള്ള അന്തരീക്ഷത്തേയും കുട്ടികളുടെ പ്രവർത്തനശേഷിയേയും പറ്റി ബോധവാനായിരിക്കുക.
- പ്രശ്നങ്ങൾ മറികടക്കാനായി ചില പ്രത്യേക പരിഗണനകൾ കൗൺസലിക്കു നൽകേണ്ടതായി വരും. എന്നാൽ ഇത് സ്കൂളിന്റെ പൊതു അച്ചടക്കത്തെ ബാധിക്കുന്നില്ല എന്ന് കൗൺസലർ ഉറപ്പുവരുത്തണം.

**കൗൺസലിംഗ് - നൈതികത (Ethics)**

1. തൊഴിൽപരമായ ഉത്തരവാദിത്തങ്ങളിൽ വീഴ്ച വരുത്തരുത്.
2. പെരുമാറ്റത്തിൽ ഉയർന്ന നിലവാരം പുലർത്തുക.
3. എല്ലാ പ്രശ്നങ്ങളും കൗൺസലർക്ക് സ്വയം പരിഹരിക്കാൻ സാധിക്കണമെന്നില്ല. കൗൺസലർക്ക് സ്വയം തീർക്കാനാകാത്ത പ്രശ്നങ്ങൾ വിദഗ്ദ്ധസഹായത്തോടെ പരിഹരിക്കുക.
4. അക്കാദമിക് യോഗ്യതയോടൊപ്പം വ്യക്തിപരമായ പരിശ്രമവും ഈ രംഗത്ത് ആവശ്യമാണ്.
5. കൗൺസലി നിങ്ങളിലർപ്പിച്ച വിശ്വാസ്യത കാത്തുസൂക്ഷിക്കാൻ നിങ്ങൾ ബാധ്യസ്ഥരാണ്

## Reflective Questions

1. ബൃഹത്തായ നിദേശനത്തിന്റെ (guidance) ആത്മാവാണ് ഉപബോധനം (counselling). ഈ പ്രസ്താവനയെ വിലയിരുത്തുക.
2. 'നിദേശനം വിദ്യാഭ്യാസ പ്രക്രിയയുടെ ഒരു അവിഭാജ്യഘടകമാണ്'.

   'വിദ്യാഭ്യാസം എന്നാൽ കുട്ടിയുടെ വികസനത്തിന് സഹായകമായ നിദേശനപ്രക്രിയ തന്നെയാണ്'.

   ഈ രണ്ടു വാദങ്ങളും മാർഗനിർദേശനത്തിന്റെ തത്വങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.
3. മാർഗദർശനത്തിന്റെ വിവിധ മേഖലകൾ ഏതൊക്കെ? ഓരോന്നിലും ടീച്ചറുടെ റോൾ എന്താണ്?
4. കൗൺസലിങ്ങിൽ സമന്വിതസമീപനത്തിന്റെ (Eclectic Approach) പ്രസക്തി എന്താണ്?
5. 'ടീച്ചർ ഒരു നല്ല കൗൺസലർ ആയിരിക്കണം' - പ്രതികരിക്കുക. കൗൺസലർ എന്ന നിലയിൽ ഒരു ടീച്ചർക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തൊക്കെയാണ്?

# യൂണിറ്റ് - 5

# ജ്ഞാനാർജന പ്രക്രിയകളും ഭാഷാവികസനവും

**സമയം : 15 മണിക്കൂർ**

**സംവേദനം**

അധ്യാപിക ക്ലാസിൽ ഒരു ലഘുപ്രവർത്തനം നടത്തുന്നു. അടപ്പുള്ള ചെറിയ പാത്രങ്ങളിൽ നാണയം, ജീരകം, ചോക്ക് കഷണം, പഞ്ചസാര, കല്ല് തുടങ്ങിയ വസ്തുക്കൾ ഇട്ട് അടയ്ക്കുന്നു അതിനുള്ളിലുള്ള വസ്തുക്കൾ ഏതൊക്കെയാണെന്ന് പാത്രത്തിന്റെ അടപ്പ് തുറക്കാതെ കണ്ടെത്താൻ നിർദ്ദേശിക്കുന്നു. (ആദ്യം കുലുക്കി നോക്കാനും, തുടർന്ന് മണപ്പിച്ച് നോക്കാനും, തുടർന്ന് സ്പർശിച്ച്, രുചിച്ച്, നിരീക്ഷിച്ച് എന്നിങ്ങനെ വസ്തുവിനെ തിരിച്ചറിയാൻ അവസരം നൽകണം).

ഓരോ വസ്തുവിനെയും തിരിച്ചറിഞ്ഞതെങ്ങനെ? അതിനു വേണ്ടി ഉപയോഗിച്ച ഇന്ദ്രിയം ഏതാണ്? എന്ത് മാനസിക പ്രക്രിയയാണ് ഇവിടെ നടന്നത്? തുടർന്നുള്ള ചർച്ചയിലൂടെ എന്താണ് സംവേദനം എന്ന് ബോധ്യപ്പെടുന്നു.

ജ്ഞാനേന്ദ്രിയങ്ങളുടെ (sense organs) ഉദ്ദീപനങ്ങളിൽ നിന്നും ഉടലെടുക്കുന്ന അനുഭവങ്ങളുടെ അവബോധമാണ് സംവേദനം. ഏതെങ്കിലുംപര്യാവരണ ഘടകങ്ങളുടെ ഫലമായി ഇന്ദ്രിയങ്ങൾ ഉദ്ദീപിപ്പിക്കുമ്പോഴാണ് സംവേദനം നടക്കുന്നത്. സംവേദനാവയവങ്ങൾ ഉദ്ദീപിക്കപ്പെടുമ്പോൾ അവ നാഡീ ആവേഗങ്ങളെ തലച്ചോറിന്റെ സംവേദന കേന്ദ്രത്തിലേക്ക് അയക്കുന്നു. അതിനനുസരിച്ചുള്ള തലച്ചോറിന്റെ പ്രതികരണമാണ് സംവേദനം. യഥാർത്ഥത്തിൽ സംവേദനം വളരെ ലളിതമായ ഒരു മാനസിക പ്രക്രിയയാണ്. ഓരോ ജ്ഞാനേന്ദ്രിയവും തലച്ചോറിന്റെ നിശ്ചിതഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ അറിവുകളും ജ്ഞാനാനുഭവങ്ങളിലൂടെയാണ് നേടിയിട്ടുള്ളത്.

**സവേദനത്തിന്റെ സവിശേഷതകൾ**

- അർഥപൂർണമല്ലെങ്കിൽ സംവേദനം ശ്രദ്ധിക്കപ്പെടുന്നില്ല.
- തീവ്രതയ്ക്കനുസരിച്ച് സംവേദനത്തിന്റെ കാര്യക്ഷമത വർദ്ധിക്കുന്നു.
- എല്ലാ സംവേദനത്തിലും ഗുണം, തീവ്രത, വ്യക്തത എന്നിവയുണ്ട്.
- വിവിധ മാനസിക പ്രക്രിയകൾ ഉൾച്ചേർന്ന പ്രവർത്തനമാണ് സംവേദനം
- സംവേദനത്തിന്റെ ക്ഷമതയ്ക്കനുസരുച്ച് വ്യക്തികളിൽ മാറ്റം ഉണ്ടാകുന്നു.

**വിവിധതരം സംവേദനങ്ങൾ**

| | | |
|---|---|---|
| Visual Sensation | - | ദർശന സംവേദനം |
| Auditory Sensation | - | ശ്രവ്യ സംവേദനം |
| Olfactory Sensation | - | ഘ്രാണ സംവേദനം |
| Gustatory Sensation | - | രസ സംവേദനം |
| Tactual Sensation | - | സ്പർശന സംവേദനം |

**പ്രത്യക്ഷണം (Perception)**

അധ്യാപിക ഒരു ചിത്രം പ്രദർശിപ്പിക്കുന്നു. (യുദ്ധഭൂമിയിൽ നിന്ന് പാലായനം ചെയ്യുന്ന അഭയാർഥികൾ, അമ്മയും കുഞ്ഞും, മരുഭൂമിയിലൂടെ വെള്ളം ശേഖരിക്കാൻ പോകുന്ന കുട്ടികൾ....)

ചിത്രത്തെ വ്യാഖ്യാനിക്കാൻ പഠിതാക്കളോട് ആവശ്യപ്പെടുന്നു.

**ചർച്ച:** എല്ലാവരും കണ്ടത് ഒരു ചിത്രം തന്നെയാണ്. എന്നാൽ അതിനെ വ്യാഖ്യാനിച്ചത് വ്യത്യസ്ത രീതിയാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്?

പഠിതാക്കളുടെ പ്രതികരണം

- ചിത്രം ഓരോ വ്യക്തിയിലും വ്യത്യസ്ത മനോചിത്രങ്ങളാണ് സൃഷ്ടിച്ചത്.
- ഓരോരുത്തരുടെയും അനുഭവതലം വ്യത്യസ്തമാണ്.

അധ്യാപികയുടെ ക്രോഡീകരണം

ജ്ഞാനേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അനുഭവങ്ങളെ വീക്ഷിക്കുന്നത് അല്ലെങ്കിൽ വ്യാഖ്യാനിക്കുന്നത് ഒരേ രീതിയിൽ ആകണമെന്നില്ല.

**എന്താണ് പ്രത്യക്ഷണം?**

വിവരവിശകലനവുമായി ബന്ധപ്പെട്ട ഒരു മാനസിക പ്രക്രിയയാണ് പ്രത്യക്ഷണം. അതിലൂടെയാണ് നാം ബാഹ്യലോകത്തെക്കുറിച്ച് മനസിലാക്കുന്നത്. ജ്ഞാനേന്ദ്രിയങ്ങളിലൂടെ വളരെയേറെ അനുഭവങ്ങൾ നമ്മൾക്ക് ലഭിക്കുന്നു. അതിൽ നിന്നും നമ്മൾക്ക് ഉപയോഗമുള്ളത് മാത്രം സ്വീകരിക്കുന്നു. ആദ്യഘട്ടത്തിൽ സംവേദനം ഉണ്ടാവുകയും അതിന് അർത്ഥം കൈവരുമ്പോൾ പ്രത്യക്ഷണമുണ്ടാവുകയും ചെയ്യുന്നു.

**പ്രത്യക്ഷണത്തിന്റെ പ്രത്യേകതകൾ**

- പര്യാവരണ മാറ്റങ്ങളുടെ ഫലമായ മാനസിക പ്രതികരണമാണ് പ്രത്യക്ഷണം.
- മുന്നറിവുകളെ പുതിയ അറിവുമായി ബന്ധപ്പെടുത്താൻ സഹായിക്കുന്നു.
- പ്രത്യക്ഷണം 'സെലക്ടീവ്' ആണ്.
- സംവേദനത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് പ്രത്യക്ഷണം.
- പ്രത്യക്ഷണത്തിൽ ഐക്യവും സമഗ്രതയുമുണ്ട്.
-
-
-

**സംവേദനവും പ്രത്യക്ഷണവും**

ഇവ പരസ്പര പൂരകങ്ങളാണ്.

| സംവേദനം | പ്രത്യക്ഷണം |
|---|---|
| ഉദ്ദീപനത്തിന്റെ ഫലമായുണ്ടാകുന്ന പ്രതികരണം | അർത്ഥപൂർണ്ണമായ സംവേദനം |
| ലളിതമായ മാനസിക പ്രക്രിയ | സങ്കീർണ്ണവും വികസിതവുമായ മാനസിക പ്രക്രിയ |

| | |
|---|---|
| ബാഹ്യഉദ്ദീപനമാണ് അടിസ്ഥാനം | മാനസിക സഹചരബന്ധം |
| നിഷ്ക്രിയത്വമാണ് പ്രത്യേകത | ഊർജ്ജസ്വലമാണ്. |
| മാസിക വിശകലനമാണ് അടിസ്ഥാനം | യഥാർത്ഥ്യ ജീവിതാനുഭവ ബന്ധം |

**സങ്കീർണ്ണജ്ഞാനാർജനം - ആശയരൂപീകരണം**

പഠനപ്രക്രിയയിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമാണ് ആശയരൂപീകരണത്തിനുള്ളത്. വളരെ സങ്കീർണ്ണമായ മാനസിക പ്രക്രിയകളിലൂടെയാണ് ആശയരൂപീകരണം നടക്കുന്നത്. ജീവികളുടെ സഞ്ചാരരീതി വ്യത്യസ്തമാണ് എന്ന ആശയം രണ്ടാം ക്ലാസ്സിലെ കുട്ടികളിൽ വികസിപ്പിക്കാൻ ഏതെല്ലാം മാനസിക പ്രക്രിയകളിലൂടെ കടന്ന് പോകണമെന്ന് പരിശോധിക്കാം. (പങ്കാളിത്ത രീതിയായിരിക്കും ഉത്തമം. അധ്യാപിക പ്രശ്നം അവതരിപ്പിക്കുന്നു. പഠിതാക്കൾ പ്രക്രിയ ക്രമമായി പറയണം. അധ്യാപിക രേഖപ്പെടുത്തണം.

ജീവികളെ കാണുന്നു
(സംവേദനം)
↓
പ്രത്യേകതകൾ (സഞ്ചാരരീതിയുൾപ്പെടെ) പറയുന്നു.
(പ്രത്യക്ഷണം)
↓
ഒരേ പ്രത്യേകതയുള്ളവയെ കൂട്ടങ്ങളാക്കുന്നു. ഒരു പോലെ സഞ്ചരിക്കുന്നവയെ)
(വർഗ്ഗീകരണം)
↓
എല്ലാജീവികളും ഒരേ രീതിയിലല്ല സഞ്ചരിക്കുന്നത് അല്ലെങ്കിൽ ജീവികളുടെ സഞ്ചാരരീതി വ്യത്യസ്തമാണ്.
(സാമാന്യവത്കരണം)

ഏതൊരു ആശയവും രൂപീകരിക്കുന്നത് ഇതുപോലെയുള്ള മാനസിക പ്രവർത്തനത്തിന്റെ ഫലമായാണ്.

**ആശയം (Concept) എന്നാലെന്ത്?**

ഒരു വസ്തു എന്താണ് എന്നുള്ള യഥാർത്ഥമായ ധാരണയാണ് ആശയം (Concept) എന്ന് പൊതുവെ പറയാം.

എന്നാൽ മന:ശ്ശാസ്ത്രത്തിൽ ഒരു വസ്തുവിനെക്കുറിച്ചറിയാവുന്ന വസ്തുതകളുടെ ആകെതുകയാണ് ആശയം എന്ന പദം കൊണ്ട് അർഥമാക്കുന്നത്. സംഭവങ്ങളുടെയും വസ്തുക്കളുടെയും വ്യക്തികളുടേയും ലോകത്തുനിന്നും പൊതുവായ സവിശേഷതകളും ബന്ധങ്ങളും വേർതിരിച്ചെടുക്കുന്ന പ്രക്രിയയാണ് ആശയം എന്ന് ഹമ്മേർഷൻ (Hammertion) അഭിപ്രായപ്പെട്ടിട്ടുണ്ട്.

## ഓർമ

(പ്രവേശകപ്രവർത്തനം (Entry Activity) : - ടീച്ചർ ക്ലാസ്സിൽ ഒരു ക്വിസ് മത്സരം നടത്തുന്നു.

**ചോദ്യങ്ങൾ**

1. ഒന്നാം ക്ലാസ്സിൽ ആദ്യമായി ചേർന്ന വർഷവും ദിവസവും ഏതാണ്?
2. എസ്.എസ്.എൽ.സി. റിസൾട്ട് വന്ന ദിവസം?
3. 5 -ാം ക്ലാസ്സിലെ നിങ്ങൾ പഠിച്ച മലയാളത്തിലെ ആദ്യപാഠത്തിന്റെ പേര്?
4. D.Ed പഠനപ്രവേശനം നേടിയ തീയതി?
5. നിങ്ങൾ 10 -ാം ക്ലാസ്സിൽ പഠിച്ച ഇംഗ്ലീഷ് പാഠത്തിൽ ഇഷ്ടപ്പെട്ട കവിതയിലെ 2 വരി പറയാമോ?

തുടർന്ന് ചർച്ച

എന്തുകൊണ്ട് എല്ലാം കാര്യങ്ങളും ഓർക്കാൻ കഴിയാത്തത്?

എന്താണ് ഓർമ?

ഒരു കാര്യം ഓർത്തെടുക്കാനുള്ള കഴിവാണ് ഓർമ എന്ന് ലളിതായി പറയാമെങ്കിലും മനഃശാസ്ത്രപരമായി വിശകലനം ചെയ്യുമ്പോൾ വളരെ സങ്കീർണമായ ഒരു മാനസിക പ്രക്രിയയാണ് ഓർമ എന്ന് മനസിലാക്കാൻ കഴിയും. അനുഭവങ്ങൾ സഞ്ചയിച്ച് ആവശ്യമുള്ള സന്ദർഭങ്ങളിൽ കൊണ്ടെത്തിക്കുന്ന മാനസിക പ്രതിഭാസമാണ് ഓർമ അഥവാ സ്മൃതി. ഇന്ദ്രിയസംവേദനം വഴി ലഭിക്കുന്ന അനുഭവങ്ങൾ മനസിൽ സൂക്ഷിച്ച് വയ്ക്കുന്നു. ആവശ്യം വരുമ്പോൾ ഈ അനുഭവങ്ങളെ പ്രത്യാഹ്വാനം ചെയ്യാൻ മനസിന് കഴിയുന്നു. ഇത്തരം കഴിവ് നമ്മൾക്കുള്ളതു കൊണ്ടാണ്ടാണ് അധ്യായനവർഷത്തിന്റെ ആരംഭത്തിൽ പഠിപ്പിച്ച കാര്യങ്ങളെക്കുറിച്ച് വർഷാന്ത്യപരീക്ഷയിൽ എഴുതാൻ കഴിയുന്നത്.

- നമ്മുടെ അനുഭവങ്ങൾ ശേഖരിച്ചുവയ്ക്കാനും ആ അനുഭവത്തിനു ശേഷം ബോധതലത്തിലേക്ക് കൊണ്ടുവരാനുമസള്ള കഴിവാണ് ഓർമ. - Ryburn

ഓർമയിൽ നാല് അടിസ്ഥാന ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. അവ പഠനം, ധാരണ, അനുസ്മരണം, തിരിച്ചറിവ് എന്നിവയാണ്.

### a. പഠനം

ഇന്ദ്രിയാനുഭവങ്ങളിലൂടെയാണ് പഠനം നടക്കുന്നത്. ഇങ്ങനെ മനസിൽ പതിയുന്ന അനുഭവങ്ങളാണ് ബിംബനം അഥവാ മുദ്ര. ഇന്ദ്രിയാനുഭവങ്ങൾ ശക്തമായിരുന്നാൽ മാത്രമേ ബിംബനവും ശക്തമായിരിക്കുകയുള്ളു. ഒരു വസ്തുവിനെകുറിച്ചുള്ള ഓർമ്മ വ്യക്തമായി വീണ്ടും ഉണ്ടാകണമെങ്കിൽ ശക്തമായ വിധത്തിൽ അവ മനസിൽ പതിഞ്ഞിരിക്കണം. ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ ഉപയോഗം ഇതിന് വളരെ സഹായകമാണ്.

### b. ധാരണ (Retention)

മനസിൽ പതിയുന്ന ആശയങ്ങൾ വിട്ടുപോകാതെ സൂക്ഷിക്കുന്നതാണ് ധാരണ. നേടിയ അനുഭവങ്ങൾ മനസിൽ ഉറപ്പിച്ച് നിർത്തേണ്ടത് ആവശ്യമാണ്. എന്നാൽ എല്ലാം ഇങ്ങനെ നില നിർത്താൻ കഴിഞ്ഞെന്ന് വരില്ല.

### c. അനുസ്മരണം (Recalling)

ഉൾക്കൊണ്ട ആശയങ്ങൾ ആവശ്യാനുസരണം തിരികെ ബോധമണ്ഡലത്തിൽ കൊണ്ടുവരുന്ന

പ്രക്രിയയാണ് അനുസ്മരണം. നേടിയ കാര്യങ്ങൾ മനസിൽ ഉറപ്പിച്ച് നിർത്തിയാൽ മാത്രമേ അവയെ ബോധതലത്തിലേക്ക് ആവശ്യാനുസരണം കൊണ്ടുവരാൻ സാധിക്കുകയുള്ളൂ

**d. തിരിച്ചറിവ്   (Recognition)**

ബോധതലത്തിലേക്ക് കൊണ്ടുവന്ന  കാര്യങ്ങളെല്ലാം ഇന്നതിന്നതാണെന്നും അത് സ്വന്തമാണെന്നും  മനസ്സിലാകുന്നതാണ് തിരിച്ചറിവ്. അനുസ്മരണവുമായി വളരെയേറെ ബന്ധമുള്ളതാണ് ഇത്.

മേൽപറഞ്ഞ നാല് ഘടകങ്ങളും പ്രവർത്തിക്കുമ്പോഴാണ് ഓർമ എന്ന പ്രവർത്തനം നടക്കുന്നത്.

**വിവിധതരം ഓർമ**

ഓർമയെ സ്വഭാവവും ലക്ഷ്യവുമനുസരിച്ച് മന:ശാസ്ത്രജ്ഞന്മാർ പ്രധാനമായും മൂന്നായിതരം തിരിച്ചിരിക്കുന്നു.

**1. ഇന്ദ്രിയസ്മരണ (Sensory or  Immediate memory)**

ഒരു കാര്യം മനസ്സിലാക്കിയ ഉടനെ തന്നെ അതിനെ ഓർമ്മിക്കാൻ സഹായിക്കുന്നത് പെട്ടെന്നുള്ള ഓർമ്മ. പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ ഇതിന്റെ കാലദൈർഘ്യം വളരെ കുറവാണ്. മാത്രവുമല്ല പുതിയത് വരുമ്പോൾ പഴയത് നഷ്ടപ്പെടുകയും ചെയ്യും. ഒരു കാര്യം വളരെ കുറഞ്ഞ സമയത്തേക്ക് മാത്രം ഓർമിക്കേണ്ടി വരുമ്പോൾ മാത്രമാണ് ഇത് ഉപകാരപ്രദമാകുന്നത്.

**2. ഹ്രസ്വകാല ഓർമ (Short term memory)**

ഇതിൽ പെട്ടെന്നുള്ള ഓർമയെക്കാൾ കൂടുതൽ കാലം കാര്യങ്ങൾ സൂക്ഷിക്കാൻ സാധിക്കുന്നു. പഠിതാവിന്റെ പരിശ്രമത്തിനനുസരിച്ച് ദൈർഘ്യം കൂട്ടാനും സാധിക്കുന്നു. കുറഞ്ഞ് കാര്യങ്ങൾ മാത്രമേ സൂക്ഷിക്കാൻ കഴിയുകയുള്ളൂ. സൂക്ഷിക്കുന്ന കാര്യം സ്വാഭാവികമായി ആവർത്തിക്കപ്പെടുന്നില്ല; അതുകൊണ്ട് തന്നെ പെട്ടെന്ന് മറന്ന് പോകുന്നു. പരിശ്രമിച്ചാൽ ഹ്രസ്വകാല ഓർമയിലെ കാര്യങ്ങളെ ദീർഘകാല ഓർമ്മമയിലേക്ക് മാറ്റാൻ കഴിയും.

**3. ദീർഘകാല ഓമ (Long term memory)**

അധികകാലം നീണ്ടുനിൽക്കുന്ന ഓർമ്മമയായതിനാൽ ഇതിനെ സ്ഥിരമായ ഓർമ എന്നും വിളിക്കാം. ഇതിന് ഏറെ കാര്യങ്ങളെ ഉൾക്കൊള്ളാനും സാധിക്കുന്നു. ഇതിൽ ഉൾപ്പെടുന്ന വസ്തുക്കൾക്ക് സാധാരണയായി മാറ്റം സംഭവിക്കുന്നില്ല. ഇതിന്റെ സഹായത്തോടെ ധാരാളം കാര്യങ്ങളെ ഓർമിച്ചുവയ്ക്കാനും ആവശ്യസമയത്ത് ഉപയോഗിക്കാനും സാധിക്കുന്നു. ഇത്തരം പ്രത്യേകതകൾ ഉള്ളതുകൊണ്ടാണ് ദീർഘകാല ഓർമയെ നമ്മുടെ നല്ല സുഹൃത്തായി കണക്കാക്കി വരുന്നത്. ദീർഘകാല ഓർമയെ മറ്റൊരു രീതിയിലും തരം തിരിക്കാറുണ്ട്.

**i)  സംഭവപരമായ ഓർമ (Episodic memory)**

ഇത് ഒരാളുടെ ജീവിതവുമായി ബന്ധപ്പെട്ട അനുഭവങ്ങളും വ്യക്തിപരമായ സംഭവങ്ങളും ഓർമിക്കുന്നതാണ്.  ഇങ്ങനെയുള്ളവയെ ജീവിതകാലം മുഴുവൻ ഓർമ്മിച്ച് വയ്ക്കാനും വിശദീകരിക്കാനും ആ വ്യക്തിക്കു കഴിയും. ഈ രീതി ഉപയോഗിച്ച് കുട്ടികൾക്ക് അവരുടെ പഠനപ്രക്രിയയിലെ പ്രധാന സംഭവങ്ങളെ വിശദീകരിക്കാൻ കഴിയും.പാഠ്യവസ്തു വൈകാരികാനുഭവമായി മാറുമ്പോൾ അവ സംഭവപരമായ ഓർമയായി പരിണമിക്കുകയും ദീർഘകാലം നിലനിൽക്കുകയും ചെയ്യും.

**ii) അർഥപരമായ ഓർമ (Semantic memory)**

പുനരുപയോഗത്തിനുവേണ്ടി ആവശ്യമായ വിവരങ്ങൾ, പദങ്ങൾ, ആശയങ്ങൾ എന്നിവ ഓർത്തുവയ്ക്കുന്നത് ഇതിൽപെടും. ഉദാ ; പദങ്ങൾ പൊതുവിജ്ഞാനം സൂത്രവാക്യം.

**iii) പ്രക്രിയാപരമായ ഓർമ (Procedural memory)**

വിവിധ നൈപുണികളുമായി ബന്ധപ്പെട്ട ഓർമകൾ ഇതിൽ ഉൾപ്പെടും. പൊതുവെ പ്രവർത്തിച്ചു പഠിക്കുന്നവ ഇതിൽ പെടുമെന്ന് പറയാം.

ഉദാ :- സംഗീത ഉപകരണങ്ങളുടെ ഉപയോഗം.

നമുക്ക് ഓർമയുമായി ബന്ധപ്പെട്ട മനശ്ശാസ്ത്ര പരീക്ഷണത്തിൽ ഏർപ്പെടാം.

# Span of Memory

**Aim : -**

ഒരു മുതിർന്ന വ്യക്തിയ്ക്ക് ഓർമയിൽ അൽപ്പനേരത്തേക്ക് സൂക്ഷിക്കാൻ കഴിയുന്ന വസ്തുതകളുടെ എണ്ണം മനസ്സിലാക്കുന്നതിന്.

**Related Theory : -**

ഓർമശക്തിയും പഠനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഓർമശക്തി പ്രയോജനപ്പെടുത്താതെ പഠനം സാധ്യമേയല്ല. അറിയൽ, അവധാരണം, പുനരുപയോഗം എന്നിവ ചേരുമ്പോഴേ ഓർമ്മ പൂർത്തിയാകുകയുള്ളു. ഓർമ രണ്ടു തരത്തിലുണ്ട്.

1) ഹ്രസ്വകാലസ്മരണ (Short term memory) - (STM)

2) ദീർഘകാലസ്മരണ (Long term memory) - (LTM)

STM എന്നാൽ ഓർമയിൽ അൽപ്പനേരത്തേക്ക് സൂക്ഷിക്കാൻ കഴിയുന്ന വസ്തുതകളുടെ എണ്ണമാണ്. LTM എന്നാൽ താരതമ്യേന ചിരസ്ഥായിയായ സ്മരണയാണ്. പരീക്ഷണങ്ങൾ സൂചിപ്പിക്കുന്നത് ഒരു മുതിർന്ന വ്യക്തിക്ക് അൽപ്പനേരത്തേക്ക് 7 വിഭിന്ന വസ്തുതകൾ ഓർമയിൽ സൂക്ഷിക്കാൻ കഴിയുമെന്നാണ്. 2 എണ്ണം വരെ വ്യക്തിവ്യത്യാസങ്ങൾക്കനുസരിച്ച് കൂടുകയോ കുറയുകയോ ചെയ്യാം. ഇക്കാര്യം എബ്ബിംഗ്ഹാസ് ആണ് കണ്ടെത്തിയത്.

ജേക്കബ്ബ്സ് എന്ന മനശ്ശാസ്ത്രജ്ഞനാണ് താഴെപ്പറയുന്ന പരീക്ഷണം രൂപകല്പന ചെയ്തത്. പല IQ ടെസ്റ്റുകളുടേയും ഒരു ഭാഗം എന്ന നിലയ്ക്ക് ഈ പരീക്ഷണം ചെയ്തുവരുന്നു. സ്വയം ചെയ്തു നോക്കത്തക്ക വിധത്തിലുള്ള വളരെ ലളിതമായ ഒരു പരീക്ഷണമാണിത്.

**Materials required : -**

3 അക്കങ്ങൾ മുതൽ 12 അക്കങ്ങൾ വരെയുള്ള സംഖ്യകളുടെ ലിസ്റ്റ് ഒരേ എണ്ണം വരുന്ന 2 സംഖ്യകൾ വീതം ജോടികളായി എഴുതണം.

ഉദാ:- 853, 937, 5382, 7463

**Procedure : -**

ഏറ്റക്കുറച്ചിലില്ലാത്ത ശബ്ദത്തിൽ 3 അക്കസംഖ്യ മുതൽ ഒരു തവണ വായിച്ച് കേൾപ്പിക്കുക. എഴുതിയ കാർഡ് കാണിക്കുക. വായിച്ച് തീർന്ന ഉടൻ സംഖ്യ എഴുതാൻ ആവശ്യപ്പെടുക. ശരിയായി എഴുതിയിട്ടുണ്ടെങ്കിൽ 4 അക്കസംഖ്യ വായിക്കുക, കാർഡ് കാണിക്കുക. വായിച്ച ഉടൻ സംഖ്യ എഴുതാൻ ആവശ്യപ്പെടുക. ഇതേ രീതിയിൽ 5 അക്കങ്ങൾ, 6 അക്കങ്ങൾ എന്നിങ്ങനെ തുടരുക. ശരിയായി എഴുതിയിട്ടില്ലെങ്കിൽ അതേ എണ്ണം അക്കങ്ങൾ വരുന്ന ജോടി സംഖ്യ വായിക്കണം. ജോടിയിലെ രണ്ടക്കങ്ങളും ശരിയായി എഴുതിയിട്ടില്ലെങ്കിൽ നിർത്തുക.

പരീക്ഷണം 3 തവണ ആവർത്തിക്കുക. രേഖപ്പെടുത്തുക. പഠിതാക്കൾ ആവശ്യമായ പട്ടിക രൂപപ്പെടുത്തി നിരീക്ഷണ ഫലങ്ങൾ എഴുതി അപഗ്രഥിച്ച് നിഗമനങ്ങൾ രേഖപ്പെടുത്തട്ടെ.

## ഓർമ മെച്ചപ്പെടുത്താനുള്ള രീതികളും തന്ത്രങ്ങളും :-

**1. വിവിധ ഇന്ദ്രിയങ്ങളുടെ ഉപയോഗം**

വിവിധ ഇന്ദ്രിയങ്ങളിലൂടെ വ്യത്യസ്തരീതിയിൽ പഠിക്കുന്നത് ഓർമയെ ശക്തിപ്പെടുത്തും.

**2. മെച്ചപ്പെട്ട പഠനസാഹചര്യം ഒരുക്കൽ**

പഠനാന്തരീക്ഷവും ഓർമയെ സ്വാധീനിക്കുന്നുണ്ട്. അതിനാൽ മെച്ചപ്പെട്ട പഠനാന്തരീക്ഷം ഓർമ്മയെ വർദ്ധിപ്പിക്കും.

**3. ശരിയായ മാറ്റത്തിനും വിശ്രമത്തിനുമുള്ള അവസരം നൽകൽ.**

തുടർച്ചയായ പരിശ്രമങ്ങൾ വിരസതയുണ്ടാക്കും. പഠനത്തിൽ ആവശ്യമായ മാറ്റം വരുത്താനും വിശ്രമിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുകയും വേണം. ക്ഷീണമുള്ളപ്പോൾ പഠിക്കാതിരിക്കുക

**4. ശക്തമായ തീരുമാനം എടുക്കൽ**

പഠിക്കാനുള്ള ശക്തമായ തീരുമാനം സ്വയം എടുക്കുന്നത് ഓർമ നിലനിർത്താൻ ഏറെ സഹായിക്കും.

**5. അർത്ഥവത്തായ പഠനം നടത്തൽ**

കാര്യങ്ങൾ അർത്ഥപൂർണ്ണമായി മനസ്സിലാക്കിക്കൊണ്ട് പഠിച്ചാൽ അവ ഓർമയിൽ ഏറെക്കാലം നിലനിൽക്കും.

**6. പ്രവർത്തിച്ചു പഠിക്കുക.**

പറ്റാവുന്ന സന്ദർഭങ്ങളിലൊക്കെ ചെയ്തു പഠിക്കാനുള്ള ശ്രമങ്ങൾ നടത്തണം.

**7. ആവർത്തനവും പരിശീലനവും നടത്തൽ**

നല്ലതുപോലെ ആവർത്തിച്ചും പരിശീലനം നടത്തിയും പഠിച്ച കാര്യങ്ങൾ ഓർമയിൽ നിർത്താം.

**8. സഹചരതത്വം (Principle of asociation)**

ഒരു കാര്യം പഠിക്കുമ്പോൾ അതിനെ മറ്റൊന്നുമായി ബന്ധിപ്പിച്ചു പഠിക്കാൻ ശ്രമിക്കണം.

**9. വർഗ്ഗീകരിച്ച് പഠിക്കുവാൻ ശ്രമിക്കുക.**

പഠനവസ്തുക്കളെ സമാനതകതകളനുസരിച്ചും വ്യത്യാസങ്ങൾ അനുസരിച്ചുമൊക്കെ കൂട്ടങ്ങളാക്കി പഠിക്കുന്നത് ഓർമ്മയെ ശക്തിപ്പെടുത്തും.

**10. ഇടവേള ഉള്ളതും ഇടവേള ഇല്ലാതെയുമുള്ള പഠനങ്ങൾ (Spaced & unspaced learning)**

ഒറ്റയിരുപ്പിൽ ഒന്നിച്ച് പഠിക്കുന്നതിനുപകരം ഇടവേള എടുത്തു പഠിക്കാം. ചില കാര്യങ്ങൾ ഇടവേള എടുക്കാതെ പഠിക്കുന്നതും കൂടുതൽ പ്രയോജനകരമായിരിക്കും. ഓർമയുടെ കാര്യത്തിൽ വ്യക്തിയുടെ സ്വഭാവവും പഠിക്കുന്ന കാര്യത്തിന്റെ സ്വഭാവ

അനുസരിച്ച് അനുയോജ്യമായ രീതി അവലംബിക്കണം.

**11. സമഗ്രപഠനവും അംശപഠനവും നടത്തുക**

ആദ്യഭാഗം മുതൽ അവസാനം വരെയുള്ള പാഠഭാഗങ്ങൾ ഒന്നിച്ചുപഠിക്കുന്നതാണ് സമഗ്രപഠനം എന്നറിയപ്പെടുന്നത്ന്ന . പഠിക്കേണ്ട കാര്യങ്ങളെ പലഭാഗങ്ങളായി തിരിച്ച് ഓരോന്നായി പഠിച്ചെടുക്കുന്ന സമ്പ്രദായമാണ് അംശപഠനത്തിൽ അനുവർത്തിക്കുന്നത്. നീണ്ട പാഠഭാഗങ്ങൾ പഠിക്കാനും അംശപഠനം കൂടുതൽ നല്ലതായിരിക്കും. ഹ്രസ്വമായ പാഠഭാഗങ്ങൾ പഠിക്കാൻ സമഗ്രപഠനം പ്രയോജനപ്പെടുത്താം; ചിലപ്പോൾ സമഗ്രപഠനം നടത്തുമ്പോൾ വിഷമം നേരിട്ട ഭാഗങ്ങളെ അംശപഠനത്തിലൂടെ പ്രത്യേകം പഠിച്ചെടുത്ത് വീണ്ടും സമഗ്രപഠനത്തിലേക്ക്

പോകുന്നത് പൂർവ്വാപരബന്ധത്തോടുകൂടിയുള്ള ആശയസ്വാംശീകരണത്തിന് ഏറെ സഹായിക്കും.

**12. ചിത്രീകരിക്കൽ**

പഠനാശയങ്ങളെ ചിത്രങ്ങൾ, ആശയപടം,(കൺസെപ്റ്റ് മാപ്പ്) ഫേളോചാർട്ട് എന്നിവ ഉപയോഗിച്ച് ചിത്രീകരിക്കുന്നത് ഓർമയെ പുഷ്ടിപ്പെടുത്തും.

**13. ഓർത്തെടുക്കേണ്ട കാര്യങ്ങളെ പഠിക്കുമ്പോൾ തന്നെ വിശകലനം ചെയ്യുക.**

സ്വയം വിശകലനം നടത്തുന്നത് ഓർമിക്കാൻ സഹായിക്കും.

**14. ചോദ്യങ്ങൾ നിർമ്മിക്കുക**

പഠിച്ച കാര്യങ്ങൾ ആസ്പദമാക്കി ധാരാളം ചോദ്യങ്ങൾ സ്വയം നിർമ്മിച്ച ഉത്തരം കണ്ടെത്തുക.

**15. ആവശ്യനുസരണം പുനരുപയോഗം നടത്തുക**

പഠിച്ച കാര്യങ്ങൾ ഇടയ്ക്കൊക്കെ ഉപയോഗിച്ചുകൊണ്ടിരിക്കുക. ഒന്നും വെറുതെ ഓർമിക്കാനുള്ളതല്ല. ഉപയോഗിക്കാനുള്ളതാണ് എന്ന തത്വം മുറുകെ പിടിച്ച് പരിശീലിക്കുക.

**16. സ്വന്തം ഭാഷയിൽ കുറിപ്പ് തയ്യാറാക്കുക.**

പഠിച്ച കാര്യങ്ങളെക്കുറിച്ച് അപ്പോൾത്തന്നെ സ്വന്ത ഭാഷയിൽ സംക്ഷിപ്തമായ കുറിപ്പുകൾ തയ്യാറാക്കി വെയ്ക്കുന്നത് ഓർമ്മിച്ചെടുക്കാൻ സഹായിക്കും.

**പഠിതാക്കളോട്**

ഓരോ പഠിതാവും ഓർമിച്ചെടുക്കാൻ സ്വീകരിക്കുന്ന തന്ത്രങ്ങളും രീതികളും പരസ്പരം പങ്കുവയ്ക്കട്ടെ. മേൽപ്പറഞ്ഞവയിൽപെടാത്തവ കൂട്ടിച്ചേർത്ത് സമഗ്രമാക്കട്ടെ.

## മറവി

മുമ്പ് പഠിച്ച കാര്യങ്ങള സ്ഥിരമായോ താൽക്കാലികമായോ തിരിച്ചറിയാനോ പുന:സ്മരിക്കാനോ ഉള്ള കഴിവ് നഷ്ടപ്പെടുന്നതാണ് മറവി. എന്ന് സാമാന്യമായി പറയാം. ഓർമയുടെ വിപരീതമാണെന്ന് ലളിതമായി പറയാം.

**മറവിക്കുള്ള കാരണങ്ങൾ**

വിവിധ മന:ശാസ്ത്രജ്ഞൻ മറവിക്കുള്ള കാരണങ്ങളായി വിവിധ വിശദീകരണങ്ങളാണ് നൽകിയിട്ടുള്ളത്. പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

- പഠനവസ്തുക്കളുടെ സ്വഭാവം അർത്ഥമില്ലാത്തതും വിഷമകരവും ആണെങ്കിൽ മറവിയിലേക്ക് നീങ്ങും
- സംശയങ്ങൾ യഥാസമയം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ മറവിക്ക് കാരണമാകും.
- മസ്തിഷ്കത്തിലെ സ്മൃതിപഥങ്ങളുടെ ക്ഷയം മൂലം മറവി സംഭവിക്കും. നാം ഏതെങ്കിലും കാര്യങ്ങൾ പഠിക്കുമ്പോൾ മസ്തിഷ്കഘടനയിൽ മാറ്റമുണ്ടാകുമെന്ന് ആധുനികനാഡീമന:ശാസ്ത്രം സിദ്ധാന്തിക്കുന്നു. ഈ മാറ്റത്തെ അഥവാ രൂപഭേദത്തെ Memory traces എന്നാണ് വിളിക്കുന്നത്. ഉപയോഗിക്കാതിരുന്നാൽ ഭാഗികമായി ക്ഷയിക്കും. ഒരിക്കല പഠിച്ച കാര്യങ്ങൾ വീണ്ടും പഠിക്കുമ്പോൾ എളുപ്പത്തിൽ ഓർമ്മയിലെത്തുന്നത് ഇതുകൊണ്ടാണ്.
- ഭയം, കോപം തുടങ്ങിയ ശക്തമായ വികാരങ്ങൾ മറവിയുണ്ടാക്കും.

- വിരസമായ ബോധനരീതികൾ പഠനത്തിലേക്ക് തന്നെ നയിക്കില്ല.
- വാർദ്ധക്യവും മസ്തിഷ്കത്തിനുണ്ടാകുന്ന പരിക്കുകളും മറ്റും മറവിയുണ്ടാക്കും.
- ആദ്യം പഠിച്ചതിന്റെ സ്വാധീനത്തിൽ പിന്നീട് പഠിച്ചത് മറക്കുന്ന പ്രവണതയുണ്ട്. ഇത് Ptotective inhibition എന്നറിയപ്പെടുന്നു.
- പിന്നീട് പഠിച്ചതിന്റെ സ്വാധീനത്തിൽ ആദ്യം പഠിച്ചത് മറക്കുന്ന പ്രവണതയുണ്ട്. ഇത് Retractive inhibition എന്നറിയപ്പെടുന്നു.
- ദമനം മറവിക്കു കാരണമാകുന്നുമവന്ന് ഫ്രോയ്ഡ് സിദ്ധാന്തിക്കുന്നുണ്ട്.

മറവി പരിഹരിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കാം. ഓർമ്മ, മറവി തുടങ്ങിയ ആശയങ്ങളുമായി ബന്ധപ്പെടുത്തി കണ്ടെത്തു.

### പ്രശ്നപരിഹരണം (Problem Solving)

ജീവിതത്തിൽ നമുക്ക് ധാരാളം പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരും. ചിലത് നാം പെട്ടെന്ന് പരിഹരിക്കുന്നു. എന്നാൽ ചിലത് പരിഹരിക്കുമ്പോൾ പുതിയ പ്രശ്നങ്ങൾ ഉണ്ടാകുന്നു. പ്രശ്നത്തെ യുക്തിപരമായും ശാസ്ത്രീയമായും സമീപിച്ചില്ലെങ്കിൽ പ്രശ്നം പരിഹരിക്കപ്പെടുന്നതിനുപകരം കൂടുതൽ സങ്കീർണ്ണതയിലേക്ക് പോവുകയാണ്.

**പ്രശ്നം എന്നാൽ എന്ത്?**

ഒരു വ്യക്തിയോ സംഘമോ അഭിമുഖീകരിക്കുന്നതും അവർക്ക് പ്രത്യക്ഷത്തിൽ ഒരു പരിഹാരവും കാണാൻ കഴിയാത്തതും എന്നാൽ ഒരു തീരുമാനത്തിൽ എത്തിച്ചേരേണ്ടതുമായ ഒരു സന്ദർഭമോ സാഹചര്യമോ ആണ് പ്രശ്നം എന്ന് നിർവചിക്കാം.

കുട്ടികൾ നേടേണ്ട കഴിവുകളിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ് പ്രശ്നപരിഹരണശേഷി. ഈ ശേഷികൾ കുട്ടികളിൽ വളർത്തുന്നതിനും താൻ നിരന്തരം നേരിടുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി സമീപിക്കുന്നതിനും ടീച്ചർക്കു കഴിയണമെങ്കിൽ പ്രശ്നപരിഹരണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അധ്യാപകർക്ക് ധാരണയുണ്ടായിരിക്കണം.

പഠിതാക്കൾക്ക് ഒരു പ്രശ്നം

ബട്ടൺ നിറയ്ക്കാമോ?

8 x 8 കളങ്ങളുള്ള ഒരു സമചതുരമാണിത്. നിബന്ധനയുസരിച്ച് ബട്ടൺ വച്ചു നിറയ്ക്കുകയാണ് വേണ്ടത്. ഒരു കളത്തിൽ ഒരു ബട്ടൺ വച്ചു കഴിഞ്ഞാൽ ആ കളം ഉൾപ്പെടുന്ന വരിയിലോ നിരയിലോ കോണോടുകോണോ പിന്നീട് ബട്ടൺ വയ്ക്കാൻ പാടില്ല. എല്ലാവരിയിലും 1 ബട്ടൺ വരുന്ന വിധത്തിൽ വയ്ക്കണം. ഇതാണ് നിബന്ധന. ഒന്നു ശ്രമിച്ചാലോ വിജയിച്ചാൽ 9 x 9 കോളത്തിൽ ഒന്നു കൂടി ശ്രമിച്ചു നോക്കൂ...



ഈ പ്രശ്നം പരിഹരിച്ചതെങ്ങനെ? ചർച്ച.

മറ്റൊരു പ്രശ്നത്തിലേക്ക്................

നിങ്ങൾ ഒരു സ്കൂളിൽ അധ്യാപനവൃത്തിയിൽ പ്രവേശിച്ചുവെന്നു കരുതുക. ഒരു അധ്യാപികയുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ചും നിങ്ങൾക്ക് തികഞ്ഞ

ബോധ്യമുണ്ട്. പൊതുവെ പിന്നോക്കമായ ആ പ്രദേശത്തെ രക്ഷിതാക്കളെ ബോധവൽക്കരിക്കാനാണ് ആദ്യം തീരുമാനിച്ചത്. അതനുസരിച്ച് രക്ഷിതാക്കളുടെ ഒരു യോഗം വിളിച്ചു. യോഗ ദിവസം ഒരു രക്ഷിതാവ് പോലും വന്നില്ല! ആകെ അന്ധാളിച്ചുപോയ നിങ്ങൾ പിന്നീടാണ് വസ്തുത തിരിച്ചറിഞ്ഞത്. ആ സ്കൂളിൽ രക്ഷിതാക്കളുടെ യോഗം വിളിക്കുകയോ രക്ഷിതാക്കൾ സ്കൂളിൽ വരുകയോ പതിവില്ല! കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ മറികടക്കാൻ രക്ഷിതാക്കളുടെ ബോധവൽക്കരിക്കൽ അത്യാവശ്യമാണു താനും. ഇവിടെ നിങ്ങൾക്കു മുന്നിൽ ഒരു പ്രശ്നം രൂപപ്പെട്ടിരിക്കുന്നു. ഇത് എങ്ങനെ പരിഹരിക്കും?

ഇവിടെ പ്രശ്നവും ലക്ഷ്യവും കൃത്യതപ്പെടുത്തണം. എന്തുകൊണ്ട് രക്ഷിതാക്കൾ സ്കൂളിലേക്ക് വരുന്നില്ല. എന്ന് അറിയുകയാണ് ലക്ഷ്യമെങ്കിൽ അന്വേഷണാടിസ്ഥാനത്തിലുള്ള പ്രശ്നപരിഹരണമാണ് വേണ്ടത്. രക്ഷിതാക്കളെ സ്കൂളിലേക്ക് വരുത്തുകയാണ് ലക്ഷ്യമെങ്കിൽ പ്രവർത്തനാടിസ്ഥാനത്തിലുള്ള പ്രശ്നപരിഹാരം (Action Reaserach) ആണ് വേണ്ടത്.

പഠിതാക്കൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ. പ്രശ്നപരിഹാരത്തിനുള്ള വഴികളും ഘട്ടങ്ങളും ചച്ചയിലൂടെ രൂപീകരിക്കട്ടെ. തുടർന്ന് പ്രശ്നപരിഹരണ ഘട്ടങ്ങളിലേക്ക് എത്തുകയാണ് വേണ്ടത്.

നമ്മൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന്റെ സ്വഭാവമനുസരിച്ച് കേവലാന്വേഷണമാണോ, പ്രവർത്തന പദ്ധതിയാണോ പ്രശ്നപരിഹരണത്തിന് വേണ്ടത് എന്ന് ആദ്യം തീരുമാനിക്കണം. മാത്രമല്ല ഒരേ പ്രശ്നത്തെത്തന്നെ വ്യത്യസ്ത രീതിയിൽ സമീപിക്കാം. പ്രശ്നപരിഹാരത്തിന് എടുക്കുന്ന സമയത്തിന് വ്യക്തികൾ തമ്മിൽ വ്യത്യാസമുണ്ടായിരിക്കും, പ്രശ്നപരിഹരണ ശേഷി എല്ലാവർക്കും ഒരേ പോലെയായിരിക്കുകയുമില്ല. എങ്കിലും പ്രശ്നപരിഹരണത്തിന് ചില ശാസ്ത്രീയഘട്ടങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അവ നമുക്ക് പരിചയപ്പെടാം.

## പ്രശ്നപരിഹരണഘട്ടങ്ങൾ

**1. പ്രശ്നം തിരിച്ചറിയൽ (Identifying the problems)**

എന്താണ് പ്രശ്നം എന്ന് ആദ്യം തിരിച്ചറിയേണ്ടതുണ്ട്. പ്രശ്നത്തെക്കുറിച്ചുള്ള അവബോധം ഉണ്ടെങ്കിൽ മാത്രമേ ശരിയായ പരിഹാരമാർഗ്ഗങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിയുകയുള്ളൂ.

**2. പ്രശ്നം നിർവചിക്കൽ (Defining the problems)**

പ്രശ്നം തിരിച്ചറിഞ്ഞ് കഴിഞ്ഞാൽ അതിനെ സൂക്ഷ്മതലത്തിൽ കൃത്യതപ്പെടുത്തണം. ഇങ്ങനെ ചെയ്യുന്നത് പ്രശ്നപരിഹരണത്തെയും കൃത്യതയിലേക്ക് നയിക്കും; സൂക്ഷ്മതലത്തിൽ കൃത്യതപ്പെടുത്തുന്നതിനെ പ്രശ്നം നിർവചിക്കൽ എന്ന് വിളിക്കാം;

**3. പരികൽപ്പനയുടെ രൂപീകരണം (Hypothesis Formation)**

നിലവിലുള്ള അറിവുകളുടെ അടിസ്ഥാനത്തിൽ ഒരു പ്രശ്നത്തിന്റെ ചില പരിഹാരങ്ങൾ നമുക്ക് ഊഹിച്ചെടുക്കാൻ കഴിയും. ഇതിൽ യോജിച്ചവയെ പരികൽപ്പനയായി പരിഗണിക്കാം. ഇത് പ്രശ്നപരിഹാരത്തിന് ദിശാബോധം നൽകുകയും ചെയ്യും.

**4. പ്രശ്നപരിഹാരതന്ത്രങ്ങൾ ആസൂത്രണം ചെയ്യൽ (Forming Strategies)**

പ്രശ്നപരിഹാരത്തിന് ഉചിതമായ ഏതു തന്ത്രങ്ങൾ/രീതികൾ സ്വീകരിക്കണം എന്ന് തിട്ടപ്പെടുത്തണം; കൃത്യമായ രീതിശാസ്ത്ര (Methodology) സ്വീകരിച്ചാൽ മാത്രമേ ശരിയായ പരിഹാരമാർഗ്ഗങ്ങളിലൂടെ കടന്നുപോയി നിഗമനങ്ങളിൽ എത്തിച്ചേരാൻ സാധിക്കൂ.

**5. നിർവഹണം/വിവരശേഖരണം**

ആസൂത്രണം ചെയ്ത പ്രശ്നപരിഹരണ തന്ത്രങ്ങൾ കൃത്യതയോടെ നടപ്പിലാക്കുകയാണ് ഇവിടെ ചെയ്യുന്നത്. കേവലാന്വേഷണമാണെങ്കിൽ വിവരശേഖരണമാണ് (Date Collection)

ഈ ഘട്ടത്തിൽ നടത്തുക

**6. വിലയിരുത്തൽ/അപഗ്രഥനവും നിഗമനവും**

നിർവഹണപ്രക്രിയയെ ഫലപ്രദമായി വിലയിരുത്തുകയാണ് ഈ ഘട്ടം. പ്രവർത്തനപദ്ധതി നടപ്പിലാക്കിയപ്പോൾ വിജയകരമായിരുന്നോ, പരാജയമായിരുന്നോ, നിർവ്വഹണം എങ്ങനെ മെച്ചപ്പെടുത്താം, തുടങ്ങിയ കാര്യങ്ങളാണ് വിലയിരുത്തലിൽ വരുന്നത്. അന്വേഷണ രൂപത്തിലുള്ള പ്രക്രിയയിൽ ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് നിഗമനങ്ങൾ/കണ്ടെത്തലുകൾ രൂപീകരിക്കുകയാണ് ചെയ്യുന്നത്.

## പ്രശ്നപരിഹരണ തന്ത്രങ്ങൾ

പ്രശ്നപരിഹരണത്തിന്റെ ഭാഗമായി വിവിധ പ്രശ്നപരിഹരണ തന്ത്രങ്ങൾ സ്വീകരിക്കേണ്ടി വരും. അവ എന്തൊമക്കെയാണെന്ന് പരിശോധിക്കാം. കേസ് സ്റ്റഡി, ക്രിയാഗവേഷണം, അഭിമുഖം, പരികൽപ്പനകൾ, സാമൂഹ്യമിതി തുടങ്ങിയ ഗവേഷണ രൂപങ്ങളും സെമിനാർ, സംവാദം, പാനൽ ചർച്ച, സിമ്പോസിയം തുടങ്ങിയ ചർച്ചാ രൂപങ്ങളും പ്രശ്നപരിഹരണത്തിന് സാധാരണ ഉപയോഗിക്കുന്ന തന്ത്രങ്ങളാണ്.

ഈ തന്ത്രങ്ങൾ അവലംബിച്ച് പഠനം നടത്തുമ്പോൾ ശ്രമപരാജയരീതി, അന്തർദൃഷ്ടി പഠനം/ഉൾക്കാഴ്ചാപഠനം, അൽഗോരിതം, ഹ്യൂരിസ്റ്റിക്സ് തുടങ്ങിയവയുടെ സാധ്യതകളിലൂടെ കടന്നുപോകും; പ്രശ്നപരിഹരണത്തിനുവേണ്ടി അവലംബിക്കുന്ന കൃത്യതപ്പെടുത്തിയ ഘട്ടങ്ങളെ (Steps) യാണ് അൽഗോരിതം എന്നു വിളിക്കുന്നത്. ഗണിതത്തിൽ ഇന്ന കാര്യങ്ങൾ ചെയ്തതിനുശേഷം ഇന്ന കാര്യം ചെയ്യണം എന്ന രീതിയിൽ ശൃംഖലനം ചെയ്തുപോകുന്ന കൃത്യമായ സ്റ്റെപ്പുകൾ അവലംബിക്കാറുണ്ട്. പ്രസ്തുതക്രിയാ മാർഗം അൽഗോരിതമാണെന്ന് പറയാം. ക്രിയാമാർഗ്ഗം ശരിയായാൽ കൃത്യതയാർന്ന ഉത്തരം ലഭിക്കും എന്ന മെച്ചമുണ്ട്.

പല രീതികൾ അവലംബിച്ചുനോക്കി തെറ്റായി വരുന്നവ ഒഴിവാക്കി ശരിയായതിനെ സ്വീകരിക്കുന്ന നടപടിക്രമമാണ് ശ്രമപരാജയ രീതിയിൽ അവലംബിക്കുന്നത് ഇതു പല തന്ത്രങ്ങളിലും കടന്നുവരുകയും ചെയ്യും.

ചില സന്ദർഭങ്ങളിൽ അന്തർദൃഷ്ടിയിലൂടെ പഠനം അഥവാ പ്രശ്നപരിഹരണം നടക്കാറുണ്ടെന്ന് ഗസ്റ്റാൾട്ട് മന:ശ്ശാസ്ത്രം മുന്നോട്ടു വയ്ക്കുന്നു.

**പഠിതാക്കളോട്**

ഈ ചർച്ചയുടെ തുടക്കത്തിൽ നിങ്ങൾ ചെയ്ത ബട്ടൺ നിറയ്ക്കാമോ എന്ന പ്രശ്നം ഇതിൽ ഇതിൽ ഏതുരീതിയിലൂടെയാണ് നിങ്ങൾ പരിഹരിച്ചത്?

ശ്രമപരാജയരീതി, അന്തർദൃഷ്ടിപഠനം, അൽഗോരിതം, ഹ്യൂരിസ്റ്റിക്സ് തുടങ്ങിയ പ്രധാനപ്പെട്ട പ്രശ്നപരിഹരണതന്ത്രങ്ങളെ പരിചയപ്പെടാം

### ശ്രമപരാജയരീതി

പ്രശ്നപരിഹരണത്തിനായി അനുയോജ്യമെന്നു കരുതുന്ന വിവിധ മാർഗ്ഗങ്ങൾ അവലംബിക്കുക, മറ്റൊരു മാർഗ്ഗം അവലംബിക്കുക, അനുയോജ്യമല്ലെന്ന് കണ്ടാൽ എന്ന രീതി തുടർന്ന് പ്രശ്നപരിഹരണം നടത്തുകയാണ് ശ്രമപരാജയ രീതിയിൽ അനുവർത്തിക്കുന്നത്. പല മാർഗ്ഗങ്ങൾ അവലംബിച്ച് വിജയിക്കുന്നത് സ്വീകരിക്കുക എന്നതാണ് ഇതിന്റെ അടിസ്ഥാനം. കുറച്ച് പ്രശ്നപരിഹാര സാധ്യതകൾ ഉള്ളപ്പോൾ ഈ രീതി അവലംബിക്കാമെങ്കിലും അനേകം പ്രശ്നപരിഹാര സാധ്യതകൾ ഉള്ളപ്പോൾ പ്രായോഗികമേയല്ല.

**അന്തർദൃഷ്ടി പഠനം/ഉൾക്കാഴ്ച**

ഉൾക്കാഴ്ചയിലൂടെയോ അന്തർദൃഷ്ടിയിലൂടെയോ പ്രശ്നപരിഹരണം നടത്തുകയാണ് ഈ രീതിയിൽ ചെയ്യുന്നത്.

സെമസ്റ്റർ 1 ലെ പഠനം എന്ന യൂണിറ്റിലെ ഗസ്റ്റാൾട്ട് മനശ്ശാസ്ത്രം പരിശോധിച്ച് കൂടുതൽ ധാരണ കൈവരുത്തുക.

**അൽഗോരിതം (Algorithm)**

നിശ്ചിതങ്ങളായ വിവരങ്ങൾ ഉപയോഗിച്ച് കൃത്യമായി ചിട്ടപ്പെടുത്തിയ ക്രിയാമാർഗ്ഗങ്ങൾ അവലംബിച്ച് ഉത്തരം കണ്ടെത്തുന്ന നടപടിക്രമങ്ങളെയാണ് അൽഗോരിതം എന്ന പദം കൊണ്ടർത്ഥമാക്കുന്നത്. ഘട്ടംഘട്ടമായ ക്രമങ്ങൾ ദീക്ഷിക്കുമെന്നതിനാൽ ശരിയായ ഉത്തരം ലഭിക്കുമെന്ന് ഉറപ്പാണ്.

- Any well defined computational procedure that takes a value or set of values as input and,after a finite sequence of computational steps, produces a value or set of values as out put.

കമ്പ്യൂട്ടർ പ്രോഗ്രാമുകൾ അൽഗോരിതത്തിന് നല്ല ഉദാഹരണങ്ങളാണ്.

**ഹ്യൂരിസ്റ്റിക്സ് (Heuristics)**

ആളുകൾ സാധാരണയായി പ്രശ്ന പരിഹാരത്തിന് ഏറ്റവും എളുപ്പമായ മാർഗം സ്വീകരിക്കുന്ന പ്രവണത കാണിക്കുന്നു. തീരുമാനമെടുക്കാൻ പ്രയാസമുള്ള സന്ദർഭങ്ങളിൽ തങ്ങളുടെ ലക്ഷ്യത്തിലേക്ക് ചില എളുപ്പ മാർഗങ്ങൾ അവലംബിക്കാറുണ്ട്. അത്തരത്തിലുള്ള ജ്ഞാതൃപരമായ എളുപ്പ വഴികളെയാണ് (Cognitive shortcuts) ഹ്യൂരിസ്റ്റിക്സ് എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്. ഇത് നമ്മുടെ അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രശ്നപരിഹരണ തന്ത്രമാണ്. ഇത് ആത്യന്തികമായ പ്രശ്നപരിഹരണ രീതിയായിരിക്കണമെന്നില്ല. ദത്തങ്ങളുടെ ആയാസകരമായ താരതമ്യങ്ങളോ കൃത്യമായ അൽഗോരിതമോ പ്രയോഗിക്കാതെയുള്ള മാർഗമായതിനാൽ കൃത്യതയും വിശ്വാസതയും ഉണ്ടാവണമെന്നില്ല. എങ്കിലും ലക്ഷ്യ പൂർത്തീകരണത്തിന് അതായത് പ്രശ്നപരിഹരണത്തിന് പ്രയോജനപ്പെടും.

- Heuristics are strategies using readily accessilble, though loosely applicable, information to control problem solving in human beings and machines.
- Henuristic refers to experience based techniques for problem solving, learning, and discovery that find a solution which is not guaranteed to be optional but good enough for a given set of goals.

**പ്രശ്നപരിഹരണശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത:-**

ഇന്നത്തെ ലോകം ഏറെ സങ്കീർണ്ണമാണ്. ജീവിതം എന്നത് പ്രശ്നപരമ്പരകളുടെ ആവിർഭാവവും അവയുടെ പരിഹാരത്തിനായുള്ള നിരന്തരശ്രമങ്ങളുമാണ്. അതുകൊണ്ടുതന്നെ പ്രശ്നപരിഹരണശേഷി ഓരോ വ്യക്തിയിലും ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്. തന്റെ ക്ലാസ്സുമുറിക്കകത്തും പുറത്തും ഉണ്ടാകുന്ന പഠനപ്രശ്നങ്ങളും മറ്റും പരിഹരിച്ച് മുന്നേറുന്ന കുട്ടിക്ക് ഭാവിജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ ധൈര്യപൂർവ്വം നേരിടാൻ കഴിയും. ക്ലാസ്സുമുറിയിലെ പഠന പ്രശ്നങ്ങൾ ഒറ്റയ്ക്കും കൂട്ടായും പരിഹരിക്കുക വഴി ലഭിക്കുന്ന ആത്മസംതൃപ്തിയും ആത്മവിശ്വാസവും അവനെ വരും കാല ജീവിതത്തെ കരുപിടിപ്പിക്കുവാൻ ഏറെ സഹായിക്കും.

R.M ഗാഗ്നെയുടെ പഠനശ്രേണി (Hiearchy of Learning) യുടെ കൊടുമുടിയിൽ പ്രതിഷ്ഠിച്ചിരിക്കുന്നത് പ്രശ്നപരിഹരണമാണ്. പഠനത്തിന്റെ പരിണതഫലം പ്രശ്നപരിഹരണമായിരിക്കണം. എന്ന ഗാഗ്നെയുടെ വാദഗതികൾ ചർച്ചയ്ക്ക് വിധേയമാക്കൂ.

**പ്രശ്നപരിഹരണശേഷി പരിപോഷിപ്പിക്കാൻ ടീച്ചർക്ക് എന്തുചെയ്യാൻ കഴിയും?**

- പ്രശ്നപരിഹരണ ശ്രമത്തിനിടയിൽ അന്ധമായ ശ്രമ- പരാജയരീതികൾ ഉപയോഗിക്കാതിരിക്കാനും ശ്രദ്ധിക്കണം.
- ബുദ്ധിപൂർവ്വം ആലോചിക്കുകയും വിവിധ പരിഹാരസാധ്യതകൾ കണ്ടെത്തുകയും അവയുടെ വിജയസാധ്യതകൾ മനസ്സിൽ വിലയിരുത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിനുള്ള സന്ദർഭങ്ങൾ കുട്ടികൾക്ക് ലഭിക്കണം
- പ്രശ്നത്തെ സമഗ്രമായി സമീപിക്കാതെ ഉപരിപ്ലവമായി മാത്രം ശ്രദ്ധിയ്ക്കൽ, പ്രാധാന കാര്യങ്ങളിലല്ലാതെ മറ്റുള്ളവയിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ, മുമ്പ് ഫലപ്രദമായിരുന്ന ഒരു രീതി മാത്രം ആലോചിച്ച് മറ്റു സാധ്യതകളെ അവഗണിക്കൽ, തെറ്റുകൾ ആവർത്തിക്കൽ

**ഗാഗ്നെയുടെ പഠനശ്രേണി**

പ്രശ്നനപരിഹരണം
(Problem Solving)

↑

തത്വപഠനം
(Principle Learning)

↑

സംപ്രത്യയ പഠനം
(Concept Learning)

↑

ബഹുമുഖവിവേചനം
(Multiple Discrimination)

↑

വചനസഹചരത്വം
(Verbal Association)

↑

ശ്രേണീപഠനം
(Chaining)

↑

ചോദകപ്രതികരണംം
(Stimulus - Response Learning)

↑

സംജ്ഞാപഠനം
(Signal Learning)

യഥാർത്ഥപ്രശ്നം എന്താണെന്ന് തിരിച്ചറിയാതെ മറ്റിടങ്ങളിൽ ശ്രദ്ധപതിയൽ, മുന്നറിവുണ്ടെങ്കിലും അത് വേണ്ടത്ര അർത്ഥപൂർണ്ണമാവാത്തതുകൊണ്ട് വേണ്ടപ്പോൾ പ്രയോജനപ്പെടാതിരിക്കൽ എന്നിങ്ങനെയുള്ള തടസ്സങ്ങൾ അതാതുസമയം പരിഹരിക്കുന്നതിനുള്ള അവസരങ്ങൾ ഓരോ കുട്ടിക്കും ലഭിച്ചാൽ പ്രശ്നപരിഹരണശേഷി വർദ്ധിക്കുക തന്നെ ചെയ്യും.

4 കുട്ടികളുടെ മാനസികനിലവാരത്തിന് യോജിച്ചവ നൽകാൻ ശ്രമിക്കുക. അതീവലളിതവും അതീവസങ്കീർണ്ണവുമായതും ഒഴിവാക്കുക.

5 പ്രശ്നപരിഹരണത്തിന്റെ ഓരോ സന്ദർഭത്തിലും ഇടപെടുന്ന ടീച്ചർ കുട്ടികളുടെ ചിന്തയെ പിന്നോട്ടു വലിക്കും. Scaffolding ഔചിത്യപൂർവ്വമായിരിക്കണം.

6 പ്രശ്നം ഒന്നാകെ അവതരിപ്പിച്ചാൽ മാത്രമേ പ്രശ്നത്തിന്റെ സമഗ്ര രൂപം പഠിതാവിൽ അനുഭവേദ്യമാകൂ.

7 പ്രശ്നനിർദ്ധാരണത്തിന് സഹായകമായ വിവരങ്ങള ശേഖരിക്കുന്നതിലും ക്രമീകരിക്കുന്നതിലും ആവശ്യമുള്ളവർക്കു മാത്രം ആവശ്യാനുസരണം നൽകാൻ ശ്രമിക്കുക.

8 വെല്ലുവിളി ഉയർത്തുന്ന വിവിധ തലങ്ങളിലുള്ള പ്രശ്നങ്ങൾ നൽകുക.

9. വിവ്രജനചിന്തയെ പ്രോത്സാഹിപ്പിക്കുക - അതായത് വിവിധ പ്രശ്നപരിഹരണമാർഗ്ഗങ്ങൾ ആരായുന്നതു പ്രോത്സാഹിപ്പിക്കുക.

## യുക്തിചിന്തനം

സംപ്രത്യയപഠനം(Concept learning), തത്വപഠനം, പ്രശ്നപരിഹാരം തുടങ്ങിയ പ്രധാനപ്പെട്ട ബുദ്ധിപരമായ കഴിവുകളുടെ അടിസ്ഥാനം ചിന്തയാണ്. യുക്തിപൂർവ്വം ചിന്തിക്കുക എന്നുള്ളത് ഉയർന്നതരം മാനസികപ്രക്രിയയാണ്.

മനസ്സിലുയരുന്ന പ്രശ്നങ്ങൾക്ക ഉത്തരം കണ്ടെത്തുന്നതിന് - അതായത് പ്രശ്നപരിഹരണത്തിന് നമ്മുടെ ബുദ്ധിശക്തി പ്രയോജനപ്പെടുത്തി ബോധപൂർവ്വം നടത്തുന്ന ചിന്തനമാണ് യുക്തിചിന്തനം.

യുക്തി ചിന്ത പൊതുവേ രണ്ട് രീതിയിൽ നടത്തുന്നു.

(1) ആഗമനചിന്താരീതി (Inductive thinking)

(2) നിഗമനചിന്താരീതി (Deductive thinking)

### ആഗമനചിന്താരീതി

ഏതാനും പ്രത്യേകാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പൊതുതത്വത്തിൽ എത്തിച്ചേരുന്ന ചിന്താരീതി ആഗമനചിന്താരീതി എന്നറിയപ്പെടുന്നു. ഈ ചിന്താരീതിയുടെ അന്ത:സത്ത ഉൾക്കൊണ്ട് ഇത് ഒരു ബോധനരീതിയായി പ്രയോജനപ്പെടുത്താറുണ്ട്. നമുക്ക് രൂപീകരിക്കേണ്ട ആശയത്തിന്റെ പരിധിയിൽപെടുന്ന ഏതാനും ഉദാഹരണങ്ങൾ അവതരിപ്പിക്കുക, അവ താരതമ്യം ചെയ്ത് അവയിൽ നിന്ന് സാമാന്യവൽക്കരണം നടത്തുക എന്നതാണ് ഈ രീതിയുടെ സ്വഭാവം. ഒന്നോ രണ്ടോ ഉദാഹരണങ്ങളിൽ നിന്ന് സാമാന്യവൽക്കരത്തിൽ എത്തിച്ചേരരുത്.

വിവിധ ആകൃതിയിലുള്ള ത്രികോണങ്ങൾ പേപ്പറിലോ ചാർട്ട് പേപ്പറിലോ മുറിച്ചെടുത്ത് (അല്ലെങ്കിൽ വരച്ച്) ഓരോന്നിലെയും 3 കോണുകളുടെ അളവുകൾ അളന്നു കണ്ടുപിടിക്കുന്നു.

തുടർന്ന് 3 കോണുകളുടെ തുക കണ്ടെത്തി ഒരു ത്രികോണത്തിലെ 3 കോണുകളുടെ അളവുകളുടെ തുക 180 ഡിഗ്രി ആണെന്ന് മനസ്സിലാക്കുന്നത് ആഗമനചിന്താരീതി ഉപയോഗിച്ചാണെന്ന് പറയാം. ഇവിടെ മട്ടത്രികോണം, ന്യൂനത്രികോണം, ബൃഹത്ത്രികോണം, സമഭുജത്രികോണം എന്നീ ത്രികോണങ്ങളൊക്കെ പരിശോധിച്ചാണ് സാമാന്യവൽക്കരണം നടത്തുന്നത്. മറിച്ച് വേണ്ടത്ര തെളിവുകൾ ഇല്ലാതെ ധൃതി പിടിച്ചുള്ള സാമാന്യവൽക്കരണം പലപ്പോഴും തെറ്റായ ആശയരൂപീകരണങ്ങൾക്കും നിഗമനങ്ങൾക്കും കാരണമാകും. അത് ശാസ്ത്രീയ ചിന്താരീതിക്ക് നിരക്കുന്നതല്ല. ആഗമനചിന്താരീതി ഗവേഷണരീതിയുടെ അന്ത:സത്ത ഉൾക്കൊള്ളുന്ന സമീപനമാണ്. പഠിതാക്കളുടെ സജീവപങ്കാളിത്തത്തോടും മുന്നറിവുകൾ ഉപയോഗപ്പെടുത്തിയും നടക്കുന്ന പഠനം കൂടുതൽ അർഥവത്തായിത്തീരുമല്ലോ. പുതിയ സന്ദർഭങ്ങളിൽ അത് പ്രയോഗിക്കാനുള്ള കഴിവും പഠിതാവ് ആർജ്ജിക്കുന്നു. ആഗമനചിന്താരീതിയിൽ 'പ്രത്യേക ഉദാഹരണങ്ങളിൽ നിന്ന് സാമാന്യവൽക്കരണങ്ങളിലേക്ക് എന്ന ക്രമം പാലിക്കുന്നു.

**നിഗമനചിന്താരീതി**

ചില പൊതുതത്വങ്ങൾ ആദ്യം തന്നെ അംഗീകരിക്കുകയും അതിന്റെ വെളിച്ചത്തിൽ പ്രത്യേക പ്രശ്നങ്ങൾ വ്യാഖ്യാനിക്കുകയും ചെയ്യുന്ന ചിന്താരീതിയാണ് നിഗമനചിന്താരീതിയിൽ അവലംബിക്കുന്നത്. 'എല്ലാ മനുഷ്യരും നശ്വരരാണ്. ചാൾസ് ഡാർവിൻ ഒരു മനുഷ്യനാണ്. അതുകൊണ്ട് ചാൾസ് ഡാർവിൻ നശ്വരനാണ്' എന്ന ഉദാഹരണം പരിശോധിക്കാം. ഇവിടെ എല്ലാ മനുഷ്യരും നശ്വരരാണ് എന്ന അംഗീകരിക്കപ്പെട്ട പൊതു തത്വം സ്വീകരിക്കുകയും ചാൾസ് ഡാർവിനെക്കൂടി ആ പൊതുതത്വത്തിന്റെ പരിധിയിൽ കൊണ്ടുവരികയും ആ തത്വത്തിന് അധീനനാണ് അദ്ദേഹവും എന്ന് സ്ഥാപിക്കുകയുമാണ് ഇവിടെ ചെയ്യുന്നത്. ഒരു സവിശേഷമായ സന്ദർഭത്തിലെ യുക്തി സമാനമായ എല്ലാ സന്ദർഭങ്ങളിലും ശരിയാവും എന്നാണ് ഈ ചിന്താരീതിയുടെ അടിസ്ഥാനം. നിഗമനചിന്താരീതിയിൽ 'സമാമാന്യവൽക്കരണത്തിൽ നിന്ന് ഉദാഹരണങ്ങളിലേക്ക്' എന്ന ക്രമം പ്രയോജനപ്പെടുത്തുന്നു. ആഗമന രീതിയിൽ ഒരു സാമാന്യവൽക്കരണത്തിൽ എത്തുന്നതുകൊണ്ട് മാത്രം അതിന്റെ പഠനം അവസാനിക്കുന്നില്ല. മറിച്ച് നിത്യജീവിതത്തിൽ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതുണ്ട്. അതിനു സഹായിക്കുന്നത് നിഗമന ചിന്താരീതിയാണ്. ചുരുക്കത്തിൽ ആഗമനചിന്താരീതിയിൽ സാമാന്യവൽക്കരിച്ച യുക്തി (ആശയം/നിഗമനം) നിഗമനചിന്താരീതി ഉപയോഗിച്ച് പ്രശ്നസന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു. ഇവ രണ്ടും പരസ്പര പൂരകങ്ങളാണെന്ന് മനസ്സിലാക്കാം.

**അപഗ്രഥനരീതിയും ഉദ്ഗ്രഥനരീതിയും**

ഏതെങ്കിലും ഒന്നിനെ സൂക്ഷ്മമായി പഠിക്കാൻ വേണ്ടി ഘടകങ്ങളായി പിരിക്കുന്നതിനെയാണ് അപഗ്രഥനം എന്ന പദം കൊണ്ടർഥമാക്കുന്നത്. പ്രശ്നപരിഹരണത്തിന് വേണ്ടി അനുയോജ്യമായ രീതിയിൽ അപഗ്രഥിക്കുകയാണ് അപഗ്രഥനരീതിയിൽ ചെയ്യുന്നത്. ഒരു പ്രശ്നം അപഗ്രഥിക്കുനള്ള പ്രധാനപ്പെട്ട ശാസ്ത്രീയമാർഗ്ഗം, അതിനുസഹായകമായ ചോദ്യങ്ങൾ സ്വയം ചോദിച്ച് വിശകലനം നടത്തുക എന്നുള്ളതാണ്. എന്നാൽ പഠിതാക്കൾ ഈ കഴിവ് സ്വയം നേടിക്കൊള്ളും എന്ന് കരുതരുത്. ശരിയായ വിധത്തിൽ ചോദ്യങ്ങൾ ചോദിക്കുവാൻ ഉള്ള കഴിവ് വിവിധ പഠനപ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന അനുഭവങ്ങളിൽനിന്ന് ആർജ്ജിക്കണം. ചിട്ടപ്പെടുത്തിയ അപഗ്രഥന ചോദ്യങ്ങൾ തയ്യാറാക്കാനും അത്തരത്തിൽ പഠിതാക്കളെ ചിന്തിപ്പിക്കാനും അധ്യാപകൻ ആവശ്യമായ കൈത്താങ്ങു നൽകേണ്ടിവരും.

അപഗ്രഥനത്തിലൂടെ ഒരു പ്രശ്നത്തിന്റെ പരിഹാരരീതി മനസ്സിലാക്കിക്കഴിഞ്ഞാൽ

അപഗ്രഥനഫലങ്ങളെ ചിട്ടയായി യോജിപ്പിക്കുക എന്നതാണ് ഉദ്ഗ്രഥനരീതിയുടെ കാതൽ. ഉദ്ഗ്രഥനം കൊണ്ടുമാത്രമേ അപഗ്രഥനം പൂർത്തിയാവുകയുള്ളൂ. അപഗ്രഥനം എന്നത് എന്ന് പ്രശ്നപരിഹാരം കണ്ടുപിടിക്കുന്നതിനുവേണ്ടി മനസ്സിൽ നടക്കുന്ന ചിന്തയും ഉദ്ഗ്രഥനം എന്നത് അതിന്റെ ഫലം ചിട്ടയായി യോജിപ്പിച്ച് രേഖപ്പെടുത്തലുമാണെന്ന് കാണാം.

**ഭാഷയും ചിന്തയും**

മനുഷ്യനെ മറ്റു ജീവിവർഗ്ഗങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. ഭാഷാശേഷി' യാണെന്ന് പറയാറുണ്ടല്ലോ. അടിസ്ഥാനപരമായ ഘടക ശബ്ദവും (Phonemes) അതിന്റെ വിന്യാസം സംബന്ധിച്ച് വ്യവസ്ഥയും (Syntax) ചേർന്നതാണ് ഭാഷ. ഭാഷയും ചിന്തയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഭാഷയിലൂടെ മാത്രമേ നമുക്ക് ചിന്തിക്കാൻ കഴിയൂ എന്ന ആദ്യകാല ധാരണ പൂർണ്ണമായും ശരിയല്ലെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞിട്ടുണ്ട്. മൂകരും ബധിരരുമായ ആളുകളും ശിശുക്കളും ചിന്തിക്കുന്നുണ്ടല്ലോ. എന്നാൽ ചിന്തയുടെ തലം ഉയരുമ്പോൾ അതിന് ഭാഷ ആവശ്യമായി വരുന്നു. ഇന്ദ്രിയനുഭവം (Sensation) പ്രഥമ ധാരണ (Preception) ഓർമ (memory) സങ്കല്പനം (Imagination) താരതമ്യം (Comparison), സംപ്രത്യയം (Concept) യുക്തീകരണം (Reasoning), തുടങ്ങിയ വ്യത്യസ്തതലങ്ങളിലൂടെയാണ് ഒരാൾക്കുണ്ടാവുന്ന അനുഭവങ്ങൾ ചിന്തയായി രൂപാന്തരപ്പെടുന്നത്. ഈ തലങ്ങളിൽ യുക്തീകരണം എന്ന തലത്തിലാണ് ഭാഷ ആവശ്യഘടകമായി വരുന്നത് എന്നാണ് മന:ശ്ശാസ്ത്രകാരന്മാർ വ്യക്തമാക്കുന്നത്. മൂർത്താശയങ്ങളിൽ നിന്ന് അമൂർത്താശയങ്ങളിലേക്ക് ചിന്ത പ്രവേശിക്കുമ്പോൾ ഭാഷ അനിവാര്യമാകുന്നു.

**ഭാഷാവികാസം**

അതിവേഗത്തിലാണ് കുഞ്ഞുങ്ങൾ ഭാഷ സ്വയത്തമാക്കന്നതെന്ന് നമുക്കറിയാം. കുഞ്ഞുങ്ങളിലെ ഭാഷാവികസനത്തെ സംബന്ധിച്ച് വ്യത്യസ്തങ്ങളായ സിദ്ധാന്തങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ചില പൊതു പ്രത്യേകതകൾ ഈ വികസനത്തിൽ ദൃശ്യമാണ്. കുഞ്ഞിന്റെ പ്രകടനം കരച്ചിൽ, കൂവി വിളിക്കൽ, നിരർത്ഥകമായ പുലമ്പൽ തുടങ്ങിയവയിൽ നിന്ന് ആരംഭിക്കുന്നു. ആദ്യത്തെ ആറുമാസത്തോളം തുടരുന്ന ഈ ഭാഷാപ്രകടനങ്ങൾക്ക് മാതാപിതാക്കളുടെ ഭാഷയുമായി പ്രത്യക്ഷ ബന്ധമൊന്നുമുണ്ടാവില്ല. ആറുമാസത്തിനുശേഷം ഈ നിരർഥക ശബ്ദങ്ങൾ ക്രമപ്പെട്ട് ആ............... ബാ.......................... തുടങ്ങിയ ശബ്ദങ്ങളായി മാറുന്നതു കാണാം. (Babbling) ഈ സമയമാവുമ്പോഴേക്ക് കുഞ്ഞുങ്ങളിൽ സ്വീകാര്യക്ഷമമായ ഒരു ശബ്ദസഞ്ചയം വികസിച്ചിട്ടുണ്ടാകും. ചില പദങ്ങളും, നിർദേശങ്ങളും മനസ്സിലാക്കാനുള്ള കഴിവ് കുഞ്ഞ് നേടിയിട്ടുണ്ടാകും.

ആദ്യ വയസ്സു തികയുമ്പോഴേക്ക് കുഞ്ഞ് ഒറ്റപ്പെട്ട പദങ്ങൾ ഉച്ചരിക്കൽ (One word ulterances) ആരംഭിക്കുന്നു. തുടർന്ന് ഇത് രണ്ട്, മൂന്ന് പദങ്ങളായി വികസിക്കുന്നു. എന്നാൽ ഈ ശബ്ദങ്ങളൊന്നും ഒറ്റപ്പെട്ട പദങ്ങളല്ല, മറിച്ച് സങ്കീർണ്ണമായ ആശയങ്ങളുടെ പ്രകടനമാണ് എന്നാണ് ചില മനശ്ശാസ്ത്രജ്ഞകാരന്മാരുടെ അഭിപ്രായം.

മൂന്നാം വയസ്സാകുമ്പോഴേക്ക് കുഞ്ഞുങ്ങൾ നീണ്ട വാക്കുകൾ പറയാൻ പ്രാപ്തരാകുന്നു. അർത്ഥസംവേദനത്തിന് പര്യാപ്തമായ കൂടുതൽ പദങ്ങൾ ഈ വാക്യങ്ങളിലുണ്ടാകും. റോജർ ബ്രൗൺ എന്ന ഭാഷാശാസ്ത്രജ്ഞൻ ഇത്തരം വാക്യങ്ങൾ കൊണ്ടുള്ള ഭാഷണത്തെ ടെലിഗ്രാഫിക് സ്പീച്ച് (Telegraphic Speecehes) എന്നാണ് വിളിക്കുന്നത്. ഇദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കുഞ്ഞുങ്ങളിൽ പൂർണ്ണവാക്യങ്ങളുടെ രചനാവൈഭവം പത്തുവയസ്സിനുശേഷമാണ് പ്രകടമാകുന്നത്. ഭാഷാവികാസത്തിന്റെ ഈ ഘട്ടങ്ങളിലെല്ലാം അമ്മയുടെ സംഭാഷണത്തിന് നിർണായക സ്വാധീനം ചെലുത്താൻ കഴിയുമെന്നാണ് പൊതുവെയുള്ള അഭിപ്രായം.

## ഭാഷാവികസനം – നാഴികക്കല്ലുകൾ

വിവിധ പ്രായക്കാരായ കുട്ടികളുടെ ഭാഷാവികസനവുമായി ബന്ധപ്പെട്ട ചില നാഴികക്കുകൾ സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു. വ്യക്തിവ്യത്യാസമനുസരിച്ച് ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

| ശരാശരിപ്രായം | ഭാഷാപരമായ കഴിവുകൾ |
|---|---|
| 12 ആഴ്ച | Cooing |
| 16 ആഴ്ച | ശബ്ദം കേട്ട ഭാഗത്തേക്ക് തല തിരിക്കുന്നു. |
| 20 ആഴ്ച | സ്വരാക്ഷരങ്ങളും ഏതാനും വ്യഞ്ജനാക്ഷരങ്ങളും പുറപ്പെടുവിക്കുന്നു. |
| 6 മാസം | Babbling ഭാഷയിലെ അടിസ്ഥാനപരമായ എല്ലാ ശബ്ദങ്ങളും പുറപ്പെടുവിക്കുന്നു. |
| 8 മാസം | ചില പ്രത്യേകശബ്ദങ്ങൾ ആവർത്തിക്കുന്നു. ഉദാ: മാമാ........... മാ............... |
| 12 മാസം | വാക്കുകളുടെ അർഥം മനസ്സിലാക്കുകയും ഏതാനും വാക്കുകൾ ഉച്ചരിക്കുകയും ചെയ്യുന്നു. |
| 18 മാസം | ഏതാണ്ട് അമ്പതോളം പദങ്ങൾ ഉച്ചരിക്കുന്നു. |
| 24 മാസം | ഇരട്ട പദങ്ങളടങ്ങിയ (Phrases) വാക്യങ്ങൾ പറയുന്നു. |
| 30 മാസം | മൂന്നുമുതൽ അഞ്ചുവരെ പദങ്ങൾ അടങ്ങിയ വാക്യങ്ങൾ പറയുന്നു. നൂറുകണക്കിന് പദങ്ങൾ മനസ്സിലാക്കുന്നു. |
| 36 മാസം പറയുന്നു. | ആയിരത്തോളം പദങ്ങൾ അർത്ഥപൂർണ്ണമായ കേട്ടു മനസ്സിലാക്കുന്നു. |
| 48 മാസം | ഭാഷയുടെ അടിസ്ഥാനപരമായ സവിശേഷതകളൊക്കെ ബുദ്ധിമണ്ഡലത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നു. |

### ഭാഷാവികസനം – വിവിധ കാഴ്ചപ്പാടുകൾ

ബി.എഫ്.സ്കിന്നർ, ജെറോ.എസ്.ബ്രൂണർ, ലഫ് വിഗോട്സ്കി, നോംചോസ്കി തുടങ്ങിയവർ ഭാഷാവികസനവുമായി ബന്ധപ്പെട്ട് വിവിധ ആശയങ്ങൾ മുന്നോട്ട്വെച്ചിട്ടുണ്ട്. വ്യത്യസ്ത ഗ്രൂപ്പുകൾക്ക് വിവിധ ഉപവിഷയങ്ങൾ നൽകി സെമിനാർ സംഘടിപ്പിക്കാം.

### ഭാഷാസമഗ്രതാസമീപനം

ജ്ഞാനനിർമ്മിതിവാദത്തിന്റെയും സാമൂഹ്യജ്ഞാനനിർമ്മിതി വാദത്തിന്റെയും അടിസ്ഥാനത്തിൽ മുന്നോട്ടു വെച്ച ഭാഷാ സമഗ്രതാ സമീപനമാണ് (Whole language Approach) പൊതുവെ ഇന്ന് ഭാഷാപഠനത്തിൽ സ്വീകരിക്കിന്നത്. കോൺസ്റ്റൻസ്‌വീവർ (Constance Weaver,)The Whole language Approach - From Principles to Practice എന്ന പുസ്തകത്തിൽ ഭാഷാസമഗ്രതാസമീപനവുമായി ബന്ധപ്പെട്ട ആശയങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

- കുട്ടികൾ ചെയ്യുന്ന പ്രവൃത്തി എന്തായാലും അവരതിൽ മാനസികമായി മുഴുകേണ്ടതുണ്ട്. കുട്ടികൾ ഏറ്റവമധികം പഠിക്കുന്നതും വളരുന്നതും സ്വന്തം രീതിയിലുള്ള പഠനത്തിൽ സജീവമായി ഏർപ്പെടുമ്പോഴാണ്. താരതമ്യേന സൂക്ഷ്മങ്ങളും ഒറ്റപ്പെട്ടവയുമായ ശേഷികളെ വിലയിരുത്തുന്ന ശോധകങ്ങൾക്കു ശരിയായ പ്രതികരണങ്ങൾ നൽകാൻ യാന്ത്രികമായ ബോധനരീതികൾക്ക് വിധേയരാവുന്ന കുട്ടികൾക്ക് കഴിയുമെങ്കിലും ആശയങ്ങൾ, നൈപുണികൾ, തന്ത്രങ്ങൾ, എന്നിവയുടെ ഫലപ്രദമായ പഠനത്തിന് വഴിയൊരുക്കാൻ ഏറ്റവുമധികം സാധിക്കുന്നത് സജീവമായ പങ്കാളിത്തമുള്ളപ്പോൾ മാത്രമാണ്.

- ഭാഷാസമഗ്രതാസമീപനം കുട്ടികളെ സ്വയം കഴിവുള്ളവരായും, വികാസം പ്രാപിക്കുന്നവരായും പരിഗണിക്കുന്നു. അവരുടെ കഴിവുകളെയും വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ശേഷികളെയും കണ്ടെത്തുകയും പ്രോത്സാഹിപ്പുക്കുകയും ചെയ്താൽ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് അവരെ സഹായിക്കും. പരീക്ഷകൾ നടത്തി ഒറ്റപ്പെട്ട ഏതെല്ലാം നൈപുണികളിലാണ് അവർക്ക് കഴിവ് കുറവുള്ളതെന്നു കണ്ടുപിടിക്കുകയും അവരുടെ കഴിവുകേടുകളെയും കുറവുകളെയും വിമർശിക്കുകയും ചെയ്യുക എന്നത് ഭാഷാസമഗ്രതാസമീപനത്തിന് യോജിച്ചതല്ല.

- കുട്ടികൾക്ക് വളരെ സങ്കീർണ്ണമായ പ്രക്രിയകൾ പോലും എളുപ്പത്തിൽ സ്വായത്തമാക്കാനുള്ള കഴിവുണ്ട്. ഇതിനായി അത്തരം സങ്കീർണ്ണപ്രക്രിയകളിൽ ഏർപ്പെടാനുള്ള അവസരം നൽകണം.

- ഭാഷാപഠനം പുരോഗമിക്കുന്നത് 'സമഗ്രതയിൽ നിന്ന് ഘടകങ്ങളിലേക്ക്' (Whole to Part)എന്ന രീതിയിലാണ് എന്നാണ് ഈ സമീപനം മുന്നോട്ടു വയ്ക്കുന്നത്. ആശയങ്ങൾ എന്ന സമഗ്രതയിൽ തുടങ്ങി അക്ഷരങ്ങൾ എന്ന ഘടകങ്ങളിലേക്കെത്തുന്നതാണ് മന:ശാസ്ത്രപരവും സ്വാഭാവികവുമായ രീതി. അതോടൊപ്പം ഘടകങ്ങൾ ചേർത്തുവച്ച് സമഗ്രതയിലേക്ക് എത്താനും സാധിക്കേണ്ടതുണ്ട്. ആവർത്തിച്ചു വരുന്ന വാക്യങ്ങളോടുകൂടിയ വളരെക്കുറച്ചു പുതിയ പദങ്ങൾ ഉള്ള കഥകൾ/പാട്ടുകൾ/ ലഘുകവിതകൾ എന്നിവയെല്ലാം പരിചയപ്പെടുമ്പോൾ ലഭിക്കുന്ന വായനാനുഭവങ്ങളിലൂടെ കൂടുതൽ പദങ്ങൾ തിരിച്ചറിയാൻ കുട്ടികൾക്ക് സാധിക്കുന്നു. ഇങ്ങനെ തിരിച്ചറിയുന്ന പദങ്ങളിൽ നിന്ന് അക്ഷരങ്ങളും പദങ്ങളിൽ അവ തമ്മിലുള്ള ബന്ധവും തിരിച്ചറിയും. ഇതോടൊപ്പം ലേഖനത്തിനുള്ള അനുഭവങ്ങളും നൽകാം. വിവിധ നൈപുണികൾ ആർജ്ജിക്കുന്നതുനായി രേഖീയരീതിക്കു പകരം അവയെല്ലാം ഉൾച്ചേർന്ന സമഗ്രാനുഭവങ്ങളാണ് കുട്ടികൾക്ക് നൽകേണ്ടത്.

- നമ്മുടെ നിത്യജീവിതത്തിൽ ഭാഷ നിറവേറ്റുന്ന അനേകം ധർമ്മങ്ങളുണ്ട്. അവയുമായി ബന്ധപ്പെടുത്തി ഭാഷ ഉപയോഗിക്കുമ്പോഴാണ് ഭാഷാവികസനം സാധ്യമാകുന്നത്. അതിനാൽ യഥാർത്ഥമായ ജീവിതാവശ്യങ്ങൾകുവേണ്ടി കുട്ടികൾ ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ നൈപുണികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളാണ് കണ്ടെത്തി നൽകേണ്ടത്. അതായത് വിവിധ ഭാഷാധർമങ്ങൾ സ്വാഭാവികമായി നിറവേറ്റുന്നതിനുള്ള അവസരങ്ങൾ കുട്ടികൾക്ക് ലഭ്യമാകേണ്ടതുണ്ട്.

- രക്ഷിതാക്കളും മുതിർന്നവരും മറ്റും കുട്ടികളുടെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിച്ചുകൊണ്ട് അവരോട് സംസാരിക്കുകയും പെരുമാറുകയും ചെയ്യുമ്പോൾ തന്നെ അബോധപൂർവ്വമായി കുട്ടി ഭാഷസ്വായത്തമാക്കുന്നുണ്ട്. കുട്ടികൾ പഠിക്കുന്നതിന്റെ ഭൂരിഭാഗവും നേരിട്ടുള്ള ബോധനത്തിന്റെ ഫലമല്ലെന്ന് മനസ്സിലാക്കാം.

- കുട്ടികൾ തമ്മിൽ സൃഷ്ടിപരമായ ഇടപഴകലിന് അവസരമൊരുക്കണം. സാമൂഹ്യപരമായ ഇടപഴകലിലൂടെയാണ് പലപ്പോഴും പഠനം കൂടുതൽ പരിപോഷിക്കപ്പെടുന്നത്. പ്രശ്നപരിഹാരത്തിന്റെ ഭാഗമായി കൂട്ടായ്മയോടു കൂടി പ്രവർക്കുന്നതും ആശയങ്ങള കൈമാറുന്നതും ഭാഷാവികാസത്തെ ഏറെ സഹായിക്കും. അനാരോഗ്യകരമായ മത്സരമൊഴിവാക്കി സഹകരണത്തിനും പങ്കുവയ്ക്കലിനും അവസരം ലഭിക്കുമ്പോഴാണ്. കുട്ടികളുടെ  നൈചർഗികമായ കഴിവുകൾ വികസതമാകുന്നത്.
- സ്വയം നിയന്ത്രണത്തിനു വിധേയരായി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന കുട്ടികളെയാണ് ഈ സമീപനത്തിൽ വിഭാവനം ചെയ്യുന്നത്. മറിച്ച്, ടീച്ചറുടെ സമ്മർദ്ദത്തിനും നിയന്ത്രണത്തിനും വിധേയരായി അനുസരണയോടെ പ്രവർത്തിക്കുന്ന കുട്ടികളെയല്ല. ജീവമായി പഠനപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുമ്പോള അച്ചടക്കരാഹിത്യം എന്ന പ്രശ്നം ഉദിക്കുന്നേയില്ല. പരസ്പരവിശ്വാസവും ബഹുമാനവും ഉള്ള പഠിതാക്കളുടെ സമൂഹങ്ങളെ സൃഷ്ടിക്കണം.

**അതീത ചിന്ത (Meta Cognition)**

'ഉയർന്ന' എന്നർത്ഥമുള്ള 'Meta' എന്ന ഗ്രിക്കുപദവും 'ചിന്തനം' എന്നർത്ഥമുള്ള 'Cognitio' എന്ന ലാറ്റിൻ പദവും ചേർന്ന സമസ്തപദമാണ് Meta Cognition (അതീത ചിന്ത). പേരു സൂചിപ്പിക്കുന്നതതുപോലെ സാധാരണ ചിന്താ പ്രക്രിയയെക്കുറിച്ചുള്ള ചിന്തനം തന്നെയാണിത്.

തന്നിലെ ജ്ഞാനാർജ്ജന പ്രക്രിയയെക്കുറിച്ച് ഒരു വ്യക്തി സ്വയം ചിന്തനം ചെയ്യുക എന്ന ഈ ആശയം മുന്നോട്ടുവച്ചത് ഫ്ളേവർ (Flavel) ആണ്. അദ്ദേഹത്തെ സംബന്ധിച്ച് അതീത ചിന്ത എന്നാൽ ജ്ഞാനാർജനത്തെക്കുറിച്ചുള്ള വ്യക്തിയുടെ സ്വയം ചിന്തനം മാത്രമല്ല, മറിച്ച് ക്രമപ്പെടുത്തൽ, വിലയിരുത്തൽ മെച്ചപ്പെടുത്തല തുടങ്ങിയ പ്രക്രിയയിലൂടെ ഈ ജ്ഞാനാർജ്ജന പ്രക്രിയയെ നിയന്ത്രിക്കൽ കൂടിയാണ്.

മറ്റൊരു നിർവചനം നോക്കൂ.....

ചിന്തയുടെ വിലയിരുത്തലും നിയന്ത്രണവും തന്നെയാണ് അതീത ചിന്ത – മാർട്ടിനെസ് (Martinez)

**അതീത ചിന്ത (Meta Cognition) - സവിശേഷതകളും പ്രാധാന്യവും**

താൻ എങ്ങനെ അറിവു നേടുന്നു എന്നതിനെക്കുറിച്ചും ആ പ്രക്രിയയെ എങ്ങനെ നിയന്ത്രിക്കാം. എന്നതിനെക്കുറിച്ചുമുള്ള ധാരണയായതുകൊണ്ട് 'അതീത ചിന്ത' എന്നുള്ളത് ഒരു ഉയർന്ന ചിന്താ ശേഷിയാണ്. എങ്ങനെ പഠിക്കണമെന്ന് പഠിതാവ് സ്വയം പഠിക്കുന്ന പ്രക്രിയ കൂടിയാണിത്. ചിന്തയെ വിലയിരുത്തലും ആവശ്യമെങ്കിൽ അറിവുനേടുന്ന രീതികളിൽ മാറ്റം വരുത്തുകയും ഇതിന്റെ ഭാഗമാണ്. വ്യക്തിയുടെ പഠനത്തിന്റെ ഫലപ്രാപ്തിയെ സ്വാധീനിക്കുന്ന ലക്ഷ്യനിർണ്ണയം, സമയത്തിന്റെ ഫലപ്രദമായ ഉപയോഗം, സ്വയം വിലയിരുത്തൽ, സ്വയം പ്രചോദനം തുടങ്ങിയവയെല്ലാം ഇത് ഉൾക്കൊള്ളുന്നു.

അതീത ചിന്ത എന്ന ആശയത്തിന് ക്ലാസ്സ് റൂം പഠനത്തിലുള്ള പ്രസ്കതിയെന്താണ്?  ഇതിൽ അധ്യാപകന്റെ പങ്ക് എന്താണ്?

പഠനപ്രക്രിയയിലുള്ള മികവും പോരായ്മകളും വിലയിരുത്തി പഠനരീതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ അതീത ചിന്ത കുട്ടിയെ സഹായിക്കുന്നു. ഈ വിലയിരുത്തലിനും അതുവഴി പഠനപ്രക്രിയയിലുള്ള നിയന്ത്രണത്തിനും കുട്ടിയെ പ്രാപ്തനാക്കുക എന്നതാണ് ഈ വിഷയത്തിൽ അധ്യാപകന്റെ റോൾ. ഓരോ കുട്ടിയിലെയും അറിവു നിർമ്മാണത്തിന്റെ പ്രക്രിയ വ്യത്യസ്തമായിരിക്കും. ഈ വ്യത്യസ്തതയെക്കുറിച്ചുള്ള അറിവാണ് മികച്ച ഒരു അധ്യാപകന്റെ

കൈ മുതൽ. അതീത ചിന്തയെന്ന അടിത്തറ ശക്തമായാൽ മാത്രമേ കുട്ടിയെ ഒരു സ്വതന്ത്രവായനക്കാരനും എഴുത്തുകാരനും ആക്കിമാറ്റാൻ കഴിയുകയുള്ളൂ. അപഗ്രഥനം നിഗമനം രൂപീകരണം തുടങ്ങിയ ശേഷികൾ വികസിക്കുന്നതും ഈ അടിത്തറയുടെ ബലത്തെ ആശ്രയിച്ചാണ്. കുട്ടികളിലെ അതീതചിന്തയെ പഠനപ്രക്രിയയിലെ നിരന്തര പ്രചോദകമാക്കി മാറ്റാൻ അധ്യപകനു കഴിയണം. പഠിപ്പിക്കുന്നതിന് പാഠാസൂത്രണം നടത്തുന്ന അധ്യാപകൻ പഠിക്കുന്നതിന് സ്വയം ആസൂത്രണം നടത്താൻ കുട്ടികളെ പ്രേരിപ്പിക്കുകയും വേണം. മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിലൂടെയും സമയത്തിന്റേയും മറ്റ് പഠനസ്രോതസ്സുകളുടേയും ഫലപ്രദമായ വിനിയോഗത്തിലൂടെയും ആത്മവിശ്വാസത്തോടെ പഠനപ്രക്രിയയിൽ ഏർപ്പെടാൻ അധ്യാപകരുടെ സഹായം ആവശ്യമാണ്.

അതീത ചിന്താശേഷി ഫലപ്രദമായി ഉപയോഗിക്കുന്ന കുട്ടി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുമെന്നു മാത്രമല്ല പരീക്ഷകളിൽ ഒരു മികച്ച 'പെർഫോർമർ' ആയിരിക്കുകയും ചെയ്യും.

**അതീത ചിന്ത - ഫലപ്രദമായ പഠനത്തിന്**

സ്വയം ചോദ്യങ്ങൾ ചോദിക്കൽ (Self questioning), ഉറക്കെ ചിന്തിക്കൽ, (Think aloud) ആശയങ്ങളുടെയും ചിന്തകളുടേയും ചിത്രീകരണം (ആശയപടം, ഫ്ളോ ചാർട്ട് തുടങ്ങിയവ...) അതീതചിന്തയെ പരിപോഷിപ്പിക്കുന്ന പ്രക്രിയയാണ.

**സ്വയം ചോദിക്കേണ്ടത്**

- ഈ വിഷയത്തിൽ എനിക്ക് ഇപ്പോൾ എത്രത്തോളം ധാരണയുണ്ട്?
- മുമ്പ് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഞാൻ എങ്ങനെയാണ് പരിഹരിച്ചത്?
- ഇപ്പോഴത്തെ എന്റെ പഠനലക്ഷ്യമെന്താണ്?
- ഇതിനുവേണ്ടി ലഭ്യമായ പഠനസാമഗ്രികൾ എന്തൊക്കെയാണ്?
- എന്റെ പ്രകടനം എങ്ങനെയാണ് വിലയിരുത്തപ്പെടുക?
- ഈ പ്രവർത്തനം ഏറ്റെടുക്കുന്നതിൽ ഞാൻ എത്രത്തോളം പ്രചോദിതനാണ്.?

അതീത ചിന്താ പ്രക്രിയയ്ക്ക് പൊതുവേ മൂന്നു തലങ്ങളാണുള്ളത്.

**1. ധാരണ :**

മേൽപ്പറഞ്ഞ രീതിയിലുള്ള സ്വയം ചോദ്യങ്ങളിലൂടെ പ്രശ്നത്തെക്കുറിച്ചും അത് പരിഹരിക്കാനുള്ള തന്റെ കഴിവിനെക്കുറിച്ച് ലഭ്യമായിട്ടുള്ള സ്രോതസ്സുകളെക്കുറിച്ചുമെല്ലാമുള്ള നല്ല ധാരണ രൂപീകരിക്കുന്ന തലമാണിത്.

**2. ആസൂത്രണം :**

തന്റെ മുന്നിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് തനിക്ക് വേണ്ട സമയം തിട്ടപ്പെടുത്തൽ, ഈ നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്യേണ്ട കാര്യങ്ങളുടെ മുൻഗണനാക്രമം തീരുമാനിച്ച് ചെക്ക് ലിസ്റ്റ് തയ്യാറാക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ,രൂപരേഖ (Out line), മറ്റുതരം ചിത്രീകരണങ്ങൾ, ബന്ധിതസ്മരണാ തന്ത്രങ്ങൾ (Mnemories) ഒരുക്കങ്ങൾ തുടങ്ങിയവയെല്ലാം ആസൂത്രണത്തിൽ വരുന്നു.

**3. വിലയിരുത്തൽ :**

സ്വയം ചോദിക്കുന്ന ചോദ്യങ്ങളിലൂടെയും, ആത്മപരിശോധനയിലൂടെയും പഠനപ്രക്രിയയെ നിരന്തരവിലയിരുത്തലിനു വിധേയമാക്കുക. പ്രതിപുഷ്ടീകരണം (Feed Back) നടത്തുക, ഉയർന്ന ജാഗ്രതയും പ്രചോദനവും നിലനിർത്തുക തുടങ്ങിയവയാണ് ഈ തലത്തിൽ ഉൾപ്പെടുന്നത്.

## Reflective Questions

1. സംവേദനത്തിൽ നിന്ന് ആശയത്തിലേക്ക് എന്ന ക്രമവും ജെറോം.എസ്.ബ്രൂണർ മുന്നോട്ടു വെച്ച ആശയരൂപീകരണഘട്ടവും താരതമ്യം ചെയ്യുക.

2. ജീവിതവിജയത്തിനടിസ്ഥാനം പ്രശ്നപരിഹരണ ശേഷിയിലുള്ള മികവ് തന്നെയാണ്. സാധൂകരിക്കുക.

3. പഠനത്തെ സ്വാധീനിക്കുന്ന ഒരു പ്രധാനഘടകമാണ് ഓർമ. ഓർമയുടെ വിവിധ തലങ്ങൾ പരിശോധിച്ച് വിദ്യാർത്ഥികളുടെ ഓർമ മെച്ചപ്പെടുത്തുന്നതിനുള്ള എന്തൊക്കെ മാർഗ്ഗങ്ങൾ ഒരു പ്രൈമറി ടീച്ചർ എന്ന നിലയിൽ സ്വീകരിക്കുമെന്ന് വിശദമാക്കുക.

4. യുക്തിചിന്ത വർദ്ധിപ്പിക്കുന്നതിന് പ്രൈമറി ടീച്ചർ എന്ന നിലയിൽ എന്തൊക്കെ തന്ത്രങ്ങൾ സ്വീകരിക്കും?

5. ഭാഷ ജന്മസിദ്ധമല്ല. എന്നാൽ ഭാഷ ആർജ്ജിക്കാനുള്ള കഴിവ് ജന്മസിദ്ധമാണ്. വിവിധ മന:ശാസ്ത്രജ്ഞരുടെ ഭാഷാ വികസന സങ്കൽപങ്ങളുടെ വെളിച്ചത്തിൽ ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

6. ഭാഷാക്ലാസ്സിൽ അനുവർത്തിക്കുന്ന ആശയാവതരണരീതിയെ ഭാഷാസമഗ്രതാ സമീപനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

7. അതീത ചിന്ത (Metacognition) യുടെ ക്ലാസ്സ് റൂം പ്രസ്കതിയെക്കുറിച്ച് ചുരുക്കി വിവരിക്കുക.

## References

C.N.Shankar Rao (2006), *Sociology*, 6th edition, S.Chand & Company New Delhi

Carter.P. (2008) - *IQ and Personality Test,* Kogan page India Pvt.Ltd, New Delhi

Mangal.S.K. (2000), *Advanced Educational Psychology*, Prentice - Hall of India Pvt. Ltd, New Delhi.

Kumar, S.K.P & Noushad P.P (2008), *Psychology in the class room - Theories in to practice,* Scorpio, Calicut.

Bristow.J. & others (2003) *Memory and Learning - A Practical Guide for Teachers*, David Fulton Publishers, London.

Dandekar, W.N. & Makhija,S (2009), *Psychological Foundations of Education*, Macmillan India Ltd, New Delhi

Sivarajan. K (2009) - *വിദ്യാഭ്യാസത്തിന്റെ മനശ്ശാസ്ത്രഭൂമിക,* Central Co-operative store, Caicut University.

SCERT (2014), *ശിശുവികാസവും മനശ്ശാസ്ത്രവും*

Babu.N. (2000) *മനശ്ശാസ്ത്രം ഉത്തമജീവിതത്തിന്* - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

ഒരു സംഘം ലേഖകർ (2008), *വിദ്യാഭ്യാസപരിവർത്തനത്തിന് ഒരാമുഖം*, കേരളശാസ്ത്ര സാഹിത്യപരിഷത്ത്.

SCERT (2013), *ഗൈഡൻസ് & കൗൺസിലിംഗ്*

Sreejith.E.& Arunkumar.P (2013), *വിദ്യാഭ്യാസ മനശ്ശാസ്ത്രം - അധ്യാപക വിദ്യാഭ്യാസത്തിനൊരു കൈപ്പുസ്തകം,* ഡി.സി. ബുക്സ്, കോട്ടയം.

Argunan.N.K. (2013)Psychological Bases of Educations, Yuga Publicatior ,...........

Bindhu.C.M (2011), *മാതൃഭാഷാബോധനം,* സ്കോർപ്പിയോ പബ്ലീഷേഴ്സ്, കോഴിക്കോട്

**Websites.**

www.educationarena.com

www.Eric.com

www.shodhyanga.com

www.indianteachereducators.com

www.researchgate.com

www.EI consortium.

www.inflibnet.com